Kerala Catholic Bishops' Council's
Commission for Social Harmony and Vigilance

# KCBC JAGRATHA

## കെസിബിസി ജാഗ്രതന്യൂസ്

Issue 290

2023 JULY

- ഏകീകൃത സിവിൽകോഡ് പ്രായോഗികമോ?
- മണിപ്പൂർ കലാപം: വാസ്തവങ്ങൾ
- പുകമറയ്ക്കുള്ളിലെ പ്രണയകെണികൾ
- തടവറകളിലെ നീതിപുഷ്പങ്ങൾ
- പാഠപുസ്തക വിവാദങ്ങൾക്ക് പിന്നിൽ...
- സ്വവർഗ്ഗ വിവാഹം എന്തുകൊണ്ട് എതിർക്കപ്പെടണം?

## ക്രൈസ്തവരെ വർഗ്ഗീയവാദി കളാക്കാൻ വെമ്പുന്നവർ

FOR PRIVATE CIRCULATION

കെണികളിലകപ്പെട്ടവർക്ക് കരുതലാകാൻ
കണ്ണീരണിയുന്ന കുടുംബങ്ങൾക്ക് കാവലാകാൻ

# കരുതൽ

## പ്രണയ - ലഹരി കെണികളിൽ അകപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതി

**Coordinated by**
**KCBC Commission for**
**Social Harmony and Vigilance**
**In association with**
**Diocesan Jagratha Committees**

## HELP LINE NUMBER
## +91 7561005550

## WHAT WE DO?

**നിയമസഹായം**
വിദഗ്ധരായ
നിയമജ്ഞരുടെ
സഹായം

**കൗൺസിലിംഗ്**
പരിചയസമ്പന്നരും
പ്രഗത്ഭരുമായ
കൗൺസിലർമാർ

**പുനരധിവാസം**
സുരക്ഷിതവും വിമുക്തി
ഉറപ്പുവരുത്തുന്നതുമായ
പുനരധിവാസ കേന്ദ്രങ്ങൾ

സഹായാഭ്യർത്ഥനകൾ, നിയമസഹായം തുടങ്ങിയവയ്ക്കും വിവരങ്ങൾ കൈമാറാനും കേന്ദ്രീകൃത ഹെൽപ്പ്ലൈൻ നമ്പരിലേയ്ക്ക് വിളിക്കുകയോ, വാട്ട്സാപ്പ് മെസേജ് അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

KCBC COMMISSION FOR SOCIAL HARMONY AND VIGILANCE

## ഉള്ളടക്കം


4 ക്രൈസ്തവരെ വർഗ്ഗീയവാദികളാക്കാൻ വെമ്പുന്നവർ

7 ഇന്ത്യയിൽ ഏകീകൃത സിവിൽകോഡ് പ്രായോഗികമോ?

13 മണിപ്പൂർ കലാപം: വാസ്തവങ്ങൾ

34 സ്വവർഗ്ഗ വിവാഹം എന്തുകൊണ്ട് എതിർക്കപ്പെടണം?

37 ദേശീയ ബാലാവകാശ കമ്മീഷന്റെ ക്രൈസ്തവ വിദ്വേഷം

കേരളസ്റ്റോറിയും കക്കുകളിയും 43

47 പാഠപുസ്തക വിവാദങ്ങൾക്ക് പിന്നിൽ...

പുകമറയ്ക്കുള്ളിലെ പ്രണയകെണികൾ 52

നിയമപാലനവും നീതിനിർവ്വഹണവും 60

തടവറകളിലെ നീതിപുഷ്പങ്ങൾ 63

ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് എതിരെയുള്ള നീക്കങ്ങൾ 66



KCBC JAGRATHA

കെസിബിസി ജാഗ്രതന്യൂസ്

JULY 2023 | Issue 290

Pastoral Orientation Centre
Palarivattom, Kochi - 25
Phone: 0484 280 6262

PATRON
Rt. Rev. Dr. Joseph Kariyil

CHIEF EDITOR
Rev. Dr. Michael Pulickal CMI

CONSULTANT EDITOR
Rev. Dr. Joshy Mayyattil

EDITOR
Vinod Nellackal

DESIGN & LAYOUT
Green Leaves

OFFICE & DTP
Vimala Shaji

A KCBC Jagratha Commission Publication
Published by, Fr. Michael Pulickal, Secretary, KCBC Commission for Social Harmony and Vigilance

# ക്രൈസ്തവരെ വർഗ്ഗീയവാദികളാക്കാൻ വെമ്പുന്നവർ



**റവ. ഡോ. മൈക്കിൾ പുളിക്കൽ**
സെക്രട്ടറി, കെസിബിസി ജാഗ്രത കമ്മീഷൻ

കാഞ്ഞിരപ്പള്ളി അമൽജ്യോതി എഞ്ചിനീയറിംഗ് കോളേജുമായി ബന്ധപ്പെട്ട വിവാദങ്ങൾ ഏറെക്കുറെ അടങ്ങിയെങ്കിലും അതിന്റെ അലയൊലികൾ ഇപ്പോഴും തുടരുകയാണ്. ലാബിലെ മൊബൈൽ ഉപയോഗത്തെ തുടർന്ന് ഡിപ്പാർട്ട്മെന്റ് ചുമതലയുള്ള അധ്യാപകൻ ഒരു പെൺകുട്ടിയുടെ മൊബൈൽഫോൺ പിടിച്ചുവയ്ക്കുകയും, തുടർന്ന് അന്ന് വൈകിട്ട് ഹോസ്റ്റൽ മുറിയിൽ വച്ച് അവൾ ആത്മഹത്യയ്ക്ക് ശ്രമിക്കുകയും പിന്നീട് മരിക്കുകയും ചെയ്തതാണ് വിവാദങ്ങളുടെ തുടക്കം. ഇത്തരത്തിൽ മൊബൈൽഫോൺ പിടിക്കപ്പെടുന്ന സാഹചര്യമുണ്ടായാൽ മാതാപിതാക്കളെ അറിയിച്ചതിന് ശേഷമേ ഫോൺ വിട്ടു നൽകുകയുള്ളൂ എന്നുള്ളതായിരുന്നു കോളേജിന്റെ നയം. കോളേജുകളിൽ ക്ലാസ് മുറിയിലും, ലാബിലും മൊബൈൽ ഉപയോഗം നിരോധിക്കപ്പെട്ടിട്ടുള്ളത് യൂണിവേഴ്സിറ്റിയുടെ നിർദ്ദേശപ്രകാരമാണ്. ഈ കാലഘട്ടത്തിൽ മൊബൈൽ ഉപയോഗം വിദ്യാലയങ്ങളിൽ നിയന്ത്രിക്കാത്ത പക്ഷം എന്താണ് സംഭവിക്കുക എന്നുള്ളതിന് കൂടുതൽ വിശദീകരണങ്ങൾ ആവശ്യമില്ല. മൊബൈൽ ഉപയോഗം, ലഹരി തുടങ്ങിയ വിഷയങ്ങളിൽ കോളേജ് മാനേജ്മെന്റുകൾ കർശന നിലപാടുകൾ സ്വീകരിക്കണം എന്നുള്ളത് തന്നെയാണ് കേരളത്തിലെ വിദ്യാർത്ഥികളുടെ രക്ഷിതാക്കളും ആവശ്യപ്പെടാറുള്ളത്. അത്തരത്തിൽ സ്വാഭാവികമായി സ്വീകരിച്ച ഒരു നടപടി ദൗർഭാഗ്യവശാൽ കുട്ടിയുടെ ആത്മഹത്യയിലേക്ക് നീളുകയാണ് ഉണ്ടായത്.

ആത്മഹത്യയെക്കുറിച്ച് അന്വേഷണം ആവശ്യപ്പെട്ട് ആരംഭഘട്ടത്തിൽ തന്നെ കോളേജ് അധികൃതർ ജില്ലാ പോലീസ് മേധാവിക്ക് കത്ത് നൽകുകയുണ്ടായിരുന്നു. ഒന്നോ രണ്ടോ ദിവസത്തേയ്ക്ക് മൊബൈൽഫോൺ പിടിച്ചുവച്ചു എന്നുള്ളതുകൊണ്ട് മാത്രം ഒരു പെൺകുട്ടി ആത്മഹത്യ ചെയ്യില്ല എന്നുള്ളത് വ്യക്തമാണല്ലോ. അതിനാൽ തന്നെ മരണകാരണം എന്താണെന്ന് കണ്ടെത്തേണ്ടത് ആവശ്യമാണെന്നാണ് കോളേജ് അധികൃതരും കരുതിയത്. അസ്വാഭാവിക മരണത്തിന് കേസെടുത്ത് പോലീസ് അന്വേഷണം ആരംഭിച്ചതിന് പിന്നാലെയാണ് വളരെ രൂക്ഷമായ വിദ്യാർത്ഥി പ്രക്ഷോഭം ആരംഭിച്ചത്. പൊലീസിന് പറയാനുള്ളതെന്താണെന്ന് കേൾക്കാൻ പോലും തയ്യാറാകാതിരുന്ന ചില വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ അസാധാരണമായ രീതിയിലാണ് സമരത്തെ മുന്നോട്ടു കൊണ്ടുപോയത്. പുറത്തുനിന്നെത്തിയവരാണ് സമരത്തിന്

നേതൃത്വം നൽകിയത് എന്നാണ് റിപ്പോർട്ടുകൾ.

വിദ്യാർത്ഥിനിയുടെ മരണത്തിന് കാരണമായതെന്ന് കരുതാവുന്ന സംഭവങ്ങളെക്കുറിച്ച് എന്നതിനേക്കാൾ അധികമായി കോളേജിന് എതിരെയുള്ള മറ്റുള്ള ആരോപണങ്ങൾ പല കോണിൽനിന്നും പ്രവഹിച്ചതാണ് സമരത്തിനും സംഘർഷത്തിനും പിന്നിൽ ആരുടെയോ ആസൂത്രണം ഉണ്ടായിരിക്കാമെന്ന് പലരും കരുതാൻ കാരണമായത്. തുടർന്നുള്ള ദിവസങ്ങളിൽ സംഘർഷം ശക്തിപ്രാപിച്ചതോടെ ആ സംശയം ബലപ്പെടുകയും പലരും അത് പ്രകടിപ്പിക്കുകയും ചെയ്തു. പെൺകുട്ടി ജീവനൊടുക്കിയതിന് പിന്നിൽ ആരെങ്കിലും കാരണക്കാരുണ്ടെങ്കിൽ അത് കണ്ടെത്തപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യണം എന്നുള്ളതിൽ സംശയമില്ല. എന്നാൽ, പരോക്ഷമായെങ്കിലും ഏതോ ഒരു വ്യക്തി ഒരു പക്ഷെ കാരണക്കാരനായി ഉണ്ടായേക്കാമെന്ന സംശയം മാത്രം നിലനിൽക്കെ കോളേജിന് എതിരെ അതിരൂക്ഷമായ പ്രചരണങ്ങൾ മാധ്യമങ്ങളും സമൂഹമാധ്യമങ്ങളും ഉപയോഗിച്ച് ചിലർ അഴിച്ചുവിട്ടത് പല സംശയങ്ങൾക്കും വഴിയൊരുക്കി.

കോളേജ് വിദ്യാർത്ഥിനികൾക്ക് ഏത് വൈകിയ വേളയിലും സുരക്ഷിതമായി ഹോസ്റ്റലിൽ എത്തിച്ചേരാനായി ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച വാക്ക് വേയുടെ പേരിൽ പോലും കോളേജ് മാനേജ്മെന്റിനെ അന്ധമായി വിമർശിച്ചുകൊണ്ടുള്ള പോസ്റ്റുകൾ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചു. കോളേജിന് എതിരെ സംസാരിക്കാനായി സിനിമ താരങ്ങളെ പോലും ആരോ രംഗത്തിറക്കി. കേരളത്തിലെ ഏറ്റവും മികച്ച എഞ്ചിനീയറിംഗ് കോളേജുകളിൽ ഒന്നായി വിശേഷിപ്പിക്കപ്പെടുന്ന അത്തരമൊരു കോളേജിനെതിരെ വ്യാപകമായ ദുഷ്പ്രചാരണങ്ങൾ നടന്നുതുടങ്ങിയതോടെയാണ് അതിനെതിരായി ചിലർ രംഗത്തിറങ്ങിയത്. എകെസിസി, കെസിവൈഎം തുടങ്ങിയ സംഘടനകൾ കോളേജിന് ഐകദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് മുന്നോട്ടുവന്നു. അത്രയുമായപ്പോൾ കോളേജിനെതിരെ ഉന്നയിച്ചിരുന്ന ആരോപണങ്ങളെ ക്രൈസ്തവ സമുദായത്തിന് മുഴുവൻ എതിരെയുള്ള ആരോപണങ്ങളാക്കി ചിലർ മാറ്റിയെടുത്തതാണ് കേരളം കണ്ടത്. "കുറ്റക്കാരായ" മാനേജ്മെന്റിനെ സംരക്ഷിക്കാൻ ക്രൈസ്തവർ വർഗ്ഗീയത പറയുന്നു എന്നുള്ളതായിരുന്നു ആരോപണം.

മാനസികവും, കുടുംബപരവും, വ്യക്തിപരവും തുടങ്ങി പല കാരണങ്ങളാലും സ്കൂൾ കുട്ടികൾക്കിടയിൽ വരെ ആത്മഹത്യകൾ വർധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണിത്. അത്തരം മരണങ്ങൾ ഉണ്ടാകാതിരിക്കാൻ കൂടുതൽ കരുതലുള്ളവരാകാനുള്ള ഉത്തരവാദിത്തം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും കുടുംബത്തിനും പുറമെ സമൂഹത്തിനും, ഭരണകൂടങ്ങൾക്കും ഉണ്ട്. ആത്മഹത്യകളുടെ ശരിയായ കാരണം കണ്ടെത്തി മുൻകരുതലുകൾ സ്വീകരിക്കുകയാണ് ആവശ്യം. ആത്മഹത്യകൾ സംഭവിച്ചാൽ ചില സാഹചര്യങ്ങളിൽ മുൻവിധികളോടെ സ്ഥാപനങ്ങളിൽ പഴിചാരി പ്രശ്നങ്ങൾ സൃഷ്ടിക്കുകയും, മറ്റു ചില സംഭവങ്ങളിൽ പൂർണ്ണ നിശബ്ദത പാലിക്കുകയും വേറെ ചിലപ്പോൾ അന്വേഷണങ്ങളെ തന്നെ അട്ടിമറിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന രാഷ്ട്രീയ സംഘടനകളുടെ രീതി അപലപനീയമാണ്. സ്ഥാപനങ്ങളുടെ പേരും മാനേജ്മെന്റും മാറുമ്പോൾ അവയോടുള്ള സമീപനവും മാറുന്ന ശൈലി അപകടകരവും തിരുത്തപ്പെടേണ്ടതുമാണ്.

ചിലരുടെ ഗൂഢനീക്കങ്ങളും പല വിവാദങ്ങൾക്കും പിന്നിലുള്ള ആസൂ

ത്രണങ്ങളും വ്യക്തമായി മനസിലായിത്തുടങ്ങിയതോടെയാണ് പ്രതികരിച്ചേ മതിയാവൂ എന്ന ചിന്തയിലേക്ക് പലരും എത്തിത്തുടങ്ങിയത്. സന്യസ്തർക്കെതിരെയുള്ള പ്രചാരണങ്ങളും അധിക്ഷേപങ്ങളും അസഹനീയമായ അവസ്ഥയിലേയ്ക്ക് എത്തിയപ്പോൾ ചില സന്യാസിനിമാർ തന്നെ മാധ്യമങ്ങളിലൂടെയും സോഷ്യൽമീഡിയയിലൂടെയും പ്രതികരിച്ചു തുടങ്ങിയത് ഒരു വിപ്ലവമായിരുന്നു. വിരലിലെണ്ണാവുന്ന ചിലർ സന്യാസം വിട്ട് പുറത്തിറങ്ങി നടത്തുന്ന വിദ്വേഷ പ്രചരണങ്ങൾ കെട്ടുകഥകളാണെന്ന് ഒട്ടേറെപ്പേർക്ക് വ്യക്തമാകാൻ അത്തരം പ്രതികരണങ്ങൾ വഴിയൊരുക്കി.

ചില മാധ്യമങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും മതസംഘടനകളും വ്യക്തമായ ചില ഗൂഢലക്ഷ്യങ്ങളോടെ നടത്തിവന്ന നീക്കങ്ങളാണ് സമീപകാലങ്ങളിൽ കത്തോലിക്കാ സഭയുടെയും സഭാനേതൃത്വത്തിന്റെയും പ്രതിച്ഛായയ്ക്ക് മങ്ങൽ ഏൽപ്പിച്ചത് എന്നുള്ളത് വ്യക്തമാണ്. സാമൂഹിക ഇടപെടലുകളും വിദ്യാഭ്യാസ ആതുരശുശ്രൂഷാ മേഖലയിലെ പ്രവർത്തനങ്ങളും കൊണ്ടും പാരമ്പര്യംകൊണ്ടും ഈ സമൂഹത്തിൽ സഭയ്ക്കുള്ള സ്വാധീനത്തെ തകർക്കാൻ തന്നെയാണ് ചിലർ ശ്രമിച്ചുപോന്നിട്ടുള്ളത്. ഒരേ കള്ളത്തെ ആയിരം തവണ ആവർത്തിച്ച് സത്യമാക്കി മാറ്റുന്ന പഴയ തന്ത്രമാണ് ഇവിടെ വീണ്ടുവീണ്ടും ചിലർ വിജയിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സഭാനേതൃത്വം മുന്നോട്ടുവയ്ക്കുന്ന ഗുരുതരമായ ആശങ്കകളെ പോലും തമസ്കരിച്ചുകൊണ്ടും വാക്കുകൾക്കും ആശയങ്ങൾക്കും വിപരീതമായ ആഖ്യാനങ്ങൾ നൽകിക്കൊണ്ടും ക്രൈസ്തവ സമൂഹത്തിന് എതിരെ നീങ്ങുന്ന മാഫിയകൾ നമുക്കിടയിലുണ്ട്. അവർ ഒരു വലിയ വിഭാഗം മാധ്യമങ്ങളെയും സോഷ്യൽമീഡിയയെയും ഒട്ടുമിക്ക രാഷ്ട്രീയ പാർട്ടികളെയും വരുതിയിലാക്കിയിരിക്കുന്നു.

യുവജനങ്ങളെ സ്വാധീന വലയത്തിൽ അകപ്പെടുത്തി മയക്കുമരുന്നിനും ചില പ്രത്യയ ശാസ്ത്രങ്ങൾക്കും അടിമകളാക്കുകയും, വഴിതെറ്റിക്കുകയും കെണികളിൽ അകപ്പെടുത്തുകയും ചെയ്യുന്ന സംഘങ്ങളെക്കുറിച്ചാണ് കഴിഞ്ഞ കുറേക്കാലമായി പിതാക്കന്മാരും സമുദായ നേതാക്കളും സഭാമക്കളെ വീണ്ടും വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും മാധ്യമങ്ങളിലൂടെയും സമൂഹമാധ്യമങ്ങൾ വഴിയായും അത്തരം പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എന്നുള്ളതിൽ ചിന്താശേഷിയുള്ള ആർക്കും സംശയമുണ്ടായിരിക്കാനിടയില്ല. എങ്കിലും അത്തരം അപകടങ്ങളെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയും മുന്നറിയിപ്പ് നൽകുകയും മുൻകരുതൽ സ്വീകരിക്കുകയും ചെയ്യുന്നവർ കുറ്റക്കാരായി ചിത്രീകരിക്കപ്പെടുന്ന അവസരങ്ങൾ നിരന്തരം ആവർത്തിക്കുകയാണ്.

സത്യം ഉറക്കെ പറയുന്നവർ കല്ലേറ് കൊള്ളും എന്നുള്ളത് തീർച്ചയാണ്. അത് മനസിലാക്കിക്കൊണ്ടുതന്നെയാണ് ക്രൈസ്തവ സമൂഹത്തിനും കേരളത്തിലെ മതേതര സമൂഹത്തിനും എതിരെ നടക്കുന്ന നീക്കങ്ങളെക്കുറിച്ച് പ്രതികരിക്കാൻ സന്യസ്തരും വൈദികരും യുവജനങ്ങളും ഉൾപ്പെടെ ചിലർ മുന്നോട്ടുവന്നിരിക്കുന്നത്. കൂക്കുവിളികളും പരിഹാസവും അക്രമണങ്ങളുംകൊണ്ട് അത്തരക്കാരെ നിശ്ശബ്ദരാക്കാൻ കഴിയുമെന്ന് ഇപ്പോഴും ചിലർ കരുതുന്നു. എന്നാൽ, അത് ഉണ്ടാവില്ല എന്ന് തീർച്ച. മാത്രമല്ല, കൂടുതൽ ഉച്ചത്തിൽ സത്യങ്ങൾ നിർഭയം വിളിച്ചുപറയാൻ ഇനിയുമേറെപ്പേർ മുന്നോട്ടുവരിക തന്നെ ചെയ്യും. ഈ നാടിന്റെയും വളർന്നുവരുന്ന യുവജനങ്ങളുടെയും നന്മയ്ക്കും ഭാവിക്കും അതാവശ്യമാണ്.


■

## നിരീക്ഷണം

*ചില സമുദായങ്ങളുടെ വ്യക്തിനിയമങ്ങളിൽ ഇപ്പോഴും തുടരുന്ന അസമത്വം, അനീതികൾ തുടങ്ങിയവ ചൂണ്ടിക്കാണിച്ചാണ് ഏകീകൃത വ്യക്തിനിയമം അനിവാര്യമാണ് എന്ന വാദഗതി സമീപകാലങ്ങളിലായി ഉയർന്നുകൊണ്ടിരിക്കുന്നത്. എന്നാൽ, 2018 ൽ ഇരുപത്തൊന്നാമത് കേന്ദ്ര നിയമ കമ്മീഷൻ പ്രസിദ്ധീകരിച്ച കൺസൾട്ടേഷൻ പേപ്പർ പ്രകാരം ഇന്ത്യയുടെ വിശാലമായ സാംസ്കാരിക  സാമൂഹിക പശ്ചാത്തലത്തിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കുന്നത് അപ്രായോഗികമാണ് എന്ന വിലയിരുത്തലാണുള്ളത്.*

# ഇന്ത്യയിൽ ഏകീകൃത സിവിൽകോഡ് പ്രായോഗികമോ ?

ഒരു ഇടവേളയ്ക്ക് ശേഷം ഏകീകൃത സിവിൽ കോഡ് വീണ്ടും ചർച്ചകളിൽ നിറഞ്ഞിരിക്കുകയാണ്. ഏകീകൃത സിവിൽ കോഡ് സംബന്ധമായ ചർച്ചകൾക്ക് പതിറ്റാണ്ടുകളുടെ ചരിത്രമുണ്ട്. ഇന്ത്യയുടെ ഭരണഘടന രൂപീകൃതമായ 1950നും മുമ്പ് മുതൽ അത് ആരംഭിക്കുന്നു. വിവാഹം, വിവാഹ മോചനം, പിന്തുടർച്ചാവകാശം, ദത്തെടുക്കൽ, രക്ഷാകർതൃത്വം തുടങ്ങിയവ സംബന്ധിച്ച നിയമപരമായ നടപടിക്രമങ്ങൾക്ക് മത സംബന്ധമായി നിലവിലുണ്ടായിരുന്ന നടപ്പുരീതികൾക്കും നിയമങ്ങൾക്കും ബദലായി ഏകീകൃത നിയമം ആവശ്യമോ എന്ന വിഷയത്തിൽ വളരെ വിശദമായ ചർച്ചകൾ പല ഘട്ടങ്ങളിലായി ഭരണഘടനാ ശിൽപ്പികൾ നടത്തുകയുണ്ടായിരുന്നു. എന്നാൽ, ചർച്ചകൾക്കൊടുവിൽ ഏകീകൃത വ്യക്തി നിയമം എന്ന ആശയം നിർദ്ദേശക തത്വങ്ങളിൽ ഉൾപ്പെടുത്തുകയാണ് അവർ ചെയ്തത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 44 പ്രകാരം, ഏകീകൃത സിവിൽ കോഡ് സംസ്ഥാനങ്ങൾക്ക് നടപ്പാക്കാവുന്നതാണ്.



എന്നാൽ, 73 വർഷങ്ങൾക്കിപ്പുറവും ഏറ്റവും ചെറിയ ഇന്ത്യൻ സംസ്ഥാനമായ ഗോവ ഒഴികെ മറ്റെവിടെയും ഏകീകൃത സിവിൽകോഡ് പ്രാബല്യത്തിലില്ല.

1950ന് ശേഷം ഇത്തരം വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട നിയമ നിർമ്മാണങ്ങൾ, നിയമ പരിഷ്കരണങ്ങൾ (Amendments), നിയമ ക്രമീകരണങ്ങൾ (Codification) തുടങ്ങിയവ ഉണ്ടായിട്ടുണ്ട്. സ്പെഷ്യൽ മാര്യേജ് ആക്ട് 1954, ഹിന്ദു മാര്യേജ് ആക്ട് 1955 തുടങ്ങിയവ നിയമ നിർമ്മാണങ്ങൾക്ക് ഉദാഹരണമാണ്. നിയമ ക്രമീകരണങ്ങൾ മുഖ്യമായും വിവിധ കോടതി ഇടപെടലുകളെ തുടർന്ന് നിരന്തരം നടന്നുവരുന്ന ഒരു പ്രക്രിയയാണ്. ക്രിസ്ത്യൻ പിന്തുടർച്ചാവകാശം സംബന്ധിച്ച്, മേരി റോയ് കേസിനെ (Mrs. Mary Roy vs. the State of Kerala, 1986) തുടർന്നുണ്ടായ മാറ്റങ്ങൾ ഉദാഹരണമാണ്. ജുവനൈൽ ജസ്റ്റിസ് ആക്ട്, പോക്സോ ആക്ട് തുടങ്ങിയ വിവിധ നിയമങ്ങളും വ്യക്തി നിയമങ്ങളിലെ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്.

ചില സമുദായങ്ങളുടെ വ്യക്തിനിയമങ്ങളിൽ ഇപ്പോഴും തുടരുന്ന അസമത്വം, അനീതികൾ തുടങ്ങിയവ ചൂണ്ടിക്കാണിച്ചാണ് ഏകീകൃത വ്യക്തിനിയമം അനിവാര്യമാണ് എന്ന വാദഗതി സമീപകാലങ്ങളിലായി ഉയർന്നുകൊണ്ടിരിക്കുന്നത്. ഏകീകൃത വ്യക്തി നിയമം നിലവിൽ വരുന്നത് മറ്റൊരു സമുദായത്തിനും ദോഷകരമല്ല എന്ന പ്രാഥമിക വിലയിരുത്തലുകൾ ഉണ്ടായിരുന്നതിനാൽ ഏതാനും വർഷങ്ങൾക്ക് മുമ്പുവരെ ക്രൈസ്തവരുൾപ്പെടെ കേരളസമൂഹം പൊതുവെ ഇത്തരമൊരു ആശയത്തെ സ്വാഗതം ചെയ്തിരുന്നു. എന്നാൽ, 2018 ൽ ഇരുപത്തൊന്നാമത് കേന്ദ്ര നിയമ കമ്മീഷൻ പ്രസിദ്ധീകരിച്ച കൺസൾട്ടേഷൻ പേപ്പർ പ്രകാരം ഇന്ത്യയുടെ വിശാലമായ സാംസ്കാരിക സാമൂഹിക പശ്ചാത്തലത്തിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കുന്നത് അപ്രായോഗികമാണ് എന്ന വിലയിരുത്തലാണുള്ളത്.

### ഇരുപത്തൊന്നാമത് കേന്ദ്ര നിയമ കമ്മീഷന്റെ വിലയിരുത്തലുകൾ

മുൻ സുപ്രീം കോടതി ജഡ്ജി, ബൽബീർ സിംഗ് ചൗഹാന്റെ അദ്ധ്യക്ഷതയിലുള്ള ഇരുപത്തൊന്നാമത് നിയമ കമ്മീഷന്റെ കാലാവധി 2015 18 ആയിരുന്നു. ആ കാലയളവിൽ യൂണിഫോം സിവിൽ കോഡ് സംബന്ധിച്ച വിവിധ വശങ്ങൾ ആഴമായി പഠനവിഷയമാക്കിയ കമ്മീഷൻ 2018ൽ വിശദമായ ഒരു കൺസൾട്ടേഷൻ പേപ്പർ പ്രസിദ്ധീകരിക്കുകയുണ്ടായി. നിലവിലെ സാഹചര്യത്തിൽ യൂണിഫോം സിവിൽ കോഡ് ഇന്ത്യയിൽ അപ്രായോഗികമാണ് എന്ന നിലപാടാണ് അന്ന് നിയമ കമ്മീഷൻ വ്യക്തമാക്കിയത്. അതിനുള്ള കാരണങ്ങളും ബദൽ നിർദ്ദേശങ്ങളും 182 പേജുകളുള്ള കൺസൾട്ടേഷൻ പേപ്പറിൽ വിവരിച്ചിട്ടുണ്ട്.

> **“ 2018 ൽ ഇരുപത്തൊന്നാമത് കേന്ദ്ര നിയമ കമ്മീഷൻ പ്രസിദ്ധീകരിച്ച കൺസൾട്ടേഷൻ പേപ്പർ പ്രകാരം ഇന്ത്യയുടെ വിശാലമായ സാംസ്കാരിക സാമൂഹിക പശ്ചാത്തലത്തിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കുന്നത് അപ്രായോഗികമാണ് എന്ന വിലയിരുത്തലാണുള്ളത്.**

ഇന്ത്യയിലെ മത സാംസ്കാരിക വൈവിദ്ധ്യങ്ങൾ, ആചാരങ്ങൾ തുടങ്ങിയവയും, വ്യത്യസ്ത സമൂഹങ്ങൾക്കും സമുദായങ്ങൾക്കും വ്യക്തികൾക്കും ഭരണഘടന വാഗ്ദാനം ചെയ്യുന്ന അവകാശങ്ങൾ തുടങ്ങിയവയും കമ്മീഷൻ മുഖവിലയ്ക്കെടുത്തിരുന്നു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഇതിനകം നടന്നിട്ടുള്ള വിവിധ നിയമ നിർമ്മാണങ്ങളെയും, നിയമ ക്രമീകരണങ്ങളെയും മുഖവിലയ്ക്കെടുത്ത കമ്മീഷൻ തുടർന്നും വ്യക്തി നിയമങ്ങളിൽ ആവശ്യമായ പരിഷ്കരണങ്ങളും ക്രമീകരണങ്ങളും വരുത്താനുള്ള നിർദ്ദേശമാണ് മുന്നോട്ടുവയ്ക്കുന്നത്. ഇപ്പോൾ ഉയർത്തിക്കാണിക്കപ്പെടുന്ന അസമത്വങ്ങൾക്കും അനീതികൾക്കും മികച്ച പരിഹാരം അതാണെന്ന് കമ്മീഷൻ വ്യക്തമാക്കുന്നു.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിളുകൾ 25 മുതൽ 28 വരെ ഉറപ്പുനൽകുന്ന മത സ്വാതന്ത്ര്യത്തിന് പ്രത്യക്ഷമായോ പരോക്ഷമായോ ഏകീകൃത സിവിൽകോഡ് തടസമായേക്കാം എന്ന വിലയിരുത്തലാണ് ഇരുപത്തൊന്നാമത് നിയമ കമ്മീഷനുള്ളത്. സ്ത്രീകൾ നേരിടുന്ന വിവേചനങ്ങളാണ് വ്യക്തിനിയമങ്ങളിൽ ചിലവ നേരിടുന്ന പ്രധാന ആരോപണങ്ങൾ എന്ന് നിരീക്ഷിച്ച ലോ കമ്മീഷൻ അവ പരിഹരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള വ്യക്തി നിയമങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് നിരവ

ധി നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. സമുദായങ്ങൾക്കിടയിലുള്ള തുല്യതയെക്കാൾ, ഓരോ സമുദായത്തിനുള്ളിലെയും സ്ത്രീ പുരുഷ സമത്വത്തിനാണ് നിയമ നിർമ്മാതാക്കൾ കൂടുതൽ പരിഗണന നൽകേണ്ടതെന്നുള്ള നിർദ്ദേശവും ഇരുപത്തൊന്നാമത് ലോ കമ്മീഷൻ മുന്നോട്ടുവച്ചിരിക്കുന്നു. വ്യക്തി നിയമങ്ങളിൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തുന്നതിലൂടെ ആത്യന്തികമായ ഏകരൂപത്തെക്കാൾ, നിയമങ്ങൾ തമ്മിലുള്ള ചില വ്യത്യസ്തതകൾ കൂടുതൽ അർത്ഥവത്താക്കി മാറ്റാൻ കഴിയും എന്നാണ് 2018 ലെ കൺസൾട്ടേഷൻ പേപ്പർ നിരീക്ഷിക്കുന്നത്.

### ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യം

ഒട്ടനവധി സംസ്കാരങ്ങളും മത വിഭാഗങ്ങളും തങ്ങളുടേതായ പരമ്പരാഗത ശൈലികളും ആചാരങ്ങളും കാത്തു സൂക്ഷിച്ച് ഒത്തൊരുമയോടെ മുന്നോട്ടുപോകുന്ന ഒരു രാജ്യമാണ് ഇന്ത്യ. മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യയിലെ സാംസ്കാരിക വൈവിധ്യം വളരെ വിശാലമാണ്. മതപരമായ അനുശാസനങ്ങൾക്ക് വ്യക്തിജീവിതത്തിൽ പ്രാധാന്യം കൽപ്പിക്കപ്പെടുന്ന ഘട്ടങ്ങളിലും, സാംസ്കാരിക പൈതൃകവും, പാരമ്പര്യവും നിലനിർത്തേണ്ടതായുള്ള സാഹചര്യങ്ങളിലും വ്യത്യസ്തമായ വ്യക്തിനിയമങ്ങൾ അതിന് അവസരമൊരുക്കുന്നു. ഇന്ത്യയുടെ ഭരണഘടനയ്ക്കും നിയമ വ്യവസ്ഥിതിക്കും അനുസൃതമായി മതവിശ്വാസത്തെയും സംസ്കാരത്തെയും പാരമ്പര്യത്തെയും ആചാരങ്ങളെയും ക്രമീകരിക്കാൻ വിവിധ വിഭാഗങ്ങൾക്ക് അപ്രകാരം കഴിയുന്നു. വിവാഹവും വിവാഹമോചനവും പോലുള്ളവയ്ക്ക് രാഷ്ട്ര നിയമങ്ങൾക്ക് മുന്നിൽ പ്രാധാന്യം ഉള്ളതുപോലെ തന്നെ, മതവിശ്വാസപരമായും അവ സുപ്രധാനമാണ്. കത്തോലിക്കാ സഭയുടെ നിലപാടുകൾ ഉദാഹരണമാണ്. സഭയുടെ പ്രബോധനങ്ങൾ പ്രകാരം വിവാഹ ബന്ധം അതിന്റെ കൗദാശിക സ്വഭാവത്താൽ സിവിൽ നിയമത്തിന് മുന്നിൽ എന്നതിനേക്കാൾ ഉറപ്പുള്ളതായാണ് പരിഗണിക്കപ്പെടുന്നത്. അതിനാൽത്തന്നെ വിവാഹമോചനം എന്നതിന്റെ നിർവ്വചനത്തിന് പോലും വ്യത്യാസമുണ്ട്. മതവിശ്വാസ സംബന്ധമായ ഇത്തരം നിലപാടുകളെ സൂക്ഷ്മമായി പരിഗണിക്കേണ്ട ഘട്ടങ്ങളിൽ അതിനുള്ള സാധ്യത ഒരുക്കുന്നിടത്താണ് വ്യക്തിനിയമങ്ങളുടെ പ്രാധാന്യവും പ്രസക്തിയും കൂടുതൽ വ്യക്തമാകുന്നത്.

> “
> **മതപരമായ അനുശാസനങ്ങൾക്ക് വ്യക്തിജീവിതത്തിൽ പ്രാധാന്യം കൽപ്പിക്കപ്പെടുന്ന ഘട്ടങ്ങളിലും, സാംസ്കാരിക പൈതൃകവും, പാരമ്പര്യവും നിലനിർത്തേണ്ടതായുള്ള സാഹചര്യങ്ങളിലും വ്യത്യസ്തമായ വ്യക്തിനിയമങ്ങൾ അതിന് അവസരമൊരുക്കുന്നു. ഇന്ത്യയുടെ ഭരണഘടനയ്ക്കും നിയമ വ്യവസ്ഥിതിക്കും അനുസൃതമായി മതവിശ്വാസത്തെയും സംസ്കാരത്തെയും പാരമ്പര്യത്തെയും ആചാരങ്ങളെയും ക്രമീകരിക്കാൻ വിവിധ വിഭാഗങ്ങൾക്ക് അപ്രകാരം കഴിയുന്നു.**

തങ്ങളുടെ പ്രത്യേകമായ സാംസ്കാരിക തനിമ സൂക്ഷിക്കുന്ന ഗോത്രവർഗ്ഗങ്ങൾ, ആദിവാസി വിഭാഗങ്ങൾ, പ്രാദേശിക സമൂഹങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന പാർശ്വവൽക്കരിക്കപ്പെട്ട ലക്ഷകണക്കിന് മനുഷ്യരും ഇന്ത്യയിൽ ജീവിക്കുന്നു. അവരവരുടെ സംസ്കാരവും രീതികളും തുടരുന്നതിൽ വ്യക്തിനിയമങ്ങൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. അക്കാരണത്താലാണ്, സംസ്ഥാനങ്ങളുടെ പ്രത്യേകമായ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ട് ഏകീകൃത സിവിൽ കോഡ് നടപ്പാക്കാനുള്ള ഉത്തരവാദിത്തം ഇന്ത്യൻ ഭരണഘടനയുടെ സൃഷ്ടാക്കൾ സംസ്ഥാന ഭരണകൂടങ്ങളെ ഭരമേല്പിച്ചത്. ഇന്ത്യയുടെ ഭരണഘടന നിലവിൽവന്ന 1950 ജനുവരി 26 ന് രാജ്യത്തുണ്ടായിരുന്ന വൈവിധ്യങ്ങൾക്കും സാഹചര്യത്തിനും ഇന്നും കാര്യമായ മാറ്റങ്ങൾ ഉണ്ടായിട്ടില്ല എന്നുള്ളതുകൂടി പരിഗണിച്ചാണ് 2018 ൽ ഇരുപത്തൊന്നാം നിയമ കമ്മീഷൻ യൂണിഫോം സിവിൽകോഡ് പ്രായോഗികമല്ലെന്ന് നിരീക്ഷിച്ചത്.

### ഗോവയിലെ ഏകീകൃത സിവിൽ കോഡ്

ഗോവയിൽ മാത്രമാണ് ഇന്ത്യയിൽ ഏകീകൃത സിവിൽകോഡ് നിലവിലുള്ളത്. 1869 ൽ ഗോവയിൽ നടപ്പാക്കപ്പെട്ട പോർച്ചുഗീസ് സിവിൽ കോഡിന്റെ തുടർച്ചയാണ്

> “ സാംസ്കാരികവും മതപരവുമായ വൈവിധ്യങ്ങൾ നിലനിർത്തപ്പെടുന്നതിൽ വ്യക്തിനിയമങ്ങൾ വലിയ പങ്കുണ്ട്. വ്യക്തിനിയമങ്ങൾ രാജ്യത്തിന്റെ പൊതു നിയമങ്ങൾക്കും ഭരണഘടനയ്ക്കും വിരുദ്ധമാകുന്നില്ല എന്നുള്ള ഉറപ്പുവരുത്തലാണ് ആവശ്യം.

ഇപ്പോഴും അവിടെ നിലനിൽക്കുന്ന ഏകീകൃത സിവിൽ കോഡ് എന്നുള്ളതാണ് വസ്തുത. 1966 ൽ ആ നിയമത്തിൽ ചില പരിഷ്കരണങ്ങൾ വരുത്തപ്പെടുകയുണ്ടായി. ഗോവൻ ഏകീകൃത സിവിൽ കോഡ് പ്രകാരം, ഒരു സിവിൽ അതോറിറ്റിയുടെ മുമ്പാകെ വിവാഹങ്ങൾ നിർബ്ബന്ധമായും രജിസ്റ്റർ ചെയ്യപ്പെടേണ്ടതുണ്ട്. മറ്റ് ഉടമ്പടികൾ ഇല്ലാത്തപക്ഷം വിവാഹമോചിതയാകുന്ന സ്ത്രീയ്ക്ക്, ഭർത്താവിന് പൈതൃകമായി ലഭിക്കുന്ന സ്വത്തിൽ ഉൾപ്പെടെ എല്ലാ പൊതു സ്വത്തിലും തുല്യ പങ്കിനുള്ള അവകാശമുണ്ടായിരിക്കും. മാതാപിതാക്കൾ തങ്ങളുടെ സ്വത്തിന്റെ പകുതിയെങ്കിലും നിർബ്ബന്ധമായും പെൺമക്കൾക്ക് ഉൾപ്പെടെ ഭാഗം ചെയ്തു കൊടുത്തിരിക്കണമെന്നും ഗോവയിലെ ഏകീകൃത സിവിൽ നിയമം അനുശാസിക്കുന്നു.

എന്നാൽ, ഗോവയിലെ ഏകീകൃത സിവിൽ കോഡ് തീർത്തും നിഷ്പക്ഷമല്ല. ഭാര്യയ്ക്ക് 25 വയസ് പൂർത്തിയായിട്ടും കുട്ടികൾക്ക് ജന്മം നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിലോ, മുപ്പത് വയസ് പൂർത്തിയാകുന്നതുവരെയും ആൺകുട്ടിക്ക് ജന്മം നൽകാൻ കഴിഞ്ഞില്ലെങ്കിലോ ഹൈന്ദവനായ ഭർത്താവിന് മറ്റൊരു വിവാഹം കഴിക്കാൻ നിയമം അനുമതി നൽകുന്നു. മറ്റു മതസ്ഥർക്ക്ബഹുഭാര്യത്വം അനുവദനീയമല്ല. കത്തോലിക്കാ സഭയിൽ പെട്ടവർക്ക് പള്ളിയിൽ വച്ച് നടത്തുന്ന വിവാഹം നിയമപരമായി സാധുവാണ്. എന്നാൽ, മറ്റുള്ളവർക്കെല്ലാം രജിസ്ട്രേഷൻ നിർബ്ബന്ധമാണ്. ഭാര്യയ്ക്ക് പരപുരുഷ ബന്ധമുണ്ടെന്ന് സ്ഥാപിച്ചാൽ മാത്രമേ ഹൈന്ദവനായ ഭർത്താവിന് വിവാഹമോചനം ലഭിക്കുകയുള്ളു. മറ്റു മതസ്ഥർക്ക് മറ്റു കാരണങ്ങളും ആകാം.

കേവലം 15 ലക്ഷത്തിൽ താഴെ ജനങ്ങൾ മാത്രമുള്ള, ഇന്ത്യയിലെ ഏറ്റവും ചെറിയ സംസ്ഥാനമായ ഗോവയിൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കിയിട്ടുണ്ട് എന്നുള്ളത് ഒരു മാതൃകയായി കാണാനാവില്ല. കൂടുതൽ വൈവിധ്യങ്ങളെ ഉൾക്കൊള്ളുന്ന വലിയ സംസ്ഥാനങ്ങളിൽ ഇത്തരമൊരു നിയമം നടപ്പാക്കുമ്പോഴും ഇന്ത്യയെ മുഴുവൻ കണക്കിലെടുക്കുമ്പോഴും ഇത്തരമൊരു നിയമം നടപ്പാക്കാനൊരുങ്ങുന്നത് പല സമൂഹങ്ങളിലും ആശങ്കകൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. നിയമത്തിനും നീതിക്കും വേണ്ടിയുള്ള പാർലമെന്ററി കമ്മിറ്റി ( Parliamentary Committee on Law and Justice) ചെയർമാനും എംപിയും ബിജെപി നേതാവുമായ സുശീൽ മോദി ആവശ്യപ്പെട്ടിരിക്കുന്നത്, ഇന്ത്യയുടെ നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളെയും ഗോത്രവർഗ്ഗക്കാരെയും ഏകീകൃത വ്യക്തിനിയമത്തിൽനിന്ന് ഒഴിവാക്കണമെന്നാണ്.

**വ്യക്തിനിയമങ്ങളുടെ പ്രാധാന്യം**

സാംസ്കാരികവും മതപരവുമായ വൈവിധ്യങ്ങൾ നിലനിർത്തപ്പെടു



ന്നതിൽ വ്യക്തിനിയമങ്ങൾ വലിയ പങ്കുണ്ട്. വ്യക്തിനിയമങ്ങൾ രാജ്യത്തിന്റെ പൊതു നിയമങ്ങൾക്കും ഭരണഘടനയ്ക്കും വിരുദ്ധമാകുന്നില്ല എന്നുള്ള ഉറപ്പുവരുത്തലാണ് ആവശ്യം. വ്യക്തിനിയമങ്ങളിൽ മത നിയമങ്ങൾക്കുള്ള സ്വാധീനം ഒരുപക്ഷെ ചില ഉച്ചനീചത്വങ്ങൾക്കും വിവേചനത്തിനും വഴിയൊരുക്കിയേക്കാം. പ്രാചീന കാലഘട്ടങ്ങളിലെ രീതികൾക്കും ചില നിയമങ്ങൾക്കും കാലാനുസൃതമായ പരിഷ്കരണങ്ങൾ ഉണ്ടാവുകയാണ് ആവശ്യം. മതപരവും സാംസ്കാരികവുമായ നിയമങ്ങളും കീഴ്വഴക്കങ്ങളും രാഷ്ട്ര നിയമങ്ങളോട് പൊരുത്തപ്പെടുത്തിക്കൊണ്ടു പോകാനുള്ള പ്രാഥമിക ഉത്തരവാദിത്തം അതത് സമൂഹങ്ങൾക്ക് തന്നെയാണുള്ളത്. കാലാനുസൃതമായ മാറ്റങ്ങൾ അക്കാര്യങ്ങളിൽ പ്രാബല്യത്തിൽ വരുത്താൻ സമുദായമത നേതൃത്വങ്ങൾ തയ്യാറാകണം. പ്രാകൃതമായ ചട്ടക്കൂടിൽനിന്ന് വ്യതിചലിക്കാൻ ആരെങ്കിലും തയ്യാറാകുന്നില്ലെങ്കിൽ ആധുനിക സമൂഹത്തിൽ അത് ലജ്ജാകരമാണ്.

ക്രൈസ്തവ സമൂഹവുമായി ബന്ധപ്പെട്ട വ്യക്തിനിയമങ്ങളിലെ വിവിധ വകുപ്പുകളിൽ ഒന്നുംതന്നെ ഭരണഘടനയ്ക്ക് മുന്നിലോ, മറ്റു നിയമങ്ങൾക്ക് മുന്നിലോ ചോദ്യം ചെയ്യപ്പെടാവുന്നതായില്ല. കാലാകാലങ്ങളിൽ നിയമക്രമീകരണങ്ങൾക്ക് ആ നിയമങ്ങൾ വിധേയമായിട്ടുള്ളതിനാലാണ് അത്. അത്തരത്തിൽ ആവശ്യമുള്ള ഭേദഗതികൾ ഇനിയും വരുത്താവുന്നതാണ് എന്ന ആശയമാണ് ഇരുപത്തൊന്നാമത് നിയമകമ്മീഷൻ മുന്നോട്ടു വച്ചത്. കത്തോലിക്കാ സഭയെ സംബന്ധിച്ച് നിലവിലുള്ള വ്യക്തി നിയമങ്ങൾ വിവാഹം, വിവാഹ മോചനം, പിന്തുടർച്ചാവകാശം, ദത്തെടുക്കൽ, രക്ഷാകർതൃത്വം തുടങ്ങിയവ സംബന്ധിച്ച നടപടി ക്രമങ്ങൾക്ക് പര്യാപ്തവും തൃപ്തികരവുമാണ് എന്നുള്ളതാണ് വസ്തുത. അതിനാൽത്തന്നെ, ഏകീകൃത സിവിൽകോഡ് അനിവാര്യമാണ് എന്ന നിലപാടിന് പ്രസക്തിയില്ല. അതേസമയം, നടപ്പാക്കിയേക്കാവുന്ന ഏകീകൃത സിവിൽകോഡിന്റെ യഥാർത്ഥ ചിത്രം (രൂപരേഖ) എന്താണ് എന്നുള്ളതിനെക്കുറിച്ചുള്ള അവ്യക്തത വസ്തുനിഷ്ഠമായ നിലപാടുകൾ സ്വീകരിക്കുന്നതിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അത്തരം ആശയക്കുഴപ്പങ്ങളിൽ നിന്നുളവാകുന്ന ആശങ്കകൾ ഏകീകൃത സിവിൽ നിയമത്തെകുറിച്ച് നിഷ്പക്ഷമായ ഒരു നിലപാട് സ്വീകരിക്കുന്നതിന് തടസമായി നിലകൊള്ളുന്നു.

ആത്യന്തികമായി ചില സമുദായങ്ങൾക്കുള്ളിൽ സംഭവിക്കേണ്ട മാറ്റങ്ങളാണ് ഏകീകൃത സിവിൽകോഡ് പ്രത്യക്ഷത്തിൽ ലക്ഷ്യം വയ്ക്കുന്നത്. അത്തരമൊരു നിയമനിർമ്മാണം കൊണ്ട്


**"**

**നടപ്പാക്കിയേക്കാവുന്ന ഏകീകൃത സിവിൽകോഡിന്റെ യഥാർത്ഥ ചിത്രം (രൂപരേഖ) എന്താണ് എന്നുള്ളതിനെക്കുറിച്ചുള്ള അവ്യക്തത വസ്തുനിഷ്ഠമായ നിലപാടുകൾ സ്വീകരിക്കുന്നതിൽ ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അത്തരം ആശയക്കുഴപ്പങ്ങളിൽ നിന്നുളവാകുന്ന ആശങ്കകൾ ഏകീകൃത സിവിൽ നിയമത്തെകുറിച്ച് നിഷ്പക്ഷമായ ഒരു നിലപാട് സ്വീകരിക്കുന്നതിന് തടസമായി നിലകൊള്ളുന്നു.**


മാത്രം തങ്ങളുടെ നിലപാടുകളിലോ രീതികളിലോ മാറ്റം വരുത്താൻ പ്രസ്തുത സമുദായങ്ങൾ തയ്യാറാകുമോ എന്ന ചോദ്യവും പ്രസക്തമാണ്. ഇരുപത്തൊന്നാമത് ലോ കമ്മീഷൻ മുന്നോട്ടുവച്ചിരിക്കുന്ന മറ്റൊരു നിർദ്ദേശം യുക്തമാണ്. സമുദായങ്ങളുമായി ആഴമുള്ള ചർച്ചകൾ നടത്തി വ്യക്തി നിയമങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങളും, പരിഷ്കരണങ്ങളും വരുത്തുക എന്നുള്ളതാണ് അത്. ഇരുപത്തൊന്നാമത് നിയമ കമ്മീഷന്റെ പഠനങ്ങളെയും നിരീക്ഷണങ്ങളെയും തള്ളിക്കളഞ്ഞുകൊണ്ടാണ് ഇരുപത്തിരണ്ടാമത് നിയമകമ്മീഷൻ അഞ്ചു വർഷങ്ങൾക്ക് ശേഷം ഇപ്പോൾ ഏകീകൃത സിവിൽകോഡ് സംബന്ധിച്ച് പൊതുജനങ്ങളിൽനിന്ന് ആശയങ്ങൾ ക്ഷണിച്ചിരിക്കുന്നത്. ലോക്സഭയുടെ വർഷകാല സമ്മേളനത്തിൽ ഏകീകൃത സിവിൽകോഡ് ബിൽ അവതരിപ്പിക്കും എന്ന റിപ്പോർട്ടുകളുമുണ്ട്. സമീപകാലത്ത് അനുകൂലമായി പ്രധാനമന്ത്രി പരസ്യ പ്രസ്താവന നടത്തിയിരിക്കുന്നതുകൂടി പരിഗണിച്ചാൽ ഏകീകൃത സിവിൽകോഡ് നടപ്പാക്കാനുള്ള സാധ്യത വർധിക്കുകയാണ്. മറ്റു മാർഗ്ഗങ്ങളിലൂടെ പരിഹരിക്കാനാവുന്ന ചില വിവേചനങ്ങളെ ചെറുക്കാൻ എല്ലാ വ്യക്തിനിയമങ്ങളെയും ഇല്ലാതാക്കണോ എന്നുള്ളതാണ് അവശേഷിക്കുന്ന ചോദ്യം. ■

# ഏകീകൃത സിവിൽ കോഡ്: കേരള കത്തോലിക്കാസഭയുടെ നിലപാട്




1. കേന്ദ്ര നിയമമന്ത്രാലയം യൂണിഫോം സിവിൽ കോഡിന്റെ കരട് രൂപം തയ്യാറാക്കുകയോ പുറത്തുവിടുകയോ ചെയ്തിട്ടില്ല എന്നതിനാൽ തന്നെ, ഇപ്പോൾ ലക്ഷ്യം വയ്ക്കുന്ന പുതിയ സിവിൽ കോഡിന്റെ സ്വഭാവം എന്തായിരിക്കും എന്നുള്ളതിനെക്കുറിച്ച് വ്യക്തതയില്ല. യൂണിഫോം സിവിൽകോഡ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായങ്ങളും ആശയങ്ങളും ക്ഷണിച്ചുകൊണ്ട് കഴിഞ്ഞ ജൂൺ 14 ന് ഇരുപത്തിരണ്ടാം നിയമ കമ്മീഷൻ നോട്ടീസ് പ്രസിദ്ധീകരിച്ച നടപടി, എന്ത് നിർദ്ദേശങ്ങൾ നൽകും എന്നുള്ളതിനെക്കുറിച്ച് ആശയക്കുഴപ്പം ഉളവാക്കുന്നതും അവ്യക്തവുമാണ്. ഏകീകൃത സിവിൽ കോഡിന്റെ അന്തസത്തയെക്കുറിച്ചുള്ള അജ്ഞത നിമിത്തം, അത് ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകിയിരിക്കുന്ന മത സ്വാതന്ത്ര്യത്തെ അത് ഏതുവിധത്തിലാണ് ബാധിക്കുക എന്നുള്ളതിന് വ്യക്തതക്കുറവുണ്ട്.

2. ഇന്ത്യൻ ജനതയുടെ വിശാലമായ വൈവിധ്യത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ സാംസ്കാരികവും മതപരവുമായി ഏകീകൃത സിവിൽ കോഡ് എന്ന ആശയം അപ്രായോഗികവും, അസാധ്യവുമാണ്. ഇരുപത്തൊന്നാമത് നിയമ കമ്മീഷൻ 2018 ൽ പുറത്തിറക്കിയ കൺസൽട്ടേഷൻ പേപ്പറിലൂടെ വ്യക്തമാക്കിയതുപോലെ, ഈ പ്രത്യേക വിഷയം പരിഗണനയ്ക്കെടുക്കാനുള്ള സമയം ഇനിയുമായിട്ടില്ല എന്ന നിലപാടാണ് കേരള കത്തോലിക്കാ സഭയ്ക്കുമുള്ളത്.

3. പഠനത്തിന് കൂടുതൽ സമയം ആവശ്യമുള്ള വിഷയമായതിനാൽ, അഭിപ്രായം സമർപ്പിക്കാൻ പരിമിതമായ സമയം മാത്രം നൽകിയിരിക്കുന്ന നടപടി സന്ദേഹം ഉളവാക്കുന്നതാണ്. ഈ നിയമം പ്രാബല്യത്തിൽ വന്നാൽ, അതുവഴി മതസ്വാതന്ത്ര്യം ഹനിക്കപ്പെടാനും, പരമ്പരാഗതമായ ആചാരാനുഷ്ഠാനങ്ങൾ ചവിട്ടി മെതിക്കപ്പെടാനുമുള്ള സാധ്യതകളുള്ളത് ആശങ്കാജനകമാണ്.

4. ഏതെങ്കിലും വിധത്തിൽ ഏകീകൃത സിവിൽ കോഡ് പ്രാബല്യത്തിൽ കൊണ്ടുവരാനുള്ള നീക്കങ്ങളുണ്ടെങ്കിൽ, അത് ഇന്ത്യയുടെ ജനസംഖ്യയിൽ 8.9 ശതമാനം വരുന്ന, ക്രൈസ്തവ വിശ്വാസികൾ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാരുടെ മതപരവും സാംസ്കാരികവുമായ ആശങ്കകളെ ശ്രദ്ധാപൂർവ്വം പരിഗണിച്ചുകൊണ്ടായിരിക്കണം. ചുരുക്കിപ്പറഞ്ഞാൽ, ഏകീകൃത സിവിൽകോഡ് നിലവിൽവരുന്നതുവഴിയായി ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക വൈവിധ്യത്തിന്റെ ഭാഗമായ വിവിധ ജനവിഭാഗങ്ങളുടെ ആരാധനാ സ്വാതന്ത്ര്യത്തെയും മത സ്വാതന്ത്ര്യത്തെയും യാതൊരു വിധത്തിലും തടസപ്പെടുത്തുകയോ തകർക്കുകയോ ചെയ്യരുത്. ഏതെങ്കിലും വിധത്തിലുള്ള വിവേചനങ്ങളുടെ പേരിലോ, ലിംഗഭേദ അനീതിയുടെ പേരിലോ പൂർണ്ണമായും മതപരവും സാംസ്കാരികവുമായ വിഷയങ്ങളിൽ വ്യക്തിനിയമങ്ങളുടെ മറവിൽ സർക്കാർ കൈകടത്തരുത്. പൂർണ്ണമായും മതപരമോ സാംസ്കാരികമോ ആയ വിഷയങ്ങളിൽ സർക്കാർ ഇടപെടലുകൾ നടത്തുമ്പോൾ അത് വ്യക്തി നിയമങ്ങളിൽ കടന്നുകൂടിയിട്ടുള്ള അനീതിയെയോ അസമത്വങ്ങളെയോ നീക്കം ചെയ്യാനും ലിംഗപരമോ മറ്റേതെങ്കിലും വിധത്തിലുള്ളതോ ആയ വിവേചനങ്ങൾ പരിഹരിക്കാനും മാത്രമായിരിക്കണം.

5. ന്യൂനപക്ഷ സമുദായങ്ങൾ എന്നനിലയിൽ വിവിധ മത വിഭാഗങ്ങളുടെ ഉൾഭരണ സ്വാതന്ത്ര്യവും പൈതൃകവും സംരക്ഷിക്കുന്നതിൽ കേന്ദ്ര സർക്കാർ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. നിയമനിർമ്മാണങ്ങളും പരിഷ്കാരങ്ങളും ഏതെങ്കിലും മത ന്യൂനപക്ഷ വിഭാഗങ്ങളിൽ അസ്വസ്ഥതകൾക്ക് കാരണമായിക്കൂടാ. (08/07/2023)

*2023 മെയ് മൂന്ന് മുതൽ മണിപ്പൂർ സംസ്ഥാനത്ത് അരങ്ങേറിയ അക്രമ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ കെസിബിസി ജാഗ്രത കമ്മീഷൻ നടത്തിയ അന്വേഷണം. മണിപ്പൂരിന്റെ ചരിത്രവും, ആനുകാലിക രാഷ്ട്രീയവും, സാമൂഹിക സാമുദായിക പശ്ചാത്തലങ്ങളും, ഇപ്പോൾ അരങ്ങേറിക്കൊണ്ടിരിക്കുന്ന അക്രമ സംഭവങ്ങളുടെ യാഥാർഥ്യങ്ങളും വിശകലനം ചെയ്യപ്പെടുന്നു.*

# മണിപ്പൂർ കലാപം ഗോത്രങ്ങൾ തമ്മിലുള്ള പോരാട്ടമോ ?

മുമ്പ് ഒരിക്കലും ഉണ്ടാകാത്ത രീതിയിലുള്ള അതിക്രമങ്ങളും അസ്വസ്ഥതകളുമാണ് കഴിഞ്ഞ മെയ് മൂന്നാം തിയ്യതി മുതൽ മണിപ്പൂർ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നാണ് പൊതുവെയുള്ള വിലയിരുത്തൽ. ലഭ്യമായ വിവരങ്ങൾ പ്രകാരം 1700 ൽ പരം വീടുകൾ പൂർണ്ണമായോ ഭാഗികമായോ തകർക്കപ്പെടുകയും, 300 ക്രൈസ്തവ ദേവാലയങ്ങൾ അഗ്നിക്കിരയാക്കപ്പെടുകയും 45000 ലേറെ പേർ അഭയാർത്ഥി ക്യാമ്പുകളിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. പന്ത്രണ്ടോളം ഹൈന്ദവ ക്ഷേത്രങ്ങളും തകർക്കപ്പെട്ടതായി റിപ്പോർട്ടുകളുണ്ട്. ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത് രണ്ടു ഗോത്രങ്ങൾ തമ്മിലുള്ള പോരാട്ടമാണ് എന്ന് സ്ഥാപിക്കും വിധത്തിലാണ് റിപ്പോർട്ടുകളും വിവരണങ്ങളും ഏറെയും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, സൂക്ഷ്മമായ നിരീക്ഷണത്തിൽ മണിപ്പൂരിന്റെ ഇതുവരെയുള്ള ചരിത്രത്തിൽനിന്ന് വ്യത്യസ്തമായ ചില ഘടകങ്ങളും സ്വാധീനങ്ങളും ഏറ്റവും പുതിയ സംഭവ വികാസങ്ങളിൽ തിരിച്ചറിയാൻ കഴിയും. മണിപ്പൂരിലെ ചെറുതും വലുതുമായ വിവിധ വംശങ്ങളുടെ ചരിത്രവും രീതികളും മനസിലാക്കിയാൽ മാത്രമേ ഇപ്പോൾ സംഭവിക്കുന്നതെന്തെന്ന് വ്യക്തമാകൂ.

> “ ലഭ്യമായ വിവരങ്ങൾ പ്രകാരം 1700 ൽപരം വീടുകൾ പൂർണ്ണമായോ ഭാഗികമായോ തകർക്കപ്പെടുകയും, 300 ക്രൈസ്തവ ദേവാലയങ്ങൾ അഗ്നിക്കിരയാക്കപ്പെടുകയും 45000 ലേറെ പേർ അഭയാർത്ഥി ക്യാമ്പുകളിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്.

### മണിപ്പൂരിലെ ആഭ്യന്തര കലാപങ്ങൾ

മുമ്പും മണിപ്പൂരിന്റെ മണ്ണ് പലപ്പോഴായി നിരവധി വംശീയ ലഹളകളും പോരാട്ടങ്ങളും കണ്ടിട്ടുള്ളതാണ്. വിവിധ ഗോത്രവിഭാഗങ്ങൾക്കിടയിൽ പലതരം പ്രശ്നങ്ങൾ കാലങ്ങളായി നിലനിന്നിരുന്നു. പ്രമുഖ ഗോത്രങ്ങൾ തമ്മിൽ കഴിഞ്ഞ കാലങ്ങൾക്കിടയിൽ നടന്ന പോരാട്ടങ്ങൾക്ക് കയ്യുംകണക്കുമില്ല. പലപ്പോഴായി ആയിരക്കണക്കിന് പേർ കൊല്ലപ്പെട്ടിട്ടുണ്ട്. വംശീയതയും സ്വത്വവും നിലനിൽപ്പും സംബന്ധിച്ച ആശങ്കകളാണ് എല്ലാ പോരാട്ടങ്ങൾക്കും പിന്നിൽ. ഗോത്രങ്ങൾ തമ്മിലുള്ള സംഘർഷങ്ങളായിരുന്നു മുൻകാലങ്ങളിലെ പോരാട്ടങ്ങൾക്ക് കാരണമെങ്കിൽ, ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം ചില വിഭാഗങ്ങൾ ഭരണകൂടത്തിനെതിരെയും തിരിഞ്ഞു. 1964 മുതൽ ഇങ്ങോട്ട് പലപ്പോഴായി നിരവധി വിഘടനവാദ സംഘടനകൾ മണിപ്പൂരിൽ രൂപംകൊണ്ടിട്ടുണ്ട്. മണിപ്പൂരിലെ വരേണ്യ വർഗ്ഗമായി ഗണിക്കപ്പെട്ടിരുന്ന മെയ്തെയി വിഭാഗത്തിൽ നിന്ന് രൂപപ്പെട്ടവയാണ് മിക്കതും. മണിപ്പൂർ 1949 ഓടെയാണ് സ്വതന്ത്ര ഇന്ത്യയുടെ ഭാഗമായി മാറിയത്. എന്നാൽ സംസ്ഥാന പദവി ലഭിക്കുന്നത് 23 വർഷങ്ങൾക്ക് ശേഷമാണ്. സ്വന്തം സംസ്കാരവും സ്വത്വവും സംരക്ഷിക്കാൻ സ്വന്തം രാജ്യം വേണ

മെന്ന തീവ്ര നിലപാടാണ് മെയ്തെയികൾക്ക് ഉണ്ടായിരുന്നത് എന്നതിനാൽ, അവരിൽ ഒരു വിഭാഗം ആരംഭം മുതലേ ഭരണകൂടത്തിനെതിരെ തിരിഞ്ഞിരുന്നു.

അത്തരത്തിൽ ആദ്യമായി, 1964 ൽ മെയ്തെയികൾക്കിടയിൽനിന്ന് രൂപംകൊണ്ട സംഘടനയായിരുന്നു യുണൈറ്റഡ് നാഷണൽ ലിബറേഷൻ ഫ്രണ്ട്. യുണൈറ്റഡ് നാഷണൽ ലിബറേഷൻ ഫ്രണ്ടിന് ശേഷം രൂപംകൊണ്ട റവല്യൂഷനറി ഗവൺമെന്റ് ഓഫ് മണിപ്പൂർ എന്ന സായുധ സംഘടനയുടെ പ്രവർത്തകനായിരുന്ന എൻ. ബിശേശ്വർ സിങ് നക്സലേറ്റ് സ്വാധീനം ഉൾക്കൊണ്ടുകൊണ്ട് 1978 ൽ ആരംഭിച്ചതാണ് പീപ്പിൾസ് ലിബറേഷൻ ആർമി (മണിപ്പൂർ). ബംഗ്ലാദേശിന് പിന്നാലെ ഇന്ത്യയിൽനിന്നുള്ള സ്വാതന്ത്ര്യമുക്തിയായിരുന്നു പീപ്പിൾസ് ലിബറേഷൻ ആർമിയുടെ പ്രഖ്യാപിത ലക്ഷ്യം. സായുധ സമരമാണ് സ്വാതന്ത്ര്യത്തിനുള്ള മാർഗ്ഗമായി അവർ സ്വീകരിച്ചത്. പി.എൽ.എ. യ്ക്ക് ശേഷവും നിരവധി സായുധ സംഘങ്ങൾ മെയ്തെയി സമൂഹത്തിൽനിന്ന് രൂപംകൊണ്ടു.

മണിപ്പൂരിലെ ആഭ്യന്തര കലാപത്തെ ലോകശ്രദ്ധയിലേയ്ക്ക് കൊണ്ടുവന്ന ഒരു സംഭവമായിരുന്നു 2004 ലെ തങ്ജം മനോരമയുടെ കൊലപാതകവും തുടർന്നുണ്ടായ വ്യാപക പ്രതിഷേധങ്ങളും. പിഎൽഎ പ്രവർത്തകയും സ്ഫോടക വസ്തു വിദഗ്ധയും എന്ന് ആരോപിച്ച് 2004ൽ അസം റൈഫിൾസ് പിടിച്ചുകൊണ്ടുപോയ മനോരമയെ പിന്നീട് കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തുകയായിരുന്നു. തുടർന്നാണ് ഇറോം ശർമിളയുടെ അനിശ്ചിതകാല നിരാഹാരം ആരംഭിക്കുന്നത്. ഇത്തരത്തിൽ പതിറ്റാണ്ടുകൾ നീണ്ടുനിന്ന സായുധ 'സ്വാതന്ത്ര്യ സമരത്തിന്റെ' ചരിത്രം മെയ്തെയി വിഭാഗത്തിനുണ്ട്. തങ്ങളുടെ സ്വത്വം സംരക്ഷിക്കുക, സ്വന്തമായ രാജ്യം സ്ഥാപിക്കുക എന്നിങ്ങനെയുള്ള ആവശ്യങ്ങളായിരുന്നു അവർക്കുണ്ടായിരുന്നത്.

1964 ൽ യുണൈറ്റഡ് നാഷണൽ ലിബറേഷൻ ഫ്രണ്ട് ആരംഭിച്ച കാലം മുതൽ മെയ്തെയി വംശത്തിൽ പെട്ട ചില വിഭാഗങ്ങൾ സ്വാതന്ത്ര്യത്തിനും സ്വത്വ സംരക്ഷണത്തിനും വേണ്ടി മുറവിളികൂട്ടുകയും രാജ്യവുമായി കലഹത്തിൽ ഏർപ്പെടുകയും സായുധ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിരുന്നെങ്കിൽ, കുക്കി, നാഗ തുടങ്ങിയ ഗോത്ര വർഗ്ഗങ്ങൾ ഇത്തരം പോരാട്ടങ്ങളിൽ ഉൾപ്പെട്ടിരുന്നില്ല. തൊണ്ണൂറുകളുടെ ആരംഭത്തിലാണ് നാഷണൽ സോഷ്യലിസ്റ്റ് കൗൺസിൽ ഓഫ് നാഗാലാന്റിന്റെ നേതൃത്വത്തിൽ മണിപ്പൂരിൽ ആക്രമണങ്ങൾ പൊട്ടിപ്പുറപ്പെടുന്നത്. മണിപ്പൂരിലെയും, നാഗാലാന്റിലെയും നാഗ ഭൂരിപക്ഷ പ്രദേശങ്ങൾ ചേർത്ത് പുതിയ സംസ്ഥാനം രൂപീകരിക്കണമെന്നതായിരുന്നു അവരുടെ ആവശ്യം. ഈ സംഘടനയുടെ നേതൃ






ത്വത്തിൽ നടന്ന പോരാട്ടങ്ങളിൽ ഒട്ടേറെ സൈനികരും മറ്റു വംശജരും കൊല്ലപ്പെടുകയുണ്ടായിട്ടുണ്ട്. മണിപ്പൂരിലെ മലമ്പ്രദേശങ്ങളിൽ അധിവസിച്ചിരുന്ന ഗോത്രവർഗ്ഗങ്ങളായ നാഗ, കുക്കി സമൂഹങ്ങൾക്കിടയിലും ഇതേ കാലയളവിൽ കലാപങ്ങൾ പൊട്ടിപുറപ്പെടുകയും ആയിരക്കണക്കിന് പേർ കൊല്ലപ്പെടുകയും ചെയ്തു. അതുപോലെ തന്നെ, മറ്റൊരു ഗോത്രവർഗ്ഗമായ പെയ്ത്തെ വംശവും കുക്കികളും തമ്മിലും കലാപങ്ങൾ ഉണ്ടാവുകയും അനേകർ കൊല്ലപ്പെടുകയും ഉണ്ടായിട്ടുണ്ട്.

ഇത്തരത്തിൽ കലാപങ്ങളുടെയും പോരാട്ടങ്ങളുടെയും ഒട്ടേറെ കഥകളാണ് മണിപ്പൂരിന്റെ മണ്ണിന് പറയാനുള്ളത്. ഗോത്രവർഗ്ഗങ്ങൾ തമ്മിലുള്ള കുടിപ്പകകൾ, തർക്കങ്ങൾ, സ്വന്തമായി രാജ്യം വേണമെന്ന ആവശ്യം, മേധാവിത്വം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ എന്നിങ്ങനെ പല കാരണങ്ങൾ അത്തരം പോരാട്ടങ്ങൾക്ക് പിന്നിൽ കാണാനാവും. എല്ലാ ഗോത്രങ്ങൾക്കും തന്നെ സായുധ സംഘങ്ങൾ വളരെ മുമ്പേ ഉണ്ട് എന്നുള്ളതും മറ്റൊരു വസ്തുതയാണ്. അത്തരം പോരാട്ടങ്ങളുടെയും നിരന്തര സംഘർഷങ്ങളുടെയും തുടർച്ചയായാണ് 1958 ൽ സൈന്യത്തിന് പ്രത്യേക അധികാരം നൽകുന്ന ആംഡ് ഫോഴ്സസ് സ്പെഷ്യൽ പവേഴ്സ് ആക്ട് (AFSPA - 1958) നിലവിൽ വരുന്നത്.

**വിവിധ വിഭാഗങ്ങളും മതവിശ്വാസങ്ങളും**

മതവിശ്വാസങ്ങൾക്ക് അതീതമായിരുന്നു മണിപ്പൂരിൽ വംശീയ ബോധ്യങ്ങൾ. ആദിവാസി ഗോത്രങ്ങൾക്കും മെയ്തെയി വിഭാഗത്തിനും മുമ്പുണ്ടായിരുന്ന പ്രാചീന മതവിശ്വാസങ്ങളെ പതിനേഴാം നൂറ്റാണ്ടോടെ അവർ കൈവിട്ടു തുടങ്ങി. മണിപ്പൂരിലെ താഴ്വരകളിൽ അധിവസിക്കുന്ന മെയ്തെയി വിഭാഗക്കാരിൽ ഭൂരിപക്ഷവും ഹൈന്ദവരായി മാറുന്നത് പതിനെട്ടാം നൂറ്റാണ്ടിലാണ്. ഹൈന്ദവ മത പ്രചാരകരുടെ കടന്നുവരവോടെയാണ് അത്. മുമ്പ് സനാമഹി എന്ന പ്രാചീന മതസ്ഥരായിരുന്നു അവർ. മെയ്തെയി വിഭാഗത്തിന്റെ തനത് മതമായ 'സനാമഹിസം', 'മെയ്തെയിസം' എന്നും അറിയപ്പെടുന്നു. ഇന്ന് മെയ്തെയി വിഭാഗത്തിൽ 70 ശതമാനത്തിനടുത്ത് ഹൈന്ദവരും പതിനാല് ശതമാനത്തോളം മുസ്ലീങ്ങളും അത്രത്തോളം തന്നെ സനാമഹികളും ചെറിയൊരു വിഭാഗം ക്രൈസ്തവരും ആണുള്ളത്. മെയ്തെയി വിഭാഗത്തിൽപെട്ട മുസ്ലീങ്ങൾ മെയ്തെയി പംഗൽസ് എന്ന് അറിയപ്പെടുന്നു. ഇടക്കാലത്ത് ദുർബ്ബലമായിമാറിയ മണിപ്പൂരിലെ പീപ്പിൾസ് ലിബറേഷൻ ആർമി തൊണ്ണൂറുകളുടെ ആരംഭത്തിൽ വീണ്ടും ശക്തി പ്രാപിച്ചപ്പോൾ പഴയ മെയ്തെയി സംസ്കാരത്തിലേയ്ക്കും ബംഗാളി ഭാഷ ഉപേക്ഷിച്ച് പഴയ ലിപിയിലേയ്ക്കും തിരികെ പോകാൻ ശ്രമം നടത്തി. സനാമഹി എന്ന പഴയ മതത്തെ തിരികെ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളും അവർ നടത്തുകയുണ്ടായി. അക്കാലത്ത്തന്നെ മെയ്തെയി വംശജരായ മുസ്ലീങ്ങളെ കുടിയേറ്റക്കാരായി ചിത്രീകരിക്കുകയും അവർക്കെതിരെ തിരിയുകയും ചെയ്തു. അനുബന്ധമായി 1993 ൽ നടന്ന കലാപ



ത്തിൽ നൂറിലേറെപ്പേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ടുകൾ.

ഗോത്രവിഭാഗങ്ങൾക്കിടയിലെ സംഘർഷങ്ങൾക്കും അക്രമ സംഭവങ്ങൾക്കും പിന്നിൽ മതം ഒരു കാരണമായി മാറിയിരുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. വിവിധ സമൂഹങ്ങൾക്കിടയിൽ കൂടിയും കുറഞ്ഞും എല്ലാ മതസ്ഥരും ഉള്ളതായി കാണാം. മതങ്ങൾക്ക് അതീതമായി തങ്ങളുടെ വംശത്തിന് അവർ പ്രാമുഖ്യം നൽകുന്നു. മെയ്തെയി വിഭാഗത്തിൽ ഹൈന്ദവരാണ് ഏറിയ പങ്കുമെങ്കിൽ കുക്കി, നാഗ തുടങ്ങിയ ഗോത്രവിഭാഗങ്ങളിൽ ക്രൈസ്തവരാണ് കൂടുതൽ. കണക്കുകൾ പ്രകാരം മലമ്പ്രദേശങ്ങളിൽ അധിവസിക്കുന്ന ഗോത്രവർഗ്ഗക്കാരിൽ 92 ശതമാനവും ക്രൈസ്തവരാണ്. തങ്ങളുടെ പ്രാചീന മതവിശ്വാസങ്ങൾ കൈവിട്ട് കൂട്ടത്തോടെ അവർ ക്രൈസ്തവ വിശ്വാസത്തിലേക്ക് ചേക്കേറി തുടങ്ങിയത് ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതലാണ്. സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം ക്രൈസ്തവരുടെ എണ്ണം കുത്തനെ ഉയർന്നു. വിവിധ നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ബ്രിട്ടീഷ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ മികച്ച സ്കൂളുകൾക്ക് ആരംഭം കുറിച്ചതാണ് ക്രൈസ്തവ മിഷനറിമാരുടെ കടന്നുവരവിന് അവിടെ വഴിയൊരുക്കിയത്. കത്തോലിക്കാ മിഷനറിമാർക്ക് പുറമെ ഒട്ടേറെ ആംഗ്ലിക്കൻ പ്രൊട്ടസ്റ്റന്റ് മിഷനറിമാരും ആ സംസ്ഥാനങ്ങളിലെ മലമ്പ്രദേശങ്ങളിലേയ്ക്ക് എത്തുകയും അവർ വഴി ക്രൈസ്തവ വിശ്വാസത്തിലേയ്ക്ക് ആകൃഷ്ടരായ ഗോത്രവർഗക്കാർ കൂട്ടത്തോടെ തങ്ങളുടെ പ്രാചീന മത വിശ്വാസങ്ങളെ കൈവിടുകയും ചെയ്തു. മണിപ്പൂരിന്റെ മലമ്പ്രദേശങ്ങളിൽ പഴയ മത

> **“ വിവിധ നോർത്ത് ഇന്ത്യൻ സംസ്ഥാനങ്ങളിൽ ബ്രിട്ടീഷ് സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ മികച്ച സ്കൂളുകൾക്ക് ആരംഭം കുറിച്ചതാണ് ക്രൈസ്തവ മിഷനറിമാരുടെ കടന്നുവരവിന് അവിടെ വഴിയൊരുക്കിയത്.**

വിശ്വാസങ്ങളിൽ തുടരുന്നത് നിലവിൽ ഒരു ശതമാനത്തിൽ താഴെ ആളുകൾ മാത്രമാണ്.

മണിപ്പൂരിലെയും മറ്റ് നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലെയും മത പരിവർത്തനം സംബന്ധിച്ചുള്ള ചില പ്രചാരണങ്ങൾ അടിസ്ഥാന രഹിതമാണ്. സനാമഹി പോലുള്ള പ്രാചീന മതവിശ്വാസങ്ങളിൽനിന്ന് മറ്റു മതവിശ്വാസങ്ങളിലേയ്ക്ക് ക്രമേണ കൂട്ടത്തോടെ മാറുകയാണ് ഉണ്ടായത്. മെയ്തെയികൾ ഹിന്ദുമത വിശ്വാസികളായതും അപ്രകാരം തന്നെയാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ മണിപ്പൂർ രാജാവായിരുന്ന പാംഹെയ്ബ ഹിന്ദുമതം സ്വീകരിച്ചതോടെയാണ് മെയ്തെയികൾ ഭൂരിപക്ഷവും ഹിന്ദുമത വിശ്വാസികളായത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ദീർഘകാലം മണിപ്പൂർ കേന്ദ്രീകരിച്ച് വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിച്ചിരുന്ന വില്യം പെറ്റിഗ്രൂ എന്ന ബ്രിട്ടീഷ് മിഷനറിയെ മെയ്തെയികൾ അകറ്റി നിർത്തുകയാണുണ്ടായത്. ആദിവാസി ഗോത്ര വിഭാഗങ്ങൾക്കി



ടയിൽ പ്രവർത്തിച്ച അദ്ദേഹത്തിലൂടെ അനേകർ ക്രൈസ്തവ വിശ്വാസികളായി മാറി.

**മെയ്മാസത്തിലെ കലാപം**

വിവിധ വിഭാഗങ്ങൾ തമ്മിലുള്ള പോരാട്ടങ്ങൾ കൂടുതലും മണിപ്പൂരിൽ ഉണ്ടായിട്ടുള്ളത് ഗോത്രവർഗ്ഗങ്ങൾ തമ്മിലാണ്. മെയ്തെയി വിഭാഗക്കാർ താഴ്വരകളിലും,

> **“ മുൻകാലങ്ങളിലേതിൽ നിന്ന് വ്യത്യസ്തമായി മതപരവും വർഗീയവുമായ ധ്രുവീകരണം മണിപ്പൂരിലെ ജനതകൾക്കിടയിൽ സംഭവിച്ചിരിക്കുന്നു എന്നുള്ളത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു യാഥാർഥ്യമാണ്. ദേവാലയങ്ങൾ വളരെ കൂടുതലായി ആക്രമിക്കപ്പെട്ടു എന്നുള്ളത് ഇക്കാര്യം വ്യക്തമാക്കുന്നു.**

ഗോത്രവിഭാഗക്കാർ ബഹുഭൂരിപക്ഷവും മലമ്പ്രദേശങ്ങളിലുമാണ് അധിവസിച്ചിരുന്നത് എന്നതിനാൽ, മെയ്തെയി വിഭാഗവും ഗോത്രവർഗ്ഗങ്ങളും തമ്മിലുള്ള പോരാട്ടങ്ങൾ സ്വാതന്ത്ര്യ ലബ്ധിക്ക് ശേഷം സമീപകാലം വരെയും ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. മെയ്തെയി വിഭാഗത്തിലെ സായുധ സംഘങ്ങൾ സർക്കാരും സൈന്യവുമായാണ് യുദ്ധം ചെയ്തിരുന്നത്. ഇതുവരെ സംഭവിച്ചിരുന്നതിൽനിന്ന് വ്യത്യസ്തമായി മെയ്തെയി വിഭാഗവും കുക്കികളും തമ്മിൽ കലാപം ഉണ്ടായിരിക്കുന്നത് തികച്ചും അസാധാരണവും അസംഭവ്യവുമാണ്. കാരണം, കഴിഞ്ഞ ചില പതിറ്റാണ്ടുകൾക്കൊണ്ട് മണിപ്പൂരിന്റെ താഴ്വരകളിൽ ഭൂരിപക്ഷം വരുന്ന മെയ്തെയികൾക്കിടയിൽ ജീവിച്ചുവരുന്ന കുക്കി, നാഗ ഉൾപ്പെടെയുള്ള ഗോത്ര വംശജരുണ്ട്. മുൻകാലങ്ങളിൽ മെയ്തെയി വിഭാഗവുമായി ഗോത്രവിഭാഗങ്ങൾക്ക് കാര്യമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിൽ അപ്രകാരം സംഭവിക്കുമായിരുന്നില്ല.

കഴിഞ്ഞ പത്തുവർഷങ്ങൾക്കിടയിൽ മണിപ്പൂരിൽ പുകഞ്ഞുകൊണ്ടിരിക്കുന്നതും, കഴിഞ്ഞ ചില നാളുകൾക്കിടയിൽ അത്യന്തം രൂക്ഷമായതുമായ വിഷയങ്ങൾ ചരിത്ര പശ്ചാത്തലങ്ങളിൽനിന്ന് വളരെ വ്യത്യസ്തമാണ്. മുൻകാലങ്ങളിൽ ഗോത്രവിഭാഗങ്ങൾക്കിടയിലുണ്ടായിരുന്ന ഭിന്നതകൾക്കും വിദ്വേഷചിന്തകൾക്കും കാരണമായ വിഷയങ്ങളല്ല കഴിഞ്ഞ ഏതാനും ആഴ്ചകൾക്കിടയിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന കലാപങ്ങൾക്ക് പിന്നിലുണ്ടായിരുന്നത്. ഇവിടെ മതം ഒരു ഘടകമായി മാറി എന്നുള്ളതാണ് പ്രധാനപ്പെട്ട മറ്റൊരു വ്യത്യാസവും പുതുമയും. മുൻകാലങ്ങളിലേതിൽനിന്ന് വ്യത്യസ്തമായി മതപരവും വർഗീയവുമായ ധ്രുവീകരണം മണിപ്പൂരിലെ ജനതകൾക്കിടയിൽ സംഭവിച്ചിരിക്കുന്നു എന്നുള്ളത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു യാഥാർഥ്യമാണ്. ദേവാലയങ്ങൾ വളരെ കൂടുതലായി ആക്രമിക്കപ്പെട്ടു എന്നുള്ളത് ഇക്കാര്യം വ്യക്തമാക്കുന്നു. റിപ്പോർട്ടുകൾ പ്രകാരം കലാപം നടന്ന ആദ്യ നാലു ദിവസങ്ങൾക്കിടെ 121 ക്രൈസ്തവ ദേവാലയങ്ങളാണ് ആക്രമിക്കപ്പെട്ടത്. അവയിൽ 76 ദേവാലയങ്ങൾ പൂർണ്ണമായും തകർക്കപ്പെട്ടു. പിന്നീടും പലപ്പോഴായി ക്രൈസ്തവ ദേവാലയങ്ങൾ ആക്രമിക്കപ്പെട്ടു. ആക്രമിക്കപ്പെട്ട ക്രൈസ്തവ ദേവാലയങ്ങളിൽ മെയ്തെയി വിഭാഗത്തിലെ ക്രൈസ്തവരുടെ അനേകം പള്ളികളും ഉൾപ്പെടുന്നു. അതിനർത്ഥം, കലാപകാരികൾ ലക്ഷ്യം വച്ചത് കുക്കികളെ മാത്രമല്ല എന്നുള്ളതാണ്.

1700 ലേറെ വീടുകളാണ് പൂർണ്ണമായോ ഭാഗികമായോ ആ ദിവസങ്ങൾക്കിടയിൽ അവിടെ നശിപ്പിക്കപ്പെട്ടത്. വ്യാപകമായി സ്വത്തുവകകൾ കൊള്ളയടിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്തു. വിവിധ റിപ്പോർട്ടുകൾ പ്രകാരം കുക്കി വിഭാഗത്തിൽ പെട്ട 45000 ലേറെ ആളുകൾ അഭയാർത്ഥി ക്യാമ്പുകളിലുണ്ട്. എന്നാൽ, മെയ്തെയി വിഭാഗത്തിൽ പെട്ടവരിൽ പലായനം ചെയ്യേണ്ടതായിവന്നവർ വിരളമാണ്. കുക്കികൾ തെരഞ്ഞുപിടിച്ച് ആക്രമിക്കപ്പെട്ട കാഴ്ചയാണ് കലാപ ദിവസങ്ങളിൽ കണ്ടത്. താഴ്വരകളിൽ വന്നുതാമസിച്ചിരുന്ന കുക്കികളുടെ ഭവനങ്ങൾ പൂർണ്ണമായും തകർക്കപ്പെട്ടു. മെയ്തെയ് വിഭാഗങ്ങൾക്ക് ഭൂരിപക്ഷമുള്ള ഇംഫാൽ വെസ്റ്റ്, കാക്ചിങ്, തൗബൽ, ജിരിബാം, ബിഷ്ണുപൂർ ജില്ലകളും ഗോത്രവർഗക്കാർ കൂടുതലുള്ള കുന്നുകളിലെ ജില്ലകളായ ചുരചന്ദ്പൂർ, കാങ്പോക്പി, തെങ്നൗപൽ ജില്ലകളുമായിരുന്നു പ്രധാന പ്രശ്നബാധിത മേഖലകൾ.

**സംഘടിതമായ അക്രമം**

ഇരു വിഭാഗങ്ങളും പരസ്പരം ആക്രമിക്കപ്പെടുകയുണ്ടായെങ്കിലും കുക്കികൾക്ക് എതിരെ സംഘടിതമായ അക്രമണ പരമ്പരകളാണ് ആ ദിവ

സങ്ങളിലും തുടർന്നും അരങ്ങേറിയത്. ആയുധധാരികളായ ആൾക്കൂട്ടങ്ങളാണ് ഒരേ സമയം പലയിടങ്ങളിലായി അക്രമങ്ങൾക്ക് നേതൃത്വം നൽകിയത്. ഈ സംഘടിത സ്വഭാവം കലാപത്തിന് പിന്നിൽ വ്യക്തമായ ആസൂത്രണമുണ്ട് എന്നുള്ളതിന് സൂചന നൽകുന്നുണ്ട്. ഏതാനും ആഴ്ചകൾക്ക് മുമ്പ് വർഗ്ഗീയ വിദ്വേഷം ആളിക്കത്തിക്കുന്ന രീതിയിൽ രാമാനന്ദ എന്ന വ്യക്തി പ്രസംഗിച്ചതും, തങ്ങളുടെ സ്വത്വവും സംസ്കാരവും മതവിശ്വാസവും സംരക്ഷിക്കുമെന്ന് ഒരു വിഭാഗം മെയ്തെയികൾ പ്രതിജ്ഞയെടുത്തതും ഇത്തരമൊരു കലാപത്തിന് ഒരുക്കമായി വിലയിരുത്തപ്പെടുന്നുണ്ട്. വ്യാപകമായ പ്രതിഷേധത്തെ തുടർന്ന് ഒടുവിൽ രാമാനന്ദ മാപ്പു പറയുകയുണ്ടായെങ്കിലും മെയ്തെയികൾക്കിടയിൽ ക്രൈസ്തവ വിദ്വേഷം വ്യാപിക്കുന്നതായി സൂചനകളുണ്ടായിരുന്നു. തീവ്ര ഹിന്ദുത്വ പ്രത്യയ ശാസ്ത്രമുള്ള ചില സംഘടനകൾ കഴിഞ്ഞ കുറച്ചുകാലങ്ങളായി മെയ്തെയികൾക്കിടയിൽ പ്രവർത്തിച്ചുവന്നിരുന്നു.

ഇത്തരമൊരു സംഘർഷാവസ്ഥ രൂപപ്പെടാനുള്ള കാരണങ്ങൾ പലതുണ്ടായിരുന്നു എങ്കിലും അതിനെ ഒരു വർഗ്ഗീയ കലാപത്തിന്റെ രൂപഭാവങ്ങളിലേയ്ക്ക് എത്തിച്ചതിന് പിന്നിൽ ചില നിഗൂഢമായ ഇടപെടലുകൾ പലരും സംശയിക്കുന്നു. അത്തരമൊരു നിറംമാറ്റമാണ് പുതിയ കലാപത്തെ കൂടുതൽ ആശങ്കാജനകമായും അപകടകരമായും മാറ്റിയത്. ഒരു ശാശ്വത പരിഹാരത്തിന് തടസമായി നിൽക്കുന്നതും ഇപ്പോൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന വർഗ്ഗീയ ധ്രുവീകരണം തന്നെയാണ്. ഇത്തരമൊരു അസ്ഥിരാവസ്ഥ സംസ്ഥാനത്ത് സൃഷ്ടിക്കാൻ പദ്ധതിയിട്ടത് ആരെന്ന് പൊതുസമൂഹം തിരിച്ചറിയേണ്ടതുണ്ട്. അതിന് പശ്ചാത്തലമൊരുക്കിയത് ഗോത്ര വർഗ്ഗങ്ങൾക്ക് മേൽ വർധിച്ചുവന്ന പലവിധ സമ്മർദ്ദങ്ങളും അവർക്കിടയിൽ രൂപപ്പെട്ടുകൊണ്ടിരുന്ന അസ്വസ്ഥതകളുമാണ്. മെയ്തെയി വംശജനായ മണിപ്പൂർ മുഖ്യമന്ത്രി എൻ. ബിരേൻ സിംഗിന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ നയങ്ങൾക്കും നിലപാട് മാറ്റങ്ങൾക്കും അതിൽ വലിയ പങ്കുണ്ട്.

### കലാപത്തിന്റെ പശ്ചാത്തലങ്ങൾ

മുഖ്യമായും മൂന്നു കാരണങ്ങളാണ് ഗോത്ര വർഗ്ഗങ്ങൾക്കിടയിൽ ആശങ്കകളും അസ്വസ്ഥതകളും സൃഷ്ടിച്ചിരുന്നത്. വന നിയ



മങ്ങളിലെയും നയങ്ങളിലെയും പെട്ടെന്നുള്ള മാറ്റങ്ങൾ കുടിയിറക്കുകൾക്കും നീതിനിഷേധങ്ങൾക്കും കാരണമായതാണ് ഒന്നാമത്തെ കാരണം. മലപ്രദേശങ്ങളിൽ അധിവസിച്ചിരുന്നവർ ചില ആരോപണങ്ങളെ നേരിടുകയും പതിവായി കുറ്റക്കാരായി ചിത്രീകരിക്കപ്പെടുകയും ചെയ്തിരുന്നത് മറ്റൊരു കാരണമായിരുന്നു. ഇംഫാൽ ഉൾപ്പെടെയുള്ള സമതല പ്രദേശങ്ങളിലും താഴ്‌വരങ്ങളിലും ജീവിച്ചിരുന്ന മെയ്‌തെയി വിഭാഗത്തിന് പട്ടികവർഗ്ഗ പദവി നൽകുന്നതിനെ ഹൈക്കോടതി അനുകൂലിച്ച നടപടിയായിരുന്നു മൂന്നാമത്തെ കാരണം.

ഹിൽ ഏരിയ കമ്മിറ്റിയുടെ അറിവോ അനുമതിയോ കൂടാതെ വനസംബന്ധമായി ചില നീക്കങ്ങൾ മണിപ്പൂർ സർക്കാർ കഴിഞ്ഞ ചില കാലങ്ങളായി നടത്തിവന്നിരുന്നു. അത്തരത്തിൽ സർവേ നടത്തി ചില വന പ്രദേശങ്ങളെ സംരക്ഷിത വനമേഖലകളാക്കി പ്രഖ്യാപിക്കുന്നതോടൊപ്പം, കാലങ്ങളായി അവിടെ ജീവിച്ചിരുന്ന ഗോത്രവംശജരെ കുടിയിറക്കുകയോ മാറ്റി പാർപ്പിക്കുകയോ ചെയ്തുവന്നിരുന്നു. മുഖ്യമായും കുക്കികൾ ജീവിച്ചിരുന്ന ഗ്രാമങ്ങളിലാണ് ഇത്തരം നടപടികൾ ഉണ്ടായത്. ഇത്തരം പ്രവർത്തനങ്ങളോട് ഗോത്രവർഗ്ഗക്കാർക്ക് കടുത്ത എതിർപ്പാണ് ഉണ്ടായിരുന്നത്. കൂടാതെ മലപ്രദേശങ്ങളിൽ ജീവിക്കുന്ന ഗോത്രവർഗ്ഗക്കാർ വനം കയ്യേറ്റക്കാരും അനധികൃത കുടിയേറ്റക്കാരും കഞ്ചാവ് കൃഷിക്കാരുമാണ് എന്ന ആരോപണം പതിവായി ഉന്നയിക്കപ്പെട്ടിരുന്നു. അത്തരത്തിലുള്ള ആക്ഷേപങ്ങളിലൂടെ ഗോത്രവർഗ്ഗക്കാരെ രാഷ്ട്രീയ നേതൃത്വങ്ങളും ഭരണ നേതൃത്വവും കുറെ മാസങ്ങളായി നിരന്തരം പ്രകോപിപ്പിച്ചു പോന്നു. തങ്ങളെ സ്വന്തം ഭൂമിയിൽനിന്ന് ഇറക്കിവിടാനുള്ള നീക്കങ്ങളാണ് നടക്കുന്നത് എന്ന് സ്വാഭാവികമായും കരുതിയ ഗോത്ര വർഗ്ഗക്കാർ അത്യന്തം രോഷാകുലരായിരുന്നു. ഈ പ്രത്യേക വിഷയവുമായി ബന്ധപ്പെട്ട് ഏപ്രിൽ അവസാന ആഴ്ചയിൽ ചുരാചന്ദ്പൂർ ജില്ലയിൽ പ്രതിഷേധങ്ങൾ ഉടലെടുക്കുകയും, ഇൻഡിജെനസ് ട്രൈബൽ ലീഡേഴ്സ് ഫോറം സംസ്ഥാന വ്യാപകമായി ബന്ദ് ആഹ്വാനം നടത്തുകയുമുണ്ടായിരുന്നു.

ഇതേ ഘട്ടത്തിൽത്തന്നെയാണ് മെയ്‌തെയികൾക്ക് അനുകൂലമായ ഹൈക്കോടതി ഉത്തരവുണ്ടാകുന്നതും അതേത്തുടർന്നുള്ള വിവാദങ്ങൾ ഉടലെടുക്കുന്നതും. കഴിഞ്ഞ ഒരു പതിറ്റാണ്ടോളമായി മെയ്‌തെയികൾ ഉന്നയിച്ചിരുന്ന ആവശ്യപ്രകാരം, പട്ടികവർഗ്ഗ സംവരണ വിഷയത്തിൽ അവർക്ക് അനുകൂലമായ നിലപാട് സ്വീകരിച്ച് അത് കേന്ദ്ര സർക്കാരിനെ അറിയിക്കണമെന്നുള്ള നിർദ്ദേശമാണ് ഹൈക്കോടതി മണിപ്പൂർ സർക്കാരിന് നൽകിയത്. പ്രധാനമായും രണ്ടു കാരണങ്ങളാലാണ് മെയ്‌തെയികൾ പട്ടികവർഗ്ഗ സംവരണം ആവശ്യപ്പെട്ടത്. തങ്ങളുടെ സ്വത്വം നിലനിർത്താനും സംരക്ഷിക്കാനും സംവരണം ആവശ്യമാണ് എന്ന് അവർ കരുതി. മറ്റു പട്ടികവർഗ്ഗക്കാരായ ഗോത്രവിഭാഗങ്ങൾക്ക് താഴ്‌വരകളിൽ സ്ഥലം വാങ്ങാമെന്നിരിക്കെ, മലപ്രദേശങ്ങളിൽ മെയ്‌തെയി വിഭാഗങ്ങൾക്ക് സ്ഥലം വാങ്ങാൻ കഴിയില്ല എന്നതായിരുന്നു രണ്ടാമത്തെ കാരണം. മണിപ്പൂരിലെ നിയമപ്രകാരം വനമേഖലകളിലെ ഭൂപ്രദേശം കൈവശപ്പെടുത്തുവാൻ ഷെഡ്യൂൾഡ് ട്രൈബ് ആയ ഗോത്രവർഗ്ഗങ്ങളിൽ പെട്ടവർക്ക് മാത്രമേ കഴിയൂ. പ്രബലരായ മെയ്‌തെയികളും ആ വിഭാഗത്തിൽ ഉൾപ്പെടുന്ന പക്ഷം തങ്ങളുടെ ഭൂമി ക്രമേണ അവർ കൈവശപ്പെടുത്തുമെന്ന് ഗോത്രവർഗ്ഗക്കാർ കരുതി. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് തങ്ങൾക്ക് പട്ടികവർഗ്ഗ പദവി ഉണ്ടായിരുന്നു എന്ന വാദത്തിലൂന്നിയാണ് മെയ്‌തെയികൾ പട്ടികവർഗ്ഗ സംവരണാവകാശം ഉന്നയിച്ചിരുന്നത്. ഈ അവകാശവാദത്തെ നിരവധി രാഷ്ട്രീയക്കാരും എംഎൽഎമാരും പിന്തുണയ്ക്കുകയും ചെയ്തിരുന്നു. ഇക്കാരണത്താൽ തന്നെ, ഇത്തരമൊരു നീക്കം തങ്ങൾക്കെതിരായ രാഷ്ട്രീയ നീക്കമാണെന്നും തങ്ങളെ ഇല്ലായ്മ ചെയ്യാനുള്ള

> **“**
> **കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ വിപ്ലവകരമായ രാഷ്ട്രീയ മാറ്റങ്ങളാണ് മണിപ്പൂരിൽ സംഭവിച്ചത്. 2012 ഇലക്ഷനിൽ അതീവ ദുർബ്ബലമായ സാന്നിധ്യമായിരുന്ന ബിജെപി 2017 ലെ ഇലക്ഷനിൽ സഖ്യ കക്ഷികളുടെ പിൻബലത്തോടെ അധികാരത്തിൽ വരികയും, 2022 ഇലക്ഷനിൽ ഏറ്റവും വലിയ ഒറ്റക്കക്ഷിയായി അധികാരം ഉറപ്പിക്കുകയും ചെയ്തു. തീരെ ദുർബ്ബലമായ അവസ്ഥയിലേയ്ക്ക് കോൺഗ്രസ് പാർട്ടി ഒതുക്കപ്പെട്ടു.**

ശ്രമമാണെന്നും ഗോത്രവർഗ്ഗക്കാർ കരുതി.

**മണിപ്പൂരിന്റെ രാഷ്ട്രീയം**

കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ വിപ്ലവകരമായ രാഷ്ട്രീയ മാറ്റങ്ങളാണ് മണിപ്പൂരിൽ സംഭവിച്ചത്. 2012 ഇലക്ഷനിൽ അതീവ ദുർബ്ബലമായ സാന്നിധ്യമായിരുന്ന ബിജെപി 2017 ലെ ഇലക്ഷനിൽ സഖ്യ കക്ഷികളുടെ പിൻബലത്തോടെ അധികാരത്തിൽ വരികയും, 2022 ഇലക്ഷനിൽ ഏറ്റവും വലിയ ഒറ്റക്കക്ഷിയായി അധികാരം ഉറപ്പിക്കുകയും ചെയ്തു. തീരെ ദുർബ്ബലമായ അവസ്ഥയിലേയ്ക്ക് കോൺഗ്രസ് പാർട്ടി ഒതുക്കപ്പെട്ടു. ബിജെപിയുടെ ഈ നേട്ടത്തിന് പ്രധാനമായും രണ്ടു കാരണങ്ങളാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഒന്നാമത്തെ കാരണം നിയമസഭാ മണ്ഡലങ്ങളുടെ വിഭജനത്തിലെ സവിശേഷതകളാണ്. മെയ്തെയി വിഭാഗക്കാർക്ക് ഭൂരിപക്ഷമുള്ള മണിപ്പൂരിലെ താഴ്വരകളിൽ നാൽപ്പത് മണ്ഡലങ്ങളും, മറ്റുവിഭാഗക്കാർ മാത്രം അധിവസിക്കുന്ന മലമ്പ്രദേശങ്ങളിൽ ഇരുപത് മണ്ഡലങ്ങളും ആണ് ഉള്ളത്. ഈ സാഹചര്യം ബിജെപിക്ക് തികച്ചും അനുകൂലമാണ്. കേന്ദ്രം ഭരിക്കുന്ന പാർട്ടി തന്നെ സംസ്ഥാനവും ഭരിക്കുന്നു എന്നതിനാലുള്ള നേട്ടങ്ങൾ എൻ. ബിരേൻ സിംഗിന്റെ നേതൃത്വത്തിലുള്ള ബിജെപി സർക്കാരിന് ഗുണം ചെയ്തു. വിവിധ പദ്ധതികളുടെ നടത്തിപ്പും, ഗോത്രവർഗക്കാരെ കയ്യിലെടുക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിച്ചതും 2022 ഇലക്ഷനിൽ പ്രതിഫലിച്ചു.

എന്നാൽ, ഇതേ കാലയളവിൽ വളർന്നുവന്ന വിഭാഗീയതയും, അവകാശ വാദങ്ങളും മണിപ്പൂരിന്റെ സാമൂഹികാന്തരീക്ഷത്തെ കലുഷിതമാക്കി. ബിജെപി എന്ന രാഷ്ട്രീയ പാർട്ടിയുടെ മറവിൽ ശക്തിപ്രാപിച്ച മൗലിക വാദ ചിന്തകളും, ഗോത്രവർഗ്ഗക്കാർക്കെതിരായി മെയ്തെയി വിഭാഗത്തിനിടയിൽ പ്രചരിച്ച ആരോപണങ്ങളും അവർക്കിടയിൽ ശത്രുതാ മനോഭാവം വളർത്തിക്കൊണ്ടിരുന്നു. പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുന്നില്ല എന്ന കാരണത്താൽ മലമ്പ്രദേശത്ത് ഭൂമി കൈവശപ്പെടുത്താൻ കഴിയില്ല എന്ന മെയ്തെയി വിഭാഗത്തിന്റെ പരിമിതി മറികടക്കാൻ അവർ കഠിന പ്രയത്നം നടത്തിപ്പോന്നു. ഗോത്രവർഗക്കാർക്ക് തങ്ങളുടെ ദേശത്ത് വന്നു ജീവിക്കാൻ കഴിയും എന്നുള്ളതിനാൽ അവരോട് പക ഉള്ളിൽ സൂക്ഷിച്ചിരുന്ന ചിലർ മെയ്തെയികളിൽ ഉണ്ടായിരുന്നു. ചില തൽപ്പര കക്ഷികൾ അത്തരം വിഷലിപ്തമായ ആശയങ്ങൾ അവർക്കിടയിൽ പ്രചരിപ്പിച്ചുകൊണ്ടുമിരുന്നു.





മണിപ്പൂരിലെ മലമ്പ്രദേശങ്ങളിൽ അനധികൃത കുടിയേറ്റം വഴി ജനസംഖ്യാവർദ്ധനവ് ഉണ്ടാകുന്നുണ്ട് എന്നും, വനം കയ്യേറ്റം നടക്കുന്നുണ്ട് എന്നും, അവിടെ വ്യാപകമായ കഞ്ചാവ് കൃഷി നടക്കുന്നുണ്ട് എന്നുമുള്ള ആരോപണങ്ങൾ ഉയർന്നിരുന്നു. മലമ്പ്രദേശങ്ങളിൽ ചിലയിടങ്ങളിൽ കഞ്ചാവ് കൃഷി നടക്കുന്നുണ്ട് എന്നുള്ളത് വാസ്തവമാണെങ്കിലും ഗോത്ര സമൂഹങ്ങളെ മുഴുവനോടെ കഞ്ചാവ് കൃഷിക്കാർ എന്ന് വിശേഷിപ്പിച്ച് അധിക്ഷേപിക്കുന്നത് പതിവായതാണ് അവരെ പ്രകോപിപ്പിച്ചിരുന്നത്. അനധികൃത കുടിയേറ്റത്തെക്കാൾ ഉപരി, 2001 സെൻസസിൽ അന്നത്തെ മണിപ്പൂരിലെ സാഹചര്യത്തിൽ ഗോത്രവർഗ വിഭാഗങ്ങളുടെ ശരിയായ കണക്കുകൾ രേഖപ്പെടുത്തപ്പെടാതെ പോയതാണ് ജനസംഖ്യയിലുള്ള ആശയക്കുഴപ്പത്തിന് കാരണമെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നുണ്ട്. സെൻസസ് ഉദ്യോഗസ്ഥർക്ക് വന മേഖലകളിലൂടെ സഞ്ചരിച്ച് ഗ്രാമങ്ങളിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടായിരുന്നതിനാൽ ഒട്ടേറെ ഗ്രാമങ്ങൾ കണക്കിൽ പെടാതെ

പോയിട്ടുണ്ട്. ഇത്തരം ചില മറുവശങ്ങൾക്കൂടി ഉണ്ടെങ്കിലും ആരോപണങ്ങളിൽ ഉറച്ചു നിന്ന് ഗോത്രവർഗ്ഗക്കാർക്ക് അംഗീകരിക്കാനാവാത്ത നിലപാടുകളുമായാണ് മണിപ്പൂർ ഭരണകൂടം സമീപകാലങ്ങളിൽ നീങ്ങിയത്. ഈ നീക്കങ്ങളോടുള്ള രോഷം ഗോത്രവർഗ്ഗക്കാർ പലപ്പോഴായി പ്രകടിപ്പിച്ചിരുന്നു. ഏറ്റവും ഒടുവിൽ ഏപ്രിൽ 28 ന് കുക്കികൾ ഭൂരിപക്ഷമുള്ള ചുരാചന്ദ്പൂർ ജില്ലയിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യേണ്ടിയിരുന്ന ഒരു ജിം ജനക്കൂട്ടം ആക്രമിക്കുകയും നശിപ്പിക്കുകയും ചെയ്യുകയുണ്ടായി.

**“നിലനിൽപ്പിനും അതിജീവനത്തിനു വേണ്ടിയുള്ള ഒരു സമരത്തിന് മതത്തിന്റെയും വർഗ്ഗീയതയുടെയും പരിവേഷം നൽകി രാജ്യം മുഴുവൻ തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുകയും യഥാർത്ഥ വിഷയങ്ങളിൽനിന്ന് ലോകത്തിന്റെ ശ്രദ്ധ വഴിതിരിച്ചു വിടുകയും ചെയ്തത് ആരുടെ തീരുമാനങ്ങൾ പ്രകാരമാണെന്ന് ഇന്ത്യയിലെ മതേതര സമൂഹം തിരിച്ചറിയണം.**

### അക്രമങ്ങൾ വ്യാപിക്കുന്നു

മെയ് മൂന്നിന് ഓൾ ഇന്ത്യ സ്റ്റുഡന്റ്സ് യൂണിയൻ ഓഫ് മണിപ്പൂർ ഗോത്രവർഗ്ഗക്കാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നടത്തിയ മാർച്ച് ആണ് പിന്നീട് സ്ഥിതിഗതികൾ കൂടുതൽ വഷളാക്കിയത്. അതിന് മുമ്പുള്ള ദിവസങ്ങളും സംഘർഷഭരിതമായിരുന്നു എങ്കിലും മെയ് മൂന്നാംതിയ്യതിയോടെ കാര്യങ്ങൾ പൂർണ്ണമായും കൈവിട്ടുപോവുകയായിരുന്നു. പ്രതിഷേധം നടത്തിയ ഗോത്രവർഗ്ഗക്കാർ മെയ്തെയികളെ ആക്രമിച്ചു എന്ന ആരോപണത്തെ തുടർന്നാണ് കുക്കികൾക്കെതിരെ വ്യാപകമായ അക്രമം അരങ്ങേറിയത്. താഴ്വരകളിൽ താമസിച്ചിരുന്ന കുക്കികളെയും അവരുടെ ദേവാലയങ്ങളെയും തെരഞ്ഞുപിടിച്ച് ആക്രമിച്ചു തുടങ്ങിയ കലാപം മണിക്കൂറുകൾക്കുള്ളിൽ സംസ്ഥാനം മുഴുവൻ വ്യാപിച്ചു. മെയ്തെയികളും തിരിച്ചടികൾ നേരിട്ടു എങ്കിലും, കലാപത്തെ തുടർന്നുണ്ടായ സംഭവ പരമ്പരകൾ താഴ്വരകളിൽ താമസിക്കുന്ന ഗോത്ര വർഗ്ഗക്കാരെ, പ്രത്യേകിച്ച് കുക്കികളുടെ ഭാവിയെ തികഞ്ഞ അസ്ഥിരതയിൽ അകപ്പെടുത്തി. ഒടുവിലുണ്ടായ ഒരു ഹൈക്കോടതി ഇടപെടലിനെ തുടർന്നുള്ള രോഷത്തിനപ്പുറം കുക്കികൾക്ക് മെയ്തെയി വംശജരോട് പ്രത്യേക പകയോ വിദ്വേഷമോ ഉണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. അവരുടെ സമരം ആരംഭം മുതൽ സർക്കാരിന് എതിരായുള്ളതും നിലനിൽപ്പിന് വേണ്ടിയുള്ളതുമായിരുന്നു. എന്നിട്ടും, ഗോത്രങ്ങൾ തമ്മിലുള്ള പോരാട്ടം എന്ന രീതിയിൽ വ്യാപകമായി ചിത്രീകരിക്കപ്പെടുകയും ഏകപക്ഷീയമായ അടിച്ചമർത്തലും നാടുകടത്തലുമായി പരിണമിക്കുകയും ചെയ്തു. മെയ്തെയികൾക്ക്






കുക്കികളോട് ഇത്രമാത്രം പ്രതികാരബുദ്ധി തോന്നാൻ ഇടയാക്കിയ കാരണങ്ങളെന്താണ് എന്ന ചോദ്യം അവിടെ അവശേഷിക്കുകയാണ്.

ഗോത്രവർഗ്ഗങ്ങൾ തമ്മിലുള്ള പോരാട്ടം എന്ന വിശേഷണം ഇപ്പോഴും നിലനിൽക്കുന്നെങ്കിലും മണിപ്പൂരിൽ കഴിഞ്ഞ മെയ് മൂന്നാം തിയ്യതി മുതലുള്ള ഏതാനും ദിവസങ്ങൾക്കിടയിൽ സംഭവിച്ചവയ്ക്ക് മറ്റു ചില സംസ്ഥാനങ്ങളിൽ മുമ്പുണ്ടായ ഏകപക്ഷീയ കലാപങ്ങളുടെയും വംശഹത്യകളുടെയും ഛായയുണ്ട്. മതത്തിന്റെ മറവിൽ കലാപകാരികൾ അഴിഞ്ഞാടിയ, അനേകായിരങ്ങൾക്ക് സ്വത്തും കിടപ്പാടവും നഷ്ടപ്പെട്ട, ഇനിയും മുറിവുണങ്ങാത്ത ചില അക്രമസംഭവങ്ങൾക്ക് സമാനമായേ ഇതിനെയും വിലയിരുത്താൻ കഴിയൂ. ഇത്തരം അക്രമ സംഭവങ്ങൾക്കു പിന്നിൽ ചില നിഗൂഢ ശക്തികളുടെ ഇടപെടലുകളും പ്രാദേശികമായ ചില തീവ്ര വർഗീയ സംഘടനകളുടെ പ്രവർത്തനങ്ങളും പലപ്പോഴും ദൃശ്യമാണ്. അതിനാൽത്തന്നെ രാജ്യവ്യാപകമായി സാമുദായികവും മതപരവുമായ വിള്ളലുകൾ സൃഷ്ടിക്കാൻ ചില തല്പര കക്ഷികൾ ശ്രമിക്കുന്നുണ്ട് എന്ന് വ്യക്തം.

ഒരു വലിയ വിഭാഗം ജനതയെ തികഞ്ഞ ആശയക്കുഴപ്പങ്ങളും ആശങ്കകളിലും അകപ്പെടുത്തിയതിന്റെ ഉത്തരവാദിത്തം ആർക്കാണ്? ഇതുവരെയില്ലാത്ത രീതിയിൽ വർഗീയ വിഷം അവരുടെ മനസുകളിൽ നിറച്ചത് ആരുടെ പദ്ധതികൾ പ്രകാരമാണ്? നിലനിൽപ്പിനും അതിജീവനത്തിനു വേണ്ടിയുള്ള ഒരു സമരത്തിന് മതത്തിന്റെയും വർഗ്ഗീയതയുടെയും പരിവേഷം നൽകി രാജ്യം മുഴുവൻ തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുകയും യഥാർത്ഥ വിഷയങ്ങളിൽനിന്ന് ലോകത്തിന്റെ ശ്രദ്ധ വഴിതിരിച്ചു വിടുകയും ചെയ്തത് ആരുടെ തീരുമാനങ്ങൾ പ്രകാരമാണെന്ന് ഇന്ത്യയിലെ മതേതര സമൂഹം തിരിച്ചറിയണം. വലിയ വാഗ്ദാനങ്ങൾ നൽകി ഇലക്ഷൻ പ്രചാരണം നടത്തി അധികാരത്തിലേക്കെത്തുകയും അധികാരമുറപ്പിച്ചുകഴിഞ്ഞാൽ നിറം മാറുകയും ചെയ്യുന്ന ബിജെപിയുടെ മുഖമാണ് മണിപ്പൂരിൽ വ്യക്തമാകുന്നത്. തീവ്ര ഹിന്ദുത്വ സംഘടനകളുടെ സ്വാധീനം മറ്റു വിവിധ സംസ്ഥാനങ്ങളിൽ എന്നതുപോലെ മണിപ്പൂരിലെ ബിജെപിയുടെ രാഷ്ട്രീയ നിലപാടുകളിലും പ്രകടമായിരുന്നു. ആ അർത്ഥത്തിൽ മണിപ്പൂരിൽ സംഭവിച്ചത് ഒരു പാഠമായി ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളും കാണേണ്ടതുണ്ട്.

പ്രാകൃത സാമൂഹിക വ്യവസ്ഥിതികളെ അതിജീവിച്ച് സാവകാശം ഒത്തൊരുമയുടെ പാതയിൽ നടന്നുതുടങ്ങിയിരുന്ന മണിപ്പൂരിലെ സമുദായങ്ങൾക്കിടയിൽ ഗുരുതരമായ വിള്ളലുകൾ സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. മെയ്മാസം ആദ്യ ആഴ്ചയിലെ അനിഷ്ട സംഭവങ്ങൾക്കൊണ്ട് ആക്രമണങ്ങളും പ്രത്യാക്രമണങ്ങളും അവസാനിക്കുന്നില്ല. ചെറുതും വലുതുമായ രീതിയിൽ അവ തുടരുകയാണ്. വെറുപ്പും വിദ്വേഷവും പ്രചരിപ്പിച്ച് വോട്ടുബാങ്കുകൾ സൃഷ്ടിച്ച് ഭരണസ്ഥിരത ഉറപ്പുവരുത്താൻ പരിശ്രമിക്കുന്നവരെ തിരിച്ചറിഞ്ഞ് മാറ്റി നിർത്താത്തപക്ഷം ഒരു സംസ്ഥാനം മാത്രമല്ല, ഈ രാജ്യം മുഴുവൻ അതിന്റെ പ്രത്യാഘാതം അനുഭവിക്കേണ്ടി വരുമെന്ന് തീർച്ച. ഇത്തരം ഗൂഢലക്ഷ്യങ്ങളോടെ സമൂഹത്തിൽ അസ്ഥിരതയും അസ്വസ്ഥതകളും സൃഷ്ടിക്കുന്നവർക്ക് വേണ്ടി മതത്തിന്റെയും വർഗീയതയുടെയും ഭാഷ്യങ്ങൾ മെനഞ്ഞ് വ്യാപകമായ വ്യാജപ്രചാരണങ്ങൾ നടത്തുന്ന മാധ്യമ സിൻഡിക്കേറ്റുകളെയും തിരിച്ചറിഞ്ഞ് പ്രതിരോധിക്കാൻ നാം തയ്യാറാകണം. ■

*മണിപ്പൂരിൽ വംശീയ കലാപത്തിന്റെ മറവിൽ നടന്നത് ക്രൈസ്തവ വേട്ടയാണ് എന്ന് കൂടുതൽ വ്യക്തമാകുന്ന വെളിപ്പെടുത്തലുകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. മതത്തിന്റെപേരിൽ പ്രാദേശിക സമൂഹങ്ങ ൾക്കിടയിൽ നികത്താനാവാത്ത വിള്ളലുകൾ സൃഷ്ടിച്ച് താൽക്കാലിക നേട്ടം കൊയ്യാനുള്ള ഭരണകക്ഷി നീക്കങ്ങൾ കൂടുതൽ വ്യക്തമാവുകയാണ്. വളരെ ഗൗരവമായി പരിഗണിക്കേണ്ട ഈ വിഷയത്തിൽ ഇപ്പോഴും മറഞ്ഞുകിടക്കുന്ന ചില വാസ്തവങ്ങൾ മറനീക്കി വെളിച്ചത്തു കൊണ്ടുവരാനുള്ള കെസിബിസി ജാഗ്രത കമ്മീഷന്റെ പരിശ്രമത്തിന്റെ ഭാഗമാണ് ഈ ലേഖനം.*

# മണിപ്പൂർ:
## തമസ്കരിക്കപ്പെടുന്ന വാസ്തവങ്ങൾ

ഒരിക്കലുമുണ്ടാകാത്ത വിധമുള്ള പ്രശ്നങ്ങൾ ആരംഭിച്ച് ഒരുമാസം പിന്നിടുമ്പോൾ തിരിച്ചുവരാനാകാത്ത വിധത്തിലുള്ള അശാന്തിയിലേയ്ക്ക് നിപതിച്ചുകൊണ്ടിരിക്കുന്ന ഒരുകൂട്ടം ജനങ്ങളെയാണ് മണിപ്പൂരിൽ കാണാനാവുക. നൂറ്റാണ്ടുകൾക്ക് മുമ്പ് മുതൽ കണ്ടുകൊണ്ടിരുന്നതിന് സമാനമായതും അതിന്റെ തുടർച്ചയുമായ പ്രാദേശികവും സാമുദായികവുമായ പ്രശ്നങ്ങളാണ് അവിടെ ഉണ്ടായതെന്നുള്ള ആഖ്യാനങ്ങൾ ഇപ്പോഴും ഒരുകൂട്ടം മാധ്യമങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വംശങ്ങൾ തമ്മിലുള്ള കുടിപ്പകയും മാത്സര്യബുദ്ധിയും മാത്രമാണ് ഇതുവരെക്കണ്ട ആഭ്യന്തര കലഹത്തിനും ജീവനാശങ്ങൾക്കും പിന്നിലെന്ന് സ്ഥാപി



ക്കാൻ അനേകർ കിണഞ്ഞ് പരിശ്രമിക്കുന്നു.

എന്നാൽ, സൂക്ഷ്മമായി നിരീക്ഷിച്ചാൽ അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നതും അതുസംബന്ധിച്ചുള്ള പ്രചരണങ്ങളും തമ്മിൽ പൊരുത്തക്കേടുകൾ ഏറെയുണ്ടെന്ന് വ്യക്തമാകും. മെയ്തെയി വിഭാഗത്തിന് പട്ടിക വർഗ്ഗ പദവി നൽകുന്നതുമായി ബന്ധപ്പെട്ട നീക്കങ്ങളാണ് കലാപകാരണമായത് എന്നതാണ് പലരുടെയും ധാരണ. കുക്കി,

> ***"മെയ്തെയി വിഭാഗത്തിന് പട്ടിക വർഗ്ഗ പദവി നൽകുന്നതുമായി ബന്ധപ്പെട്ട നീക്കങ്ങളാണ് കലാപകാരണമായത് എന്നതാണ് പലരുടെയും ധാരണ. കുക്കി, മെയ്തെയി വിഭാഗങ്ങൾ തമ്മിലുള്ള വൈരമാണ് അടിസ്ഥാന കാരണമെന്നും പൊതുവെ കരുതപ്പെടുന്നു. ഈ രണ്ടു വിശദീകരണങ്ങൾക്കപ്പുറം മറ്റൊന്നും ചർച്ച ചെയ്യപ്പെടാതിരിക്കാൻ മാധ്യമ സിൻഡിക്കേറ്റുകളും ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രത്യേകം ശ്രദ്ധിക്കുന്നുമുണ്ട്.***

മെയ്തെയി വിഭാഗങ്ങൾ തമ്മിലുള്ള വൈരമാണ് അടിസ്ഥാനകാരണമെന്നും പൊതുവെ കരുതപ്പെടുന്നു. ഈ രണ്ടു വിശദീകരണങ്ങൾക്കപ്പുറം മറ്റൊന്നും ചർച്ച ചെയ്യപ്പെടാതിരിക്കാൻ മാധ്യമ സിൻഡിക്കേറ്റുകളും ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രത്യേകം ശ്രദ്ധിക്കുന്നുമുണ്ട്. കുക്കി വിഭാഗവും സർക്കാരും തമ്മിലുള്ള ഭിന്നതയ്ക്ക് പിന്നിൽ ചൂണ്ടിക്കാണിക്കപ്പെടുന്ന ചില കാരണങ്ങളുണ്ട്. കഴിഞ്ഞ കുറച്ചുകാലമായി അവർ നേരിടുന്ന ചില ആരോപണങ്ങളുണ്ട്. കുക്കികൾ ഉൾപ്പെടുന്ന ഗോത്രവർഗ്ഗക്കാർ കഞ്ചാവ്, ഓപ്പിയം പോപ്പി മുതലായവ കൃഷി ചെയ്യുന്നവരാണെന്നും അവർക്കിടയിൽ വ്യാപകമായ അനധികൃത കുടിയേറ്റം നടക്കുന്നു എന്നുള്ളതുമാണ് അവർ നേരിട്ടുകൊണ്ടിരിക്കുന്ന ആരോപണങ്ങളിൽ പ്രധാനം. ഗോത്രവർഗ്ഗക്കാരെ ഒന്നടങ്കം തെറ്റുകാരാക്കി ചിത്രീകരിച്ചുകൊണ്ടുള്ള ഇത്തരം ആരോപണങ്ങൾ വലിയ അസ്വസ്ഥതയ്ക്ക് കാരണമായിട്ടുണ്ട്. വന നിയമങ്ങളിൽ ഭേദഗതി വരുത്തിയും, റീസർവേ നടത്തിയും പതിറ്റാണ്ടുകൾ പഴക്കമുള്ള ഗോത്ര ഗ്രാമങ്ങൾ കുടിയൊഴിപ്പിക്കുന്നത് ഉൾപ്പെടെയുള്ള സർക്കാർ നടപടികളാണ് ഗോത്രവർഗ്ഗക്കാർ, പ്രത്യേകിച്ച് കുക്കികൾ ഭരണകൂടത്തിനെതിരെ തിരിയാനുള്ള മറ്റൊരു കാരണം.

മെയ് 17 ന് മണിപ്പൂർ സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ അനധികൃത കുടിയേറ്റം, പോപ്പി കൃഷി, മയക്കുമരുന്ന് വ്യാപനം എന്നിവയ്ക്കെതിരായി സ്വീകരിച്ച നടപടികളാണ് കലാപത്തിന് കാരണമെന്നു വ്യക്തമാക്കുന്നുണ്ട്. മണിപ്പൂരിലെ പ്രശ്നങ്ങൾക്ക് കാരണം ഇന്റലിജൻസ് സുരക്ഷാ വീഴ്ച ആണെന്നും മുഖ്യമന്ത്രി ബിരേൻസിംഗ് മെയ് 21 ന് പറഞ്ഞിരുന്നു. എന്നാൽ, മെയ് അവസാന ആഴ്ചയിൽ മണിപ്പൂർ സന്ദർശിക്കുന്നതിന് മുമ്പ് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പറഞ്ഞത് മെയ്തെയി വിഭാഗങ്ങൾക്ക് പട്ടികവർഗ്ഗ സംവരണം നൽകുന്നതുമായി ബന്ധപ്പെട്ട ഹൈക്കോടതി നിർദ്ദേശമാണ് പ്രശ്ന കാരണമെന്നാണ്. രാജ്യവ്യാപകമായി അത്തരമൊരു ആശയം പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ കേന്ദ്ര ഭരണകൂടത്തിന്റെയും ബിജെപി നേതൃത്വത്തിന്റെയും ഭാഗത്തുനിന്ന് ആരംഭം മുതലുണ്ട്. ആർഎസ്എസിന്റെ മുഖപത്രമായ ഓർഗനൈസറിൽ മെയ് പതിനാറിന് പ്രസിദ്ധീകരിച്ച ലേഖനത്തിൽ ആരോപിക്കുന്നത് മണിപ്പൂർ കലാപത്തിന് പിന്നിൽ ക്രൈസ്തവ സഭകളാണ് എന്നാണ്. തികഞ്ഞ അവാസ്തവമായതിനാൽത്തന്നെ ആ ആരോപണം സംഘപരിവാർ അനുഭാവികൾ ഒഴികെ ആരും മുഖവിലയ്ക്കെടുത്തില്ല. ഇത്തരം വ്യാജ പ്രചരണങ്ങളും, യഥാർത്ഥ വിഷയത്തെ വഴിമാറ്റിവിടാനുള്ള ശ്രമങ്ങളും ആരംഭം മുതൽ കാണപ്പെടുന്നതിൽനിന്ന് ഇക്കാര്യത്തിലുള്ള സംഘപരിവാർ സംഘടനകളുടെ താൽപ്പര്യം വ്യക്തമാണ്.

### അക്രമണങ്ങളുമായി ബന്ധപ്പെട്ട വ്യാജപ്രചാരണങ്ങൾ

കുക്കി സമുദായത്തിൽ പെട്ടവരെ അക്രമികളും അധർമ്മികളും രാജ്യദ്രോഹികളുമായി ചിത്രീകരിക്കുകയും ഒപ്പം, സംഭവിച്ചുകൊണ്ടിരിക്കുന്നവയ്ക്ക് മറ്റൊരു ഭാഷ്യം നൽകുകയും, നിരവധി വാസ്തവങ്ങളെ തമസ്കരിക്കുകയും ചെയ്തുകൊണ്ടാണ് മണിപ്പൂരിലെ സംഭവവികാസങ്ങൾക്ക് മറ്റൊരു നിറവും പരിവേഷവും ചിലർ നൽകിക്കൊണ്ടിരിക്കുന്നത്. അതിന് ആനുപാതികമായി സംസ്ഥാന സർക്കാർ കലാപകാ

രികളും ഭീകരവാദികളും എന്ന് മുദ്രകുത്തി ആ വിഭാഗത്തെ അടിച്ചമർത്താൻ പരിശ്രമിക്കുകയും ചെയ്യുന്നു. അതിന് ഏറ്റവും പുതിയ ഉദാഹരണമാണ് മെയ് 28 ന് കുക്കി സമുദായത്തിൽ പെട്ട നാൽപ്പതോളംപേരെ സംസ്ഥാന സുരക്ഷാ സേന വധിച്ചതായി മുഖ്യമന്ത്രി എൻ. ബിരേൻസിംഗ് വെളിപ്പെടുത്തിയ ഏറ്റുമുട്ടൽ. എന്നാൽ, മണിപ്പൂരിൽ രൂക്ഷമായ കലാപ സാഹചര്യമോ അതിനെതിരായ നീക്കങ്ങൾ നടത്തേണ്ട ആവശ്യമോ നിലവിൽ ഇല്ല എന്ന് ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് (CDS) ജനറൽ അനിൽ ചൗധരി വെളിപ്പെടുത്തിയതും ഇതേ ദിവസങ്ങളിൽ ത്തന്നെയാണ്.

കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ മണിപ്പൂർ സന്ദർശനത്തിന് തൊട്ടു മുമ്പ് നടന്ന പ്രസ്തുത ആക്രമണം ആസൂത്രിതമാണോ എന്ന ബലമായ സംശയം പൊതുവേയുണ്ട്. കുക്കി വിഭാഗത്തിൽ പെട്ട അക്രമികൾ സാധാരണ ജനങ്ങളെ ആക്രമിക്കുകയും സുരക്ഷാ സൈന്യം തിരിച്ചടിക്കുകയുമാണ് ഉണ്ടായത് എന്നാണ് മുഖ്യമന്ത്രി നൽകിയ വിശദീകരണം. നാൽപ്പത് കുക്കികളെ സേന വധിച്ചതായും മുഖ്യമന്ത്രി വെളിപ്പെടുത്തുകയുണ്ടായി. എന്നാൽ, ഇംഫാലിൽ നിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരം, മെയ് 28 ന് അക്രമഭീഷണി നേരിട്ടിരുന്ന കുക്കി ഗ്രാമങ്ങളുടെ സുരക്ഷിതത്വ ചുമതലയുണ്ടായിരുന്നവരിൽ നാൽപ്പതോളം പേർ വധിക്കപ്പെട്ടതിന് പുറമെ, ചുരാചന്ദ്പൂർ ജില്ലയിലെ സുഗ്നു എന്ന സ്ഥലത്ത് കത്തോലിക്കാ സമൂഹം താമസിച്ചിരുന്ന ഒരു പ്രദേശം മുഴുവനോടെയും, അവരുടെ ദേവാലയവും, നൂറിൽ പരം ഗോത്രവർഗ്ഗ കുടുംബങ്ങൾ താമസിച്ചിരുന്ന ഒരു കോളനിയിലെ അറുപതോളം വീടുകളും, ഒരു ഹൈസ്കൂളും തീയിട്ട് നശിപ്പിക്കപ്പെട്ടു. സമീപത്തുള്ള മറ്റൊരു ഗ്രാമത്തിലെ നൂറ്റമ്പതോളം വീടുകളും അന്ന് അഗ്നിക്കിരയായി. ആക്രമണം നടന്നത് പ്രധാനമായും കുക്കി ഗോത്ര വംശജർക്ക് എതിരെയെങ്കിലും സർക്കാരിന്റെയും മുഖ്യധാരാ മാധ്യമങ്ങളുടെയും ഭാഷ്യം നേരെ മറിച്ചായിരുന്നു.

**കഞ്ചാവ് പോപ്പി കൃഷികൾ**

കുക്കികൾ ഉൾപ്പെടെയുള്ള ഗോത്രവർഗ്ഗക്കാർ മയക്കുമരുന്ന് ഇടപാടുകാരും, ഓപ്പിയം കൃഷി ചെയ്യുന്നവരുമാണ് എന്ന ആരോപണമാണ് കഴിഞ്ഞ കുറച്ചുകാലമായി ഭരണകൂടം ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. മണിപ്പൂരിന്റെ വനമേഖലകളിൽ പോപ്പി കൃഷി ചെയ്യപ്പെടുന്നുണ്ട് എന്നുള്ളത് വാസ്തവമാണ്. പലപ്പോഴായി പോലീസും സൈന്യവും ആയിരക്കണക്കിന് ഹെക്ടർ കൃഷി നശിപ്പിക്കുകയും ഉണ്ടായിട്ടുണ്ട്. 2017നും 2023നും ഇടയിൽ മാത്രം 15496 ഏക്കർ സ്ഥലത്തെ പോപ്പി കൃഷി പോലീസ് നശിപ്പിച്ചിട്ടുണ്ട് എന്നാണ് റിപ്പോർട്ടുകൾ. മയക്കുമരുന്ന് ഇടപാടുകാർ ഗോത്ര വംശജരായ ചിലരിലൂടെ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിലും പോ

> ***“ഇംഫാലിൽ നിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരം, മെയ് 28 ന് അക്രമഭീഷണി നേരിട്ടിരുന്ന കുക്കി ഗ്രാമങ്ങളുടെ സുരക്ഷിതത്വ ചുമതലയുണ്ടായിരുന്നവരിൽ നാൽപ്പതോളം പേർ വധിക്കപ്പെട്ടതിന് പുറമെ, ചുരാചന്ദ്പൂർ ജില്ലയിലെ സുഗ്നു എന്ന സ്ഥലത്ത് കത്തോലിക്കാ സമൂഹം താമസിച്ചിരുന്ന ഒരു പ്രദേശം മുഴുവനോടെയും, അവരുടെ ദേവാലയവും, നൂറിൽപരം ഗോത്രവർഗ്ഗ കുടുംബങ്ങൾ താമസിച്ചിരുന്ന ഒരു കോളനിയിലെ അറുപതോളം വീടുകളും, ഒരു ഹൈസ്കൂളും തീയിട്ട് നശിപ്പിക്കപ്പെട്ടു. സമീപത്തുള്ള മറ്റൊരു ഗ്രാമത്തിലെ നൂറ്റമ്പതോളം വീടുകളും അന്ന് അഗ്നിക്കിരയായി.***

പ്പി കൃഷിയെയും മയക്കുമരുന്ന് ഇടപാടുകളെയും ഏറ്റവുമധികം എതിർക്കുന്നത് തദ്ദേശീയർ തന്നെയാണ് എന്നുള്ളതാണ് വാസ്തവം. തൗബൽ ജില്ലയിലെ സുഗ്നു നിയോജകമണ്ഡലത്തിൽനിന്നുള്ള കോൺഗ്രസ് എംഎൽഎ, കൻഗുജം രൺജിത് സിംഗ് 2022 ജൂലൈ 25 ന് മണിപ്പൂർ നിയമസഭയിൽ ഉയർത്തിയ ആവശ്യം ശ്രദ്ധേയമാണ്. പോപ്പി കൃഷിക്കും, മയക്കുമരുന്ന് കള്ളക്കടത്തിനും എതിരെ ശക്തമായ നിയമനിർമ്മാണം വേണം എന്നതായിരുന്നു അദ്ദേഹം ആവശ്യപ്പെട്ടത്. നിയമലംഘനം നടത്തുന്നവർക്ക് വധശിക്ഷയോ ജീവപര്യന്തമോ ലഭിക്കുന്ന വിധത്തിലായിരിക്കണം പുതിയ നിയമം എന്നും അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി.

ഭരണകൂടം നടത്തിക്കൊണ്ടിരുന്ന പ്രചരണങ്ങളുടെ പൊള്ളത്തരവും, പോപ്പി കൃഷി സംബന്ധിച്ച വാസ്തവങ്ങളും മനസ്സിലാക്കിയിട്ടുള്ള ശരാശരി ഗോത്ര വംശജരുടെ ശബ്ദമായിരുന്നു കൻഗുജം രൺജിത് സിംഗ് നിയമസഭയിൽ ഉയർത്തിയത്. ചില വർഷങ്ങൾക്ക് മുമ്പ് ഇംഫാൽ എയർ പോർട്ട്‌വഴികടത്താൻശ്രമിച്ചമയക്കുമരുന്ന്പിടിക്കപ്പെട്ട സാഹചര്യത്തിൽ 'മയക്കുമരുന്നിന് എതിരായ യുദ്ധം' പ്രഖ്യാപിച്ച ഭരണകൂടം തുടർ നടപടികളിൽ പരാജയപ്പെട്ടതിലെ മണിപ്പൂർ ജനതയുടെ നിരാശയും എംഎൽഎ അന്ന് നിയമസഭയിൽ വ്യക്തമാക്കുകയുണ്ടായി. ഏതുവിധത്തിലാണ് മണിപ്പൂരിലെ വനമേഖലകളിൽ പോപ്പി കൃഷിക്ക് വഴിയൊരുങ്ങുന്നത് എന്നും അദ്ദേഹം അന്ന് വിശദീകരിച്ചിരുന്നു. കാര്യങ്ങൾ കൂടുതൽ ഗുരുതരമായതിനാൽ NDPS Act (Narcotic Drugs and Psychotropic Substances Act) 1985 അനുസരിച്ചുള്ള നടപടിക്രമങ്ങൾ ഫലപ്രദമല്ലെന്നും, കൂടുതൽ ശക്തമായ മറ്റൊരു നിയമം ആവശ്യമാണെന്നും അദ്ദേഹം അവിടെ സ്ഥാപിച്ചു.

ലാവോസ്, തായ്‌ലൻഡ്, മ്യാൻമർ തുടങ്ങിയ രാജ്യങ്ങൾ ഉൾപ്പെടുന്ന 'ഗോൾഡൻ ട്രയാംഗിൾ' എന്ന് അറിയപ്പെടുന്ന പ്രദേശം മയക്കുമരുന്ന് കടത്തിന് കുപ്രസിദ്ധമാണ്. മണിപ്പൂർ ഉൾപ്പെടെയുള്ള നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലെ വനമേഖലകളിൽ നടക്കുന്ന പോപ്പി കൃഷിക്ക് പിന്നിലും ഈ മേഖലയിലെ പ്രമുഖ മയക്കുമരുന്ന് ഇടപാടുകാരാണ് എന്നുള്ളത് വളരെ വ്യക്തമാണ്. വർഷങ്ങൾക്ക് മുമ്പ്, 2007 ഏപ്രിൽ മാസത്തിൽ അമേരിക്കയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് ജസ്റ്റിസ് പ്രസിദ്ധീകരിച്ച റിപ്പോർട്ട് (The Chinese Connection: Cross-border Drug Trafficking between Myanmar and China) ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇക്കാര്യങ്ങൾ മനസിലാക്കിയിരുന്ന അമേരിക്ക, മ്യാൻമർ കേന്ദ്രീകരിച്ച് വൻതോതിൽ മയക്കുമരുന്ന് ഉൽപ്പാദനം നടത്തിയിരുന്ന പശ്ചാത്തലത്തിൽ ഭാഗികമായ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുകയും അതിന്റെ ഫലമായി ഘട്ടംഘട്ടമായി മയക്കുമരുന്ന് ഉൽപ്പാദനം കുറയുകയും ചെയ്തു. തുടർന്ന് ചൈനയും മയക്കുമരുന്ന് ഉൽപ്പാദനവും വ്യാപനവും നിയന്ത്രണവിധേയമാക്കാൻ നടപടികൾ സ്വീകരിച്ചു. പിന്നീടാണ് മ്യാന്മറിന്റെ അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് മാഫിയയുടെ പ്രവർത്തനങ്ങൾ ശക്തമാകുന്നത്. മണിപ്പൂർ ഉൾപ്പെടെയുള്ള നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലെ ചില സംഘങ്ങളെ മയക്കുമരുന്ന് ഉൽപ്പാദനത്തിനായി അവർ ഉപയോഗിക്കുന്നു എന്നുള്ളത് അന്തർദേശീയ തലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒരു വാസ്തവമാണ്.

ഇത്തരമൊരു പശ്ചാത്തലത്തിൽ പോപ്പി കൃഷിയും മയക്കുമരുന്ന് കടത്തും നിയന്ത്രിക്കപ്പെടേണ്ടത് അനിവാര്യമാണെങ്കിലും, ഗോത്രവർഗ്ഗക്കാരെ ഒന്നടങ്കം മയക്കുമരുന്ന് കൃഷിക്കാരായി ചിത്രീകരിച്ചുകൊണ്ടുള്ള നീക്കങ്ങൾ അത്യന്തം അപലപനീയമാണ്. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുക പ്രദേശവാസികളുടെയും സാധാരണക്കാരായ മണിപ്പൂർ ജനതയുടെയും ആവശ്യമാണ്.



*മണിപ്പൂരിലെ പോപ്പി കൃഷി കണ്ടെത്തി നശിപ്പിക്കുന്ന പോലീസ്*

*NDPS ആക്ട് പ്രകാരം 2017 മുതൽ 2023 ഏപ്രിൽ വരെ മണിപ്പൂരിൽ അറസ്റ്റ് ചെയ്യപ്പെട്ടിരിക്കുന്നവരെക്കുറിച്ചുള്ള മണിപ്പൂർ ഹോം ഡിപ്പാർട്ട്മെന്റിന്റെ ഔദ്യോഗിക കണക്കുകൾ മാധ്യമങ്ങൾ പുറത്തുവിട്ടിരുന്നു. മണിപ്പൂരിലെ മലമ്പ്രദേശങ്ങളിൽ നടക്കുന്ന പോപ്പി കൃഷിക്ക് പിന്നിൽ പ്രവർത്തിക്കുന്ന മാഫിയകളെക്കുറിച്ച് ഈ കണക്കുകൾ വ്യക്തത നൽകുന്നുണ്ട്.*

**NUMBER OF PEOPLE ARRESTED IN MANIPUR DRUGS CASES, COMMUNITY-WISE, 2017-2023**

| Community | Number of people arrested | | | | | | | |
|---|---|---|---|---|---|---|---|---|
| | 2017 | 2018 | 2019 | 2020 | 2021 | 2022 | 2023 | Total |
| Tribes | 82 | 54 | 122 | 127 | 151 | 288 | 49 | **873** |
| Muslims | 93 | 223 | 201 | 177 | 163 | 210 | 16 | **1083** |
| Meiteis | 44 | 67 | 64 | 54 | 40 | 98 | 14 | **381** |
| Others | 12 | 9 | 47 | 14 | 36 | 62 | 1 | **181** |
| **Total** | **231** | **353** | **434** | **372** | **390** | **658** | **80** | **2,518** |

*മണിപ്പൂരിലെ താഴ്വരകളിലാണ് മെയ്തെയി വിഭാഗക്കാർ പൂർണ്ണമായും അധിവസിക്കുന്നത്. ഗോത്രവർഗക്കാരിൽ ഏറിയപങ്കും മലമ്പ്രദേശത്തും. മണിപ്പൂരിലെ നിയമം അനുസരിച്ച് പട്ടികവർഗ്ഗക്കാർക്ക് മാത്രമേ മലമ്പ്രദേശത്ത് ജീവിക്കാൻ അനുവാദമുള്ളൂ. പട്ടികവർഗ്ഗമല്ലാത്ത മെയ്തെയികൾ അവിടെയില്ല. മെയ്തെയികളിൽ 70 ശതമാനത്തോളം ഹൈന്ദവരും, 14 ശതമാനത്തോളം മുസ്‌ലീങ്ങളുമാണ്. ഗോത്രവർഗ്ഗങ്ങളിൽ 92 ശതമാനവും ക്രൈസ്തവരാണ്. വളരെ ചെറിയ ശതമാനം മാത്രമാണ് അവർക്കിടയിൽ മുസ്ളീംസ് ഉള്ളത്.*

*മയക്കുമരുന്ന് കേസിൽ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളവരുടെ കണക്കുകൾ പ്രകാരം 34 ശതമാനമാണ് ഗോത്രവർഗ്ഗക്കാർ. 43 ശതമാനം മുസ്‌ലീങ്ങൾ ആണ് (അതിൽ ചെറിയൊരു ശതമാനം ഗോത്രവർഗ്ഗക്കാരും ഉൾപ്പെടാം). പതിനഞ്ച് ശതമാനം മെയ്തെയികളാണ്. ഗോത്രവർഗ്ഗക്കാർ ഭൂരിപക്ഷവും കൃഷി ചെയ്ത് പിടിക്കപ്പെട്ടവരാണ്. എന്നാൽ, മെയ്തെയികളും മുസ്‌ലീങ്ങളിൽ ഭൂരിപക്ഷവും അങ്ങനെയല്ല. അവർക്ക് പോപ്പി മലമ്പ്രദേശങ്ങളിൽ പോയി കൃഷിചെയ്യാനാവില്ല.*

*ഇവിടെയാണ് മറ്റൊരു വസ്തുത പ്രസക്തമാകുന്നത്. മയക്കുമരുന്ന് കൃഷിയുടെയും വിപണനത്തിന്റെയും ഇടനിലക്കാരായി നിൽക്കുകയും അസംസ്കൃത വസ്തുവിൽനിന്നുള്ള മയക്കുമരുന്ന് ഉൽപ്പാദനത്തിന്റെ പിന്നിൽ പ്രവർത്തിക്കുകയും ചെയ്യുന്നത് ഗോത്രവർഗക്കാരല്ലാത്ത മറ്റുചിലരാണ് എന്നതിന് ഈ കണക്കുകൾ തെളിവാണ്. മയക്കുമരുന്ന് ഉൽപ്പാദനത്തിനായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന രഹസ്യ കേന്ദ്രങ്ങൾ താഴ്വരയിലാണ് ഉള്ളത്. അതൊന്നും ഗോത്രവർഗക്കാരുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ അല്ല ഉള്ളതെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ടുകളുണ്ട്. ഗോത്രവർഗക്കാർക്കിടയിലെ ചില ഗ്രൂപ്പുകളെ സ്വാധീനിച്ച് പോപ്പി കൃഷി ചെയ്യിക്കുന്നത് താഴ്വരയിലുള്ള ചിലരും, അവർക്ക് പിന്നിൽ അന്തർദേശീയ മാഫിയകളുമാണ് ഉള്ളത്. പ്രബലരായ ചില രാഷ്ട്രീയ നേതാക്കളും മയക്കുമരുന്ന് വിപണനത്തിൽ പങ്കുപറ്റുന്നുണ്ട് എന്ന ആരോപണവുമുണ്ട്. ഇത്തരമൊരു സാഹചര്യം നിലനിൽക്കെയാണ് ഗോത്രവർഗക്കാരെ പ്രത്യേകിച്ച് കുക്കികളെ മുഴുവനോടെ ആരോപണങ്ങളുടെ മുൾമുനയിൽ നിർത്തിയിരിക്കുന്നതും നിർബ്ബന്ധിത കുടിയിറക്കിന് കാരണമാക്കി മാറ്റിയിരിക്കുന്നതും.*

അവരിൽ ഒരു വിഭാഗത്തെക്കൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ ചെയ്യിക്കുന്ന അന്തർദേശീയ മാഫിയകളെയും, താഴ്‌വരയിലുള്ള ഇടനിലക്കാരെയും കണ്ടെത്തി പ്രതിരോധിക്കുകയും അതിനാവശ്യമായ നിയമനിർമ്മാണങ്ങൾ നടത്തുകയുമാണ് ഇവിടെ ആവശ്യം. എന്നാൽ, ഇവിടെ ഭരണകൂടം പ്രതിപക്ഷത്ത് നിർത്തിയിരിക്കുന്നത് ഗോത്രവർഗ്ഗക്കാരെ മുഴുവനോടെയും അവരെ മാത്രവുമാണ്. ആ നീക്കം അത്യന്തം ദോഷകരമായ പ്രത്യാഘാതങ്ങൾക്കിടയാക്കി.

**നീതിരഹിതമായ കുടിയിറക്ക്**

തുടർന്ന് നടന്ന കുടിയിറക്ക് നീക്കങ്ങളാണ് സ്ഥിതിഗതികളെ കൂടുതൽ വഷളാക്കിയത്. മലയോരമേഖലകളിലും, മലമ്പ്രദേശങ്ങളിലും ഒട്ടേറെ ഭവനങ്ങളും ചില ദേവാലയങ്ങളും പൊളിച്ചുനീക്കപ്പെടുകയും നിരവധി ഗ്രാമങ്ങൾ കുടിയിറക്കപ്പെടുകയും ചെയ്തു. അനധികൃത കയ്യേറ്റം,

നിയമവിരുദ്ധ നിർമ്മിതി, അനധികൃത കുടിയേറ്റം തുടങ്ങിയ കാരണങ്ങളാണ് കുടിയിറക്കിനും പൊളിച്ചുനീക്കലിനും കാരണമായി ഭരണകൂടം ചൂണ്ടിക്കാണിച്ചത്. ഇത്തരം നീക്കങ്ങൾ പലതും പ്രകോപനപരവും മുന്നറിയിപ്പുകൾ കൂടാതെയുള്ളതുമായിരുന്നു. നാല് പതിറ്റാണ്ടുകൾക്ക് മുമ്പ് പണിത ഈസ്റ്റ് ഇംഫാൽ ജില്ലയിലെ മൂന്ന് ക്രൈസ്തവ ദേവാലയങ്ങൾ അപ്രതീക്ഷിതമായാണ് ഏപ്രിൽ 11ന് വലിയ സന്നാഹങ്ങളോടെ എത്തിയ അധികൃതർ പൊളിച്ചുനീക്കിയത്. റവന്യൂ ഭൂമിയിലാണ് പള്ളികൾ പണിതത് എന്നായിരുന്നു സർക്കാർ വാദം. കോടതി വിധിയെ തുടർന്ന് പള്ളികൾ ഒഴിഞ്ഞുകൊടുക്കുന്നതിൽ ദേവാലയധികൃതർക്ക് എതിർപ്പ് ഉണ്ടായിരുന്നില്ലെങ്കിലും അതിനുള്ള തയ്യാറെടുപ്പുകൾക്കുള്ള സാവകാശം നൽകാതെ രാത്രിയിലെത്തി പൊളിച്ചത് ജനരോഷത്തിന് വഴിയൊരുക്കി.

ഏപ്രിൽ പതിനൊന്നിന് തന്നെ ലാങ്ഗോൾ വനമേഖലയിലെ ചില വീടുകളും ഇത്തരത്തിൽ പൊളിച്ചുനീക്കുകയുണ്ടായി. 2022 നവംബറിൽ വനംവകുപ്പ് ഒരു നോട്ടിഫിക്കേഷൻ വഴിയായി ചുരാചന്ദ്പൂർ ജില്ലയിലെ 38 ഗ്രാമങ്ങൾ അനധികൃതമാണെന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന്, കഴിഞ്ഞ ഫെബ്രുവരി 21 ന് ചുരാചന്ദ്പൂർ ജില്ലയിലെ കെ. സോങ്ജങ് ഗ്രാമം ഒഴിപ്പിക്കുകയുണ്ടായി. ഒഴിപ്പിക്കപെട്ടതും ഒഴിപ്പിക്കൽ ഭീഷണി നേരിടുന്നതുമായ 38 ഗ്രാമങ്ങളും കുക്കികളുടേതാണ്. ആയിരത്തിലേറെ അംഗസംഖ്യയുള്ള എല്ലാ ഗ്രാമങ്ങൾക്കും 50 - 60 വർഷങ്ങൾക്ക് മുകളിൽ പഴക്കമുണ്ട്. അനധികൃത കുടിയേറ്റം എന്ന വിശേഷണം നൽകി പൊളിച്ചുനീക്കപ്പെടുന്നത് തലമുറകളോളമായി ഗോത്ര ജനത ജീവിച്ചുപോരുന്ന ഗ്രാമങ്ങളാണ് എന്നുള്ളതാണ് വാസ്തവം. അക്കാലത്ത് ഗ്രാമങ്ങൾക്ക് അംഗീകാരം നൽകിയത് അതിനുള്ള അധികാരമില്ലാത്ത ഉദ്യോഗസ്ഥനാണ് എന്നാണ് വനംവകുപ്പ് നൽകുന്ന വിശദീകരണം.

ഇത്തരം കുടിയിറക്കു നോട്ടീസുകൾക്ക് ആധാരമായി മാറിയിരിക്കുന്നത് ചില സമീപകാല സർവേകളാണ്. വേണ്ടത്ര ആധികാരികതയോ ഹിൽ ഏരിയ കമ്മിറ്റിയുടെയും മറ്റും അനുമതിയോ ഇല്ലാത്ത ഈ സർവേ നടപടിക്കെതിരെ ബിജെപി എംഎൽഎമാർ ഉൾപ്പെടെ രംഗത്ത് വന്നിട്ടുണ്ട്. പൗലീൻലാൽ ഹോകിപ് എന്ന ബിജെപി എംഎൽഎ കഴിഞ്ഞ ഏപ്രിൽ 12 ന് സംസ്ഥാന വനം പരിസ്ഥിതി മന്ത്രി ബിശ്വജിത് സിങ്ങിന് നൽകിയ കത്തിൽ ഈ നടപടികളെ ചോദ്യം ചെയ്തിരുന്നു. വനംവകുപ്പിന്റെ അനീതി നിറഞ്ഞ ഇത്തരം നടപടികൾ വലിയ പൊ



തുജന രോഷത്തിന് കാരണമായിട്ടുണ്ടെന്ന് കത്തിൽ അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. കുടിയൊഴിപ്പിക്കാനുള്ള തീരുമാനം തെറ്റാണെന്നും വ്യക്തത ലഭിക്കുന്നതുവരെ നടപടിക്രമങ്ങളും സർവേയും നിർത്തിവയ്ക്കണമെന്നും അദ്ദേഹം കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നു.

അനധികൃത കുടിയേറ്റമാണ് ഗോത്രവർഗ്ഗക്കാരും അവരുടെ ഗ്രാമങ്ങളും നേരിടുന്ന മറ്റൊരു ആരോപണം. പ്രമുഖ ഗോത്രവർഗ്ഗങ്ങളായ കുക്കി, നാഗ തുടങ്ങി ചെറുതും വലുതുമായ 33 ഗോത്രവർഗ്ഗങ്ങളാണ് മണിപ്പൂരിലെ മലമ്പ്രദേശങ്ങളിൽ ഉള്ളത് എന്നാണ് കണക്കുകൾ. സമീപ ഇന്ത്യൻ നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലും, മ്യാൻമറിലും ഇവയിൽ പല ഗോത്രങ്ങളും ഉണ്ട്. അത്തരത്തിൽ ഒരേ ഗോത്രത്തിലുള്ളവർ പല കാരണങ്ങളാലും അതിർത്തി കടന്ന് മണിപ്പൂരിലെ മലമ്പ്രദേശങ്ങളിൽ എത്തിച്ചേരാൻ സാധ്യതകളുണ്ട്. അതേസമയം വനമേഖലകളിൽ അധിവസിക്കുന്ന ഗോത്രവർഗ്ഗക്കാരുടെ യഥാർത്ഥ ജനസംഖ്യയിൽ സർക്കാരിന് അവ്യക്തതയുണ്ട് എന്നുള്ളതും വാസ്തവമാണ്. അതിന് കാരണങ്ങൾ പലതാണ്.

> ***“ നാല് പതിറ്റാണ്ടുകൾക്ക് മുമ്പ് പണിത ഈസ്റ്റ് ഇംഫാൽ ജില്ലയിലെ മൂന്ന് ക്രൈസ്തവ ദേവാലയങ്ങൾ അപ്രതീക്ഷിതമായാണ് ഏപ്രിൽ 11 ന് വലിയ സന്നാഹങ്ങളോടെ എത്തിയ അധികൃതർ പൊളിച്ചുനീക്കിയത്. റവന്യൂ ഭൂമിയിലാണ് പള്ളികൾ പണിതത് എന്നായിരുന്നു സർക്കാർ വാദം. കോടതി വിധിയെ തുടർന്ന് പള്ളികൾ ഒഴിഞ്ഞുകൊടുക്കുന്നതിൽ ദേവാലയധികൃതർക്ക് എതിർപ്പ് ഉണ്ടായിരുന്നില്ലെങ്കിലും അതിനുള്ള തയ്യാറെടുപ്പുകൾക്കുള്ള സാവകാശം നൽകാതെ രാത്രിയിലെത്തി പൊളിച്ചത് ജനരോഷത്തിന് വഴിയൊരുക്കി.***

മണിപ്പൂരിലെ ഇൻകംടാക്സ് ചീഫ് കമ്മീഷണർ ആയിരുന്ന കച്ചൂയി തിമോത്തി സിമിക് (IRS) വിലയിരുത്തുന്നത് പ്രകാരം, മണിപ്പൂരിലെ മലമ്പ്രദേശങ്ങളിലെ ഗോത്രവർഗ്ഗങ്ങൾക്കിടയിൽ ഇതുവരെയും ശരിയായ വിധത്തിൽ ജനസംഖ്യാ കണക്കെടുപ്പ് നടന്നിട്ടില്ല. 2001 ലെ സർവേ കാലഘട്ടത്തിൽ നാഗ സായുധ സേനയും സൈന്യവും തമ്മിലുള്ള പോരാട്ടം നടന്നിരുന്നതിനാൽ ഉദ്യോഗസ്ഥർക്ക് പല ഗ്രാമങ്ങളിലും എത്തിച്ചേരാൻ കഴിയുമായിരുന്നില്ല. മണിപ്പൂർ സർക്കാരിന്റെ അനാസ്ഥയും, ജനങ്ങളുടെ അജ്ഞതയും അനേകർ കണക്കിൽപ്പെടാത്ത പോകാൻ കാരണമായിട്ടുണ്ടെന്നും അദ്ദേഹം പറയുന്നു. ഇതേ കാരണത്താൽ തന്നെ ശരിയായ ഒരു കണക്കെടുപ്പ് ഇനിയെങ്കിലും നടത്തിയാൽ മലമ്പ്രദേശങ്ങളിലെ ഉൾഗ്രാമങ്ങളിലെ ജനസംഖ്യ ഇനിയും ഉയരുമെന്ന് തീർച്ചയാണ്. നിരക്ഷരത, മരണനിരക്കിന്റെ കുറവ്, വികസനമില്ലായ്മ തുടങ്ങിയവയും അത്തരം ഗ്രാമങ്ങളിലെ ജനസംഖ്യ കുത്തനെ ഉയർത്തിയിട്ടുണ്ട് എന്നും തിമോത്തി സിമിക് പറയുന്നു. അതേസമയം, പുറമെനിന്നുള്ള അനധികൃത കുടിയേറ്റത്തിനുള്ള സാധ്യതകൾ അദ്ദേഹം നിരാകരിക്കുന്നു.

### പ്രതിഷേധങ്ങൾക്ക് പിന്നിൽ

ഇത്തരത്തിൽ വിവിധ പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ കടുത്ത അരക്ഷിതാവസ്ഥയിലായിരുന്നു മണിപ്പൂരിലെ ഗോത്രജനവിഭാഗങ്ങൾ. പ്രത്യേകിച്ച് കുക്കി വംശജരാണ് കഴിഞ്ഞ ചില മാസങ്ങളായി ഭരണകൂട നടപടികൾക്കൊണ്ട് പൊറുതിമുട്ടിയിരുന്നത്. പ്രധാനമായും വ്യാപകമായി നേരിട്ടുകൊണ്ടിരുന്ന കുടിയിറക്ക് ഭീഷണിയുടെ പശ്ചാത്തലത്തിൽ, നിരവധി പ്രതിഷേധ പരിപാടികൾ പലപ്പോഴായി നടന്നിരുന്നു. കഴിഞ്ഞ മാർച്ച് 10 ന് ചുരാചന്ദ്പൂർ, ഉക്ക്റുൾ, കാങ്പോക്പി, തെങ്നൗപാൽ, ജിരിബാം, ടാമെങ്ലോങ് തുടങ്ങി നിരവധി ജില്ലകളിൽ ആയിരക്കണക്കിന് പേർ അണിനിരന്ന പ്രതിഷേധ റാലികൾ നടന്നിരുന്നു. ബിജെപി സർക്കാർ തങ്ങൾക്കെതിരെ നീക്കങ്ങൾ നടത്തുന്നതായുള്ള തിരിച്ചറിവിലാണ് അവർ പ്രതിഷേധത്തിന് അണിനിരന്നത്. കുടിയിറക്കിന് എതിരെയുള്ള മുദ്രാവാക്യങ്ങളാണ് അവർ മുഴക്കിയത്. കുക്കികൾ ഉൾപ്പെടുന്ന ഇൻഡിജെനസ് ട്രൈബൽ ലീഡേഴ്സ് ഫോറമാണ് റാലിക്ക് ആഹ്വാനം ചെയ്തത്.

അതിന് പിറ്റേദിവസം, മാർച്ച് 11 ന് കുക്കി നാഷണൽ ആർമിയും, സോമി റെവല്യൂഷനറി ആർമിയും സർക്കാരുമായുണ്ടായിരുന്ന വെടിനിർത്തൽ കരാറിൽനിന്ന്

മണിപ്പൂർ സർക്കാർ പിന്മാറി. കേന്ദ്ര, സംസ്ഥാന സർക്കാരുകളും രണ്ട് പ്രാദേശിക സമാന്തര സായുധ സേനകളും തമ്മിലുണ്ടായിരുന്ന ആ കരാർ 2008 മുതൽ പ്രാബല്യത്തിലുണ്ടായിരുന്നതാണ്. മാർച്ച് പത്തിന് നടന്ന റാലികൾക്ക് പിന്നിലെ പ്രേരക ശക്തി അവരായിരുന്നു എന്നാണ് സർക്കാർ ഉന്നയിച്ച ആരോപണം. മാസങ്ങളായി ഗോത്രവിഭാഗക്കാർ ഉന്നയിച്ചുകൊണ്ടിരുന്ന ഇത്തരം ആശങ്കകളുമായി ബന്ധപ്പെട്ട് പിന്നീടും പ്രതിഷേധങ്ങൾ പലതും നടന്നിരുന്നു. പരാതികളിൽ സർക്കാർ പരിഹാരം കണ്ടെത്താത്തതിൽ പ്രതിഷേധിച്ച് ഏപ്രിൽ 28 വെള്ളിയാഴ്ച ചുരാചന്ദ്പൂർ ജില്ലയിൽ ഇൻഡിജെനസ് ട്രൈബൽ ലീഡേഴ്സ് ഫോറം ബന്ദ് ആഹ്വാനം ചെയ്തിരുന്നു. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലായി ഇത്തരം വിവിധ പ്രശ്നങ്ങളും അനുബന്ധ പ്രതിഷേധങ്ങളും സംസ്ഥാന മൊട്ടാകെ പടർന്നുകൊണ്ടിരുന്നത് വിവിധ സംഭവങ്ങളിൽനിന്ന് വ്യക്തമാണ്. ഏപ്രിൽ അവസാന ആഴ്ച വരെയും മേൽപ്പറഞ്ഞ പ്രതിസന്ധികൾക്കു പരിഹാരം കണ്ടെത്താനാണ് കുക്കി ഗോത്ര വംശജർ പരിശ്രമിച്ചത്.

ഏപ്രിൽ 20 നാണ്, മെയ്തെയികളിൽ ഒരു വിഭാഗം പേർ കഴിഞ്ഞ ഒരു പതിറ്റാണ്ടായി ഉന്നയിച്ചുകൊണ്ടിരുന്ന, പട്ടിക വർഗ്ഗ സംവരണം എന്ന ആവശ്യത്തിന് അനുകൂലമായഒരുഹൈക്കോടതിനിർദ്ദേശംസംസ്ഥാന സർക്കാരിന് ലഭിക്കുന്നത്. എന്നാൽ, മെയ്തെയികളിൽ തന്നെ ഒരു വിഭാഗം പട്ടിക വർഗ്ഗ സംവരണത്തിന് എതിരാണ് എന്നുള്ളത് മറ്റൊരു വാസ്തവമാണ്. കോടതി നിർദ്ദേശം പ്രകാരം, സംസ്ഥാന സർക്കാർ നാല് ആഴ്ചകൾക്കുള്ളിൽ ഈ വിഷയം അനുഭാവപൂർവ്വം പരിഗണിക്കുകയും കേന്ദ്ര സർക്കാരിന് ശുപാർശ നൽകുകയും വേണ്ടിയിരുന്നു. എന്നാൽ ഈ ഹൈക്കോടതി ഇടപെടലിനെ മെയ് 17 ന് സുപ്രീംകോടതി തള്ളിപ്പറയുകയും നിശിതമായി വിമർശിക്കുകയും ചെയ്തു. ഏപ്രിൽ 20 ലെ ഹൈക്കോടതി നിർദ്ദേശം നിലവിലുണ്ടായിരുന്ന കലുഷിതമായ അവസ്ഥയെ അൽപ്പംകൂടി രൂക്ഷമാക്കി എന്നുള്ളത് വാസ്തവമാണ്. എന്നാൽ, തുടർന്ന് സംഭവിച്ചവയ്ക്ക് കാരണം മെയ്തെയികൾക്ക് പട്ടികവർഗ്ഗ സംവരണം ലഭിച്ചേക്കാം എന്ന കുക്കികളുടെ ആശങ്കയാണെന്ന് വിലയിരുത്താനാവില്ല. അതിനാൽത്തന്നെ മെയ് മൂന്ന് മുതൽ സംഭവിച്ച സംഘർഷം ഒരു വംശീയ കലാപമാണ് എന്ന് കരുതുന്നതിൽ യുക്തിയില്ല. എന്നാൽ, മണിപ്പൂരിൽ സംഭവിച്ചതും ഇപ്പോഴും തുടരുന്നതും വംശീയ സംഘർഷമാണ് എന്ന്

> ***“ അക്രമസംഭവങ്ങൾക്ക് ശേഷം, മെയ്തെയി ഭൂരിപക്ഷ മേഖലകളിൽനിന്ന് കുക്കികൾ പിൻവാങ്ങിയതിനാൽ, അവരുടെ ജീവൻ ഏറെക്കുറെ സുരക്ഷിതമാണെങ്കിലും മെയ്തെയി ഹിന്ദുക്കൾക്കിടയിൽ തന്നെ തുടരാൻ നിർബ്ബന്ധിതരായ മെയ്തെയി ക്രൈസ്തവർ കടുത്ത ഭീഷണിയിലാണ് കഴിയുന്നത്.***

സ്ഥാപിച്ചെടുക്കാൻ അനേകർ കഠിനമായി പ്രയത്നിച്ചുകൊണ്ടിരിക്കുന്നു.

**മണിപ്പൂരിലെ അക്രമസംഭവങ്ങൾ**

മണിപ്പൂരിൽ കഴിഞ്ഞ മെയ് മൂന്ന് മുതൽ സംഭവിച്ചുകൊണ്ടിരിക്കുന്ന അക്രമ സംഭവങ്ങൾ വെളിപ്പെടുത്തുന്ന ചില യഥാർത്ഥ്യങ്ങളുണ്ട്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ, രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള പോരാട്ടം എന്നതിനപ്പുറമുള്ള ചില മാനങ്ങൾ അക്രമ പരമ്പരകൾക്കുണ്ട് എന്ന് വ്യക്തമാകും. മെയ്തെയി ഭൂരിപക്ഷ മേഖലകളിലാണ് കൂടുതലും ആക്രമണങ്ങൾ നടന്നത് എന്നതിനാൽ, മുന്നൂറിലേറെ ക്രൈസ്തവ ദേവാലയങ്ങൾ തകർക്കപ്പെട്ടതിൽ 247 എണ്ണവും മെയ്തെയി ക്രൈസ്തവരുടെ പള്ളികളാണ്. ഇത്രമാത്രം പള്ളികൾ തകർക്കപ്പെട്ടെങ്കിലും മെയ്തെയി ക്രൈസ്തവർ ആരും കൊല്ലപ്പെടാതിരുന്നതിനാലാണ് ഈ വിഷയം മാധ്യമശ്രദ്ധയിൽ പെടാതെ പോയത്. വ്യക്തമായ ആസൂത്രണം അക്കാരൃത്തിലുണ്ടായിരുന്നു എന്നുള്ളത് വ്യക്തമാണ്. അക്രമസംഭവങ്ങൾക്ക് ശേഷം, മെയ്തെയി ഭൂരിപക്ഷ മേഖലകളിൽനിന്ന് കുക്കികൾ പിൻവാങ്ങിയതിനാൽ, അവരുടെ ജീവൻ ഏറെക്കുറെ സുരക്ഷിതമാണെങ്കിലും മെയ്തെയി ഹിന്ദുക്കൾക്കിടയിൽ തന്നെ തുടരാൻ നിർബ്ബന്ധിതരായ മെയ്തെയി ക്രൈസ്തവർ കടുത്ത ഭീഷണിയിലാണ് കഴിയുന്നത്. ഭീതികൂടാതെ ജീവിക്കണമെങ്കിൽ മതപരിവർത്തനം നടത്തണമെന്ന സമ്മർദ്ദം അവർക്കുമേൽ വർധിച്ചുകൊണ്ടിരിക്കുന്നു.

വലിയ സംഘങ്ങളായെത്തിയ ‘അരംബായ് തെങ്കോൾ’, ‘മെയ്തെയി ലീപൂൺ’

തുടങ്ങിയ മെയ്തെയി ഗ്രൂപ്പുകളിലെ അംഗങ്ങളാണ് കുക്കികൾക്ക് എതിരെയുള്ള അക്രമങ്ങൾക്ക് നേതൃത്വം നൽകിയതിലെ പ്രധാനികൾ. പലപ്പോഴായി അവർ പോലീസ് സ്റ്റേഷൻ കൊള്ളയടിക്കുകയും ആയുധങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തിരുന്നു. മെയ് 28 നാണ് ഏറ്റവുമൊടുവിൽ അവർ പോലീസ് സ്റ്റേഷൻ ആക്രമിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടത്. തങ്ങൾക്കിടയിലെ ഒരു വിഭാഗം ക്രൈസ്തവ വിശ്വാസികളായി തുടരുന്നത് മെയ്തെയി സംസ്കാരത്തിന് ദോഷകരമാണ് എന്ന ആശയ പ്രചാരണം ഇത്തരം സംഘടനകൾ കുറച്ചുകാലമായി നടത്തിവന്നിരുന്നു. എന്നാൽ, മെയ്തെയി സംസ്കാരത്തിന്റെ ഔദ്യോഗിക മതമായ സനാമഹിസം, അഥവാ, മെയ്തെയിസം പിന്തുടരുന്ന മെയ്തെയികൾ കേവലം പതിനാല് ശതമാനം മാത്രമാണ് എന്നുള്ളതാണ് വാസ്തവം. മെയ്തെയികൾക്കിടയിൽ ഹിന്ദുത്വവാദം ശക്തമായിരിക്കുന്ന പ്രതിഭാസമാണ് ഇപ്പോൾ കാണപ്പെടുന്നത്. അതിന് പിന്നിലെ സംഘപരിവാർ ബിജെപി ഇടപെടലുകളും അടിയൊഴുക്കും വ്യക്തമാണ്. ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം വളർത്തിക്കൊണ്ടുവന്ന് ഉറപ്പുള്ള വോട്ട് ബാങ്കാക്കി മണിപ്പൂരിനെ മാറ്റിയെടുക്കാനുള്ള തന്ത്രങ്ങളുടെ ഭാഗമാണ് ഇത്തരം നീക്കങ്ങൾ എന്ന് സ്വാഭാവികമായും സംശയിക്കാം.

കഴിഞ്ഞ മെയ് മൂന്നിന് ശേഷം നൂറ്റി അറുപത്തിൽപ്പരം പേർ ഇതിനകം കൊലചെയ്യപ്പെട്ടു എന്നാണ് മണിപ്പൂരിലെ പ്രാദേശിക മാധ്യമങ്ങൾ പുറത്തുവിട്ടിരിക്കുന്ന കണക്ക്. യഥാർത്ഥ സംഖ്യ അതിലും അധികമായിരിക്കാനാണ് സാധ്യത. നാൽപ്പത്തയ്യായിരത്തോളം പേർ അഭയാർത്ഥി ക്യാമ്പുകളിൽ തുടരുന്നു. പതിനായിരത്തോളം പേർ മറ്റു സംസ്ഥാനങ്ങളിൽ അഭയം തേടിയിരിക്കുന്നു. സ്വത്തും സമ്പാദ്യവും മുഴുവൻ നഷ്ടപ്പെട്ട് ഇനി ഒരു തിരിച്ചുവരവില്ല എന്ന് ഉറപ്പിച്ച് നിരാശയിൽ കഴിയുന്നവരിൽ മണിപ്പൂരിൽ ഉയർന്ന ഉദ്യോഗ പദവികളിലുണ്ടായിരുന്നവർ വരെയുണ്ട്. ഇംഫാലിൽ താമസമാക്കിയിരുന്ന മണിപ്പൂർ സംസ്ഥാന ഗോത്രവർഗ്ഗ കമ്മീഷൻ മുൻ അംഗം ഡോ. താര മഞ്ചിൻ ഹാങ്സോ തനിക്കുണ്ടായ അനുഭവങ്ങൾ മാധ്യമങ്ങൾക്ക് മുന്നിൽ വിവരിച്ചിരുന്നു. ആദ്യ കലാപ ദിവസങ്ങളിൽ അവരുടെ എല്ലാ സൗകര്യങ്ങളോടും കൂടിയ വീടും വാഹനങ്ങളും അക്രമികൾ അഗ്നിക്കിരയാക്കുകയാണുണ്ടായത്. ജീവൻ രക്ഷിക്കാനായി രണ്ടു രാവും പകലും തെരുവിലൂടെ അലഞ്ഞ അവരും കുടുംബവും ഒടുവിൽ ഡൽഹിയിലേക്ക് പോവുകയായിരുന്നു. ഇതുപോലുള്ള ദുരനുഭവങ്ങളുടെ കഥകൾ പതിനായിരങ്ങൾക്ക് പറയാനുണ്ട്.

ന്യൂനപക്ഷ സംരക്ഷണം ഉറപ്പുനൽകിക്കൊണ്ടുള്ള പ്രഖ്യാപനങ്ങളും പ്രചരണങ്ങളും ഒരു വശത്ത് പുരോഗമിക്കുമ്പോഴും അതിന് വിരുദ്ധമായ നീക്കങ്ങളാണ് ബിജെപി എന്ന രാഷ്ട്രീയ പാർട്ടിയും മറ്റ് സംഘപരിവാർ സംഘടനകളും നടത്തിവരുന്നത് എന്നുള്ളതിന് മണിപ്പൂർ സാക്ഷ്യം നൽകുന്നു. സമാനമായ ഭീഷണികളാണ് ബിജെപി ഭരിക്കുന്ന മറ്റ് സംസ്ഥാനങ്ങളിലും ക്രൈസ്തവരും ഇതര ന്യൂനപക്ഷ മതവിഭാഗങ്ങളും നേരിട്ടുകൊണ്ടിരിക്കുന്നത്. തീവ്ര ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിൽ അടിയുറച്ച വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും ബിജെപി എന്ന രാഷ്ട്രീയ പാർട്ടിയിലുള്ള സ്വാധീനം ദിനംപ്രതി വ്യക്തമാവുകയാണ്. അത്തരം സംഘടനകളുടെ സ്വാധീനം മറ്റു വിവിധ സംസ്ഥാനങ്ങളിൽ എന്നതുപോലെ മണിപ്പൂരിലെ ബിജെപിയുടെ രാഷ്ട്രീയ നിലപാടുകളിലും പ്രകടമാണ്. ആ അർത്ഥത്തിൽ മണിപ്പൂരിൽ സംഭവിച്ചത് ഒരു പാഠമായി ഇന്ത്യയിലെ എല്ലാ ജനവിഭാഗങ്ങളും കാണേണ്ടതുണ്ട്. പ്രത്യേകിച്ച് കേരളത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാലഘട്ടത്തിൽ നടക്കുന്ന വ്യാപക പ്രചാരണങ്ങൾക്കും വാഗ്ദാനപ്പെരുമഴകൾക്കും പിന്നിൽ മറഞ്ഞിരിക്കുന്ന അപകടസാധ്യതകളെ വിവേകത്തോടെ ഉൾക്കൊള്ളാൻ ജനാധിപത്യത്തെ മാനിക്കുന്ന ഓരോ പൗരനും കടമയുണ്ട്.



*മണിപ്പൂരിലെ അഭയാർത്ഥി ക്യാമ്പുകളിൽ ഒന്ന്*

# ജാഗ്രത സമിതികളുടെ സംസ്ഥാന സമ്മേളനവും ഐക്യ - ജാഗ്രത ദിനാഘോഷവും പിഒസിയിൽ സമാപിച്ചു

കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിലെയും ജാഗ്രത സമിതി അംഗങ്ങളുടെ സമ്മേളനവും ദ്വിദിന ശില്പശാലയും പാലാരിവട്ടം പിഒസിയിൽ നടന്നു. ജൂൺ 23, 24 ദിവസങ്ങളിൽ നടന്ന സമ്മേളനത്തോടൊപ്പം കെസിബിസി ഐക്യ ജാഗ്രത ദിനാചരണവും നടന്നു. സഭയും സമൂഹവും ജാഗ്രതയോടെയും ഐക്യത്തോടെയും മുന്നേറേണ്ട കാലമാണ് ഇത് എന്നും, വിവേകവും വിശ്വാസവും കൈമുതലാക്കി പ്രതിബന്ധങ്ങളെ അതിജീവിക്കണമെന്നും സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ച വരാപ്പുഴ അതിരൂപത അധ്യക്ഷൻ ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ ഓർമ്മിപ്പിച്ചു. ഉദ്ഘാടന ചടങ്ങിൽ പിഒസി, പാസ്റ്ററൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഡീൻ ഓഫ് സ്റ്റഡീസ്, ഫാ. ടോണി കോഴിമണ്ണിൽ അധ്യക്ഷത വഹിച്ചു. കെസിബിസി ഐക്യജാഗ്രത കമ്മീഷൻ സെക്രട്ടറി, ഫാ. മൈക്കിൾ പുളിക്കൽ, മലങ്കര സഭ പിആർഒ ഫാ. ബോവാസ് മാത്യു, സീറോമലബാർ സഭ പബ്ലിക്ക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി, ഫാ. ജെയിംസ് കൊക്കാവയലിൽ തുടങ്ങിയവർ സംസാരിച്ചു.

ജൂൺ 23 വ്യാഴാഴ്ച രാവിലെ പതിനൊന്നുമണിക്ക് ആരംഭിച്ച സെമിനാറിൽ ഇന്ത്യയുടേയും വിശിഷ്യാ കേരളത്തിന്റെയും പ്രത്യേകമായ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ ജനങ്ങൾ അഭിമുഖീകരിക്കുന്ന വിവിധ പ്രതിസന്ധികളുമായി ബന്ധപ്പെട്ട് പ്രഗത്ഭർ ക്ളാസുകൾ നയിക്കുകയും തുടർ ചർച്ചകൾ നടക്കുകയും ചെയ്തു. ശ്രദ്ധേയ ദേശീയ മാധ്യമ പ്രവർത്തകരായ ഡോ. വിനോദ് കെ ജോസ്, ശ്രീ ആന്റോ അക്കര, മുൻ ഡിജിപി ഡോ. സിബി മാത്യൂസ് ഐപിഎസ്, 20 20 കോർഡിനേറ്റർ ശ്രീ സാബു എം ജേക്കബ് തുടങ്ങിയവർ ക്ളാസുകൾക്ക് നേതൃത്വം നൽകി.

കെസിബിസി ഐക്യ ജാഗ്രത ദിനാചരണം ജൂൺ 24 ശനിയാഴ്ച രാവിലെ പത്തുമണിക്ക് നടന്നു. ഐക്യ ജാഗ്രത ദിനാചരണത്തോടനുബന്ധിച്ച്, മതങ്ങളും സാമൂഹിക ഐക്യവും എന്ന വിഷയത്തിൽ സെമിനാർ നടത്തപ്പെട്ടു. കെസിബിസി ഐക്യജാഗ്രത കമ്മീഷൻ വൈസ് ചെയർമാൻ ബിഷപ്പ് യൂഹാനോൻ മാർ തിയഡോഷ്യസ് ഐക്യ ജാഗ്രത ദിനാചരണവും സെമിനാറും ഉദ്ഘാടനം ചെയ്തു. സാമൂഹിക ഐക്യവും മതമൈത്രിയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സമുദായങ്ങൾ തമ്മിലുള്ള അകലം കുറയ്ക്കാനും, സമാധാന സംസ്ഥാപനത്തിനും ഏവരും കൈകോർത്ത് പ്രവർത്തിക്കണമെന്നും, സാമൂഹിക തിന്മകൾക്കെതിരെ ഒറ്റക്കെട്ടായി പോരാടാനുള്ള ആർജ്ജവം സമുദായ നേതാക്കൾ പ്രകടിപ്പിക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ജസ്റ്റിസ് സികെ അബ്ദുൾ റഹിം, പ്രൊഫ. കെ.പി. ശങ്കരൻ, പ്രൊഫ. കെ. എം. ഫ്രാൻസിസ്, ശ്രീ ബെന്നി എം.വി., ഫാ. അഗസ്റ്റിൻ പാംപ്ലാനി എന്നിവർ പ്രസംഗിച്ചു. ആനുകാലിക വിഷയങ്ങളും, സാമൂഹിക പ്രതിസന്ധികളും പ്രവർത്തന പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ കത്തോലിക്കാ സംഘടനകളുടെ നേതാക്കളുമായി രൂപത ജാഗ്രത സമിതി അംഗങ്ങൾ സംവദിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഫാ. ജേക്കബ് പാലയ്ക്കാപ്പിള്ളി സമാപന സന്ദേശം നൽകി.

---

# മൽസ്യത്തൊഴിലാളികൾക്കുവേണ്ടി സംസാരിക്കുന്നവരെ കലാപകാരികളായി ചിത്രീകരിക്കുന്ന നടപടി പ്രതിഷേധാർഹം: കെസിബിസി ജാഗ്രത കമ്മീഷൻ

കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കടലാക്രമണങ്ങളും അപകടമരണങ്ങളും വർഷംപ്രതി വർധിച്ചുകൊണ്ടിരിക്കുമ്പോഴും നിഷേധാത്മകമായ നിലപാട് തുടരുകയും പ്രതിഷേധിക്കുന്നവരെ കലാപകാരികളായി ചിത്രീകരിക്കുകയും അടിസ്ഥാന രഹിത ആരോപണങ്ങൾ ഉന്നയിച്ച് പ്രതിഷേധങ്ങളുടെ മുനയൊടിക്കാൻ ശ്രമി

ക്കുകയും ചെയ്യുന്ന അധികാരികളുടെ നിലപാടുകൾ പ്രതിഷേധാത്മകമാണ്. സിപിഎം സെക്രട്ടറി എം വി ഗോവിന്ദനും തുടർന്ന് ഉത്തരവാദിത്വ സ്ഥാനങ്ങളിലുള്ള പല നേതാക്കന്മാരും കത്തോലിക്കാ സഭയ്ക്കും ദേവാലയങ്ങൾക്കും എതിരെ അപകീർത്തികരമായ പ്രസ്താവന നടത്തിയിരിക്കുന്നത് സഭാനേതൃത്വത്തിനെതിരായ ആസൂത്രിത നിലപാടിന്റെ ഭാഗമാണോ എന്ന സംശയവും ഉയർത്തുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നടക്കുന്ന ക്രൈസ്തവ വേട്ടയിലും ന്യൂനപക്ഷ പീഡനങ്ങളിലും, പീഡിതരായവരുടെ പക്ഷം ചേരുന്നതായി പ്രഖ്യാപിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ നിലപാടുകളുടെ വൈരുധ്യവും പൊള്ളത്തരവുമാണ് കേരളത്തിലെ വിവിധ സംഭവങ്ങളിൽ പ്രകടമാകുന്നത്.

ഇരുപതു വർഷം മുമ്പ് ഫിഷിംഗ് ഹാർബർ പണി ആരംഭിച്ചതോടെയാണ് മുതലപ്പൊഴി അപകടമേഖലയായി മാറിയത്. ഇതിനകം എഴുപതോളം മത്സ്യത്തൊഴിലാളികളുടെ ജീവൻ നഷ്ടപ്പെട്ടിട്ടും ഇക്കാലയളവിനുള്ളിൽ ശാശ്വതമായ പ്രശ്നപരിഹാരത്തിന് സർക്കാർ തയ്യാറായിട്ടില്ല എന്നുള്ളതാണ് വാസ്തവം. മത്സ്യത്തൊഴിലാളികളുടെ ജീവനാശത്തിനും എണ്ണമറ്റ അപകടങ്ങൾക്കും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾക്കും പതിവായി കാരണമാകുന്ന മുതലപ്പൊഴിയിലെ ദുരവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തേണ്ട ബാധ്യത സർക്കാരിനാണുള്ളത്. അപകടങ്ങളും ആൾനാശവും സംഭവിക്കുമ്പോൾ മാത്രം വാഗ്ദാനങ്ങളുമായി രംഗപ്രവേശം ചെയ്യുന്ന ജനപ്രതിനിധികൾ ജനങ്ങൾക്കുവേണ്ടി ആത്മാർത്ഥമായി ഇടപെടുന്നവരുടെ വികാരംകൂടി ഉൾക്കൊണ്ടുകൊണ്ട് സത്യസന്ധമായ ഇടപെടലുകൾ നടത്തുകയും പ്രശ്നപരിഹാരത്തിനായി മുന്നിട്ടിറങ്ങുകയുമാണ് ആവശ്യം.

മുതലപ്പൊഴിയിലെ പ്രതിസന്ധികൾ പരിഹരിക്കാൻ സത്വരമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നും, ന്യായമായ ആവശ്യങ്ങൾക്കായി സമരരംഗത്തുള്ളവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ പിൻവലിക്കണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. (12/07/2023)


# കർണാടകയിലെ മതപരിവർത്തന നിരോധന നിയമം പിൻവലിക്കാനുള്ള തീരുമാനം അഭിനന്ദനാർഹം: കെസിബിസി ജാഗ്രത കമ്മീഷൻ

കർണ്ണാടകയിൽ ബിജെപി മന്ത്രിസഭ 2022 ൽ നടപ്പാക്കിയ മതപരിവർത്തന നിരോധന നിയമം പിൻവലിക്കാൻ പുതിയ സർക്കാർ എടുത്ത തീരുമാനം സ്വാഗതാർഹമാണ്. ബിജെപി ഭരിക്കുന്ന വിവിധ സംസ്ഥാനങ്ങളിൽ ഇതിനകം നടപ്പാക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന മതപരിവർത്തന നിരോധന നിയമങ്ങളിൽ കൂടുതൽ ദുരുപയോഗിക്കപ്പെടാൻ ഇടയുള്ള വ്യവസ്ഥകൾ കർണ്ണാടകയിലെ നിയമത്തിൽ ഉൾപ്പെടുത്തപ്പെട്ടിരുന്നു എന്നുള്ളതാണ് വാസ്തവം. കർണ്ണാടകയിൽ ഉൾപ്പെടെ പ്രസ്തുത നിയമം നടപ്പാക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലും നിയമത്തിലെ വിവിധ വകുപ്പുകൾ ദുരുപയോഗം ചെയ്തുകൊണ്ടുള്ള ഒട്ടനവധി വ്യാജ പരാതികൾ രജിസ്റ്റർ ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്. ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരെ ആക്രമണം അഴിച്ചുവിടാനും വൈദികരെയും സന്യസ്തരെയും കയ്യേറ്റം ചെയ്യാനും ചിലർ ഈ നിയമത്തെ മറയാക്കിയിട്ടുള്ള ഒട്ടേറെ സന്ദർഭങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയുടെ ഭരണഘടന ഉറപ്പുനൽകുന്ന മത സ്വാതന്ത്ര്യത്തെ നിരാകരിക്കുന്നതോടൊപ്പം, ഒട്ടേറെ നിരപരാധികളെ കേസുകളിൽ അകപ്പെടുത്താനും കാരണമായിരിക്കുന്ന മതപരിവർത്തന നിരോധന നിയമങ്ങൾ ഹിന്ദുത്വ വർഗ്ഗീയ സംഘടനകൾ തങ്ങളുടെ സ്ഥാപിത താൽപ്പര്യങ്ങൾക്കുവേണ്ടി വ്യാപകമായി ദുരുപയോഗിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളത് വ്യക്തമാണ്. ഇത്തരമുള്ള കരിനിയമങ്ങൾ ഇന്ത്യയുടെ ജനാധിപത്യ വ്യവസ്ഥിതിക്ക് കളങ്കവും ഭരണഘടനയ്ക്ക് വിരുദ്ധവുമാണ്. ഇന്ത്യയിലെ മതേതര സമൂഹത്തിന്റെ സുസ്ഥിതിയും ഭാവിയും സമുദായങ്ങൾ തമ്മിലുള്ള ഐക്യം പരിപോഷിപ്പിക്കേണ്ടതും കണക്കിലെടുത്ത് മതപരിവർത്തന നിരോധന നിയമങ്ങൾ പിൻവലിക്കാൻ മറ്റു സർക്കാരുകളും തയ്യാറാകണം. (17/06/2023)

*ലൈംഗിക ന്യൂനപക്ഷം കൂടി ഉൾപ്പെടുന്ന സമൂഹത്തോട് നമ്മൾ പ്രതിബദ്ധതയുള്ളവരാകണം. സ്വവർഗാനുരാഗ വിവാഹം അവരെ കുടുതൽ ആത്മ പ്രതിസന്ധിയിലേക്കും മാനസിക സമ്മർദത്തിലേക്കും നയിക്കുകയ ഉള്ളു. സ്വവർഗാനുരാഗികളുടെ വിവാഹത്തിന് സാധ്യതയൊരുക്കുന്നത് അങ്ങനെ അവർക്കെതിരേയുള്ള മനുഷ്യാവകാശ ലംഘനമായി മാറുകയാണ്. അതുകൊണ്ടു തന്നെ സ്വവർഗവിവാഹം എല്ലാ അർത്ഥത്തിലും എതിർക്കപ്പെടേണ്ടതുണ്ട്.*

# സ്വവർഗ്ഗ വിവാഹം
## എന്തുകൊണ്ട് എതിർക്കപ്പെടണം?

**മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
*വൈസ് ചെയർമാൻ, കെസിബിസി ജാഗ്രതാ കമ്മീഷൻ*



അറിയപ്പെടുന്ന പല പുരാതന സംസ്കാരങ്ങളും അന്യം നിന്നുപോയത് യുദ്ധങ്ങളോ രാഷ്ട്രീയ അധിനിവേശങ്ങളോ പോലുള്ള സംഭവങ്ങൾ കാരണമല്ല. മറിച്ച് ധാർമിക അധഃപതനം മൂലമാണ്. ഈ പശ്ചാത്തലത്തിൽ വേണം സ്വവർഗ വിവാഹത്തിന് നിയമസാധുത ലഭിക്കുന്നതിനായി കോടതിയുടെ പരിഗണയിലിരിക്കുന്ന ഹർജികളെ കാണാൻ. ഈ വിഷയത്തിന്റെ പ്രത്യേകതയും പ്രാധാന്യവും പരിഗണിച്ചുകൊണ്ട് സുപ്രീം േകാടതിയുടെ ഫുൾ ബെഞ്ചാണ് ഇപ്പോൾ ഈ ഹർജികൾ പരിഗണിക്കുന്നത്. ഭാര്യാഭർത്താക്കന്മാരായി ഒന്നിച്ചു ജിവിക്കുന്നതിനുള്ള അവകാശങ്ങൾ സ്വവർഗാനുരാഗികൾക്ക് ലഭ്യമല്ല. കുട്ടികളെ ദത്തെടുക്കുന്നതിനും സ്വത്തിന്റെ പാരമ്പര്യ അവകാശം ലഭി ക്കുന്നതിനും ജീവനാംശം ലഭിക്കുന്നതിനുമൊക്കെ വേണ്ടിയാണ് സ്വവർഗ വിവാഹത്തിന് നിയമസാധുത നൽകണമെന്ന വാദവുമായി ഇവർ കോടതിയെ സമിപിക്കുന്നത്.

**സുപ്രീംകോടതി വിധി**

2018 സെപ്റ്റംബർ ആറിനാണ് സ്വവർഗ ലൈംഗികതയെ കുറ്റകൃത്യങ്ങളുടെ പട്ടികയിർനിന്നു നീക്കി, പ്രായപൂർത്തിയാകാത്ത രണ്ടു വ്യക്തികളുടെ ഉഭയസമ്മത പ്രകാരമുള്ള സ്വവർഗരതി കുറ്റകരമല്ലാതെയാക്കി സുപ്രീം കോകാടതി വിധി പ്രസ്താവിച്ചത്. പ്രായപൂർത്തിയാകാത്ത ആളുമായുള്ള സ്വവർഗരതി നിയമവിരുദ്ധമായിതന്നെ സിവിൽ നിയമം കണക്കാക്കുകയും നിയമപരവും ധാർമികവുമായ അസ്വീകാര്യത കല്പിക്കുകയും ചെയ്തിട്ടുണ്ട്.

അതേസമയം സ്വവർഗ വിവാഹങ്ങളെ നിയമപരമായി അംഗീകരിക്കാനുള്ള അപേക്ഷയിൽ 2023 മാർച്ച് 3 മുതൽ സുപ്രീം കോടതി വാദം കേട്ടുകൊണ്ടിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ കുറ്റവും ധാർമികതയും തമ്മിലുള്ള അന്തരം ശ്രദ്ധേയമാണ്. നിയമമനുസരിച്ച് പ്രായപൂർത്തിയായ രണ്ടു വ്യക്തികൾ തമ്മിലുള്ള സ്വവർഗരതി കുറ്റകരമല്ല എന്നിരിക്കിലും ധാർമികമായി അതു സ്വീകാര്യമല്ല. സിവിൽ നിയമമനുസരിച്ച് കുറ്റകരമല്ലാത്ത എല്ലാ പ്രവർത്തനങ്ങളും ധാർമികമായി നിലനിൽക്കുന്നതല്ല എന്നതാണ് ഇതിന്റെ അടിസ്ഥാനം.

**വിവാഹവും സ്വവർഗ വിവാഹവും**

വിവാഹം എന്നാൽ വരുംതലമുറകളെയടക്കം നിലനിർത്തുന്ന സാമൂഹികവും നിയമപരവുമായ ഒരു സംവിധാനമാണ്. ഈ മാനദണ്ഡ പ്രകാരം തന്നെയാണ് സമൂഹത്തിൽ വിവാഹ ബന്ധങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുള്ളതും. അത്തരം വിവാഹ ബന്ധങ്ങ

ൾക്കാണ് നിയമപരമായ അംഗീകാരമുള്ളതും ഉണ്ടാകേണ്ടതും. ഭരണഘടന വിഭാവനം ചെയ്യുന്നതനുസരിച്ച് സ്ത്രീപുരുഷന്മാർ തമ്മിലുള്ള വിവാഹബന്ധത്തിനാണ് നിയ മപരിരക്ഷയുള്ളത്. 1954 ലെ സ്പെഷൽ മാര്യേജ് നിയമത്തിൽ അനുശാസിക്കുന്ന വ്യത്യസ്ത മതങ്ങളിൽപ്പെട്ടവരുടെ വിവാഹങ്ങളെ സാധൂകരിക്കാൻ വേണ്ടി ഏതെങ്കിലും രണ്ടു വ്യക്തികൾ തമ്മിലുള്ള വിവാഹത്തിന് നിയമപ്രാബല്യം നൽകുന്ന വ്യവസ്ഥയിൽ സ്ത്രീയും പുരുഷനും എന്ന വ്യവസ്ഥ കാണുന്നില്ല. മറിച്ച് 'രണ്ടു വ്യക്തികൾ തമ്മിൽ' എന്ന പദത്തെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് ഇവരുടെ വാദമുഖങ്ങൾ. വിവാഹ മെന്നത് എല്ലാക്കാലത്തും സ്ത്രീയും പുരുഷനും തമ്മിൽ മാത്രമായിരുന്നു എന്ന സത്യത്തെയാണ് ഈ നിയമം രൂപപ്പെടുത്തിയപ്പോഴും വിവക്ഷിച്ചിരിക്കുന്നത് എന്നുള്ളത് നിയമനിർമാതാക്കളുടെ അടക്കമുള്ള മനുഷ്യകുലത്തിന്റെ സ്വാഭാവികമായ ചിന്തകളെ വെളിവാക്കുന്നതാണ്. അതുകൊണ്ടുതന്നെയാണ് കേന്ദ്ര സർക്കാർ സ്വവർഗ വിവാഹത്തെ ശക്തമായി കോടതിയിൽ എതിർത്തുകൊണ്ട് സത്യവാങ്മൂലം നൽകിയിരിക്കുന്നത്. മത സംഘടനകളിൽ ഏറിയപങ്കും സ്വവർഗ വിവാഹത്തിന് നിയമസാധുത നൽകുന്നതിനെതിരാണ്. നമ്മുടെ സാംസ്കാരിക മൂല്യങ്ങൾക്കും പാരമ്പര്യങ്ങൾക്കും വിരുദ്ധമാണ് സ്വവർഗ വിവാഹമെന്ന് ഇന്ത്യയിലെ മഹാഭൂരിപക്ഷം ജനങ്ങളും വിശ്വസിക്കുന്നു.

**കത്തോലിക്കാ സഭയുടെ നിലപാട്**

കത്തോലിക്കാ സഭയുടെ നിലപാടനുസരിച്ച് സ്വവർഗ വിവാഹങ്ങളും പെരുമാറ്റങ്ങളും ധാർമികമായി അംഗീകരിക്കാവുന്നതല്ല. കാരണം അത് മനുഷ്യ ലൈംഗികതയുടെ അടിസ്ഥാനതത്വങ്ങളായ പ്രത്യുത്പാദനത്തെയും വിവാഹം വഴിയുള്ള ദാമ്പത്യധർമത്തിലൂടെ പരസ്പരം ലയിച്ച് ദമ്പതികൾക്ക് സ്നേഹസമ്പൂർണത പ്രാപി ക്കുവാനുള്ള അവസരത്തെയും നിഷേധിക്കുന്നു.

**ശാസ്ത്രീയ മുഖം**

ഒരു വ്യക്തിയിൽ സ്വവർഗാനുരാഗം രൂപപ്പെടുന്നതിനുള്ള കാരണങ്ങൾ കണ്ടെത്താൻ ശാസ്ത്രത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല എന്നതാണു വാസ്തവം. ഈ കാരണങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയവും ആധികാരികവുമായ പഠനവും പരിഹാരനിർദേശങ്ങളും പുറത്തുവിടുന്നതിനു പകരം അത്തരത്തിലുള്ള യാതൊരു പഠനറിപ്പോർട്ടിന്റെയും പിൻബലമില്ലാതെ അമേരിക്കൻ സൈക്യാട്രി അസോസിയേഷന്റെ വോട്ടിംഗ് സംവിധാനത്തിലൂടെയാണ് സ്വവർഗാനുരാഗത്തെ ഒരു വ്യക്തിയുടെ സാധാരണ സ്വഭാവമായി പ്രഖ്യാപിച്ചത്.

ചെറുപ്പം മുതലേ ഒരാളുടെ സ്വവർഗ ലൈംഗികതയിലേക്കുള്ള ചായ്വും സ്വവർഗ ലൈംഗികതയെ സ്വയം തെരഞ്ഞെടുത്തു ജീവിക്കുന്ന പ്രവണതയും വ്യത്യസ്തമായി കാണണം. സ്വവർഗ ലൈംഗിക പ്രവർത്തനങ്ങൾ വസ്തുതാപരമായി തെറ്റും ധാർമികമായി അംഗീകരിക്കപ്പെടാൻ കഴിയാത്തതുമാണ്. പുരുഷന്റെയോ സ്ത്രീയുടെയോ വ്യക്തിത്വത്തെ മാനിക്കുമ്പോൾത്തന്നെ അയാളിൽ ഉടലെടുത്തിരിക്കുന്ന ഈ സ്വഭാവബലഹീനതയെ



ധാർമികമായി അംഗികരിക്കാൻ കഴിയുക യില്ല. പുരുഷന്റെയോ സ്ത്രീയുടെയോ സ്വാഭാവികമായ ലൈംഗിക പ്രക്രിയയ്ക്ക് വിരുദ്ധമായി അയാളിൽ കുടികൊള്ളുന്ന പോരായ്മയെ കണ്ടെത്തി തിരുത്തിക്കൊടുക്കേണ്ടതിനു പകരം ഇത്തരമൊരു സ്വഭാവം തന്നെ സ്വാഭാവിക പ്രകിയയായി ചിത്രീകരിക്കാനുള്ള പരിശ്രമം പല കാരണങ്ങളാൽ ശാസ്ത്രീയമായി നിലനിൽക്കുന്നതല്ല.

- ഇത് സാധാരണ സ്വഭാവമാണെന്ന് വോട്ടിനിട്ടു തിരുമാനിക്കേണ്ട ഒന്നല്ല.
- ഈ മേഖലയിലേ ഗവേഷണങ്ങൾ പരിപോഷിപ്പിക്കപ്പെടുന്നില്ല.
- ഇത്തരം സ്വഭാവ സവിശേഷതയുള്ളവരെ ശാസ്ത്രീയമായി ചികിത്സയ്ക്കു വിധേയമാക്കുവാൻ സമ്മതിക്കുന്നില്ല.
- ഇത്തരം വിഭാഗക്കാർ അനുഭവിക്കുന്ന കടുത്ത മനുഷ്യാവകാശ ധ്വംസനങ്ങൾ ശ്രദ്ധിക്കപ്പെടാതെ പോകുന്നു.

**സ്വവർഗ്ഗ വിവാഹിതരുടെ മനുഷ്യാവകാശ ലംഘനങ്ങൾ**

ഒന്നാമതായി, സ്വവർഗാനുരാഗികൾ വിവാഹിതരാകുമ്പോൾ അവരിലെ നിലവിലുള്ള ജന്മസിദ്ധമായ ശാരിരിക വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരാൾക്ക് ഭാര്യയുടെയും മറ്റേയാൾക്കു ഭർത്താവിന്റെയും റോൾ ഏറ്റെടുക്കേണ്ടിവരു ന്നു. ഇത് അവരെ ശാരീരികമായും മാനസികമായും സമ്മർദത്തിലാക്കുന്നു. ഇത് അവരുടെ വ്യക്തിജിവിതത്തെയും സാമൂഹ്യജിവിതത്തെയും കൂടുതൽ സംഘർഷത്തിലും സമ്മർദത്തിലുമാക്കുന്നു. കടുത്ത മനുഷ്യാവ കാശ ലംഘനമാണിത്. അതിനാൽ സ്വവർഗവിവാഹം അനുവദിക്കപ്പെട്ടുകുടാ.

രണ്ടാമത്, ലൈംഗിക ന്യൂനപക്ഷം എന്നനിലയിൽ സ്വവർഗാനുരാഗികൾക്ക് കൂടുതൽ പരിഗണനയും കരുതലും ലഭ്യമാക്കപ്പെടേണ്ടതുണ്ട്. രണ്ടു പങ്കാളികളും സ്വവർഗാനുരാഗികൾ ആയ ഒരു ദാമ്പത്യവ്യവസ്ഥയിൽ ഈ കരുതലും സംരക്ഷണവും തൃപ്തികരമായ വിധത്തിൽ ലഭ്യമാക്കുക സാധ്യമല്ല. അതിനാൽ ഇരു പങ്കാളികളും അനുഭവിക്കേണ്ടിവരുന്ന മാനസികവും ശാരീരികവും വ്യക്തിപരവുമായ സമ്മർദം അവരെ മാനസിക തകർച്ചയിലേക്കു നയിച്ചേക്കാം. അത് അവരുടെ ദാമ്പത്യത്തെ യും സാമൂഹ്യ ജീവിതത്തെയും ബാധിക്കാനിടയുണ്ട്. അതുകൊണ്ടുതന്നെ സ്വവർഗവിവാഹം കടുത്ത മനുഷ്യാവകാശ ലംഘനമാണ്. അതിനാൽ സ്വവർഗ വിവാഹം അനുവദിക്കപ്പെടരുത്.

മൂന്നാമത്, ഏതൊരു വിവാഹത്തിന്റെയും ഉപോത്പന്നമാണല്ലോ അവർക്കുണ്ടാകുന്ന കുട്ടികൾ. സ്വവർഗ വിവാഹത്തിൽ കുട്ടികൾ ഉണ്ടാകാൻ ഇടയില്ലാത്തതുകൊണ്ടുതന്നെ അവർ മാനസികമായും ദാമ്പത്യപരമായും തീവ്രമായ വിഷാദത്തിലേക്കും ആത്മനിന്ദയിലേക്കും അതുവഴി മാനസിക സമ്മർദത്തിലേക്കും എത്തിപ്പെടാൻ സാധ്യതയുണ്ട്. ഇത് അവരെ സാമൂഹ്യമായി ഉൾവലിയാനും ഒറ്റപ്പെട്ടവരെന്ന തോന്നൽ അവരിൽ ഉളവാക്കാനും കാരണമായേക്കാം. അവരുടേതല്ലാത്ത കാരണത്താൽ സംഭവിക്കപ്പെടുന്ന ഈ അവസ്ഥ കടുത്ത മനുഷ്യാവകാശ ലംഘനമാണ്. അതിന് വഴിവച്ചു കൊടുക്കുന്ന കാരണമായി സ്വവർഗവിവാഹം മാറുകയാണ്! അങ്ങനെ കടുത്ത മനുഷ്യാവകാശ ലംഘനമായി മാറാനിടയുള്ള സ്വവർഗവിവാഹം അനുവദിക്കപ്പെടാൻ ഇടയാകരുത്.

നാലാമത്, ഏതൊരു വ്യക്തിയുടെയും ലൈംഗികവ്യക്തിത്വവും മാനസികാവസ്ഥയും തമ്മിൽ ഏറെ ബന്ധമുണ്ട് എന്നത് ഒട്ടേറെ ഗവേഷണങ്ങളിലൂടെ തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതയാണ്. സ്വവർഗാനുരാഗികൾക്ക് മാനസികവും പെരുമാറ്റപരവും പരിഗണനാപരവുമായ കൂടുതൽ മുൻഗണന നമ്മൾ കൊടുക്കുന്നത് അവരുടെ വളരെ സെൻസിറ്റിവായ വൈകാരിക തലം കൂടി കണക്കിലെടുത്തു കൊണ്ടാണല്ലോ. അതുകൊണ്ടുതന്നെ ഒട്ടും മനഃപൂർവമല്ലാതെ വൈകാരികമായ ഏറ്റക്കുറച്ചിലുകൾക്ക് സ്വയമേവ എപ്പോഴും വിധേയപ്പെട്ടു പോകുന്നവരാണ് സ്വവർഗാനുരാഗികൾ. വൈകാരിക പക്വത ഏറ്റവുമധികം ആവശ്യമുള്ള ദാമ്പത്യജീവിതത്തിലേക്ക് അവർക്ക് വഴിയൊരുക്കുന്നത് അവരുടെ വ്യക്തിത്വങ്ങളെ അസ്വസ്ഥമാക്കാനിടയുണ്ട് എന്നത് വ്യക്തമാണ്.

ലൈംഗിക ന്യൂനപക്ഷം കൂടി ഉൾപ്പെടുന്ന സമൂഹത്തോട് നമ്മൾ പ്രതിബദ്ധതയുള്ളവരാകണം. സ്വവർഗാനുരാഗ വിവാഹം അവരെ കൂടുതൽ ആത്മപ്രതിസന്ധിയിലേക്കും മാനസിക സമ്മർദത്തിലേക്കും നയിക്കുകയ ഉള്ളൂ. സ്വവർഗാനുരാഗികളുടെ വിവാഹത്തിന് സാധ്യതയൊരുക്കുന്നത് അങ്ങനെ അവർക്കെതിരേയുള്ള മനുഷ്യാവകാശലംഘനമായിമാറുകയാണ്.അതുകൊണ്ടുതന്നെ സ്വവർഗവിവാഹം എല്ലാ അർത്ഥത്തിലും എതിർക്കപ്പെടേണ്ടതുണ്ട്.

■

# നിരീക്ഷണം

*അതിക്രമങ്ങളും അതിന്റെ രൂക്ഷതയും നാൾക്കുനാൾ വർധിച്ചുവരുന്ന അവസ്ഥ ഈ ജനാധിപത്യ രാജ്യത്തിന് ഭൂഷണമല്ല. അടിസ്ഥാനരഹിതമായ ആരോപ ണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള അതിക്രമങ്ങൾ കൂടിക്കൊണ്ടിരിക്കുന്നത് വി വിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നൂറുകണക്കിന് സ്ഥാപനങ്ങളുടെ ഭാവിയെയും അവിടെ പ്രവർത്തിക്കുന്നവരുടെ സുരക്ഷിതത ത്തെയും ആശങ്കയിൽ അകപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ഭരണകൂടങ്ങൾ വ്യക്ത മായ ഒരു വിശദീകരണം സമൂഹത്തിന് നൽകേണ്ടതുണ്ട്. അഗതികളും രോഗി കളുമായവർക്കുവേണ്ടി ജീവിതം മാറ്റിവച്ചിരിക്കുന്ന ഒരു വലിയ വിഭാഗമാണ് കരിനിയമങ്ങൾ ദുരുപയോഗിച്ച് വേട്ടയാടപ്പെടുന്നത്.*

## ദേശീയ ബാലാവകാശ കമ്മീഷന്റെ
# ക്രൈസ്തവ വിദ്വേഷം

ദേശീയ ബാലാവകാശ കമ്മീഷൻ ചെയർമാനായ പ്രിയങ്ക് കനുംഗോയുടെ ക്രൈസ്തവ സ്ഥാപനങ്ങളോടുള്ള പ്രതി കാര ബുദ്ധിക്ക് ഉദാഹരണങ്ങൾ ഏറെ യുണ്ട്. 2021 ൽ ഡിസംബറിലും നവംബ റിലുമായി ഗുജറാത്തിലെയും, മധ്യപ്ര ദേശിലേയും രണ്ടു സ്ഥാപനങ്ങൾക്കെതിരെ നടത്തിയ നീക്കങ്ങൾ അക്കാലത്ത് വിവാദമാ യി മാറിയിരുന്നു. ഒരു ഇടവേളയ്ക്ക് ശേഷം മധ്യപ്രദേശിലെ സാഗറിന് സമീപം നൂറ്റമ്പത് വർഷത്തെ പഴക്കമുള്ള സെന്റ് ഫ്രാൻസി സ് സേവാധാം ഓർഫനേജിൽ അതിക്ര മിച്ചുകയറി അനധികൃത റെയ്ഡ് നടത്തി യിരിക്കുകയാണ് കമ്മീഷൻ ചെയർമാനും സംഘവും. ഓഫീസ് മുറികളും ദേവാലയ വും അലങ്കോലപ്പെടുത്തുകയും ഭീകരാന്തരീ ക്ഷം സൃഷ്ടിക്കുകയും ചെയ്ത ഉദ്യോഗസ്ഥ രെ ചോദ്യം ചെയ്ത വൈദികർക്ക് മർദ്ദനമേൽക്കുകയുമുണ്ടായി. സിസിടിവിയും കമ്പ്യൂട്ടറുകളും തകരാറിലാക്കിയ അവർ ഫോണുകളും രേഖകളും മറ്റും പിടിച്ചെടു ത്തു. കസ്റ്റഡിയിൽ എടുത്ത വൈദികരെ



മണിക്കൂറുകൾക്ക് ശേഷമാണ് വിട്ടയയ്ക്കാൻ തയ്യാറായത്.

തികഞ്ഞ ക്രൈസ്തവ വിരോധത്തിന്റെ ഭാഗമാണ് ഈ നടപടികൾ എന്നുള്ളത് വളരെ വ്യക്തം. ഒന്നര നൂറ്റാണ്ടായി പ്രവർത്തിച്ചുവരുന്ന പ്രശസ്തമായ ഒരു സ്ഥാപനത്തിനെതിരെയുള്ള ഇത്തരം നീക്കങ്ങൾ അപലപനീയമാണ്. പ്രസ്തുത ഓർഫനേജിന്റെ രജിസ്ട്രേഷൻ പുതുക്കാനുള്ള അപേക്ഷ പരിഗണിക്കാൻ വൈകിപ്പിച്ച് അടച്ചുപൂട്ടിക്കാനുള്ള ആസൂത്രിതമായ ശ്രമങ്ങളാണ് കഴിഞ്ഞ ചില വർഷങ്ങളായി നടന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി, ഓർഫനേജിന് അംഗീകാരമില്ലെന്ന് ചൂണ്ടിക്കാണിച്ച് കുട്ടികളെ അവിടെനിന്ന് മാറ്റിപ്പാർപ്പിക്കാനുള്ള ശ്രമങ്ങൾ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായത് ജബൽപൂർ ഹൈക്കോടതി 2021 ൽ സ്റ്റേ ചെയ്തിരുന്നു. ആ പശ്ചാത്തലത്തിൽ പ്രതികാരബുദ്ധിയോടെയുള്ള നീക്കങ്ങളാണ് ദേശീയ ബാലാവകാശ കമ്മീഷൻ നടത്തിവരുന്നത്. ഇത്രയേറെ വർഷങ്ങൾ ചരിത്രമുള്ള സ്ഥാപനങ്ങൾക്കെതിരെ പോലും ഏകപക്ഷീയമായ നീക്കങ്ങൾ നടത്തി അടച്ചുപൂട്ടിക്കാൻ ശ്രമിക്കുന്നത് പ്രതിഷേധാർഹമാണ്.

തുടർച്ചയായ രണ്ടാം തവണയും ബാലാവകാശ കമ്മീഷൻ ചെയർമാൻ സ്ഥാനത്ത് തുടരുന്ന കനോംഗോ പലപ്പോഴും വാർത്തകളിൽ ഇടം നേടുന്നത് ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരെയുള്ള നീക്കങ്ങൾ വഴിയായാണ്. കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുകയും, അവർക്കെതിരേയുള്ള അതിക്രമങ്ങൾ തടയു



*പ്രിയങ്ക് കാനോങ്കോ*

**“ കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുകയും, അവർക്കെതിരേയുള്ള അതിക്രമങ്ങൾ തടയുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 2007 ൽ കേന്ദ്ര വനിതാ ശിശു ക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തനം ആരംഭിച്ച ബാലാവകാശ കമ്മീഷൻ ഈ കാലഘട്ടത്തിൽ തെറ്റായ ദിശയിലാണ് സഞ്ചരിക്കുന്നത് എന്ന് വ്യക്തം.**

കയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 2007 ൽ കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തനം ആരംഭിച്ച ബാലാവകാശ കമ്മീഷൻ ഈ കാലഘട്ടത്തിൽ തെറ്റായ ദിശയിലാണ് സഞ്ചരിക്കുന്നത് എന്ന് വ്യക്തം. നൂറ്റാണ്ടുകളായി ഇന്ത്യയിലെമ്പാടും അനാഥർക്കും രോഗികൾക്കും പാവപ്പെട്ടവർക്കും ഇടയിൽ നിസ്വാർത്ഥമായ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന കാതോലിക്കാ സഭയ്ക്കും മിഷനറിമാർക്കും എതിരെ പലപ്പോഴായിഉയർത്തുന്ന അടിസ്ഥാനരഹിത ആരോപണങ്ങളും അനുബന്ധ നീക്കങ്ങളും ദുരൂഹമാണ്. വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കിടയിൽ ക്രൈസ്തവർക്കെതിരെ വർധിച്ചുകൊണ്ടിരിക്കുന്ന അതിക്രമങ്ങളുടെ ഭാഗമായേ ഇത്തരം പ്രവർത്തനങ്ങളെയും കണക്കാക്കാൻ കഴിയുകയുള്ളൂ. ചില തീവ്ര വർഗീയ സംഘടനകളുടെ ഗൂഢലക്ഷ്യങ്ങൾക്ക് ഭരണകൂടങ്ങളും സർക്കാർ സംവിധാനങ്ങളും കൂട്ടുനിൽക്കുന്നത് ഖേദകരമാണ്.

ഏറ്റവും ഒടുവിൽ, 2021 ഡിസംബർ 13ന് ഗുജറാത്തിലെ വഡോദരയിൽ മകർപുര എന്ന ഉൾപ്രദേശത്ത് മാതൃകാപരമായി പ്രവർത്തിച്ചുവരുന്ന മിഷനറീസ് ഓഫ് ചാരിറ്റി സന്യാസിനീ സമൂഹത്തിന്റെ അഗതിമന്ദിരത്തിനും, അതിന് ഒരു മാസം മുമ്പ് മധ്യപ്രദേശിലെ ഇന്റ്ഖേരിയിൽ സിസ്റ്റേഴ്സ് ഓഫ് ജീസസ് സന്യാസിനീ സമൂഹം നടത്തിവന്നിരുന്ന പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലിനും എതിരെ യുക്തിരഹിതമായ കുറ്റാരോപണങ്ങൾ നടത്തി കേസ് ചാർജ്ജ് ചെയ്യാൻ കാരണമായതും ദേശീയ ബാലാവകാശ

കമ്മീഷൻ ചെയർമാന്റെ ദുരൂഹമായ ഇടപെടൽ ആണ്. ആ രണ്ട് സംഭവങ്ങളും ഒടുവിൽ ഇപ്പോൾ മധ്യപ്രദേശിലെ സാഗറിൽ നടന്ന സംഭവത്തിനും ഏറെ സാമ്യങ്ങളുണ്ട്. രണ്ട് സംസ്ഥാനങ്ങളിൽ നടന്ന മൂന്ന് സംഭവങ്ങൾ തമ്മിലുള്ള സമാനത വെളിപ്പെടുത്തുന്നത് അവയുടെ ആസൂത്രിത സ്വഭാവം തന്നെയാണ്.

സെന്റ് ഫ്രാൻസിസ് സേവാധാം ഓർഫനേജിൽ നടന്നതിന് സമാനമായി മറ്റു രണ്ട് സ്ഥാപനങ്ങൾക്കെതിരായി കുറ്റങ്ങൾ ചുമത്തുന്നതിന് മാസങ്ങൾക്ക് മുമ്പേ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടന്നിരുന്നു. അത്തരമൊരു പരിശോധനയിൽ നിർബ്ബന്ധമായി പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങൾ പലതും അവിടെയും പാലിച്ചിരുന്നില്ല എന്നതോടൊപ്പം, ചില മുൻവിധികളോടെയാണ് പരിശോധന നടന്നതെന്നും ദൃക്സാക്ഷികൾ വ്യക്തമാക്കിയിരുന്നു. ഇന്റ്ഖേരിയിലെ പെൺകുട്ടികൾ മാത്രമുള്ള ഹോസ്റ്റലിൽ പരിശോധന നടത്തിയത് വനിതാ ഉദ്യോഗസ്ഥരുടെയും അന്തേവാസികളുടെയും സാന്നിധ്യമില്ലാതെ നിയമവിരുദ്ധമായാണ്. പ്രസ്തുത പരിശോധനകളിൽ അവർ പ്രത്യേകമായി തെരഞ്ഞ് കണ്ടെടുത്തത് ഏതാനും ബൈബിളുകളും, പ്രാർത്ഥനാ പുസ്തകങ്ങളുമാണ്. ഇരു സ്ഥാപനങ്ങളിലും അപൂർവ്വമായുണ്ടായിരുന്ന ക്രിസ്ത്യൻ അന്തേവാസികളുടെയും, സന്യസ്തരുടെ തന്നെയും വ്യക്തിപരമായ ഉപയോഗത്തിന് അവർ സൂക്ഷിച്ചിരുന്നവയായിരുന്നു അതൊക്കെ. ഇക്കാര്യം പ്രാഥമികാന്വേഷണത്തിൽ തന്നെ വ്യക്തമായിരുന്നെങ്കിൽ തന്നെയും ആ സ്ഥാപനങ്ങളിൽ മതപരിവർത്തനം നടക്കുന്നുണ്ട് എന്ന ആരോപണമാണ് പ്രിയങ്ക് കാനോങ്കോ തുടർന്ന് ഉന്നയിച്ചത്. അത്തരത്തിലുള്ള തന്റെ സംശയങ്ങൾ സൂചിപ്പിച്ചുകൊണ്ട് ആദ്യ രണ്ട് അവസരങ്ങളിലും അദ്ദേഹം ജില്ലാകലക്ടർമാർക്ക് കത്ത് നൽകുകയും തുടർ അന്വേഷണവും നടപടികളും ആവശ്യപ്പെടുകയുണ്ടായിരുന്നു.

രണ്ട് സംഭവങ്ങളിലും ജില്ലാ കലക്ടർമാരുടെ നിർദ്ദേശത്തെ തുടർന്ന് ബന്ധപ്പെട്ട അധികാരികൾ (പോലീസ്, ചൈൽഡ് വെൽഫെയർ, സോഷ്യൽ വെൽഫെയർ ഉദ്യോഗസ്ഥർ തുടങ്ങിയവർ) സംയുക്തമായും അല്ലാതെയും വിശദമായ പരിശോധനകളും അന്വേഷണങ്ങളും നടത്തുകയും സ്ഥാപനങ്ങളുടെ നടത്തിപ്പിനുള്ള തങ്ങളുടെ സംതൃപ്തി സിസ്റ്റേഴ്സിനെ അറിയിക്കുകയും ചെയ്യുകയുണ്ടായി. രണ്ട് സംഭവങ്ങളിലും സന്യസ്തർ ചെയ്യുന്ന സ്തുത്യർഹമായ സേവനം കണ്ട് ബോധ്യപ്പെട്ട് തങ്ങളുടെ അഭിനന്ദനങ്ങൾ കൂടി അറിയിച്ചാണ് ചില ഉദ്യോഗസ്ഥർ മടങ്ങിയത്. അന്വേഷണങ്ങളിലോ തുടർപരിശോധനകളിലോ, അന്തേവാസികളെ ചോദ്യം ചെയ്തതിലോ അസ്വാഭാവികമായോ ആരോപണങ്ങളെ സാധൂകരിക്കുന്ന തരത്തിലോ ഒന്നുംതന്നെ കണ്ടെത്താൻ അന്വേഷകർക്ക് കഴിഞ്ഞില്ല. അക്കാര്യവും അവർതന്നെ സിസ്റ്റേഴ്സിനോട് വ്യക്തമാക്കുകയുണ്ടായി.

എന്നാൽ അപ്രതീക്ഷിതമായി ചില ദിവസങ്ങൾക്ക് ശേഷം തങ്ങൾക്കെതിരെ കേസ് എടുത്തതായാണ് ഇരു സംഭവങ്ങളിലും സിസ്റ്റേഴ്സ് അറിഞ്ഞത്. വാസ്തവവിരുദ്ധമാണെന്ന് പരിശോധകർക്ക് ബോധ്യപ്പെട്ട അതേ കുറ്റങ്ങൾ തന്നെ ഇരുകൂട്ടർക്കും എതിരെ ചുമത്തപ്പെടുകയാണുണ്ടായത്. തങ്ങൾക്ക് മേലുള്ള രാഷ്ട്രീയ സമ്മർദ്ദംകൊണ്ട് കേസെടുക്കാൻ നിർബ്ബന്ധിതരായി എന്ന് പരിചയക്കാരായ ചില ഉദ്യോഗസ്ഥർ സിസ്റ്റേഴ്സിനോട് തുറന്ന് പറയുകയുണ്ടായി. ഒരുമാസം മുമ്പ് നടന്ന സംഭവവികാസങ്ങളെ തുടർന്ന് മധ്യപ്രദേശിലെ ഇന്റ്ഖേരിയിൽ, ഉൾഗ്രാമങ്ങളിലെ പാവപ്പെട്ട പെൺകുട്ടികൾ

> **“ സെന്റ് ഫ്രാൻസിസ് സേവാധാം ഓർഫനേജിൽ നടന്നതിന് സമാനമായി മറ്റു രണ്ട് സ്ഥാപനങ്ങൾക്കെതിരായി കുറ്റങ്ങൾ ചുമത്തുന്നതിന് മാസങ്ങൾക്ക് മുമ്പേ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടന്നിരുന്നു. അത്തരമൊരു പരിശോധനയിൽ നിർബ്ബന്ധമായി പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങൾ പലതും അവിടെയും പാലിച്ചിരുന്നില്ലഎന്നതോടൊപ്പം, ചില മുൻവിധികളോടെയാണ് പരിശോധന നടന്നതെന്നും ദൃക്സാക്ഷികൾ വ്യക്തമാക്കിയിരുന്നു.**

ക്ക് വേണ്ടി നടത്തിവന്നിരുന്ന ഹോസ്റ്റൽ പൂട്ടിയിടാൻ സന്യസ്തർ നിർബ്ബന്ധിതരായിരുന്നു. സമാനമായ നാടകീയ സംഭവങ്ങളിലൂടെ കടന്നു പോകുന്ന ഗുജറാത്തിലെ അഗതിമന്ദിരവും തങ്ങളുടെ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് അടച്ചുപൂട്ടിക്കാനാണ് ചിലരുടെ ശ്രമം എന്ന് വ്യക്തം. ഇവിടെ വ്യക്തമാകുന്നത്, ഉന്നത പദവികളെ തങ്ങളുടെ സ്ഥാപിത താല്പര്യങ്ങൾക്കായും ഗൂഢ ലക്ഷ്യങ്ങൾക്കായും വർഗ്ഗീയ ശക്തികൾ ദുരുപയോഗിക്കുണ്ടെന്നുള്ളതും, അത്തരം സ്ഥാനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ പോലും രാഷ്ട്രീയ താൽപ്പര്യങ്ങളെ മുൻനിർത്തി അവിഹിതമായി നടത്തുന്നുണ്ട് എന്നുള്ളതുമാണ്.

വളരെ വർഷങ്ങൾക്ക് മുമ്പ് മുതൽ കത്തോലിക്കാ വൈദികരുടെയും സന്യസ്തരുടെയും നേതൃത്വത്തിൽ പാവപ്പെട്ടവരും അനാഥരും രോഗികളും വൃദ്ധരുമായവർക്ക് വേണ്ടി നിസ്വാർത്ഥമായി നടത്തപ്പെടുന്ന ഒട്ടേറെ ഭവനങ്ങളിൽ ചിലവ മാത്രമാണ് മേൽപ്പറഞ്ഞവ. ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കുന്നവർക്ക് പോകാൻ മറ്റൊരു ഇടവുമില്ല എന്നും ഇറങ്ങിപ്പോകേണ്ടിവന്നാൽ അവരുടെ ജീവിതം തന്നെ വഴിമുട്ടുമെന്നും വ്യക്തമായി മനസിലാക്കിയ അധികാരികൾ തന്നെയാണ് അവ അടച്ചുപൂട്ടിക്കാൻ കരുക്കൾ നീക്കുന്നത്. തങ്ങളുടെ അധികാരം ഉപയോഗിച്ച് പാവപ്പെട്ടവരുടെയും അവരുടെ സംരക്ഷകരുടെയും മേലുള്ള കടന്നുകയറ്റമാണ് ഇവിടെ സംഭവിക്കുന്നത്. രാഷ്ട്രീയവും വർഗ്ഗീയവുമായ ഗൂഢലക്ഷ്യങ്ങളോടെ ചിലർ തകർക്കാൻ ശ്രമിക്കുന്നത് ആരും താങ്ങാനില്ലാത്ത അനേകായിരങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളുമാണെന്ന് വ്യക്തം. വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള മതംമാറ്റ നിരോധന നിയമങ്ങളാണ് പലപ്പോഴും ദുരുപയോഗിക്കപ്പെട്ടിരിക്കുന്നത്. മതപരവും വർഗ്ഗീയവുമായ ചിലരുടെ അസഹിഷ്ണുത അധികാര ദുർവിനിയോഗത്തിലൂടെ വെളിപ്പെടുന്നു. അതിന് ആയുധമാകുന്നതോ, ഉദ്ദേശ്യശുദ്ധി പലപ്പോഴും ചോദ്യംചെയ്യപ്പെട്ടിട്ടുള്ള പുതിയ നിയമങ്ങളും. മതംമാറ്റ നിരോധന നിയമങ്ങൾ നടപ്പാക്കപ്പെടുകയോ, നടപ്പാക്കാൻ ഒരുക്കങ്ങൾ നടത്തുകയോ ചെയ്തിട്ടുള്ള എല്ലാ സംസ്ഥാനങ്ങളിലും ക്രൈസ്തവർക്കും കത്തോലിക്കാ സ്ഥാപനങ്ങൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചിട്ടുണ്ട് എന്ന് നിരവധി റിപ്പോർട്ടുകളുണ്ട്.

ഇതുപോലുള്ള അതിക്രമങ്ങളും അതിന്റെ രൂക്ഷതയും നാൾക്കുനാൾ വർധിച്ചു വരുന്ന അവസ്ഥ ഈ ജനാധിപത്യ രാജ്യത്തിന് ഭൂഷണമല്ല. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള അതിക്രമങ്ങൾ കൂടിക്കൊണ്ടിരിക്കുന്നത് വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന നൂറുകണക്കിന് സ്ഥാപനങ്ങളുടെ ഭാവിയെയും അവിടെ പ്രവർത്തിക്കുന്നവരുടെ സുരക്ഷിതത്വത്തെയും ആശങ്കയിൽ അകപ്പെടുത്തിയിട്ടുണ്ട്. ഇവിടെ ഭരണകൂടങ്ങൾ വ്യക്തമായ ഒരു വിശദീകരണം സമൂഹത്തിന് നൽകേണ്ടതുണ്ട്. അഗതികളും രോഗികളുമായവർക്കുവേണ്ടി ജീവിതം മാറ്റിവച്ചിരിക്കുന്ന ഒരു വലിയ വിഭാഗമാണ് കരിനിയമങ്ങൾ ദുരുപയോഗിച്ച് വേട്ടയാടപ്പെടുന്നത്. അപമാനകരമായ ഈ ദുരവസ്ഥ പരിഹരിക്കാനും, സുരക്ഷിതത്വം ഉറപ്പുവരുത്താനും കേന്ദ്ര സംസ്ഥാന സർക്കാരുകൾ തയ്യാറാകണം. ■

# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വർഷകാല സമ്മേളനാനന്തരം പുറപ്പെടുവിക്കുന്ന പ്രസ്താവന

**കെസിബിസിയുടെ മൂന്നുദിവസം നീണ്ട വർഷകാല സമ്മേളനത്തിൽ സഭയെയും സമൂഹത്തെയും ബാധിക്കുന്ന വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത ചർച്ചകളുടെ വെളിച്ചത്തിൽ താഴെപ്പറയുന്നവ പൊതുസമൂഹത്തിന്റെ അറിവിലേക്കായി നല്കുന്നത്.**

**ബാലസോറിലെ ട്രെയിൻ അപകടം, യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തണം:** ഒഡീഷയിലെ ബാലസോറിൽ ജൂൺ 2ന് ഉണ്ടായ ട്രെയിൻ അപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരിക്കുന്നവരെയും മരണപ്പെട്ട സഹോദരങ്ങളെയും പ്രാർത്ഥനയിൽ അനുസ്മരിച്ച കെസിബിസി അവരുടെ കുടുംബാഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു

വെന്നും ചികിത്സയിലായിരിക്കുന്നവർക്ക് വേഗത്തിൽ സൗഖ്യം ലഭിക്കട്ടെയെന്നും ആശംസിച്ചു. മാത്രമല്ല, ഇത്തരം അപകടങ്ങൾ മേലിൽ ഉണ്ടാകാതിരിക്കേണ്ടതിന് റെയിവേ അധികൃതരുടെ ഗൗരവമായ ശ്രദ്ധ വേണമെന്ന് അഭ്യർത്ഥിച്ചു. ഇന്ത്യയിലെ സാധാരണക്കാരായ അനേകലക്ഷം പേരുടെ പൊതുയാത്ര സംവിധാനമാണ് ഇന്ത്യൻ റെയിൽവേ. തുടർച്ചായുണ്ടാകുന്ന അപകടങ്ങളും ട്രെയിൻ കത്തിക്കുന്ന സംഭവങ്ങളും യാത്രക്കാരിൽ ഭീതി നിറയ്ക്കുന്നതാകും. വേണ്ടത്ര ശ്രദ്ധയും സൂക്ഷ്മതയും സിഗ്നൽ സംവിധാനങ്ങളുടെ പ്രവർത്തനത്തിൽ ഉറപ്പുവരുത്തേണ്ടതുണ്ട് എന്നും സമിതി ഓർമ്മിപ്പിച്ചു.

**സഭാനവീകരണം:** കേരളസഭയുടെ ദിവ്യകാരുണ്യ കോൺഗ്രസ് ഡിസംബറിൽ കേരള സഭാനവീകരണത്തിന്റെ ഭാഗമായി, 2023 ഡിസംബർ 1,2,3 തീയതികളിൽ വല്ലാർപാടം ബസിലിക്കയിൽ വച്ച് കേരള സഭയുടെ ദിവ്യകാരുണ്യ കോൺഗ്രസ് സമുചിതമായി നടത്താൻ തീരുമാനിച്ചു. എല്ലാ കത്തോലിക്കാ ഇടവകകളിൽ നിന്നുള്ള പ്രതിനിധികളും മെത്രാന്മന്മർ, വൈദികർ, സന്യസ്തർ, യുവജനങ്ങൾ എന്നിങ്ങനെ സഭയുടെ വിവിധ തലങ്ങളിൽ നിന്നുള്ളവരും ഇതിൽ പങ്കെടുക്കും.

**മണിപ്പൂർ സംഘർഷത്തിൽ ദുഃഖവും ഉത്കണ്ഠയും:** ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന ക്രൈസ്തവ വിരുദ്ധ പ്രവർത്തനങ്ങളും പീഡനങ്ങളും വിലയിരുത്തിയ മെത്രാൻ സമിതി മണിപ്പൂർ സംസ്ഥാനത്ത് ഇപ്പോഴും നിലനില്ക്കുന്ന സംഘർഷാവസ്ഥയിൽ കേരള കത്തോലിക്കാസഭയുടെ ദുഃഖവും ഉത്കണ്ഠയും രേഖപ്പെടുത്തി. സംഘർഷാവസ്ഥയിൽ ദുരിതം അനുഭവിക്കുന്ന എല്ലാ സഹോദരീസഹോദരന്മാരോടും ഐക്യദാർഢ്യം പ്രഖ്യാപിച്ച മെത്രാൻ സമിതി, വർഗീയ വിദ്വേഷം പ്രചരിപ്പിച്ച് സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന രാഷ്ട്രീയ പ്രവർത്തകരെ നിയന്ത്രിക്കാൻ ഉത്തരവാദിത്തപ്പെട്ടവർ ശ്രദ്ധിക്കണമെന്നാവശ്യപ്പെട്ടു. മാത്രമല്ല മണിപ്പൂരിൽ എത്രയുംവേഗം സമാധാനം ഉറപ്പുവരുത്തണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചു.

**ക്രൈസ്തവ സ്ഥാപനങ്ങൾ തകർക്കാൻ ശ്രമിക്കുന്നവരുടെ അജണ്ട തിരിച്ചറിയണം:** ഈ അടുത്ത കാലത്തായി വർധിതമായിവരുന്ന ഒന്നാണ് ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലക്ഷ്യമിട്ടുകൊണ്ടുള്ള സമരങ്ങളും അപവാദപ്രചരണങ്ങളുമെന്ന് കെസിബിസി യോഗം വിലയിരുത്തി. സമാനമായ വിഷയങ്ങൾ മറ്റു സ്ഥാപനങ്ങളിൽ ഉണ്ടാകുമ്പോൾ മൗനം പാലിക്കുന്ന രാഷ്ട്രീയ സമുദായ സംഘടനകൾ ക്രൈസ്തവ സ്ഥാപനങ്ങളിൽ മാത്രം വിവാദങ്ങൾ സൃഷ്ടിക്കുന്നതിനു പിന്നിൽ വ്യക്തമായ അജണ്ട ഉണ്ടെന്നും, ഇക്കാര്യത്തിൽ സർക്കാരും മത സാംസ്കാരിക രാഷ്ട്രീയ മാധ്യമ പ്രവർത്തകരും ജാഗ്രതയോടെ പ്രവർത്തിച്ചില്ലെങ്കിൽ സമൂഹത്തിൽ വർഗീയ ധ്രുവീകരണം സൃഷ്ടിക്കപ്പെടുമെന്നും കെസിബിസി അഭിപ്രായപ്പെട്ടു.

**ലഹരിവിരുദ്ധ പ്രവർത്തനം: നാടിന്റെ സംരക്ഷണത്തിന് സർക്കാർ സംവിധാനങ്ങൾ കുറ്റമറ്റതാക്കണം**: മദ്യവുംമയക്കുമരുന്നും സമൂഹത്തിൽ വർധിച്ചുവരുന്നതിലും, വിവിധ ഇടങ്ങളിൽ നിന്നായി കേരളത്തിലേക്ക് മയക്കുമരുന്ന് ധാരാളമായി ഇറക്കുമതി ചെയ്യപ്പെടുന്നതിലും കെസിബിസി ആശങ്ക പ്രകടിപ്പിച്ചു. വിദ്യാസമ്പന്നരായ യുവജനങ്ങളെയും പൊതുസമൂഹത്തെയും ഗൗരവതരത്തിൽ ബാധിക്കുന്ന രോഗമായി മയക്കുമരുന്ന് ഉപയോഗം വർധിക്കുന്നു. സർക്കാർ സംവിധാനങ്ങൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിച്ച് ലഹരി വസ്തുക്കളുടെ ലഭ്യതയും വാണിജ്യവും നിയന്ത്രിച്ച് കേരളത്തെ സംരക്ഷിക്കണമെന്ന് കെസിബിസി അഭ്യർഥിച്ചു.

**വന്യജീവി ആക്രമണം: കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നല്കണം:** വന്യജീവികളുടെ വർധനവ് നിയന്ത്രിക്കാനും, മലയോര കർഷകരുടെയും, ജനങ്ങളുടെയും ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാനും വന്യജീവി നിയമത്തിൽ ഭേദഗതി വരുത്തുവാനും സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് മെത്രാൻ സമിതി ആവശ്യപ്പെട്ടു. മലയോരവന മേഖലകളിൽ മാത്രം വന്യജീവി ആക്രമണങ്ങൾ പതിവായിരുന്നത് ഇപ്പോൾ കൂടുതൽ ജനവാസമേഖലകളിലേക്ക് വ്യാപിക്കുന്നത് സത്വരമായ ശ്രദ്ധ ഉണ്ടാകേണ്ട ഒരു വിഷയമാണ്. വന്യജീവി ആക്രമണത്തിന് ഇരയാക്കപ്പെട്ടവർക്കും കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്കും അർഹമായ നഷ്ടപരിഹാരം കൊടുക്കണമെന്നും, സർക്കാർ പ്രഖ്യാപനങ്ങൾ വാഗ്ദാനങ്ങൾ മാത്രമാകാതെ അവ നടപ്പിലാക്കാനുള്ള ആർജവം പ്രകടിപ്പിക്കണമെന്നും കെസിബിസി നിർദേശിച്ചു. ഇതോടൊപ്പം, ബഫർ സോൺ സംബന്ധിച്ച് ജനങ്ങളിൽ നിലനില്ക്കുന്ന ആശങ്കകൾ അടിയന്തിരമായി പരിഹരിക്കണമെന്നും കെസിബിസി ആവശ്യപ്പെട്ടു.

**വിഴിഞ്ഞം: ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പിലാക്കണം:** വിഴിഞ്ഞം തുറമുഖത്ത് തീരദേശവാസികൾ നടത്തിയ സമരം ഒത്തുതീർപ്പാക്കിയപ്പോൾ ഉണ്ടായ ധാരണകൾ നടപ്പിലാക്കുന്നതിൽ സർക്കാർ ശ്രദ്ധ പതിപ്പിക്കണമെന്ന് മെത്രാൻസമിതി ആവശ്യപ്പെട്ടു. കേസുകൾ പിൻവലിക്കുന്നതിനെക്കുറിച്ചും, പുനരധിവാസത്തെകുറിച്ചുമുള്ള ധാരണകൾ പാലിക്കപ്പെട്ടിട്ടില്ല. ഗോഡൗണിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ട നടപടികൾ സത്വരമായി സ്വീകരിക്കണം.

**ദളിത് ക്രൈസ്തവർ: സംവരണം ഉറപ്പാക്കാൻ കേരള സർക്കാർ ഇടപെടണം;** പട്ടികജാതി വിഭാഗത്തിൽ നിന്ന് ക്രിസ്തുമതവിശ്വാസം സ്വീകരിച്ചവർക്ക് പട്ടികജാതി സംവരണം നിഷേധിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ അവർക്ക് ഈ ആനുകൂല്യം ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന ഉൾപ്പടെ 12 സംസ്ഥാനങ്ങൾ പ്രമേയം പാസാക്കി കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ട്. അതുപോലെ കേരള സർക്കാരും ദളിത് ക്രൈസ്തവർക്ക് പട്ടികജാതി സംവരണം നല്കണമെന്ന പ്രമേയം പാസാക്കി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്നും മെത്രാൻ സമിതി അഭ്യർഥിച്ചു. (08/06/2023)

# സഭയുടെ സേവന പ്രവർത്തനങ്ങൾ ക്രിസ്തു സ്നേഹത്തിന്റെ മഹനീയമായ പ്രകാശനം: കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവ

കൊച്ചി: സഭയുടെ സാമൂഹിക സേവന പ്രവർത്തനങ്ങളും കാരുണ്യപ്രവൃത്തികളും ക്രിസ്തു സ്നേഹത്തിന്റെ മഹനീയമായ പ്രകാശനമാണെന്നും കൂടുതൽ ഊർജ്ജസ്വലതയോടെ അത്തരം പ്രവൃത്തികൾ തുടരുകയും, അത്തരം മാതൃകകളിലൂടെ വിശ്വാസി സമൂഹത്തിന് കരുത്ത് പകരുകയും വേണമെന്ന് കെസിബിസി പ്രസിഡന്റ്കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ പറഞ്ഞു. ഈ കാലഘട്ടത്തിലെ രൂക്ഷമായ പ്രതിസന്ധികൾക്ക് മുന്നിൽ പതറാതെ സമർപ്പണബോധത്തോടെ സമീപിക്കാൻ തയ്യാറായാൽ അവയെ തരണംചെയ്യാനുള്ള ശക്തി ദൈവം നൽകുമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. കെസിബിസി കെസിഎംഎസ് സംയുക്ത യോഗം ജൂൺ ആറ് ചൊവ്വാഴ്ച പാലാരിവട്ടം പിഒസിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളസഭയിലെ എല്ലാ രൂപതകളിലെയും മെത്രാന്മാരും സന്യസ്ത സമൂഹങ്ങളുടെ മേജർ സുപ്പീരിയർമാരും യോഗത്തിൽ പങ്കെടുത്തു. കെസിബിസി റിലീജിയസ് കമ്മീഷൻ ചെയർമാൻ ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ അദ്ധ്യക്ഷനായിരുന്നു. കെസിഎംഎസ് പ്രസിഡന്റ് ഫാ. സെബാസ്റ്റ്യൻ ജെക്കോബി സ്വാഗതം ആശംസിച്ചു. പിഒസി ബൈബിൾ പഴയനിയമത്തിന്റെ പരിഷ്കരിച്ച പതിപ്പ് കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കതോലിക്കാ ബാവ, സിബിസിഐ പ്രസിഡന്റ് ആർച്ച് ബിഷപ്പ് ആൻഡ്രൂസ് താഴത്തിന് നൽകി പ്രകാശനം ചെയ്തു.



*കെസിബിസി കെസിഎംഎസ് സംയുക്ത യോഗം കെസിബിസി പ്രസിഡന്റ്കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനം ചെയ്യുന്നു. സി. വിമല സിഎംസി, റവ. ഫാ. ജെക്കോബി, ബിഷപ് അലക്സ് വടക്കുംതല, ബിഷപ് പോളി കണ്ണൂക്കാടൻ, റവ. ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി എന്നിവർ സമീപം.*

# നിരീക്ഷണം

*വാസ്തവവിരുദ്ധമായ വ്യാജ സൃഷ്ടികളിലൂടെ മതസൗഹാർദ്ദത്തെയും സാമൂഹിക ഐക്യത്തെയും തകർക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ഏത് മതത്തിനും സമൂഹത്തിനും എതിരെയായാലും അത് തടയപ്പെടേണ്ടത് തന്നെയാണ്. അതേസമയം സത്യം തുറന്നുപറയുന്നതിനെ ഭയക്കേണ്ടതുമില്ല. എന്നാൽ, വിപരീത ദിശയിലാണ് ഈ വിഷയത്തിൽ കേരളത്തിന്റെ സഞ്ചാരം. സെലക്ടീവ് പ്രതികരണങ്ങളും പ്രതിഷേധങ്ങളും നിശബ്ദതയും കേരളത്തെ എങ്ങോട്ടാണ് നയിക്കുന്നത് എന്നും, ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ മറവിൽ ഇവിടെ നടക്കുന്നത് എന്തൊക്കെയാണെന്നും കേരളജനത ഇനിയെങ്കിലും തിരിച്ചറിയാത്ത പക്ഷം അത് കൂടുതൽ അപകടത്തിലേക്ക് നമ്മെ നയിക്കുമെന്ന് തീർച്ച.*

# കേരളസ്റ്റോറിയും കക്കുകളിയും




ഉള്ളത് തുറന്ന് പറയാനും അത് വ്യക്തമാക്കാനുമുള്ള സ്വാതന്ത്ര്യമാണ് യഥാർത്ഥ ആവിഷ്കാര സ്വാതന്ത്ര്യമെങ്കിൽ, ഇല്ലാത്തത് പറയാനും ആരെയും താറടിക്കാനുമുള്ള പരിധികളില്ലാത്ത സ്വാതന്ത്ര്യമാണ് കേരളത്തിലെ ആവിഷ്കാര സ്വാതന്ത്ര്യം. അതേസമയം, ഉള്ളത് തുറന്നു പറയാനുള്ള സ്വാതന്ത്ര്യം ചില പ്രത്യേക സാഹചര്യങ്ങളിൽ നിഷേധിക്കപ്പെടുന്നത് അതിന്റെ മറുവശമായി വരും. ഉള്ളത് ഉള്ളതുപോലെ പറയാൻ മാധ്യമങ്ങളെ ഇവിടെ എത്രപേർ ഉപയോഗിക്കുന്നുണ്ട് എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തുക എളുപ്പമല്ല. ഉള്ളതും ഇല്ലാത്തതും ഭാവനയും എല്ലാം ഇടകലർത്തിയുള്ള 'മാധ്യമധർമ്മ'ത്തിനും അത്തരം 'കലാസൃഷ്ടി'കൾക്കുമാണ് ഇവിടെ കൂടുതൽ മാർക്കറ്റ് ഉള്ളത്.

സ്ഥാപിത താല്പര്യങ്ങളുടെ ഭാഗമായി ഇല്ലാത്തത് പറയാൻ 'ആവിഷ്കാര സ്വാതന്ത്ര്യ'ത്തെ ദുരുപയോഗിക്കുന്ന ഒരുവിഭാഗം കലാകാരന്മാരും മാധ്യമപ്രവർത്തകരുമാണ് ഒരു പക്ഷത്തുള്ളത്. എന്തു കള്ളം പറഞ്ഞാലും ആവിഷ്കാര സ്വാതന്ത്ര്യം എന്ന ഒറ്റവാക്കിൽ അതിനെ വിശദീകരിച്ച് ആരോപണങ്ങളിൽനിന്ന് മുഖംതിരിക്കുന്ന കൂട്ടരാണ് അവർ. പുരോഗമന പക്ഷം എന്ന് സ്വയം വിശേഷിപ്പി

ക്കുന്ന ചില രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സംഘടനകളുടെ പ്രതിനിധികളുടെ പിന്തുണയും എല്ലായ്പ്പോഴും അത്തരക്കാർക്കുണ്ട്. ചില സത്യങ്ങൾ തുറന്നുപറയുന്നവരുടെ കയ്യും കഴുത്തും വെട്ടാൻ മടിയില്ലാത്ത, ആരെയും വിലയ്ക്കുവാങ്ങാൻ സ്വാധീനമുള്ള മറ്റൊരു പക്ഷമാണ് അടുത്തത്. തങ്ങളെ സംബന്ധിക്കുന്ന സത്യങ്ങൾ ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പരിധിയിൽ വരാൻ പാടില്ല എന്ന നിർബ്ബന്ധ ബുദ്ധി അവർക്കുണ്ട്. മേൽപ്പറഞ്ഞ പുരോഗമന പക്ഷം ഇക്കൂട്ടർക്കൊപ്പവുമുണ്ട്. ഒരേസമയം ഇല്ലാത്തത് പറയുന്നതിനെയും കപടതയെയും ന്യായീകരിക്കുകയും, അതേസമയം ഉള്ളത് വപ്പെട്ടവരെ ആക്രമിക്കാനുള്ള ആയുധമായും, അതേസമയം ചില സത്യങ്ങൾ മൂടിവച്ച് സായുധരായ അക്രമികളെ സംരക്ഷിക്കാനുള്ള പരിചയായും അവർ ഉപയോഗിക്കുന്നു. മാധ്യമപ്രവർത്തകർ, രാഷ്ട്രീയ പ്രവർത്തകർ, ഔദ്യോഗിക സ്ഥാനങ്ങളിലുള്ളവർ, സാംസ്കാരിക നായകർ എന്നിങ്ങനെ വിവിധ വിഭാഗങ്ങൾക്കിടയിൽ ഈ പ്രവണത ഇന്ന് ദൃശ്യമാണ്.

കേരളസ്റ്റോറി എന്ന ഒരു ചലച്ചിത്രത്തിന്റെ മൂന്നു മിനിറ്റിൽ താഴെവരുന്ന ഒരു ട്രെയ്‌ലർ പുറത്തുവന്നത് കേരളത്തിലെ രാഷ്ട്രീയ സാംസ്കാരിക മാധ്യമ പ്രവർത്തകരെ ഒന്നടങ്കം നടുക്കി. എന്താണ് ചലച്ചിത്രം പറയാ

**ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ നാടകത്തിന്റെയും നോവലിന്റെയും ന്യൂസ് റിപ്പോർട്ടുകളുടെയും രൂപത്തിൽ ഒരു ശതമാനം പോലും സത്യമില്ലാത്ത കെട്ടുകഥകൾ നിരന്തരം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നവരും അതിനെ ഏറ്റെടുക്കുന്നവരും തന്നെ, കേൾക്കുന്നത് സത്യമാണ് എന്ന് വ്യക്തതയുണ്ടെങ്കിലും പ്രതിഷേധങ്ങളും പ്രത്യാഘാതങ്ങളും ഭയന്ന് മറ്റു ചിലകാര്യങ്ങളെ തള്ളിപ്പറയുകയും മറച്ചുവയ്ക്കുകയും ചെയ്യുന്നു എന്നുവരുമ്പോഴാണ് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇവിടെ നടക്കുന്ന ഭീകരമായ ഇരട്ടത്താപ്പ് വ്യക്തമാകുന്നത്.**

പറയുന്നതിനെയും യാഥാർഥ്യങ്ങളെയും തള്ളിപപറയുകയും ചെയ്യുന്ന ആ പുരോഗമനപക്ഷമാണ് ഈ നാട്ടിലെ യഥാർത്ഥ അപകടകാരികൾ.

ഇത്തരമൊരു പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ഇന്ന് നാം കണ്ടുകൊണ്ടിരിക്കുന്ന ചില വിചിത്ര നാടകങ്ങളെ വിലയിരുത്തേണ്ടത്. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ നാടകത്തിന്റെയും നോവലിന്റെയും ന്യൂസ് റിപ്പോർട്ടുകളുടെയും രൂപത്തിൽ ഒരു ശതമാനം പോലും സത്യമില്ലാത്ത കെട്ടുകഥകൾ നിരന്തരം പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നവരും അതിനെ ഏറ്റെടുക്കുന്നവരും തന്നെ, കേൾക്കുന്നത് സത്യമാണ് എന്ന് വ്യക്തതയുണ്ടെങ്കിലും പ്രതിഷേധങ്ങളും പ്രത്യാഘാതങ്ങളും ഭയന്ന് മറ്റു ചിലകാര്യങ്ങളെ തള്ളിപ്പറയുകയും മറച്ചുവയ്ക്കുകയും ചെയ്യുന്നു എന്നുവരുമ്പോഴാണ് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇവിടെ നടക്കുന്ന ഭീകരമായ ഇരട്ടത്താപ്പ് വ്യക്തമാകുന്നത്. മാധ്യമ ധർമ്മം, ആവിഷ്കാര സ്വാതന്ത്ര്യം എന്നിങ്ങനെയുള്ള പദങ്ങളെ ഒരേസമയം നിരായുധരായ പാൻ പോകുന്നത് എന്നതിനെക്കുറിച്ചുള്ള പൂർണ്ണമായ അറിവ് പോലും ഇല്ലാതെയായിരുന്നു ആ നടുക്കം. കുറേകാലമായി കേരളത്തിൽ ചർച്ച ചെയ്യപ്പെടുന്ന 'ലൗജിഹാദ്' എന്ന് വിശേഷിപ്പിക്കപ്പെടുന്ന പ്രണയക്കെണികൾ, ഇത്തരം പ്രവർത്തനങ്ങളും ചില തീവ്രവാദ സംഘനകളും തമ്മിലുള്ള ബന്ധം, കേരളത്തിൽനിന്ന് തീവ്രവാദ പ്രവർത്തനങ്ങൾക്കായി അനേകർ പോകുന്നത് തുടങ്ങിയവയാണ് ചലച്ചിത്രത്തിന്റെ പ്രമേയം എന്ന് നിർമ്മാതാക്കൾ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ കേരളത്തിൽ നടക്കുന്നുണ്ടോ എന്നുള്ളതിന് വ്യക്തതക്കുറവ് മലയാളികളായ ആർക്കുംതന്നെ ഉണ്ടാകാതിരിക്കാനിടയില്ല.

ചില പ്രത്യേക വിഭാഗങ്ങൾക്കിടയിൽ 2018 മുതൽ കേരളാപോലീസ് 'ഡീറാഡിക്കലൈസേഷൻ' പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട് എന്ന് കേരളത്തിന്റെ മുഖ്യമന്ത്രി തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ് (സെപ്റ്റംബർ 22, 2021). കടകട പോലുള്ള ഭീകര സംഘടനയുടെ ആശയങ്ങളിൽ ആകൃഷ്ടരായ അനേകരെ തിരി

കെ എത്തിച്ചിട്ടുണ്ടെന്നും അദ്ദേഹം അന്ന് വെളിപ്പെടുത്തിയിരുന്നു. കേരളത്തിൽനിന്ന് ഇസ്ലാമിക് സ്റ്റേറ്റ് ഭീകര സംഘടനയിൽ ചേരാൻ പോയവരുടെ ലഭ്യമായ കണക്കുകളും മുഖ്യമന്ത്രി തന്നെ പുറത്തുവിട്ടിട്ടുണ്ട്. ഇത്തരത്തിൽ പോയിട്ടുള്ളവരുടെ യഥാർത്ഥ എണ്ണം ലഭിക്കുക എളുപ്പമല്ലെങ്കിലും കഴിഞ്ഞ പത്തുവർഷങ്ങൾക്കിടയിൽ പോയ നൂറിലേറെ പേരെക്കുറിച്ച് കേരളാപോലീസിന് വ്യക്തതയുണ്ട്. പിന്നീട് ഫാത്തിമ ആയിമാറിയ നിമിഷ, മതം മാറി മറിയം ആയ മെറിൻ, ആയിഷ ആയി മാറിയ സോണിയ എന്നിവരും അക്കൂട്ടത്തിൽ പെടും. കേരളത്തിൽ കടകട ഭീകരരുടെ സാന്നിധ്യമുണ്ടെന്ന് 2020 ജൂലൈ മാസം പുറത്തുവന്ന യുഎൻ റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്. മറ്റു ചില ഭീകരസംഘടനകളുടെ കേരളത്തിലെ സാന്നിധ്യത്തെക്കുറിച്ചും അന്വേഷണ ഏജൻസികൾക്ക് വ്യക്തതയുണ്ട്. 97 ലെ തൃശൂർ റെയിവേ സ്റ്റേഷനിലെ സ്ഫോടനക്കേസിന്റെ അന്വേഷണം ജംഇയ്യത്തുൾ ഇസ്ഹാനിയ എന്ന ഭീകര സംഘടനയിലും അവർ നടത്തിയ ആറ് കൊലപാതകങ്ങളിലുമാണ് ചെന്നെത്തിയത്. സമീപ കാലത്തു നടന്ന എലത്തൂർ ട്രെയിൻ തീവയ്പ്പ് കേസിന് പിന്നിലും തീവ്രവാദ സംഘടനകൾക്ക് ബന്ധമുണ്ട് എന്നാണ് എൻഐഎയുടെ കണ്ടെത്തൽ. കേരളത്തിൽ പ്രണയം ആയുധമാക്കി പെൺകുട്ടികളെ കെണിയിൽ പെടുത്തുന്ന തീവ്രവാദ ബന്ധമുള്ള ചില സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്നും മതംമാറ്റം അവരുടെ ലക്ഷ്യമാണെന്നും പല മുൻ ഡിജിപിമാരും ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും വ്യക്തമാക്കിയിട്ടുണ്ട്. പ്രണയം വഴി കെണികളിൽ അകപ്പെടുന്ന പെൺകുട്ടികളിൽ ചെറിയ ഒരു വിഭാഗമെങ്കിലും മയക്കുമരുന്ന് കടത്തിനും ഭീകര പ്രവർത്തനങ്ങൾക്കും ലൈംഗിക അടിമകളായി ഭീകരർക്കിടയിലും ഉപയോഗിക്കപ്പെടുന്നുണ്ട് എന്നുള്ളതിന് നിരവധി മാധ്യമ റിപ്പാർട്ടുകൾ തെളിവാണ്.

ഇത്രയൊക്കെയായിട്ടും ഇത്തരമൊരു പ്രമേയം ചലച്ചിത്രമായാൽ അതിനെ പല്ലും നഖവും ഉപയോഗിച്ച് എതിർത്തേ പറ്റൂ എന്നും, അത് ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പരിധിയിൽ വരില്ല എന്നുമാണ് കേരളത്തിലെ 'പ്രമുഖരുടെ' പക്ഷം. മത, രാഷ്ട്രീയ ഭേദമില്ലാതെയാണ് സകലരും ഇക്കാര്യത്തിനായി രംഗത്തിറങ്ങിയിരിക്കുന്നത് എന്നുള്ളതാണ് കൗതുകം. കേരളത്തിലെ ഭരണ പ്രതിപക്ഷ രാഷ്ട്രീയ പ്രവർത്തകരും സകല മാധ്യമങ്ങളും ഇക്കാര്യത്തിൽ ഒറ്റക്കെട്ടാണ്. ഞങ്ങളുടെ കേരളം ഇതല്ല, ഇങ്ങനെയല്ല എന്നാണ് അവർ ഒന്നടങ്കം സ്ഥാപിക്കാൻ ശ്രമിക്കുന്നത്. ഇവിടെ തീവ്ര ഇസ്ലാമിക സംഘടനകളോ, അവരുടെ പ്രവർത്തനങ്ങളോ ഇല്ല, പെൺകുട്ടികൾ പ്രണയം വഴി മതംമാറ്റപ്പെടുന്നില്ല, തീവ്രവാദ സംഘടനകളിലേക്ക് കേരളത്തിൽനിന്ന് ഇതുവരെ ആരും പോയിട്ടില്ല എന്നൊക്കെയാണ് അവർക്ക് തറപ്പിച്ച് പറയാനുള്ളത്. SIMI, PFI തുടങ്ങിയ സംഘടനകൾ എങ്ങനെ നിരോധിക്കപ്പെട്ടു എന്നുള്ള ചോദ്യത്തിനൊന്നും ഇവിടെ പ്രസക്തിയില്ല.

ഇനി മറ്റൊരു വിഷയത്തിലേക്ക്. ഉള്ളത് പറയില്ല പറയാൻ അനുവദിക്കില്ല എന്നുള്ള സാഹചര്യങ്ങൾ ഒരുവശത്ത് നിലനിൽക്കുമ്പോൾ, ചില 'കക്കുകളി'കളക്കുറിച്ചുകൂടി ചിന്തിക്കേണ്ടതുണ്ട്. നാൽപ്പത്തിനായിരത്തിൽപരം കത്തോലിക്കാ സന്യാസിനിമാരാണ് കേരളത്തിലുള്ളത്. അനാഥരും അശരണരും ആലംബഹീനരും മനസികരോഗികളുമായി കേരളത്തിലുള്ളവരിൽ ബഹുഭൂരിപക്ഷത്തെയും പരിരക്ഷിക്കുന്നതും, സ്കൂളുകൾ, കോളേജുകൾ, ആശുപത്രികൾ, ക്ലിനിക്കുകൾ തുടങ്ങിയ



വയിൽ മോശമല്ലാത്തൊരു പങ്ക് നടത്തുന്നതും തുടങ്ങി അവർ ഇടപെടാത്ത അവശ്യ സേവന മേഖലകളില്ല. ഇങ്ങനെ ഒരു വിഭാഗം പെട്ടെന്നൊരു ദിവസം കേരളത്തിൽനിന്ന് ഇല്ലാതായാൽ എന്താണ് സംഭവിക്കുക എന്നുള്ളത് അചിന്തനീയമാണ്. ആ സമൂഹത്തെ അടച്ചാക്ഷേപിക്കുകയും അവരുടെ ആത്മാഭിമാനത്തെ അത്യന്തം ഹീനമായ രീതിയിൽ ചോദ്യം ചെയ്യുകയും ചെയ്തുകൊണ്ടാണ് 'കക്കുകളി' എന്ന നാടകം നിർമ്മിക്കപ്പെട്ടത്. അതിനെതിരെ വ്യാപകമായ പ്രതിഷേധങ്ങളുണ്ടായി. സന്യാസിനിമാർ നിരത്തിലിറങ്ങി. കേരളത്തിലെ ഏതാണ്ട് എല്ലാ ജില്ലകളിലെയും കലക്ടർമാർക്കും, ഹൈക്കോടതിയിലും പരാതികൾ നൽകപ്പെട്ടു.

അത്രയൊക്കെയായിട്ടും ഒരു രാഷ്ട്രീയ പാർട്ടിയുടെ വക്താക്കളും അതിനെതിരെ ശബ്ദിച്ചില്ല. മറിച്ച്, ആവിഷ്കാര സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്ത ക്രൈസ്തവ സമൂഹവും കത്തോലിക്കാ സഭയും സന്യാസിനിമാരും നിശിതമായി വിമർശിക്കപ്പെട്ടു. ആ നാടകത്തിന് കൂടുതൽ വേദികൾ നൽകുമെന്ന് ഇടതുപക്ഷ അനുകൂല സംഘടനകൾ പ്രഖ്യാപിച്ചു. അതനുസരിച്ച് കൂടുതൽ വേദികളിൽ ആ നാടകം അരങ്ങേറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ഒരേയൊരു ലക്ഷ്യം, ക്രൈസ്തവ സമൂഹത്തെയും, സന്യാസിനിമാരെയും അവഹേളിക്കുക. ഒരേയൊരു ധൈര്യം, ക്രൈസ്തവരെ അവഹേളിച്ചാൽ ആരുടേയും കയ്യോ തലയോ പോവുകയില്ല! ഇത്തരമൊരു സമൂഹത്തിനെതിരെ വ്യാപകമായ തെറ്റിദ്ധാരണാജനകൾ ജനിപ്പിക്കുന്ന ഇതുപോലൊരു നാടകാവതരണം സാംസ്കാരിക കേരളത്തിന് തന്നെ അപമാനകരമായിട്ടും ഒരു സാംസ്കാരിക നായകനു പോലും അതിൽ വേദന തോന്നിയില്ല. ആരും പ്രതികരിച്ചില്ല. ആയിരക്കണക്കിന് പേർ ഒരുമിച്ചുകൂടിയ പ്രതിഷേധ യോഗങ്ങൾക്ക് നൽകിയതിനേക്കാൾ വാർത്താപ്രാധാന്യം ക്രൈസ്തവർ ആവിഷ്കാര സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്നു എന്നിങ്ങനെയുള്ള ആരോപണങ്ങൾക്ക് മാധ്യമങ്ങൾ നൽകി. 'കക്കുകളി' ഒരു ഒറ്റപ്പെട്ട വിഷയമല്ല, മുമ്പ് നിരോധിക്കപ്പെട്ടിട്ടും പുതിയ രൂപത്തിൽ പ്രദർശനത്തിനെത്തിയ 'അക്വേറിയം' മുതൽ ക്രൈസ്തവ സമൂഹത്തെയും സന്യസ്തരെയും അവഹേളിക്കുന്ന സിനിമകളും നോവലുകളും ചെറുകഥകളും കഴിഞ്ഞ കാലങ്ങൾക്കിടെ ഒട്ടേറെയെണ്ണം പുറത്തിറങ്ങി. അതിനെതിരെയുള്ള പ്രതിഷേധങ്ങളും പരാതികളും സമാനമായരീതിയിൽ അവഗണിക്കപ്പെടുകയാണുണ്ടായത്.

**സെലക്ടീവ് പ്രതികരണങ്ങളും പ്രതിഷേധങ്ങളും നിശബ്ദതയും കേരളത്തെ എങ്ങോട്ടാണ് നയിക്കുന്നത് എന്നും, ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ മറവിൽ ഇവിടെ നടക്കുന്നത് എന്തൊക്കെയാണെന്നും കേരളജനത ഇനിയെങ്കിലും തിരിച്ചറിയാത്ത പക്ഷം അത് കൂടുതൽ അപകടത്തിലേക്ക് നമ്മെ നയിക്കുമെന്ന് തീർച്ച.**

വാസ്തവവിരുദ്ധമായ വ്യാജ സൃഷ്ടികളിലൂടെ മതസൗഹാർദ്ദത്തെയും സാമൂഹിക ഐക്യത്തെയും തകർക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ ഏത് മതത്തിനും സമൂഹത്തിനും എതിരെയായാലും അത് തടയപ്പെടേണ്ടത് തന്നെയാണ്. അതേസമയം സത്യം തുറന്നുപറയുന്നതിനെ ഭയക്കേണ്ടതുമില്ല. എന്നാൽ, വിപരീത ദിശയിലാണ് ഈ വിഷയത്തിൽ കേരളത്തിന്റെ സഞ്ചാരം. സെലക്ടീവ് പ്രതികരണങ്ങളും പ്രതിഷേധങ്ങളും നിശബ്ദതയും കേരളത്തെ എങ്ങോട്ടാണ് നയിക്കുന്നത് എന്നും, ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ മറവിൽ ഇവിടെ നടക്കുന്നത് എന്തൊക്കെയാണെന്നും കേരളജനത ഇനിയെങ്കിലും തിരിച്ചറിയാത്ത പക്ഷം അത് കൂടുതൽ അപകടത്തിലേക്ക് നമ്മെ നയിക്കുമെന്ന് തീർച്ച. ആരാണ് ഇവിടെ വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കുന്നതെന്നും ഒളിപ്പോരുകൾക്ക് നേതൃത്വം നൽകുന്നതെന്നും അത്തരം പ്രവർത്തനങ്ങൾക്ക് വളക്കൂറുള്ള മണ്ണൊരുക്കി നൽകുന്നതെന്നും തിരിച്ചറിഞ്ഞ് പ്രതികരിക്കാൻ സാധാരണ ജനങ്ങളാണ് മുന്നോട്ടുവരേണ്ടത്. കാരണം, രാഷ്ട്രീയക്കാരും മാധ്യമപ്രവർത്തകരും സാംസ്കാരിക നായകരും അടങ്ങുന്ന കേരളത്തിലെ പ്രമുഖ പുരോഗമന പക്ഷത്തിന് സത്യം പറയാനും സത്യത്തോടൊപ്പം നിലകൊള്ളാനുമുള്ള കഴിവ് നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുന്നു!

■

## നിരീക്ഷണം

*തങ്ങളുടെ സ്ഥാപിത താല്പര്യങ്ങൾക്കും ഗൂഢ ലക്ഷ്യങ്ങൾക്കും വേണ്ടി ചരിത്രത്തിലും സമിതികളിലും അതിക്രമിച്ചു കയറുന്നവരെ തിരിച്ചറിഞ്ഞ് മാറ്റി നിർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ശരിയായ പഠനങ്ങളും നിരീക്ഷണങ്ങളും ഉണ്ടാകേണ്ടതുണ്ട്. വിസ്മരിക്കപ്പെട്ടതും തമസ്കരിക്കപ്പെട്ടതും മാറ്റിയെഴുതപ്പെട്ടതുമായ ചരിത്രങ്ങളെയും ചരിത്രത്തിലെ വ്യക്തിത്വങ്ങളെയും കണ്ടെത്തുകയും അടയാളപ്പെടുത്തുകയും വേണം. അത്തരമൊരു ഉറച്ച പരിശ്രമം ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.*

# പാഠപുസ്തക വിവാദങ്ങൾക്ക് പിന്നിൽ...

NCERT (ദേശീയ വിദ്യാഭ്യാസ പരിശീലന ഗവേഷണ സമിതി, National Council for Educational Research and Training), SCERT (സംസ്ഥാന വിദ്യാഭ്യാസ പരിശീലന ഗവേഷണ സമിതി, State Council for Educational Research and Training) പാഠപുസ്തകങ്ങളും പാഠപുസ്തക പരിഷ്കരണങ്ങളും വീണ്ടും വിവാദങ്ങളിൽ നിറയുകയാണ്. ദേശീയ പാഠ്യപദ്ധതിയിൽ നിർണ്ണായക ദൗത്യമാണ് NCERT ക്ക് ഉള്ളത്. ഒന്നുമുതൽ പത്തു വരെയുള്ള പാഠഭാഗങ്ങളുടെ രൂപരേഖ തയ്യാറാക്കി നൽകുകയും, പതിനൊന്ന് പന്ത്രണ്ട് ക്ലാസുകളിലേക്കുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കി നൽകുകയുമാണ് കേന്ദ്ര സർക്കാരിന് കീഴിലുള്ള NCERT നിലവിൽ ചെയ്തുവരുന്നത്. NCERT മാർഗരേഖ പ്രകാരമാണ് സംസ്ഥാന സർക്കാരിന് കീഴിലുള്ള SCERT പത്താംക്ലാസ് വരെയുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത്. NCERT സിലബസ് പ്രകാരമാണ് NEET (National Entrance cum Eligibility Test) പോലുള്ള പ്രവേശന പരീക്ഷകളും നടക്കുന്നത് എന്നതിനാൽ ദേശീയ വിദ്യാഭ്യാസ പരിശീലന ഗവേഷണ സമിതിയുടെ പാഠപുസ്തക പരിഷ്കരണത്തിൽ വരുന്ന മാറ്റങ്ങൾക്ക് ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കും.

SCERT യുടെ പാഠപുസ്തകങ്ങളിലെ പിഴവുകളും പോരായ്മകളും വിവേചനങ്ങളും ഏതാനും മാസങ്ങൾക്ക് മുമ്പ് വലിയ ചർച്ചകളായിരുന്നു. ഇനിയും പരിഹരിക്കപ്പെടാത്ത പോരായ്മകളുള്ള പാഠപുസ്തകങ്ങളാണ് ഇപ്പോഴും കേരളത്തിലെ വിദ്യാർഥികൾ പഠിച്ചുകൊണ്ടിരിക്കുന്നത്. പാഠപുസ്തക പരിഷ്കരണത്തിനുള്ള നടപടിക്രമങ്ങൾ SCRERT ആരംഭിച്ചിരിക്കുന്നു എന്നുള്ളത് നേരിയ പ്രതീക്ഷയ്ക്ക് വകനൽകുന്നുണ്ട്. ഏറ്റവും ഒടുവിൽ വിവാദങ്ങളായി മാറിക്കൊണ്ടിരിക്കുന്നത് NCERT യുടെ പാഠപുസ്തക പരിഷ്കരണങ്ങളാണ്. വിവിധ ചരിത്രഭാഗങ്ങൾ, സാഹിത്യം തുടങ്ങി

**മൂന്നു ദിശകളിൽനിന്നുള്ള കൈകടത്തലുകളാണ് പാഠപുസ്തകങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. രണ്ടു തീവ്ര വർഗീയ പ്രത്യയ ശാസ്ത്രങ്ങളുടെ ഭാഗമായ സ്ഥാപിത താൽപ്പര്യങ്ങൾക്കൊപ്പം നിരീശ്വരവാദ പ്രത്യയ ശാസ്ത്രങ്ങളും പാഠപുസ്തകങ്ങളിലെ ആശയാവതാരങ്ങളിൽ അനാവശ്യ ഇടപെടലുകൾ നടത്തുന്നുണ്ട്.**

ഒടുവിൽ ശാസ്ത്ര വിഷയങ്ങളിൽ വരെ ഒഴിവാക്കലുകൾ നടന്നിരിക്കുന്നതായി റിപ്പോർട്ടുകൾ പുറത്തുവന്നിരിക്കുന്നു. അതിനുപിന്നാലെയാണ്, NCERT ഒഴിവാക്കിയ പാഠഭാഗങ്ങൾ കേരളത്തിലെ സിലബസിൽ ഉൾപ്പെടുത്തി പഠിപ്പിക്കുമെന്ന് സംസ്ഥാന സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി യോഗം തീരുമാനമെടുത്തിരിക്കുന്നത്.

NCERT പാഠപുസ്തകങ്ങളെക്കുറിച്ചുള്ള സ്കൂൾ കരിക്കുലം കമ്മിറ്റിയുടെ ആശങ്കകളും പുതിയ തീരുമാനങ്ങളും സ്വാഗതാർഹമാണ്. അതേസമയം പാഠപുസ്തകവിഷയത്തിൽ നിലനിൽക്കുന്ന മറ്റ് ഒട്ടേറെ ആശങ്കകൾ ഇപ്പോഴും തുടരുകയാണ്. NCERT യുടെ പാഠപുസ്തകങ്ങളിലെ പോരായ്മകളോട് യുദ്ധകാലാടിസ്ഥാനത്തിൽ പ്രതികരിച്ച കരിക്കുലം കമ്മിറ്റിയോ വിദ്യാഭ്യാസ വകുപ്പോ കേരളത്തിലെ ചരിത്ര, സാമൂഹിക പാഠപുസ്തകങ്ങളിൽ കടന്നുകൂടിയിരിക്കുന്ന പോരായ്മകൾ പലപ്പോഴായി ചൂണ്ടിക്കാണിച്ചിട്ടും ശരിയായ ഒരു മറുപടി നൽകാൻ പോലും തയ്യാറായിട്ടില്ല. പാഠപുസ്തക പരിഷ്കരണത്തിനുള്ള നടപടിക്രമങ്ങൾ നടക്കുന്നെങ്കിലും ഇത്തരം തെറ്റുകൾ തിരുത്തപ്പെടുമോ എന്നുള്ളത് കണ്ടറിയേണ്ടതുണ്ട്. സമീപകാല പ്രതിഭാസങ്ങളിൽ നിന്ന് വ്യക്തമാകുന്നതനുസരിച്ച്, മൂന്നു ദിശകളിൽനിന്നുള്ള കൈകടത്തലുകളാണ് പാഠപുസ്തകങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. രണ്ടു തീവ്ര വർഗീയ പ്രത്യയ ശാസ്ത്രങ്ങളുടെ ഭാഗമായ സ്ഥാപിത താൽപ്പര്യങ്ങൾക്കൊപ്പം നിരീശ്വരവാദ പ്രത്യയ ശാസ്ത്രങ്ങളും പാഠപുസ്തകങ്ങളിലെ ആശയാവതാരങ്ങളിൽ അനാവശ്യ ഇടപെടലുകൾ നടത്തുന്നുണ്ട്.

### സംഭവിച്ചിരിക്കുന്ന മാറ്റങ്ങൾ

ഇത്തരം ഇടപെടലുകൾ വഴിയായി സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക മാറ്റങ്ങളെക്കുറിച്ചാണ് നമുക്കിടയിൽ ഗൗരവമായ ചർച്ചകൾ നടക്കേണ്ടതുള്ളത്. NCERT യുടെ പാഠപുസ്തകങ്ങളിൽനിന്ന് ചില ചരിത്ര ഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിരിക്കുന്നത് നീതീകരിക്കാനാവുന്ന പ്രവൃത്തിയല്ല. ഗാന്ധി വധം, ആർഎസ്എസ് നിരോധനം, ഗുജറാത്ത് കലാപം, മുഗൾ ചരിത്രം തുടങ്ങിയ ഭാഗങ്ങൾ 10, 11, 12 ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽനിന്നാണ് NCERT നീക്കം ചെയ്തിരിക്കുന്നത്. ഇതിന് പിന്നിലെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വിശദീകരണം ആവശ്യമില്ല. ഇന്ത്യയിലെ സ്വാതന്ത്ര്യാനന്തര രാഷ്ട്രീയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പാഠഭാഗങ്ങളിലും മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. ഇത്തരം മാറ്റങ്ങൾക്ക് പിന്നിൽ ചില സ്ഥാപിത താൽപ്പര്യങ്ങൾ ഉണ്ട് എന്നുള്ളത് വ്യക്തമാണ്. എന്നാൽ, ഒടുവിൽ വിവാദമായത് പത്താം ക്ലാസിലെ സയൻസ് പുസ്തകത്തിൽനിന്ന് പരിണാമ സിദ്ധാന്തം ഒഴിവാക്കിയതാണ്. ഇതിനെതിരെ ശാസ്ത്രജ്ഞരും അധ്യാപകരും ഉൾപ്പെടെയുള്ള നിരവധിപേർ പ്രതിഷേധിച്ചിരുന്നു.

കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ SCERT പാഠപുസ്തകങ്ങളിൽ സംഭവിച്ചിരിക്കുന്ന മാറ്റങ്ങളും ഗുരുതരമാണ്. പ്രസക്തമായ ചില ചരിത്രങ്ങൾ ചേർക്കപ്പെടാതെ പോയിരിക്കുന്നതും, ചരിത്രത്തിലെ ചില സുപ്രധാന വ്യക്തിത്വങ്ങൾ ഒഴിവാക്കപ്പെട്ടിരിക്കുന്നതും, ചില ചരിത്രങ്ങൾ തെറ്റിദ്ധാരണാജനകമാം വിധം അവതരിപ്പിക്കപ്പെട്ടിരിക്കുന്നതും മറ്റും ചൂടേറിയ ചർച്ചകൾക്ക് വഴിയൊരുക്കിയ വിഷയങ്ങളാണ്. വർഷങ്ങൾക്ക് മുമ്പ് മുതൽതന്നെ പ്രാബല്യത്തിലുള്ള പാഠപുസ്തകങ്ങളിലാണ് വളരെ വൈകിയ വേളയിൽ ഇത്തരം ഗുരുതരമായ

പിഴവുകൾ കണ്ടെത്തിയത്. ഇത്തരത്തിൽ സംഭവിച്ചിരിക്കുന്നതിന്റെ പാർശ്വഫലങ്ങളും, വന്നുപോയിരിക്കുന്ന പിഴവിന്റെ ആഴവും വ്യക്തമായി വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.


കേരളചരിത്രത്തിന്റെയും ചില പ്രധാന അധ്യായങ്ങൾ ഒഴിവാക്കി, മറ്റു ചിലവയ്ക്ക് ഇടം കൊടുത്തിരിക്കുകയാണ്. ലോകചരിത്രത്തിൽ മുതൽ കേരളസമൂഹത്തിന്റെ സാംസ്കാരിക ഉന്നമനത്തിലും സാമൂഹിക

**രാജ്യത്തിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലം ഇന്നത്തെ അവസ്ഥയിലേയ്ക്ക് പരിവർത്തിതപ്പെട്ടതും വളർന്നുവന്നതും എങ്ങനെ എന്ന തിരിച്ചറിവ് ഒരു പൗരന് വളരെ പ്രധാനമാണ്. നാളെയിലേക്കുള്ള വളർച്ച എപ്രകാരമായിരിക്കണമെന്ന് മനസിലാക്കാനും അതിനാവശ്യമായ സംഭാവനകൾ നൽകാനും അയാൾക്ക് കഴിയുന്നത് അപ്പോഴാണ്.**

**വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനങ്ങൾ വിസ്മരിക്കപ്പെടുന്നു**

സങ്കുചിതമായ കാഴ്ചപ്പാടുകളോടെ ചരിത്രത്തിലും പാഠപുസ്തകങ്ങളിലും കൈകടത്തലുകൾ നടത്തുന്നവർ രാജ്യത്തിന്റെ ഭാവിയെത്തന്നെയാണ് അപകടത്തിലാഴ്ത്തുന്നത്. വിശാലമനസോടെ ലോകത്തെ കാണുവാനും ഉയർന്നു ചിന്തിക്കുവാനും ഒരുവനെ പര്യാപ്തനാക്കുന്നതായിരിക്കണം വിദ്യാഭ്യാസം. വിദ്യാഭ്യാസത്തിൽ കാലാനുസൃതമായ പരിഷ്കരണങ്ങൾ ആവശ്യമാണ്. എന്നാൽ, അത് വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യം വച്ചുകൊണ്ടുള്ളതായിരിക്കണം. NCERT യുടെ പാഠപുസ്തകങ്ങളിൽനിന്ന് ചില സുപ്രധാന ചരിത്ര സംഭവങ്ങൾ നീക്കം ചെയ്യപ്പെടുമ്പോൾ, SCERT യുടെ പാഠപുസ്തകങ്ങളിൽ ലോകചരിത്രത്തിന്റെയും പരിഷ്കരണത്തിലും വരെ ക്രൈസ്തവ സമൂഹങ്ങൾ, വിശിഷ്യാ കത്തോലിക്കാസഭ നടത്തിയിട്ടുള്ള ഇടപെടലുകളുടെ ഒരു ചെറിയ അംശം പോലും ഈ പാഠപുസ്തകങ്ങളിൽ കണ്ടെത്താനാവില്ല.

പതിനഞ്ചാം നൂറ്റാണ്ട് മുതലുള്ള കേരള ചരിത്രത്തിൽ ഒട്ടനവധി മിഷനറിമാരും, വൈദികരും, മെത്രാന്മാരും നടത്തിയ ഇടപെടലുകളായിരുന്നു കേരളത്തിന്റെ സാമൂഹിക പരിഷ്കരണത്തിന് അടിത്തറപാകിയത്. മലയാളം, തമിഴ്, ഹിന്ദി തുടങ്ങിയ നിരവധി ഇന്ത്യൻ ഭാഷകൾക്ക് ശരിയായ ചട്ടക്കൂടുകൾ ഒരുക്കിയതും ക്രൈസ്തവ മിഷനറിമാരാണ്. ലോകചരിത്രത്തിലും വിവിധ വൈജ്ഞാനിക ശാഖകളിലും ക്രൈസ്തവ സമൂഹത്തിന്റെ ഇടപെടലുകൾ നിർണ്ണായകമാണ്. എന്നാൽ, ഇത്തരം ചരിത്രയാഥാർത്ഥ്യങ്ങളെയെല്ലാം തമസ്കരിച്ചുകൊണ്ട് ചില പ്രത്യേക ഇടങ്ങളിൽനിന്ന് ലോകചരിത്രം ആരംഭിക്കുന്നു എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം SCERT യുടെ പാഠപുസ്തക രചനയിൽ കാണാം. ലോകചരിത്രത്തിൽ തന്നെ നിർണ്ണായകമായ ഇടപെടലുകൾ നടത്തുകയും ലോകത്തെ ആധുനികതയിലേയ്ക്ക് കൈപിടി




ച്ചു നയിക്കുകയും ചെയ്തത് അറബ് സമൂഹമാണ് എന്ന വിചിത്രമായ ആശയം ഒമ്പതാം ക്ലാസിലെ സാമൂഹ്യപാഠപുസ്തകം അടിവരയിട്ട് ഉറപ്പിക്കുന്നത് ഉദാഹരണമാണ്. കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ക്രൈസ്തവ സമൂഹത്തിന് കാര്യമായ സ്ഥാനമൊന്നുമില്ല എന്നാണ് ഏഴാംക്ലാസിലെ പാഠപുസ്തകത്തിലെ അവതരണങ്ങൾ വായിക്കുന്ന ആരും കരുതുക.

ഇത്തരത്തിൽ വിവിധ പ്രത്യയ ശാസ്ത്രങ്ങൾ ചരിത്രത്തെ തങ്ങൾക്ക് അനുകൂലമാക്കിമാറ്റാനുള്ള അണിയറ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അത് എത്രമാത്രം ദോഷകരമായാണ് മാറുന്നത് എന്നുള്ളത് വിലയിരുത്തപ്പെടേണ്ടതുണ്ട്. പുതിയ തലമുറകൾ ചരിത്രം പഠിക്കുന്നത് എന്തിനാണ് എന്നുള്ള ചോദ്യമാണ് പ്രധാനം. മാനവകുലം വികാസ പരിണാമങ്ങളുടേതായ ഒരു ദീർഘ യാത്രയിലാണ്. എക്കാലവും തുടർന്നുകൊണ്ടേയിരിക്കുന്ന ഒരു യാത്രയാണ് അത്. കടന്നുവന്ന വഴികളെക്കുറിച്ചുള്ള അവബോധമാണ് ഓരോ കാലഘട്ടത്തിലും ജീവിക്കുന്നവർക്ക് ദിശാബോധം നൽകുന്നത്. താനായിരിക്കുന്ന ആനുകാലിക ലോകം എവിടെ എത്തിനിൽക്കുന്നു എന്ന വ്യക്തമായ തിരിച്ചറിവ് കൂടാതെ യാത്രയുടെ ലക്ഷ്യസ്ഥാനം നിശ്ച

തലമുറകളെ വഴിനടത്താൻ തുനിഞ്ഞിറങ്ങുന്നവർക്ക് അതിനുള്ള എളുപ്പമാർഗം ശരിയായ അവബോധം വിദ്യാർത്ഥികൾക്ക് നൽകാതിരിക്കുക എന്നുള്ളതാണ്.

രാജ്യത്തിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലം ഇന്നത്തെ അവസ്ഥയിലേയ്ക്ക് പരിവർത്തിതപ്പെട്ടതും വളർന്നുവന്നതും എങ്ങനെ എന്ന തിരിച്ചറിവ് ഒരു പൗരന് വളരെ പ്രധാനമാണ്. നാളെയിലേക്കുള്ള വളർച്ച എപ്രകാരമായിരിക്കണമെന്ന് മനസിലാക്കാനും അതിനാവശ്യമായ സംഭാവനകൾ നൽകാനും അയാൾക്ക് കഴിയുന്നത് അപ്പോഴാണ്. തികച്ചും മതേതരമായ ഒരു ഭരണഘടനയിൽ അധിഷ്ഠിതമായ ഈ രാജ്യത്ത്, മത വിശ്വാസ സംബന്ധിയല്ലാത്ത സാമൂഹിക ചട്ടക്കൂടിൽ, അത്തരമൊരു വ്യക്തിത്വമായി വളരാൻ സാധിക്കുക എന്നുള്ളത് പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. അതിനുള്ള അവസരം വിദ്യാർത്ഥികൾക്ക് നൽകാനുള്ള ചുമതല ഭരണകൂടങ്ങളിൽ നിക്ഷിപ്തമാണ്. അതിനാൽത്തന്നെ ഇന്ന് നാം കാണുന്ന മതേതരത്വ ചിന്തകൾ എങ്ങനെയാണ് ഇവിടെ വളർന്നതെന്ന് ഓരോരുത്തരും മനസിലാക്കേണ്ടതുണ്ട്.

**വൈജ്ഞാനിക വിഷയങ്ങളിലെ കൈകടത്തലുകൾ**



യിക്കാൻ ഒരു വ്യക്തിക്ക് കഴിയുകയില്ല. അഥവാ, യഥാർത്ഥ ജീവിത ലക്ഷ്യത്തെ തിരിച്ചറിയാൻ ഈ അവബോധം ആവശ്യമാണ്. അതേസമയം കപടമായ ലക്ഷ്യ സ്ഥാനങ്ങൾ ചൂണ്ടിക്കാണിച്ച് തെറ്റായ വഴിയിലൂടെ

പാഠപുസ്തക പരിഷ്കരണം ഏറ്റവുമൊടുവിൽ വിവാദമായി മാറിയത് പരിണാമസിദ്ധാന്തം സംബന്ധിച്ച ഭാഗങ്ങൾ NCERT പാഠപുസ്തകത്തിൽനിന്ന് നീക്കം ചെയ്തത് വഴിയായാണ്. ജീവോൽപ്പത്തിയുമായി

ബന്ധപ്പെട്ട് ലോകം അംഗീകരിക്കുന്ന പരിണാമസിദ്ധാന്തത്തിന്റെ തുടർച്ചയായാണ് ഇക്കാലഘട്ടത്തിലെ നിരവധി ഗവേഷണ മേഖലകൾ മുന്നേറിക്കൊണ്ടിരിക്കുന്നത്. ആധുനിക ശാസ്ത്രത്തിന്റെ കണ്ണുകളിലൂടെ ലോകത്തെ വീക്ഷിക്കുന്നതിന് പകരം സങ്കുചിതവും പ്രാകൃതവുമായ വീക്ഷണങ്ങൾ അടിച്ചേൽപ്പിക്കാനുള്ള ഇത്തരം പ്രവണതകൾ അത്യന്തം ദോഷകരമാണ്. SCERT പാഠപുസ്തകങ്ങളിലും ഇത്തരം പിഴവുകൾ ദൃശ്യമാണ്. ക്രൈസ്തവ വിശ്വാസവും കത്തോലിക്കാ സഭയും ശാസ്ത്രത്തിന് വിരുദ്ധമാണ് എന്ന ധാരണ പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന ചില പ്രസ്ഥാനങ്ങളുടെ ആശയങ്ങൾ പാഠപുസ്തകങ്ങളിൽ പ്രകടമാണ്.

ശാസ്ത്ര വൈജ്ഞാനിക മേഖലകളിലെ കത്തോലിക്കാ സഭയുടെ ഇടപെടലുകൾ പൂർണ്ണമായും തമസ്കരിക്കപ്പെട്ടിരിക്കുന്നതായി കാണാം. പൂർണ്ണതയില്ലാതെയും, അവ്യക്തമായും അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ആഖ്യാനങ്ങൾ ഒട്ടേറെ തെറ്റിദ്ധാരണകൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. വാസ്തവത്തിൽ ക്രിസ്തുവർഷത്തിന്റെ ആദ്യ നൂറ്റാണ്ടുകൾ മുതലിങ്ങോട്ടുള്ള ലോകചരിത്രത്തിൽ ശാസ്ത്രരംഗത്ത് ഉൾപ്പെടെയുള്ള വിവിധ മുന്നേറ്റങ്ങൾ ക്രൈസ്തവ സമൂഹവും കത്തോലിക്കാ സഭയുമായും ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. ലോകത്തിലെ തന്നെ ഏറ്റവും പഴക്കമുള്ള സയൻസ് അക്കാദമി കത്തോലിക്കാ സഭയുടെ മേൽനോട്ടത്തിൽ പതിനേഴാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ടതാണ് (അക്കാദമി ഓഫ് ലിൻക്സ്, Accademia dei Lincei , Accademy of Lynx) എന്ന വാസ്തവത്തെ മറച്ചുവച്ചുകൊണ്ടാണ് കത്തോലിക്കാ സഭ ശാസ്ത്രത്തിന് വിരുദ്ധമായി ചിന്തിക്കുന്നു എന്ന പ്രചരണങ്ങൾ നടക്കുന്നത്. ചരിത്രത്തിൽ വ്യക്തമായ ഇടം അടയാളപ്പെടുത്തിയിട്ടുള്ള ശാസ്ത്രജ്ഞരായ ഒട്ടനവധി വൈദികരെക്കുറിച്ചുള്ള പരാമർശങ്ങൾപോലും കണ്ടെത്തുക എളുപ്പമല്ല.

കേരളത്തിലെ പാഠപുസ്തകങ്ങളിൽ മുഖ്യമായും വിവരിക്കുന്നത് മറ്റു ചില ചിത്രങ്ങളാണ്. മധ്യപൂർവ്വദേശത്തെ സാമൂഹിക സാങ്കേതിക വൈജ്ഞാനിക മുന്നേറ്റങ്ങൾക്ക് അമിത പ്രാധാന്യം കൊടുക്കുമ്പോഴും, യൂറോപ്പിന്റെയും ഇന്ത്യയുടേയും ഇത്തരം മേഖലകളിലെ മുന്നേറ്റങ്ങളിൽ പലതും അവഗണിക്കപ്പെട്ടിരിക്കുന്നതായി കാണാം. ചില വിഭാഗങ്ങളെ മാത്രം മികവുറ്റവരാക്കി ചിത്രീകരിക്കാനുള്ള പ്രവണത കാണപ്പെടുന്നതിന് പിന്നിൽ അനാരോഗ്യകരമായ ചില ഇടപെടലുകൾ സംശയിക്കുന്നതിൽ തെറ്റില്ല. ഇത്തരം ലക്ഷ്യങ്ങൾക്കായി ചരിത്രം തിരുത്തിയെഴുതുന്ന പ്രവണത അപകടകരമാണ്.

**ശരിയായ ഇടപെടലുകൾ ആവശ്യം**

തങ്ങളുടെ സ്ഥാപിത താല്പര്യങ്ങൾക്കും ഗൂഢ ലക്ഷ്യങ്ങൾക്കും വേണ്ടി ചരിത്രത്തിലും സമിതികളിലും അതിക്രമിച്ചു കയറുന്നവരെ തിരിച്ചറിഞ്ഞ് മാറ്റി നിർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ശരിയായ പഠനങ്ങളും നിരീക്ഷണങ്ങളും ഉണ്ടാകേണ്ടതുണ്ട്. വിസ്മരിക്കപ്പെട്ടതും തമസ്കരിക്കപ്പെട്ടതും മാറ്റിയെഴുതപ്പെട്ടതുമായ ചരിത്രങ്ങളെയും ചരിത്രത്തിലെ വ്യക്തിത്വങ്ങളെയും കണ്ടെത്തുകയും അടയാളപ്പെടുത്തുകയുംവേണം.അത്തരമൊരുഉറച്ചപരിശ്രമം ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സ്ഥാപിത താല്പര്യങ്ങളുടെ കടന്നുകയറ്റങ്ങൾ നിയന്ത്രിക്കപ്പെടേണ്ടതും പ്രതിരോധിക്കപ്പെടേണ്ടതുമാണ്. സർക്കാർ സംവിധാനങ്ങൾ നിഷ്പക്ഷവും നീതിനിഷ്ഠവും ഉത്തരവാദിത്തങ്ങളെ ഉൾക്കൊള്ളുന്നതുമാവുകയാണ് ഇതിന് പരിഹാരം. കളങ്കിതവും അഴിമതിക്ക് കീഴ്പെട്ടതുമായ ഒരു ഭരണസംവിധാനത്തെ തിരുത്താൻ കഠിനമായ പരിശ്രമം ആവശ്യമാണ്. മതേതര സമൂഹം അതിന് സജ്ജരാവുകയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം.

**വിസ്മരിക്കപ്പെട്ടതും തമസ്കരിക്കപ്പെട്ടതും മാറ്റിയെഴുതപ്പെട്ടതുമായ ചരിത്രങ്ങളെയും ചരിത്രത്തിലെ വ്യക്തിത്വങ്ങളെയും കണ്ടെത്തുകയും അടയാളപ്പെടുത്തുകയും വേണം. അത്തരമൊരു ഉറച്ച പരിശ്രമം ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സ്ഥാപിത താല്പര്യങ്ങളുടെ കടന്നുകയറ്റങ്ങൾ നിയന്ത്രിക്കപ്പെടേണ്ടതും പ്രതിരോധിക്കപ്പെടേണ്ടതുമാണ്.**

## നിരീക്ഷണം

*ജീവിത സാഹചര്യങ്ങളും ദൗർബ്ബല്യങ്ങളും മുതലെടുത്തുകൊണ്ട് പെൺകുട്ടികൾ ഇരകളാക്കപ്പെടുകയും ബലികഴിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം വിശദമായ അന്വേഷണങ്ങൾക്കും വിശകലനങ്ങൾക്കും വിധേയമാക്കപ്പെടേണ്ടതുണ്ട്. ഒരു ചെറിയ വിഭാഗം പേരുടെ തീവ്രവാദപരമായ നീക്കങ്ങളെ ചെറുത്തുതോൽപ്പിക്കാനുള്ള ആർജ്ജവം പൊതുസമൂഹവും സർക്കാരും വിശിഷ്യാ പ്രബുദ്ധരായ മുഖ്യധാരാ ഇസ്ലാമിക സമൂഹവും പ്രകടിപ്പിക്കുക തന്നെ വേണം.*

# പുകമറയ്ക്കുള്ളിലെ പ്രണയകെണികൾ

കഴിഞ്ഞ ഒന്നര പതിറ്റാണ്ടോളമായി കേരളസമൂഹത്തിൽ വലിയ ആശയക്കുഴപ്പങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും വഴിയൊരുക്കിയ പദമാണ് 'ലൗജിഹാദ്'. ആ പദത്തിന്റെ സാങ്കേതികത, വിഷയത്തിൻറെ യാഥാർത്ഥ്യം, അതിൻറെ ഗൗരവം മുതലായവയൊക്കെ വിവിധ തലങ്ങളിൽ ഇന്നും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. സാങ്കേതികമായി ആ പദത്തിന് നിലനിൽപ്പുണ്ടോ ഇല്ലയോ എന്നതിനപ്പുറം, ഇത്തരമൊരു പ്രതിസന്ധിയുടെ യാഥാർഥ്യം എന്താണ് എന്നുള്ളതുതന്നെയാണ് പ്രധാനമായും ചർച്ച ചെയ്യപ്പെടേണ്ടതായുള്ളത്. എന്നാൽ, എപ്രകാരം ഈ വിഷയത്തെ സമീപിക്കണമെന്നുള്ളതിന് വ്യക്തതയില്ലാത്തവരാണ് മലയാളികളിൽ ഏറെയും. തീവ്ര ഇസ്ലാമിക തീവ്ര ഹിന്ദുത്വ പ്രത്യയശാസ്ത്രങ്ങളുടെ ഏറ്റുമുട്ടലുകൾക്കിടയിൽ ഉയരുന്ന ചില ആരോപണങ്ങളിൽ കാര്യമായ കഴമ്പില്ലാത്ത ഒന്ന് മാത്രമാണ് ഇതെന്ന് കരുതുന്നവരുണ്ട്. പ്രായ പൂർത്തിയായവർ വിവാഹിതരായി ഒരുമിച്ചു ജീവിക്കാൻ തീരുമാനിക്കുന്നതിൽ മതം കലർത്തുന്നതെന്തിന് എന്ന് ചോദിക്കുന്നവരും ഏറെയുണ്ട്. ശരിയാണ്, പരസ്പരം ഇഷ്ടപ്പെട്ട് പ്രണയിച്ച് വിവാഹം കഴിച്ചു ജീവിക്കുന്നവരുണ്ട്. അത്തരം വിവാഹങ്ങളെ അംഗീകരിക്കുന്ന സാമൂഹ്യവും നിയമപരവുമായ വ്യവസ്ഥിതി നമ്മുടെ രാജ്യത്തുണ്ട്. അതേസമയം തന്നെ, പ്രണയത്തെ കെണിയാക്കി മാറ്റി മതപരിവർത്തനത്തിലേക്കും വിധ്വംസക പ്രവർത്തനങ്ങളിലേക്കും നയിക്കുന്ന ശ്രമങ്ങൾ ഈ നാട്ടിൽ വർദ്ധിച്ചു വരുന്നതും, അവയുടെ ആസൂത്രിത സ്വഭാവങ്ങളും നാം കൂടുതൽ നിരീക്ഷണവിധേയമാക്കേണ്ടതില്ലേ? ആസൂത്രിതമായ പ്രണയ ചതികളെ സൂചിപ്പിക്കുന്ന പേരുകൾ ഏതുമാകട്ടെ, ഇത്തരം കെണികൾ പൊതുസമൂഹത്തിൽ ഉളവാക്കുന്ന വിഭജനങ്ങളും കുടുംബങ്ങളിൽ സൃഷ്ടിക്കുന്ന അരക്ഷിതാവസ്തയും ഇനിയും കണ്ടില്ല എന്ന് നടിക്കുന്നത് ആത്മഹത്യാപരമാണ്.

> “ ആസൂത്രിതമായ പ്രണയ ചതികളെ സൂചിപ്പിക്കുന്ന പേരുകൾ ഏതുമാകട്ടെ, ഇത്തരം കെണികൾ പൊതു സമൂഹത്തിൽ ഉളവാക്കുന്ന വിഭജനങ്ങളും കുടുംബങ്ങളിൽ സൃഷ്ടിക്കുന്ന അരക്ഷിതാവസ്തയും ഇനിയും കണ്ടില്ല എന്ന് നടിക്കുന്നത് ആത്മഹത്യാപരമാണ്.

പ്രണയ ചതികളുടെ വാസ്തവത്തെകുറിച്ചും വ്യാപനത്തെകുറിച്ചും കേരള കത്തോലിക്കാ സഭക്കോ, മറ്റ് ക്രിസ്തീയ സഭകൾക്കോ ഇന്ന് എതിർ അഭിപ്രായങ്ങളില്ല. ഇതര സമുദായനേതാക്കന്മാരും പലപ്പോഴും ഇത്തരം ചതിക്കുഴികളെകുറിച്ച്

ആശങ്കകൾ പരസ്യമായി തന്നെ പ്രകടിപ്പിച്ചിട്ടുമുണ്ട്. കഴിഞ്ഞ ഈസ്റ്റർ ദിനത്തിൽ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് ഒരു പ്രമുഖ ഇംഗ്ലീഷ് ദിനപത്രത്തിന് നൽകിയ ഇന്റർവ്യൂവിൽ പ്രണയ ചതികളും കെണികളും ആസൂത്രിതമായി ഇവിടെ നടക്കുന്നുണ്ട് എന്ന് അർത്ഥശങ്കക്കിടയില്ലാത്ത രീതിയിൽ പറഞ്ഞിരുന്നു. എന്നാൽ, അത്തരം ആശയങ്ങളൊക്കെ മറച്ചുവച്ച് ക്രൈസ്തവരുടെ ബിജെപി ബാന്ധവത്തെകുറിച്ച് വ്യഖ്യാനങ്ങൾ ചമയ്ക്കുന്ന തിരക്കിലായിരുന്നു കേരളത്തിലെ മാധ്യമങ്ങൾ. പ്രണയം നടിച്ചുള്ള കെണികളും ചതികളും അവഗണിക്കാവുന്നതല്ല, അവ നമ്മുടെ സമൂഹം നേരിടുന്ന ഗുരുതരമായ ഒരു സാമൂഹിക വിപത്താണ് എന്ന് സ്കരിച്ച്, വെറും വർഗീയ രാഷ്ട്രീയത്തിൻറെ ഉപോൽപ്പന്നമായി പ്രണയ ചതികളെ ചിത്രീകരിക്കാനും, കുറ്റകൃത്യങ്ങൾക്ക് മതമില്ല എന്ന് നിരന്തരം ആവർത്തിച്ചുകൊണ്ട് തീവ്രമതചിന്തകളുടെ അപകടങ്ങളെ ലഘൂകരിക്കാനും മാധ്യമങ്ങളും സാംസ്കാരിക നായകരെന്ന് അവകാശപ്പെടുന്നവരും മത്സരിക്കുന്നതുതന്നെ, ഇതിന് പിന്നിൽ പ്രവർത്തിക്കുന്നവരുടെ ആസൂത്രിത സ്വഭാവം അനാവരണം ചെയ്യുന്നുണ്ട്.

**ചില വാസ്തവങ്ങൾ**

കേരളത്തിൽ നിലവിൽ നടന്നിട്ടുള്ള മതേതരപ്രണയവിവാഹങ്ങളുടെകാര്യത്തിൽ ചില കാര്യങ്ങൾ അടിസ്ഥാനപരമായ പ്രാ



ധാന്യം അർഹിക്കുന്നുണ്ട്. മുസ്ളീം യുവാക്കളെ വിവാഹം കഴിക്കുന്ന അമുസ്ളീം യുവതികളുടെ അനുപാതം മറ്റ് മതാന്തര വിവാഹങ്ങളുടെ എണ്ണത്തെ അപേക്ഷിച്ച് വളരെ കൂടുതലാണ്. അതേസമയം, മുസ്ളീം യുവതികൾ അന്യ മതസ്ഥരെ വിവാഹം ചെയ്യുന്ന സംഭവങ്ങൾ വളരെ വിരളമാണ്. മറ്റുമതങ്ങളിൽനിന്ന് വിവാഹം വഴി മതംമാറ്റപ്പെട്ട് മുസ്ളീം ആയിമാറുന്ന പെൺകുട്ടികളുടെ എണ്ണം കൂടുതൽ ആയിരിക്കുമ്പോൾ, മറ്റു മതസ്ഥരെ വിവാഹം ചെയ്യുന്ന മുസ്ളീം യുവതികളുടെ എണ്ണം താരതമ്യേന തീരത്തും കുറവാണ്. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ 2012 ജൂൺ 25 ന്

വ്യക്തമായി പറയാനുള്ള ആർജവം കേരളത്തിലെ മത നേതാക്കൾ മാത്രമല്ല, സാംസ്കാരിക നായകന്മാരും മാധ്യമങ്ങളും പ്രകടിപ്പിച്ചേ തീരൂ.

സ്വന്തം കുടുംബത്തിലേക്കോ, സമൂഹത്തിലേക്കോ തിരിച്ചു പോകാൻ പറ്റാത്ത സാഹചര്യങ്ങൾ പ്രണയം നടിച്ച് സൃഷ്ടിച്ചുകൊണ്ട്, നിർബന്ധിതമായ മതപരിവർത്തനത്തിലേക്കും ലഹരികടത്ത് ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങളിലേക്കും, ഭീകരപ്രവർത്തനങ്ങളിലേക്കും നയിക്കപ്പെടുന്നവർ ഉണ്ട് എന്നുള്ളത് പലപ്പോഴും ചെറിയ കോളങ്ങളിൽ ഒതുക്കപ്പെടുന്ന നിരവധി വാർത്തകളിൽ നിന്നും വ്യക്തമാണ്. ഇവയെല്ലാം തമ

മതപരിവർത്തനവുമായി ബന്ധപ്പെട്ട് കെകെ ലതിക എംഎൽഎയുടെ ചോദ്യത്തിന് മറുപടിയായി നിയമസഭയിൽ നൽകിയ കണക്കുകൾ പ്രകാരം, 2009 മുതൽ 2012 വരെ 2667 ഹിന്ദു, ക്രിസ്ത്യൻ യുവതികൾ ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടതായി വ്യക്തമാക്കുന്നുണ്ട്. 2006 ന് ശേഷം കേരളത്തിൽ 6129 പേർ മതപരിവർത്തനം നടത്തിയതിൽ ബഹുഭൂരിപക്ഷവും വിവാഹം വഴി ഇസ്ലാംമതം സ്വീകരിച്ച ഹിന്ദു, ക്രിസ്ത്യൻ യുവതികളാണ് എന്ന് എസ്എൻഡിപി നേതാവ് ശ്രീ വെള്ളാപ്പള്ളി നടേശൻ വെളിപ്പെടുത്തിയത് കഴിഞ്ഞയിടെ വിവാദമായി മാറിയിരുന്നു.

മുസ്ലീം യുവാവിനെ വിവാഹം കഴിക്കുന്ന ഹിന്ദു, ക്രിസ്ത്യൻ യുവതികളിൽ ബഹുഭൂരിപക്ഷവും മതം മാറ്റപ്പെടുന്നുണ്ട്. എന്നാൽ, ഹിന്ദു യുവാക്കളെ വിവാഹം ചെയ്യുന്ന ക്രിസ്ത്യൻ യുവതികളോ, ക്രിസ്ത്യൻ യുവാക്കളെ വിവാഹം ചെയ്യുന്ന ഹിന്ദു യുവതികളോ ഏറെയൊന്നും മതം മാറാറില്ല. "disparity of cult" എന്ന ഒഴിവ് ഉപയോഗിച്ചുകൊണ്ട് ഇതര മതസ്ഥയെ ദൈവാലയത്തിൽ വച്ച് വിവാഹം ചെയ്യാൻ ഒരു കത്തോലിക്കാ യുവാവിന് സാധിക്കും. ജീവിതപങ്കാളിക്ക് മരണംവരെയും അക്രൈസ്തവയായി തുടരാൻ അവിടെ തടസമില്ല.

> **"പ്രണയം വിവാഹത്തിലേക്ക് നയിക്കപ്പെടുന്ന ഏതെങ്കിലും ഘട്ടങ്ങളിലോ വിവാഹാനന്തരമോ മതം മാറ്റത്തിന് നിർബ്ബന്ധിക്കപ്പെടുകയോ, പലവിധ സമ്മർദ്ദങ്ങൾ അതിനായുണ്ടാവുകയോ ചെയ്യുന്നുണ്ടെങ്കിൽ, മതപരിവർത്തനം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു പദ്ധതിയും അതിന്റെ പൂർത്തീകരണവുമായിരുന്നു പ്രസ്തുത പ്രണയവും വിവാഹവും എന്ന് മനസിലാക്കാവുന്നതാണ്.**

പ്രണയക്കെണികൾ ഉണ്ട് എന്നുള്ള നിഗമനത്തിലേക്ക് എത്തിച്ചേരുന്നതിന്റെ പ്രധാനമായ കാരണം പ്രണയത്തെത്തുടർന്നുള്ള വിവാഹത്തോട് അനുബന്ധിച്ചുള്ള നിർബന്ധിത മതംമാറ്റങ്ങളാണ്. പ്രണയം വിവാഹത്തിലേക്ക് നയിക്കപ്പെടുന്ന ഏതെങ്കിലും ഘട്ടങ്ങളിലോ വിവാഹാനന്തരമോ മതം മാറ്റത്തിന് നിർബ്ബന്ധിക്കപ്പെടുകയോ, പലവിധ സമ്മർദ്ദങ്ങൾ അതിനായുണ്ടാവുകയോ ചെയ്യുന്നുണ്ടെങ്കിൽ, മതപരിവർത്തനം ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു പദ്ധതിയും അതിന്റെ പൂർത്തീകരണവുമായിരുന്നു പ്രസ്തുത പ്രണയവും വിവാഹവും എന്ന് മനസിലാക്കാവുന്നതാണ്. മാതാപിതാക്കളെയും കുടുംബത്തെയുമൊക്കെ കോടതിമുറികൾക്കുള്ളിൽ തള്ളിപ്പറഞ്ഞു കാമുകനൊപ്പം ആരംഭിക്കുന്ന ജീവിതത്തിൽ, പിന്നീടുണ്ടാകുന്ന സമ്മർദ്ദങ്ങൾക്ക് വഴിപ്പെടനല്ലാതെ മാറ്റൊരു സാധ്യതയും ഇല്ലാതിരിക്കുന്നിടത്താണ് പ്രണയം കെണിയും ചതിയും ആകുന്നത്. പ്രണയം മതപരിവർത്തനത്തിനുള്ള ഒരു സാധ്യതയായി കാണുന്ന, നിരോധിക്കപ്പെട്ടതും ഇനിയും നിരോധിക്കപ്പെട്ടിട്ടില്ലാത്തതുമായ തീവ്രനിലപാടുകളുള്ള ചില മതസംഘടനകളും പ്രസ്ഥാനങ്ങളും ഇത്തരം പദ്ധതികൾക്ക് പിന്നിൽ ഉണ്ടെന്ന് തന്നെയാണ് കരുതേണ്ടത്.

ഒരു വിഭാഗം വിവാഹങ്ങളുടെ അനുപാത വൈരുദ്ധ്യവും, അനുബന്ധമായ മതപരിവർത്തനത്തിനുള്ള നിർബ്ബന്ധബുദ്ധിയും, പിന്നീടുള്ള വിവാഹ മോചനങ്ങളുടെയും, ആത്മഹത്യകളുടെയും, കുറ്റകൃത്യങ്ങളുടെയും എണ്ണം വർധിക്കുന്നതും മറ്റുമാണ് ഇത്തരം വിവാഹങ്ങൾക്ക് പിന്നിൽ സംഘടിതമായ ശ്രമങ്ങളുണ്ടാകാമെന്ന് പൊതുവെ കരുത്തപ്പെടുന്നതിന് പ്രധാന കാരണം.

### കണക്കുകളിൽ അവ്യക്തത

ഇത്തരം വിവാഹങ്ങൾ സംബന്ധിച്ച ഡാറ്റ പൂർണ്ണമായി ലഭ്യമല്ലാത്തതും, അനുബന്ധമായ സംഭവങ്ങൾ പലപ്പോഴും വ്യക്തതയോടെ റിപ്പോർട്ട് ചെയ്യപ്പെടാത്തതും ആശയക്കുഴപ്പങ്ങൾക്ക് കാരണമാണ്. പ്രണയക്കെണികൾ സംബന്ധിച്ച അന്വേഷണങ്ങളും റിപ്പോർട്ടുകളും പലപ്പോഴും ഉണ്ടായിട്ടുണ്ടെങ്കിലും അതുസംബന്ധിച്ച വാർത്തകളോ, റിപ്പോർട്ടുകളോ പുറത്തുവിടുകയുണ്ടായിട്ടില്ല. നാലോളം മുൻ ഡിജിപിമാരും നിരവധി ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും ഇത്തരം പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുന്നുണ്ട് എന്നുള്ളത് മാധ്യമങ്ങൾക്ക് മുന്നിൽ പലപ്പോഴാ

യി സ്ഥിരീകരിക്കുകയുണ്ടായിട്ടുണ്ട്. അനൗദ്യോഗികമായി ചില കണക്കുകൾ ലഭ്യമാണെങ്കിലും ഈ വിഷയത്തിൽ വ്യക്തത വരുത്താൻ കഴിയുന്ന സർക്കാരോ പൊലീസോ ഇതുവരെയും അതിന് തുനിഞ്ഞിട്ടില്ല എന്നുള്ളതാണ് വാസ്തവം.

സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന ഇത്തരം വിവാഹങ്ങളുടെ രേഖകൾ ലഭ്യമാവുന്നത് വിവിധ രജിസ്ട്രാർ ഓഫീസുകളിൽ മാത്രമാണ്. കേരളത്തിലെ മുന്നൂറിൽ അധികം വരുന്ന രജിസ്ട്രാർ ഓഫീസുകളിൽനിന്ന് വിവരങ്ങൾ ശേഖരിച്ച് കൃത്യമായ കണക്കുകൾ ക്രോഡീകരിക്കുക ഒരു സ്വതന്ത്ര ഏജൻസിക്ക് അസാധ്യമാണ്. എന്നാൽ, പോലീസിനും, സർക്കാർ അന്വേഷണ ഏജൻസികൾക്കും, സംസ്ഥാന രജിസ്ട്രേഷൻ വകുപ്പിനും അത് കഴിയും. ജനന, മരണ, ആരോഗ്യ സ്ഥിതിവിവരങ്ങൾ വളരെ വിശദമായും മതാധിഷ്ഠിതമായും പ്രസിദ്ധീകരിച്ചുവരുന്ന പതിവ് വിവിധ സർക്കാർ വകുപ്പുകൾ തുടർന്നുപോരുന്നെങ്കിലും എല്ലായ്പ്പോഴും ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഇത്തരം വിവാഹങ്ങളുടെ കണക്കുകൾ പുറത്തുവിടാതിരിക്കുന്നത് ദുരൂഹമാണ്. വിവാഹങ്ങളുടെയും വിവാഹ മോചനങ്ങളുടെയും പ്രത്യേകിച്ച് സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന വിവാഹങ്ങളുടെയും സ്ഥിതി വിവര കണക്കുകൾ വിശദമായി മുൻകാലപ്രാബല്യത്തോടെ പുറത്തുവിടാനുള്ള നടപടികൾ സർക്കാർ അടിയന്തിരമായി സ്വീകരിക്കണം.

**തുടരുന്ന ആശയക്കുഴപ്പങ്ങൾ**

സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള വിവാഹങ്ങളുടെ വിവരങ്ങൾ പോലെത്തന്നെ വിവാഹത്തോട് അനുബന്ധിച്ച മതപരിവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങളും പൂർണ്ണമായി ശേഖരിക്കുക എളുപ്പമല്ല. ഒന്നാമത്തെ കാരണം, വിവാഹവും മതംമാറ്റവും രഹസ്യമായി നടക്കുകയും, വിവാഹശേഷം യുവതികൾ പലപ്പോഴും പരിചയക്കാർക്കിടയിൽ പ്രത്യക്ഷപ്പെടാതിരിക്കുകയും ചെയ്യുന്നു എന്നുള്ളതാണ്. തങ്ങളുടെ അനുഭവങ്ങൾ വെളിയിൽ പറയുന്നവരുടെ എണ്ണം വളരെ കുറവാണ് എന്നുള്ളതാണ് വസ്തുത. വിവാഹ മോചനം നേടിയവരും സ്വഭവനത്തിൽ തിരിച്ചെത്തിയവരും പോലും തങ്ങൾ നേരിട്ട അനുഭവങ്ങൾ തുറന്നുപറയാൻ പലപ്പോഴും തയ്യാറാകുന്നില്ല. തങ്ങൾക്കുണ്ടായ ദുരനുഭവങ്ങളെക്കുറിച്ച് ഓർക്കാൻ പോലും പലരും ഇഷ്ടപ്പെടുന്നില്ല എന്നുള്ളതാണ് ഒരു പ്രധാന കാരണം.

ഇത്തരത്തിൽ മാതാപിതാക്കളുടെ അറിവോ സമ്മതമോ കൂടാതെ വിവാഹിതരാവുകയും മതം മാറുകയും ചെയ്യുന്ന യുവതികളിൽ നല്ലൊരു വിഭാഗം സ്വഭവനങ്ങളിൽനിന്ന് പുറത്താക്കപ്പെടുന്നുണ്ട്. വിവാഹമോചനം നടത്തി തിരികെ ചെന്നാൽ പോലും വീട്ടിൽ പ്രവേശനം ലഭിക്കാത്ത അനേകം യുവതികൾ ശൈശവത്തിലുള്ള മക്കൾക്കൊപ്പം നമുക്ക് ചുറ്റും ജീവിക്കുന്നുണ്ട്. ഇത്തരത്തിൽ എന്തെങ്കിലും സംഭവിച്ചു കഴിഞ്ഞാൽ മാനക്കേട് ഭയന്ന് നാടുവിടുന്ന കുടുംബങ്ങളും വിരളമല്ല. മക്കൾ പഠന, ജോലി ആവശ്യങ്ങൾക്കായി വിദേശത്താണ് എന്നുപറഞ്ഞ് അടുത്ത ബന്ധു



ക്കളിൽനിന്നു പോലും ഇക്കാര്യങ്ങൾ മറച്ചുവയ്ക്കുന്ന മാതാപിതാക്കൾ ഏറെയുണ്ട്. ഇത്തരം പല കാരണങ്ങളാൽ യഥാർത്ഥത്തിൽ എത്രമാത്രം പേർ പ്രണയം വഴി വിവാഹത്തിലേയ്ക്കും മതംമാറ്റത്തിലേയ്ക്കും എത്തുന്നുണ്ട് എന്ന് അന്വേഷിച്ച് കണ്ടെത്തുക എളുപ്പമല്ല. ഇക്കാരണങ്ങളാൽ മഞ്ഞു മലയുടെ ഒരറ്റം മാത്രമാണ് ഇപ്പോഴും ദൃശ്യമായുള്ളത് എന്ന് അനുമാനിക്കാം.

മാതാപിതാക്കളുടെ അറിവ് കൂടാതെ നാടുവിടുകയും, പിന്നീട് പോലീസ് അന്വേഷണത്തെ തുടർന്ന് കണ്ടെത്തി കോടതിയിൽ ഹാജരാക്കപ്പെടുകയും ചെയ്യുന്ന കേസുകൾ നിരവധിയാണ്. ഇത്തരം സംഭവങ്ങളിൽ കാമുകന്റെ പക്ഷക്കാരായി പലപ്പോഴും പ്രത്യക്ഷപ്പെടാറുള്ള ആൾക്കൂട്ടവും അതിന്റെ സംഘടിത സ്വഭാവവും ഹാജരാകാനെത്തുന്ന മികച്ച വക്കീൽമാരും പ്രണയ വിവാഹങ്ങളുടെ ആസൂത്രിത സ്വഭാവത്തിന്റെ സൂചനകളായി ന്യായമായും കരുതാവുന്നതാണ്. കോടതിക്ക് മുന്നിലെത്തുന്ന പെൺകുട്ടികളിൽ ഭൂരിപക്ഷവും പതിനെട്ട് വയസ് പൂർത്തിയായി എന്ന കാരണത്താൽ സ്വതന്ത്രമായ തീരുമാനത്തിൽ കാമുകനൊപ്പം പോവുകയാണുണ്ടാവുക. ഇത്തരത്തിൽ കോടതി മുറിയിൽനിന്ന് ഇറങ്ങിപ്പോയ ശ്രുതി എന്ന പെൺകുട്ടിയുടെ കാലിൽ കെട്ടിപ്പിടിച്ചു കരയുന്ന പെറ്റമ്മയുടെ ചിത്രം മനസാക്ഷിയുള്ളവർക്കൊക്കെ ഒരു കണ്ണീർ ഓർമ്മയാകാതെ തരമില്ല.

ഇത്തരത്തിൽ മാതാപിതാക്കളുടെ കണ്ണീരുപോലും അവഗണിച്ചുള്ള ഇറങ്ങിപ്പോക്കിന് പിന്നിൽ ഏതെങ്കിലും വിധത്തിലുള്ള ഭീഷണിയോ സമ്മർദ്ദങ്ങളോ മറ്റെന്തെങ്കിലും കാരണങ്ങളോ ഉണ്ടോ എന്ന് കണ്ടെത്താൻ പോലും അവസരം ഉണ്ടാകാറില്ല. അതിനാൽത്തന്നെ, ഇത്തരത്തിൽ കോളിളക്കം സൃഷ്ടിക്കുന്നതും മാതാപിതാക്കളുടെ അറിവില്ലാതെ നടക്കുന്നതുമായ വിവാഹങ്ങളിൽ ചില നടപടിക്രമങ്ങൾ പാലിക്കാനുള്ള തീരുമാനം സർക്കാർ സ്വീകരിക്കണമെന്ന ആവശ്യങ്ങൾ ഉയർന്നിട്ടുണ്ട്. വിവാഹ രജിസ്ട്രേഷൻ മാതാപിതാക്കൾ അറിഞ്ഞിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുകയും, ഒപ്പം പെൺകുട്ടിക്ക് ശരിയായ ഒരു കൗൺസിലിംഗ് നൽകുകയും വേണം എന്നുള്ളതാണ് പ്രധാനമായ ആവശ്യങ്ങൾ. പെൺകുട്ടികളുടെ വിവാഹപ്രായം 21 ആക്കി ഉയർത്തുന്നതും ഗുണകരമായേക്കും.

പതിനെട്ട് വയസ് പൂർത്തിയായി എന്ന കാരണത്താൽ ഒരു പെൺകുട്ടിക്ക് സ്വതന്ത്രമായി തീരുമാനങ്ങൾ സ്വീകരിക്കാൻ കഴിയുന്ന ഒരു രാജ്യമാണ് ഇന്ത്യ. എന്നാൽ, കബളിപ്പിക്കപ്പെടുകയും ചതിക്കപ്പെടുകയും ചെയ്യുന്ന പെൺകുട്ടികളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ സമൂഹവും സർക്കാരും കൂടുതൽ ഉത്തരവാദിത്തത്തോടെ ഈ വിഷയം കൈകാര്യം ചെയ്യേണ്ടതുണ്ട്. കാമുകന്റെ ജോലി, വിദ്യാഭ്യാസം ജീവിത സാഹചര്യങ്ങൾ, മുൻവിവാഹം തുടങ്ങി പല കാര്യങ്ങളിലും പെൺകുട്ടികൾ കബളിപ്പിക്കപ്പെട്ടിട്ടുള്ള സംഭവങ്ങൾ പലത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അത്തരത്തിൽ പറഞ്ഞ് വഞ്ചിക്കുന്ന കേസുകളിൽ പലതിനും പിന്നിൽ കാമുകന്റെ സുഹൃത്തുക്കൾക്കും പങ്കുണ്ട്. യുവാവിനൊപ്പം പലർ ചേർന്ന് ആസൂത്രിതമായി പെൺകുട്ടിയെ കെണിയിൽ അകപ്പെടുത്തുന്ന സംഭവങ്ങൾ നിരവധി നടക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നതും പ്രണയക്കെണികളുടെ ആസൂത്രിത സ്വഭാവത്തിന് സൂചനയാണ്.

> **“ പതിനെട്ട് വയസ് പൂർത്തിയായി എന്ന കാരണത്താൽ ഒരു പെൺകുട്ടിക്ക് സ്വതന്ത്രമായി തീരുമാനങ്ങൾ സ്വീകരിക്കാൻ കഴിയുന്ന ഒരു രാജ്യമാണ് ഇന്ത്യ. എന്നാൽ, കബളിപ്പിക്കപ്പെടുകയും ചതിക്കപ്പെടുകയും ചെയ്യുന്ന പെൺകുട്ടികളുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ സമൂഹവും സർക്കാരും കൂടുതൽ ഉത്തരവാദിത്തത്തോടെ ഈ വിഷയം കൈകാര്യം ചെയ്യേണ്ടതുണ്ട്.**

**രഹസ്യസ്വഭാവം നിലനിർത്താനുള്ള സംഘടിത ശ്രമങ്ങൾ**

സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം നടക്കുന്ന വിവാഹങ്ങളുടെ രഹസ്യസ്വഭാവം സൂക്ഷിക്കാനുള്ള ശ്രമങ്ങൾ സമീപകാലങ്ങളിലായി കൂടുതലായി നടന്നുവരുന്നുണ്ട്. വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കാനുള്ള സൗകര്യവും, രജിസ്ട്രാർ ഓഫീസുകളിലെ നോട്ടീസ്

ബോർഡുകളിൽ വിവാഹ അറിയിപ്പുകൾ പതിക്കുന്നതോടൊപ്പം രജിസ്ട്രേഷൻ വകുപ്പിന്റെ വെബ്സൈറ്റിലും പരസ്യപ്പെടുത്തുന്ന പതിവും ചില വർഷങ്ങൾക്ക് മുമ്പ് മുതൽ ഉണ്ടായിരുന്നു. എന്നാൽ, 2020 ജൂലൈയിൽ രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയുടെ ഓഫീസിൽനിന്ന് ഇറങ്ങിയ ഉത്തരവ് പ്രകാരം അത് നിർത്തലാക്കി. തങ്ങളുടെ സ്വകാര്യ വിവരങ്ങൾ ദുരുപയോഗിക്കപ്പെടുന്നു എന്ന ആരോപണം ഉയർത്തി കോഴിക്കോട് സ്വദേശികളായ ആതിര, ഷമീം ദമ്പതികൾ അന്നത്തെ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി സുധാകരന് നൽകിയ പരാതിയെ തുടർന്നായിരുന്നു അത്. തുടർന്ന് 30 ദിവസം നോട്ടീസ് പതിക്കുന്ന പതിവ് നിർത്തലാക്കണമെന്ന ആവശ്യവുമായി ഇതേ വ്യക്തികൾ സുപ്രീം കോടതിയെ സമീപിക്കുകയും സുപ്രീം കോടതി ആ ആവശ്യം തള്ളുകയും ചെയ്തിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 14, 15, 21 എന്നിവയുടെ ലംഘനമാണ് സ്വകാര്യവിവരങ്ങൾ പരസ്യപ്പെടുത്തുന്നത് എന്നായിരുന്നു വാദം. എന്നാൽ ആ ആവശ്യം സുപ്രീംകോടതി നിരാകരിക്കുകയുണ്ടായി. കർണ്ണാടക, ഡൽഹി, അലഹബാദ് തുടങ്ങിയ ഹൈക്കോടതികളിലും കഴിഞ്ഞ രണ്ടുവർഷങ്ങൾക്കിടെ സമാനമായ ഹർജ്ജികൾ പരിഗണനയ്ക്ക് എത്തുകയുണ്ടായിട്ടുണ്ട്. രജിസ്ട്രാർ ഓഫീസുകളിലെ വിവാഹപരസ്യങ്ങൾ രഹസ്യ വിവാഹങ്ങൾക്ക് തിരിച്ചടിയാകുന്നു എന്നതാണ് ഈ വിഷയത്തിൽ കോടതികളിലെത്തുന്ന ഹർജ്ജികൾക്ക് പിന്നിലെ പ്രധാന കാരണം എന്ന് വ്യക്തം.

കേരളത്തിന്റെ പശ്ചാത്തലത്തിൽ ഈ നിബന്ധനയെ തന്ത്രപൂർവ്വം മറികടക്കാനുള്ള ശ്രമങ്ങളും സംശയിക്കാവുന്നതാണ്. ഏതാനും മാസങ്ങൾക്കു മുമ്പ് പത്തനംതിട്ട സ്വദേശികളായ രണ്ടു വ്യക്തികളുടെ വിവാഹം കാസർഗോഡ്, ബദിയടുക്ക സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്തതായി റിപ്പോർട്ട് ചെയ്യപ്പെട്ടത് ഉദാഹരണമാണ്. 30 ദിവസമെങ്കിലും ഒരു രജിസ്ട്രാർ ഓഫീസിന്റെ പരിധിയിൽ താമസിക്കുന്നതായി രേഖ സമർപ്പിക്കുന്ന പക്ഷം, ആ രജിസ്ട്രാർ ഓഫീസിൽ വിവാഹം രജിസ്റ്റർ ചെയ്യാൻ കഴിയും എന്ന സാധ്യത ദുരുപയോഗിക്കപ്പെടുന്നുണ്ട് എന്ന് സംശയിക്കാവുന്നതാണ്. പാലക്കാട് നടന്ന മറ്റൊരു സംഭവത്തിൽ ഒരു റിസോർട്ടിൽ വച്ച് വിവാഹം നടന്നതായി പഞ്ചായത്ത് പ്രസിഡന്റ് വ്യാജ റിപ്പോർട്ട് നൽകിയതാണ് വിവാദമായി മാറിയത്. ഇവയെല്ലാം രഹസ്യ വിവാഹങ്ങൾക്ക് ഉദാഹരണങ്ങൾ കൂടിയാണ്. ഇത്തരത്തിലുള്ള രഹസ്യ നീക്കങ്ങളും പ്രണയക്കെണികൾക്ക് പിന്നിലെ സംഘടിത നീക്കങ്ങൾക്ക് തെളിവുകളാണ്.

### കുറ്റകൃത്യങ്ങൾ നൽകുന്ന സൂചനകൾ

കൊലപാതകങ്ങൾ, മയക്കുമരുന്ന് കടത്ത്, ആത്മഹത്യകൾ തുടങ്ങിയ വാർത്തകൾ വെളിപ്പെടുത്തുന്ന ചില ഗുരുതരമായ സൂചനകളുണ്ട്. പതിനെട്ട് വയസ് മുതലുള്ള പെൺകുട്ടികൾ മയക്കുമരുന്ന് കള്ളക്കടത്ത് സംഘങ്ങൾക്കൊപ്പം പോലീസ് പിടിയിൽപ്പെടുന്ന നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മുസ്ളീം യുവാവിനൊപ്പമോ, സംഘാംഗമായോ

> “ **പതിനെട്ട് വയസ് മുതലുള്ള പെൺകുട്ടികൾ മയക്കുമരുന്ന് കള്ളക്കടത്ത് സംഘങ്ങൾക്കൊപ്പം പോലീസ് പിടിയിൽപ്പെടുന്ന നിരവധി സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മുസ്ളീം യുവാവിനൊപ്പമോ, സംഘാംഗമായോ ഒരു അമുസ്ളീം (ഹിന്ദു അല്ലെങ്കിൽ ക്രിസ്ത്യൻ) യുവതി പിടിക്കപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് പലതാണ്.**

ഒരു അമുസ്ളീം (ഹിന്ദു അല്ലെങ്കിൽ ക്രിസ്ത്യൻ) യുവതി പിടിക്കപ്പെട്ട സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് പലതാണ്. 2022 ഡിസംബർ 18 ന് ആണ് പതിനെട്ടുകാരി അനു ലക്ഷ്മി എന്ന പെൺകുട്ടി ലഹരി വിപണന സംഘത്തിനൊപ്പം കൊച്ചിയിൽ പിടിയിലാകുന്നത്. യൂനസ് എന്ന സുഹൃത്തിനൊപ്പം എംഡിഎംഎ യുമായി അക്ഷയ എന്ന യുവതി കഴിഞ്ഞ ആഗസ്റ്റിൽ പിടിയിലായത് വാർത്തയായിരുന്നു. ഒക്ടോബർ 31 നാണ് അൽത്താഫ് എന്ന സുഹൃത്തിനൊപ്പം ശിൽപ്പ എന്ന 23 കാരി പോലീസ് പിടിയിൽ അകപ്പെടുന്നത്. കാസർഗോഡ് സ്വദേശി സമീറിനൊപ്പം അഞ്ജു കൃഷ്ണ എന്ന യുവതി കൊച്ചിയിൽ പിടിയിലായത് കഴിഞ്ഞ മാർച്ച് 21 നാണ്. ഇവർ ഒരുമിച്ചു ജീവിച്ചിരുന്നവർ ആയിരുന്നു. കഴിഞ്ഞ ജനുവരി 27

ന് മുണ്ടക്കയം സ്വദേശി അപർണ്ണ മുസ്ളീം യുവാക്കൾക്കൊപ്പം മയക്കുമരുന്ന് കേസിൽ പിടിയിലായിരുന്നു. കഴിഞ്ഞ വർഷം മെയ് 15 ന് മുസ്ളീം സുഹൃത്തുക്കൾക്കൊപ്പം കൊച്ചിയിൽ അറസ്റ്റിലായ ഐശ്വര്യ പ്രസാദ് എന്ന 22 കാരിയും സുഹൃത്തുക്കൾക്കൊപ്പം കോളേജുകളിൽ ലഹരിമരുന്ന് എത്തിച്ചിരുന്ന വ്യക്തിയായിരുന്നു എന്നാണ് കുറ്റപത്രം. മയക്കുമരുന്ന് കേസിൽ എസ്ഡിപിഐ പ്രവർത്തകൻ അൻസാരിക്കൊപ്പം ഭാര്യയായ ശബ്ന എന്ന ആതിര പിടിക്കപ്പെട്ട സംഭവവും മറ്റൊരു ഉദാഹരണമാണ്.

രഹസ്യവിവരങ്ങൾ ലഭിക്കുന്നതിലൂടെ പിടിക്കപ്പെടുന്നതിനേക്കാൾ എത്രയോ മടങ്ങ് അധികമായിരിക്കാം ആരുടേയും കണ്ണിൽ പെടാതെ പോകുന്നവ എന്നുവരുമ്പോൾ ഇത്തരത്തിൽ ലഹരി മാഫിയകൾ പലവിധത്തിൽ വശപ്പെടുത്തി ദുരുപയോഗിക്കുന്ന പെൺകുട്ടികൾ എത്രമാത്രം ആയിരിക്കാം എന്ന് ഊഹിക്കാവുന്നതേയുള്ളൂ. ഏതാണ്ട് എല്ലാ സംഭവങ്ങളിലും സംഘത്തിലെ ഏതെങ്കിലും ഒരു വ്യക്തിയുമായുള്ള പ്രണയമാണ് ഈ മേഖലകളിലേക്ക് നയിച്ചിട്ടുള്ളത് എന്നുള്ളതിനു സൂചനകളുണ്ട്.

പ്രണയങ്ങളിൽ കുടുങ്ങിയ പെൺകുട്ടികൾ ലഹരി വിപണനത്തിനായി ഉപയോഗിക്കപ്പെടുന്നത് പതിവാകുമ്പോൾ ഒരു വിഭാഗം പ്രണയങ്ങൾക്ക് അനുബന്ധമായോ പ്രേരകമായോ മാരക ലഹരി മരുന്നുകളും ഉണ്ട് എന്നുള്ളത് വ്യക്തമാണ്. അതോടൊപ്പം, ഏതുവിധേനയും പെൺകുട്ടികളെ കെണികളിൽ അകപ്പെടുത്താൻ ആസൂത്രണങ്ങൾ നടത്തുന്ന ചിലർ കേരളത്തിൽ സജീവമാണ് എന്നുള്ളതും വ്യക്തമാകുന്നു. മയക്കുമരുന്ന് ഉപയോഗിച്ചുള്ള വശീകരണ ശ്രമങ്ങൾ പുതുമയല്ല. മുഹമ്മദ് ജാസിം എന്ന വ്യക്തി 2019 ൽ കോഴിക്കോട് സ്വദേശിയായ പെൺകുട്ടിയെ മയക്കുമരുന്ന് നൽകി പീഡിപ്പിക്കാൻ ശ്രമിച്ച വാർത്ത ഏറെ വിവാദങ്ങൾ സൃഷ്ടിച്ചിരുന്നു. എന്നാൽ, പോക്സോ നിയമ പ്രകാരം ചുമത്തപ്പെട്ട കേസ് ആയിരുന്നിട്ടും, പെൺകുട്ടി ഉൾപ്പെടെ മുഹമ്മദ് ജാസിമിനെതിരെ മൊഴി നൽകിയിട്ടും സമീപകാലത്ത് കേസിൽനിന്ന് അയാൾ കുറ്റവിമുക്തനായത് സകലരെയും അമ്പരപ്പിക്കുകയുണ്ടായി. ഇത്തരം കുറ്റകൃത്യങ്ങളിൽ അകപ്പെടുന്നവർക്ക് വലിയ നിയമ പരിരക്ഷ ലഭിക്കുന്നുണ്ട് എന്ന് വ്യക്തം.

**ആത്മഹത്യകളും പീഡനങ്ങളും**

പ്രണയത്തെയും പ്രണയവിവാഹങ്ങളെയും തുടർന്നുള്ള ആത്മഹത്യകളും വളരെയേറെ വർധിക്കുന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. മതംമാറ്റത്തിനായുള്ള സമ്മർദ്ദത്തെ തുടർന്നുള്ള നിരവധി ആത്മഹത്യകൾ സമീപകാലങ്ങളിൽ ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മതംമാറ്റം നിരസിച്ച കരണത്താലുള്ള കൊലപാതകങ്ങൾ തട്ടിക്കൊണ്ടുപോകലുകൾ പീഡനങ്ങൾ തുടങ്ങിയവയും പലപ്പോഴായി വർത്തകളാകാറുണ്ട്. ഇത്തരം സംഭവങ്ങളുടെ അന്തർദേശീയ പശ്ചാത്തലങ്ങളും പ്രസക്തമാണ്. തീവ്ര ഇസ്ലാമിക രാജ്യങ്ങളിലെ അതീവ ന്യൂനപക്ഷമായ മറ്റു മതസ്ഥർ ഇക്കാലഘട്ടത്തിലും മുമ്പും അഭിമുഖീകരിച്ചിരുന്ന വെല്ലുവിളികൾക്ക് സമാനമാണ് ഈ നാട്ടിൽ നാം കണ്ടുകൊണ്ടിരിക്കുന്ന ചില കാഴ്ചകൾ. പാക്കിസ്ഥാനിലെ സിന്ധ് പ്രവിശ്യയിൽ കഴിഞ്ഞ ജനുവരിയിൽ ഒരു പെൺകുട്ടിതട്ടിക്കൊണ്ടുപോകപ്പെടുകയുംക്രൂരമർദ്ദനത്തിന് ഇരയാവുകയും ചെയ്തതിന് പിന്നിൽ മതം മാറാനുള്ള വിസമ്മതമാണ് കാരണം എന്ന് അന്തർദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു.

കഴിഞ്ഞ ഏപ്രിൽ 15 ന് ഉത്തർപ്രദേശിൽ 24 വയസുകാരി ആത്മഹത്യ ചെയ്ത സംഭവത്തോടനുബന്ധിച്ച് ആത്മഹത്യാ പ്രേരണ കുറ്റം ചുമത്തി ഷാരൂഖ് എന്ന വ്യക്തി അറസ്റ്റ്ചെയ്യപ്പെടു



കയുണ്ടായിരുന്നു. മതം മാറ്റവുമായി ബന്ധപ്പെട്ട മാനസിക സമ്മർദ്ദമാണ് അവളെ ആത്മഹത്യയിലേക്ക് നയിച്ചതെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഇതേ കാരണത്താൽ ബീഹാറിൽ കഴിഞ്ഞ ഫെബ്രുവരി 13 ന് 22 വയസുകാരിയായ പോലീസ് ഉദ്യോഗസ്ഥ കൊല്ലപ്പെട്ടിരുന്നു. മുഹമ്മദ് ഹസൻ എന്ന വ്യക്തിയായിരുന്നു പ്രതി. മതംമാറ്റം എതിർത്തതിന്റെ തുടർന്ന് പ്രിയ എന്ന പെൺകുട്ടി ഉത്തർപ്രദേശിൽ കഴുത്തറുത്ത് കൊല്ലപ്പെട്ട സംഭവം മുമ്പ് ഏറെ ചർച്ചയായിരുന്നു. കാമുകൻ ഇജാസ്, സുഹൃത്ത് ഷുഐബ് എന്നിവരാണ് പോലീസ് പിടിയിലായത്. ഇതേ കാരണത്താൽ വധിപ്പെട്ട 21 വയസുകാരിയുടെ കൊലപാതകത്തിൽ കഴിഞ്ഞ നവംബറിൽ ലക്നൗ പോലീസ് അറസ്റ്റ് ചെയ്തത് സൂഫിയാൻ എന്ന മുസ്ളീം യുവാവിനെയാണ്.


മതം മാറി വിവാഹിതരായ പെൺകുട്ടികൾ ആത്മഹത്യ ചെയ്യപ്പെട്ട ഒട്ടേറെ സംഭവങ്ങൾ കേരളത്തിലും കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ വളരെ പരിമിതമായ പരിഗണനയാണ് ഇത്തരം വിഷയങ്ങൾക്ക് മലയാള മാധ്യമങ്ങൾ നൽകുന്നത് എന്നുള്ളത് വ്യക്തമാണ്. കൂടുതൽ വിശദാംശങ്ങളൊന്നും ലഭ്യമല്ലാത്ത ആത്മഹത്യാ വാർത്തകളാണ് പലപ്പോഴും മാധ്യമങ്ങൾ പ്രസിദ്ധപ്പെടുത്താറുള്ളത്. മതം മാറി സിറിയയിൽ എത്തിച്ചേർന്ന് തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട അനേകരെക്കുറിച്ചുള്ള വാർത്തകളും, നിമിഷ, അഖില, അപർണ്ണ, ആതിര എന്നിങ്ങനെയുള്ള പെൺകുട്ടികളുടെ തിരോധാനവും ഒരു പരിധിവരെ വാർത്തകളിൽ ഇടം നേടിയെങ്കിലും സാവധാനം ഇത്തരം വാർത്തകളും റിപ്പോർട്ടുകളും നിർബ്ബന്ധിത അവഗണനയ്ക്ക് വിധേയമായി. മഞ്ചേരിയിലെ സത്യസരണി പോലുള്ള മതപഠന കേന്ദ്രങ്ങളിൽ നിരവധി പെൺകുട്ടികൾ എത്തിച്ചേരുന്നുണ്ടെന്ന് വ്യക്തമായിട്ടും അത്തരം വാസ്തവങ്ങളെയും മാധ്യമങ്ങളും സർക്കാരും കണ്ടില്ലെന്ന് നടിക്കുകയാണ് ഉണ്ടായത്.

തീവ്രമായ ചർച്ചകളും വാഗ്വാദങ്ങളും ആരംഭിച്ചിട്ട് വർഷങ്ങൾ പിന്നിടുമ്പോഴും പെൺകുട്ടികൾക്ക് പ്രണയക്കെണികൾ ഒരുക്കപ്പെടുന്നു എന്നുള്ള വാസ്തവത്തെ തമസ്കരിക്കാനുള്ള സമ്മർദ്ദങ്ങളും അനുബന്ധ ആശയപ്രചരണങ്ങളും സജീവമാണ്. പ്രായപൂർത്തിയായ വ്യക്തികളുടെ തിരഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യം എന്നുള്ള അവകാശവാദത്തിൽ സ്വാഭാവികമായ പ്രണയത്തെയും ആസൂത്രിതമായ പ്രണയ കെണികളെയും കൂട്ടികുഴച്ചു പുകമറ സൃഷ്ട്ടിച്ച് വാർത്തകൾ എഴുതുകയും ചാനൽ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുന്നവരെയും പ്രബുദ്ധ കേരളം തിരിച്ചറിയേണ്ടിയിരിക്കുന്നു. അതീവ ഗുരുതരമായ സാമൂഹിക അനൈക്യത്തിനും, കുടുംബങ്ങളുടെ അരക്ഷിതാവസ്ഥയ്ക്കുമാണ് ഇത്തരക്കാർ കുടപിടിക്കുന്നത്. ജീവിത സാഹചര്യങ്ങളും ദൗർബ്ബല്യങ്ങളും മുതലെടുത്തുകൊണ്ട് പെൺകുട്ടികൾ ഇരകളാക്കപ്പെടുകയും ബലികഴിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യം വിശദമായ അന്വേഷണങ്ങൾക്കും വിശകലനങ്ങൾക്കും വിധേയമാക്കപ്പെടേണ്ടതുണ്ട്. ഒരു ചെറിയ വിഭാഗം പേരുടെ തീവ്രവാദപരമായ നീക്കങ്ങളെ ചെറുത്തുതോൽപ്പിക്കാനുള്ള ആർജ്ജവം പൊതുസമൂഹവും സർക്കാരും വിശിഷ്യാ പ്രബുദ്ധരായ മുഖ്യധാരാ ഇസ്‌ലാമിക സമൂഹവും പ്രകടിപ്പിക്കുക തന്നെ വേണം.


**“ പ്രായപൂർത്തിയായ വ്യക്തികളുടെ തിരഞ്ഞെടുപ്പിന്റെ സ്വാതന്ത്ര്യം എന്നുള്ള അവകാശവാദത്തിൽ സ്വാഭാവികമായ പ്രണയത്തെയും ആസൂത്രിതമായ പ്രണയ കെണികളെയും കൂട്ടികുഴച്ചു പുകമറ സൃഷ്ട്ടിച്ച് വാർത്തകൾ എഴുതുകയും ചാനൽ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യുന്നവരെയും പ്രബുദ്ധ കേരളം തിരിച്ചറിയേണ്ടിയിരിക്കുന്നു. അതീവ ഗുരുതരമായ സാമൂഹിക അനൈക്യത്തിനും, കുടുംബങ്ങളുടെ അരക്ഷിതാവസ്ഥയ്ക്കുമാണ് ഇത്തരക്കാർ കുടപിടിക്കുന്നത്.**

*നാല് പതിറ്റാണ്ടുകളായി ഉത്തരേന്ത്യയിൽ പ്രവർത്തിക്കുന്ന അഭിഭാഷകയാണ് സി. ഷീബ UMI. അലഹബാദ് ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഏക കത്തോലിക്കാ അഭിഭാഷകയുമാണ് സി. ഷീബ. താൻ പതിറ്റാണ്ടുകളായി ഇടപെട്ടുകൊണ്ടിരിക്കുന്ന കേസുകളുടെ പശ്ചാത്തലത്തിൽ ഉത്തരേന്ത്യയിലെ രാഷ്ട്രീയ  സാമൂഹിക സാഹചര്യങ്ങൾ സിസ്റ്റർ വിലയിരുത്തുന്നു.*

# നിയമപാലനവും നീതിനിർവ്വഹണവും



അഡ്വ. സി. ഷീബ UMI

ഹെബ്രായർക്കുള്ള ലേഖനം 13, 3 ൽ ഇപ്രകാരം പറയുന്നു, 'തടവുകാരോട് നിങ്ങളും അവരോടൊപ്പം തടവിൽ ആയിരുന്നാലെന്നപോലെ പെരുമാറുവിൻ. നിങ്ങൾക്കും ഒരു ശരീരമുള്ളതുകൊണ്ട് പീഡിപ്പിക്കപ്പെടുന്നവരോട് പരിഗണന കാണിക്കുവിൻ.' ഈ തിരുവചനത്തോട് എന്നെത്തന്നെ ചേർത്തുവച്ചാണ് പാവപ്പെട്ടവരായ തടവുകാർക്കിടയിലേയ്ക്ക് ഈശോയുടെ കൈപിടിച്ച് എനിക്ക് നടന്നടുക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ശിക്ഷാ കാലാവധിയുടെ പരമാവധി കഴിഞ്ഞിട്ടുപോലും ഒരു വക്കീലിനെ വച്ച് കേസ് നടത്തുവാൻ പണമില്ലാതെ ജയിലിൽ കഴിയേണ്ടിവന്നിട്ടുള്ള ഒരുപാട് തടവുകാരെ, പ്രത്യേകിച്ച് സ്ത്രീകളും കുട്ടികളുമായി തടവുകാരെ ജയിൽമോചിതരാക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്. വിചാരണ നടക്കാത്ത തടവുകാരുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിനും അവർക്ക് ആവശ്യമായ നിയമസഹായം നല്കുന്നതിനുമുള്ള പ്രത്യേക ചുമതല അലഹബാദ് ഹൈക്കോടതി 2014 ൽ നൽകിയത് ഇത്തരം പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയായാണ്. അങ്ങനെ കോടതിയുടെ നിർദ്ദേശപ്രകാരം വിവിധ ജയിലുകൾ സന്ദശിച്ച വേളയിൽ 20 - 25 വർഷങ്ങളായിട്ടും ജയിലിൽ തന്നെ കഴിയാൻ വിധിക്കപ്പെട്ട വിചാരണ തടവുകാരെ കണ്ടെത്തുകയും, ഒട്ടേറെ പേരെ ജയിൽ മോചിതരാക്കാൻ സൗജന്യ നിയമസഹായം നൽകുകയും ചെയ്തു.

ഒരുപക്ഷെ ചെറിയ കുറ്റകൃത്യങ്ങളുടെയോ വ്യാജ കുറ്റാരോപണങ്ങളുടെയോ പേരിലായിരിക്കാം ഇത്തരത്തിൽ അനേകർ ജയിലിൽ അടയ്ക്കപ്പെട്ടിട്ടുള്ളത്. വിധിക്കെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകാനോ ശരിയാംവിധം കേസ് നടത്താനോ പലർക്കും പണമുണ്ടാവില്ല. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഇത്തരത്തിലുള്ള ഒരു വലിയ വിഭാഗത്തിനിടയിലേക്കാണ് ഞാൻ ഇറങ്ങിച്ചെന്നത്. ക്രിമിനൽ നടപടിച്ചട്ടം 438 ആം വകുപ്പ് പ്രകാരം ചില പ്രത്യേക വിഭാഗങ്ങളിലുള്ള തടവുകാരെ കാലാവധി പൂർത്തിയാകുന്നതിന് മുമ്പ് ജയിൽ വിമുക്തരാക്കാൻ സർക്കാരിന് നയരൂപീകരണം നടത്താൻ കഴിയും. അത്തരത്തിൽ, അറുപത് വയസിലേറെ പ്രായമുള്ള തടവുകാർ 14 വർഷത്തിലേറെയായി ജയിലിൽ കഴിയുന്നുണ്ടെങ്കിൽ അവരെ മോചിപ്പിക്കാനായി ഞങ്ങൾ ഒരു പൊതുതാൽപ്പര്യ ഹർജി നൽകുകയും, അത് പാസാകുകയും ചെയ്തു. അത്തരത്തിൽ ഒരുപാട് തടവുകൾ മോചിപ്പി

ക്കപ്പെട്ടു.

**ക്രൈസ്തവർക്കെതിരെയുള്ള അതിക്രമങ്ങൾ**

ക്രൈസ്തവർ ഭയപ്പാടോടെ ജീവിക്കുന്ന ഒരു പ്രദേശമാണ് യുപിയുടെ തലസ്ഥാനമായ ലക്നൗവിൽനിന്ന് 120 കിലോമീറ്റർ അകലെയുള്ള ഫത്തേപ്പൂർ ജില്ല. പ്രാദേശികമായ പ്രശ്നങ്ങൾക്കൊപ്പം, പോലീസിന്റെ ക്രൂരമായ ഇടപെടലുകളുമാണ് അവിടെ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ. ഇവാഞ്ചലിക്കൽ ചർച്ച് ഓഫ് ഇന്ത്യയുടെ ഒരു ഹോസ്പിറ്റലും പള്ളിയും അവിടെയുണ്ട്. 1902 ൽ സ്ഥാപിക്കപ്പെട്ട ഹോസ്പിറ്റലാണ് അത്. വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് കുടിയേറി

അവർ ഓടി രക്ഷപെട്ടു എന്ന കള്ളക്കഥയുണ്ടാക്കി പ്രചരിപ്പിച്ചു. ആരും രക്ഷപെടാതിരിക്കാനായി പള്ളിയുടെ വാതിലുകൾ അടച്ചിടുകയാണ് അവർ ആദ്യം ചെയ്തത് എന്നതാണ് വാസ്തവം. അടിസ്ഥാനരഹിതമായ ആരോപണങ്ങളുടെ പേരിൽ മതപരിവർത്തന നിരോധന നിയമപ്രകാരം വിവിധ വകുപ്പുകൾ ചുമത്തി നിരപരാധികളെ കുറ്റക്കാരാക്കി എഫ്ഐആർ രജിസ്റ്റർ ചെയ്ത പോലീസിന്റെ നടപടിയെ എപ്രകാരം വ്യാഖ്യാനിക്കാൻ കഴിയും? രക്ഷിക്കാൻ വരേണ്ടവർ തന്നെ ഒറ്റുകാരായി മാറുന്ന അവസ്ഥയാണ് യുപിയിൽ ഇന്നുള്ളത്. ശരിയായ രീതിയിൽ വിചാരണപോലും ചെയ്യാതെ ഒരുതരം കാട്ടാള നീതിയാണ് മേൽപ്പറഞ്ഞ കേസിൽ തുടർന്ന് കാണാൻ

**ക്രൈസ്തവർ ഭയപ്പാടോടെ ജീവിക്കുന്ന ഒരു പ്രദേശമാണ് യുപിയുടെ തലസ്ഥാനമായ ലക്നൗവിൽനിന്ന് 120 കിലോമീറ്റർ അകലെയുള്ള ഫത്തേപ്പൂർ ജില്ല. പ്രാദേശികമായ പ്രശ്നങ്ങൾക്കൊപ്പം, പോലീസിന്റെ ക്രൂരമായ ഇടപെടലുകളുമാണ് അവിടെ ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ.**

താമസിക്കുന്ന കുറച്ചു ക്രൈസ്തവരാണ് അവിടെയുള്ളത്. കഴിഞ്ഞ വർഷം ഏപ്രിൽ 14, പെസഹാ വ്യാഴാഴ്ചയുടെ തിരുക്കർമങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ നൂറിൽ അധികം വരുന്ന ആളുകൾ സംഘടിച്ച് പള്ളി പരിസരത്ത് എത്തുകയും വാതിലുകൾ പുറത്തുനിന്ന് പൂട്ടുകയും ചെയ്തു. വിശ്വഹിന്ദു പരിഷത്തിന്റെ ആൾക്കാരായിരുന്നു അവർ. അവർ 'ജയ് ശ്രീറാം' വിളി മുഴക്കുകയും ചിലർ പള്ളിക്കുള്ളിൽ കയറി അവിടെയുണ്ടായിരുന്നവരെ മർദ്ദിക്കുകയും ചെയ്തു. അവിടെ കൂട്ട നിലവിളി ഉയർന്നു. പോലീസ് സംഭവ സ്ഥലത്തെത്തിയപ്പോൾ, നാൽപ്പത് ദിവസമായി അവിടെ മതപരിവർത്തനം നടക്കുകയാണ് എന്നായിരുന്നു വിഎച്ച്പി പ്രവർത്തകർ ആരോപണം ഉന്നയിച്ചത്.

സുരക്ഷിത സ്ഥലത്തേയ്ക്ക് മാറ്റാൻ എന്ന പേരിൽ പള്ളിയിൽ ഉണ്ടായിരുന്നവരെയെല്ലാം പോലീസ് വാഹനത്തിൽ കയറ്റി അവിടെനിന്ന് കൊണ്ടുപോയി. പക്ഷെ അവരെ തുടർന്ന് ജയിലിൽ അടയ്ക്കുകയാണ് ഉണ്ടായത്. പിടിക്കപ്പെട്ടവരുടെ ആധാർകാർഡുകൾ പോലീസ് കരസ്ഥമാക്കുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. പിന്നീട് മതപരിവർത്തനം നടത്തപ്പെട്ടവരെ കണ്ടെത്താൻ കഴിയാതിരുന്നപ്പോൾ,

കഴിഞ്ഞത്.

ഒരുപാട് കള്ളസാക്ഷികൾ രംഗപ്രവേശം ചെയ്തു. ആധാർകാർഡിൽ പേര് മാറ്റി കള്ള തെളിവുകൾ സൃഷ്ടിക്കപ്പെട്ടു. സർക്കാർ വക്കീൽ കൊണ്ടുവന്ന കള്ളസാക്ഷികൾ മൂലം പ്രതിഭാഗത്തിന്റെ വാദം കേൾക്കാൻ പോലും കോടതി തയ്യാറായില്ല. 'താൻ ഒരിക്കൽ ഹോസ്പിറ്റലിൽ പോയപ്പോൾ, ക്രിസ്ത്യാനിയാകാമെങ്കിൽ ചികിത്സ സൗജന്യമായി നൽകാം' എന്നാണ് ഒരു കള്ള സാക്ഷി മൊഴി കൊടുത്തത്. ഉത്തരപ്രദേശിന്റെ മതംമാറ്റ നിരോധന നിയമത്തിലെ അഞ്ചാം വകുപ്പ് പ്രകാരം മൂന്നുമുതൽ അഞ്ചു വർഷം വരെ തടവ് ശിക്ഷ ലഭിക്കാവുന്ന ആരോപണമാണ് ഇത്. ഈ വകുപ്പ് പ്രകാരം അവരിൽ പലരെയും കോടതി ശിക്ഷിച്ചു. കേസ് ഹൈക്കോടതിയിൽ എത്തിയപ്പോഴും പല തിരിമറികൾ നടന്നു. അതിനാൽ പലർക്കും ഇനിയും മുൻകൂർ ജാമ്യം ലഭിച്ചിട്ടില്ല. ചിലർ ഇപ്പോഴും ജയിലിലുണ്ട്. 2021 വരെ ഇത്തരം കേസുകളിൽ കോടതിയിൽനിന്ന് അനുകൂലമായ വിധികൾ ലഭിച്ചിരുന്ന സാഹചര്യത്തിന് പിന്നീട് മാറ്റമുണ്ടായിട്ടുണ്ട്. ജഡ്ജിയുടെ സംഘപരിവാർ സ്വാധീനമാണ് കാരണം.

ഫത്തേപ്പൂരിലെ ക്രൈസ്തവ

സമൂഹത്തെ സംബന്ധിച്ച് ഒരു കാര്യം എന്നെ അത്ഭുതപ്പെടുത്തി. ഇത്രയൊക്കെ പ്രശ്നങ്ങൾ ഉണ്ടായിട്ടും പിന്നെയും ദേവാലയത്തിൽ ആളുകൾ തടിച്ചുകൂടി. ഇനിയും അവർ നിങ്ങളെ കെണിയിൽപെടുത്താൻ സാധ്യതയുണ്ടെന്ന് ഒരിക്കൽ ഞാൻ അവരോട് പറഞ്ഞു. ഞങ്ങൾ സന്തോഷത്തോടെ ജയിലിൽ കിടക്കുമെന്നാണ് അവർ പറഞ്ഞ മറുപടി. ഞങ്ങൾ ആരും മതം മാറിയവരല്ല എന്നും അവർ പറഞ്ഞു. പള്ളിയിൽ ഒരുമിച്ചുകൊടുമ്പോൾ സന്തോഷവും സമാധാനവും ലഭിക്കുന്നു എന്നും ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാകുന്നുവെന്നും അതുകൊണ്ടാണ് വീണ്ടും വരുന്നതെന്നും അവർ കൂട്ടിച്ചേർത്തു.

ഇപ്പറഞ്ഞത് ഒരു പ്രദേശത്തെ മാത്രം കാര്യമാണ്. ഉത്തരപ്രദേശിലെ ഏതാണ്ട് എല്ലാ ഭാഗങ്ങളിലും സമാനമായ സാഹചര്യമാണുള്ളത്. സംസ്ഥാനത്തെ ഒട്ടേറെ ജയിലുകളിൽ സേവനം ചെയ്യുന്നതിനാൽ ഇക്കാര്യം എനിക്ക് വ്യക്തമായി അറിയാം.

**നിയമത്തിന്റെ ദുരുപയോഗം**

വിവാഹവുമായി ബന്ധപ്പെട്ടും അതിന്റെഭാഗമായ ഭാഗമായുള്ള മതംമാറ്റം സംബന്ധിച്ചുമുള്ള പ്രശ്നങ്ങൾ നിരവധിയാണ്. മതാന്തര വിവാഹത്തിന് മുമ്പ് കമ്മീഷണർക്ക് മുന്നിൽ പ്രത്യേക ഫോം പൂരിപ്പിച്ചുനൽകി അനുവാദം വാങ്ങണം. ഈ നടപടിക്രമങ്ങൾ അറിയാതെ വിവാഹം കഴിക്കുന്നവരെ അറസ്റ്റ് ചെയ്ത് ജയിലിൽ അടക്കുന്നുണ്ട്. പ്രത്യേകമായി പലവിധത്തിലും ക്രൈസ്തവരെ ലക്ഷ്യം വയ്ക്കുന്നുണ്ട് എന്നുള്ളത് നാം മനസിലാക്കിയിരിക്കേണ്ട വസ്തുതയാണ്.

മതംമാറ്റ നിരോധന നിയമത്തിലെ 3, 4, 5 എന്നീ വകുപ്പുകൾക്കെതിരെ അലഹബാദ് ഹൈക്കോടതിയിൽ ഒരു പൊതുതാൽപ്പര്യ ഹർജ്ജി ഫയൽ ചെയ്തിട്ടുണ്ട്. അതിന്റെ വിധിക്കായി കാത്തിരിക്കുന്നു. ഇത്തരം വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട നിരവധി കേസുകൾ സുപ്രീം കോടതിയിൽ ഉൾപ്പെടെ പരിഗണയിലുണ്ട്. രാജ്യവ്യാപകമായി മതപരിവർത്തന നിരോധന നിയമം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അശ്വിനി ഉപാധ്യായയുടെ സുപ്രീം കോടതിയിലെ കേസ് പലപ്പോഴായി നമുക്കിടയിൽ ചർച്ചയായിട്ടുള്ളതാണ്. ആദ്യം ആ കേസ് പിൻവലിക്കാൻ കോടതി ആവശ്യപ്പെട്ടു എങ്കിലും രാഷ്ട്രീയ സാഹചര്യങ്ങൾ മാറിയപ്പോൾ വീണ്ടും അതേ ഹർജ്ജി സുപ്രീംകോടതിക്ക് മുന്നിലെത്തി.

ഇത്തരം സങ്കീർണ്ണമായ സാഹചര്യങ്ങളിൽ വലിയ പ്രാർത്ഥനയും പിന്തുണകളും വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ക്രൈസ്തവർക്കും, മിഷനറിമാർക്കും ആവശ്യമാണ്. പാവപ്പെട്ടവർക്ക് നിയമസഹായം നൽകുന്നതിനായി ഏറെപ്പേർ മുന്നോട്ടു വരേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. ■

# മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കണം: കെസിബിസി

മണിപ്പൂരിൽ സമാധാനം പുന:സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വികരിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. കഴിഞ്ഞ കുറെ ദിവസങ്ങളായി മണിപ്പൂരിൽ നടക്കുന്ന കലാപം വളരെയേറെ ആശങ്ക സൃഷ്ടിക്കുന്നതാണ്. രണ്ടു വിഭാഗങ്ങളായി സംസ്ഥാനത്തെ ജനങ്ങൾ പരസ്പരം ആക്രമിക്കുന്നതും സ്ഥാപനങ്ങളും വീടുകളും ആരാധനാലയങ്ങളും അഗ്നിക്കിരയാക്കുന്നതും അത്യന്തം അപലപനീയമാണ്. ഈ സംഘർഷത്തിലേക്ക് നയിച്ച കാരണങ്ങൾ എന്തുതന്നെയായാലും സംഘർഷവും ആൾനാശവും ഇല്ലാതാക്കാൻ വേണ്ട സത്വര നടപടി കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ജനാധിപത്യത്തിന്റെ അമ്മയെന്ന് ഇന്ത്യയെ വിശേഷിപ്പിക്കുന്ന കേന്ദ്രസർക്കാർ ജനാധിപത്യത്തിന് അന്ത്യം കുറിക്കാൻ പോന്ന വർഗീയ കലാപങ്ങൾക്ക് അറുതി വരുത്താൻ ഉചിതമായ നടപടികൾ കൈകൊണ്ട് മണിപ്പൂരിൽ സമാധാനം സംജാതമാക്കണമെന്നും വർഗീയ രാഷ്ട്രീയം ജനാധിപത്യത്തിന്റെ അന്തകൻ ആണെന്ന് സത്യം തിരിച്ചറിഞ്ഞ് സമാധാന സ്ഥാപനത്തിനായി ജനാധിപത്യ ഭരണ സംവിധാനത്തെ സ്നേഹിക്കുന്ന രാഷ്ട്രീയപാർട്ടികൾ ശക്തമായി രംഗത്തുവരണം എന്നും കെസിബിസി പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ളീമിസ് കാതോലിക്ക ബാവ ആവശ്യപ്പെട്ടു. (06/06/2023)

*മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ സങ്കീർണമായ ഒരു സാമൂഹിക സാഹചര്യത്തിലൂടെ കടന്നുപോകുന്ന ആധുനിക സമൂഹത്തിൽ കുറ്റകൃത്യങ്ങളും അവയുടെ ആവർത്തന സ്വഭാവവും വർധിക്കുകയാണ്. തടവറകളിൽ അകപ്പെടുന്ന കുറ്റവാളികൾക്കിടയിൽ കൃത്യമായ ഇടപെടലുകൾ നടത്താൻ സുശക്തമായ സംവിധാനങ്ങളുള്ള കത്തോലിക്കാ സഭയുടെ ജീസസ് ഫ്രറ്റേണിറ്റിയെയും മറ്റു സംഘടനകളെയും കൂടുതൽ ഉപയോഗപ്പെടുത്തുവാനും പ്രോത്സാഹിപ്പിക്കാനുമാണ് ഭരണകർത്താക്കളും ഉദ്യോഗസ്ഥരും തയാറാകേണ്ടത്.*

# തടവറകളിലെ നീതിപുഷ്പങ്ങൾ



**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ, കെസിബിസി ജീസസ് ഫ്രറ്റേണിറ്റി

വിശുദ്ധവാരത്തിൻറെ സമീപദിവസങ്ങളിൽ ജയിൽ ഡിജിപി ബൽറാം കുമാർ ഉപാധ്യായയുടെ ഒരു പ്രത്യേക ഉത്തരവ് വിവാദമായി മാറിയിരുന്നു. കേരളത്തിലെ ജയിലുകളിൽ പ്രവർത്തന സ്വാതന്ത്ര്യമുണ്ടായിരുന്ന സംഘടനകൾക്കും ഗ്രൂപ്പുകൾക്കും മുമ്പുണ്ടായിരുന്ന പ്രവേശനസ്വാതന്ത്ര്യം നിഷേധിച്ചുകൊണ്ടുള്ള ഉത്തരവായിരുന്നു അത്. കേരളത്തിൽ വളരെ സജീവമായി പ്രവർത്തിച്ചുവരുന്ന കെസിബിസിയുടെ ജയിൽ മിനിസ്ട്രിയുടെ സംവിധാനങ്ങൾക്കുൾപ്പെടെ പ്രവർത്തന സ്വാതന്ത്ര്യം നഷ്ടപ്പെടുന്ന സാഹചര്യമാണ് അതോടെ ഉടലെടുത്തത്. ഇന്ത്യയുൾപ്പെടെ വിവിധ ലോകരാജ്യങ്ങളിൽ കത്തോലിക്കാ സഭയുടെ തടവറ പ്രേഷിതത്വ സംഘടനകൾ കൂടുതൽ തീക്ഷ്ണതയോടെ ജയിലിൽ അടയ്ക്കപ്പെട്ടിരിക്കുന്നവർക്കിടയിലേയ്ക്ക് കടന്നുചെല്ലുന്ന നാളുകളാണ് വിശുദ്ധവാരം.

വിശുദ്ധവാരത്തിനു മുന്നോടിയായി ഇത്തരമൊരു ഉത്തരവ് പുറത്തുവരാൻ ഇടയായത് സഭയുടെ തടവറ പ്രേഷിത പ്രവർത്തനങ്ങൾക്ക് എതിരായ നീക്കമായാണ് പൊതുവെ വിലയിരുത്തപ്പെട്ടത്. വളരെ വർഷങ്ങളായി ഈ മേഖലയിൽ കത്തോലിക്കാപ്രേഷിതർ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന പശ്ചാത്തലത്തിലും അത്തരം പ്രവർത്തനങ്ങൾ വളരെയേറെ തടവുപുള്ളികളുടെ ജീവിത പരിവർത്തനത്തിന് കാരണമാകുന്നതിനാലും ആ നീക്കം വലിയ വിമർശനങ്ങൾക്ക് കാരണമായി മാറുകയും പ്രതിഷേധ സ്വരങ്ങൾ ഉയരുകയുമുണ്ടായി. ഒടുവിൽ മുഖ്യമന്ത്രിയുടെ ഇടപെടൽ വഴിയായി ഉത്തരവ് പിൻവലിക്കപ്പെടുകയാണുണ്ടായത്. അതിനാൽ, പതിവുപോലെ തടവറ പ്രേഷിതർക്ക് വിശുദ്ധവാരത്തിൽ ജയിലുകളിൽ പ്രവേശിക്കാൻ കഴിഞ്ഞു. എങ്കിലും, ഭാവിയിൽ വീണ്ടും ഇത്തരം പ്രവർത്തനങ്ങൾ തടയപ്പെട്ടേക്കുമോ എന്ന ആശങ്ക നിലനിൽക്കുന്നുണ്ട്.

### തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ പ്രാധാന്യം

കത്തോലിക്കാ സഭ വളരെ പ്രധാനമായി എക്കാലവും കരുതുന്ന തടവറ പ്രേഷിത പ്രവർത്തനങ്ങൾക്ക് തെറ്റിദ്ധാരണാജനകമായ ഒരു പരിവേഷം നൽകുവാൻ ചില തത്പരകക്ഷികൾ ശ്രമിച്ചുവരുന്നുണ്ട് എന്നുള്ളത് വാസ്തവമാണ്. കേരളത്തിൽ

പ്രവർത്തനസജ്ജമായ അമ്പത്തിമൂന്ന് ജയിലുകളിലായി ഏഴായിരത്തിൽപ്പരം തടവുപുള്ളികളാണ് നിലവിലുള്ളത്. മൂന്ന് ഓപ്പൺ ജയിലുകളിലായി മാത്രം ജീവപര്യന്തം ശിക്ഷ അനുഭവിക്കുന്ന രണ്ടായിരത്തിനടുത്ത് തടവുകാരുണ്ട്. പലവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ശിക്ഷാ കാലാവധിയിൽ ആയിരിക്കുന്ന നല്ലൊരുശതമാനം പേരും ജീവിതത്തെ തിരികെ പിടിക്കാൻ ആഗ്രഹിക്കുന്നവരാണ്. അതിന് അവരെ സഹായിക്കുകയാണ് അടിസ്ഥാനപരമായി കത്തോലിക്കാ സഭയുടെ ജയിൽപ്രേഷിത ശുശ്രൂഷയുടെ ലക്ഷ്യം. ജീസസ് ഫ്രറ്റേണിറ്റി എന്ന പേരിലാണ് ഈ സംഘടന പ്രവർത്തിക്കുന്നത്.

1981ൽ രൂപീകരിക്കപ്പെട്ട ഈ സംഘടന 1986 മുതൽ തടവറ പ്രേഷിത മേഖലയിൽ സജീവ സാന്നിധ്യമാണ്. കാലാകാലങ്ങളിൽ സേവനം ചെയ്യുന്ന ജയിൽ അധികാരികളിൽനിന്നു വളരെ നല്ല സമീപനമാണ് ഈ സംഘടനയ്ക്കു നാളിതുവരെയും ലഭിച്ചിട്ടുള്ളത്. നിലവിലുണ്ടായിരുന്ന പ്രവർത്തനാനുവാദം പുതുക്കി ലഭിക്കുന്നതിന് മുമ്പായി നടത്തപ്പെട്ട ഇൻറലിജൻസ് അന്വേഷണത്തിലും മറ്റു വിലയിരുത്തലുകളിലും മോശമായ റിപ്പോർട്ടുകൾ ഒന്നുമില്ല എന്നുള്ളത് ഈ സംഘടനയുടെ മേന്മ വിളിച്ചോതുന്നു. വിശദമായ അന്വേഷണങ്ങൾക്കുശേഷം ലഭിച്ച അനുമതിയാണ് പ്രത്യേക കാരണങ്ങളൊന്നും ചൂണ്ടിക്കാണിക്കാതെ നൽകപ്പെട്ട ഒരു ഉത്തരവിൻറെ പേരിൽ നിർത്തലാക്കപ്പെട്ടത്.

കെസിബിസി ജയിൽ മിനിസ്ട്രിയുടെ ഭാഗമായി വിവിധ ജയിലുകളിലും സമീപകാലത്ത് ജയിൽശിക്ഷ കഴിഞ്ഞവർക്കിടയിലുമായി പ്രവർത്തിക്കുന്ന ഇരുനൂറിൽപ്പരം ശുശ്രൂഷകരാണുള്ളത്. ഏതാണ്ട് എല്ലാ ജയിലുകളിലും അവർ സന്ദർശനം നടത്തുകയും അവർക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രചോദനാത്മകമായ ക്ലാസുകൾ, സൻമാർഗിക ഉപദേശങ്ങൾ, കൗൺസിലിംഗ് തുടങ്ങിയവയാണ് തടവറ പ്രേഷിതരുടെ പ്രധാന ശുശ്രൂഷകൾ. നിരാശയിലും പ്രതികാര ചിന്തയിലും അകപ്പെട്ടിരിക്കുന്ന തടവുകാരിൽ പ്രതീക്ഷയും പ്രത്യാശയും വളർത്തുവാനും നന്മയുടെ ജീവിത വഴി തെരഞ്ഞെടുത്ത് മാനസാന്തരപ്പെട്ട് പുതിയൊരു വ്യക്തിയായി മാറുവാനും ഇത്തരം ഇടപെടലുകൾ അനേകരെ സഹായിക്കുന്നു.

**പുതുജീവിതത്തിലേക്ക്**

ഇതിനകം ആയിരക്കണക്കിന് പേരെ തിരികെ ജീവിതത്തിലേക്ക് എത്തിക്കുവാൻ ഇത്തരം പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്. നിരന്തരമായി സമ്പർക്കം പുലർത്തുകയും നല്ല കാഴ്ചപ്പാടുകൾ വളർത്തിയെടുക്കുകയും ചെയ്യുന്നതുവഴിയായി ജയിൽജീവിതത്തിൻറെ അവസാനത്തോടുകൂടി പുതിയ തീരുമാനങ്ങളുമായി ജീവിതത്തിലേക്കു മടങ്ങുന്നവരുണ്ട്. എന്നാൽ, ഒരുവിഭാഗംപേർക്ക് അൽപ്പകാലത്തേക്കുകൂടി പിന്തുണ ആവശ്യമായി വരുന്നു. അത്തരത്തിൽ സഹായം ആവശ്യപ്പെടുന്നവർക്കായി സ്ഥാപിതമായിട്ടുള്ളവയാണ് സ്നേഹാശ്രമങ്ങൾ എന്നപേരിലുള്ള പുനരധിവാസ കേന്ദ്രങ്ങൾ. തൃശൂർ



ജില്ലയിൽ വെട്ടുകാടും, തിരുവനന്തപുരത്ത് മൺവിളയിലും കാഞ്ഞിരപ്പള്ളിക്കടുത്ത് ഇഞ്ചിയാനിയിലുമായി മൂന്ന് സ്നേഹാശ്രമങ്ങളുണ്ട്. ജയിൽ വിമോചിതരായി ജീവിതത്തിലേക്കു മടങ്ങാൻ ആഗ്രഹിക്കുന്നവർക്കു വീണ്ടും വഴിതെറ്റാതിരിക്കാനുള്ള പരിശീലനമാണ് അവിടെ ലഭ്യമാക്കിയിരിക്കുന്നത്.

പുരുഷന്മാർക്കും സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേകമായുള്ള സ്നേഹാശ്രമങ്ങളിൽ പരമാവധി ആറുമാസമാണ് ഒരാൾക്ക് താമസിക്കാൻ സാധിക്കുക. ആ കാലത്തിനിടയിൽ വ്യക്തിപരമായുള്ള പ്രശ്നങ്ങൾ, മാനസികാരോഗ്യം സംബന്ധിച്ച പരിമിതികൾ, അഡിക്ഷനുകൾ, കുടുംബ സംബന്ധമായ വെല്ലുവിളികൾ തുടങ്ങിയവ കഴിവതും പരിഹരിക്കാൻ ആശ്രമത്തിലെ ജീവിതത്തിലൂടെ കഴിയുന്നു. ആവശ്യമായ ചികിത്സയും കൗൺസിലിംഗും അന്തേവാസികൾക്കു നൽകിവരുന്നുണ്ട്. ഇതിനകം നൂറുകണക്കിന് പേർ സ്നേഹാശ്രമങ്ങളിലൂടെ ജീവിതത്തെ തിരികെ പിടിച്ചിട്ടുണ്ട്. ഉള്ളിൽ ഉറങ്ങിക്കിടക്കുന്ന കുറ്റവാസനകളാലും ലഹരിയോടുള്ള അഭിനിവേശത്താലും കുടുംബപരമായ പ്രശ്നങ്ങളാലും പ്രതികാര ചിന്തയാലും തിരികെ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാൻ സാധ്യതയുള്ള അനേകരാണ് ഇത്തരത്തിൽ സ്വസ്ഥമായ കുടുംബജീവിതത്തിലേക്കു പ്രവേശിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽത്തന്നെ കെസിബിസിയുടെ കീഴിലുള്ള ജീസസ് ഫ്രറ്റേണിറ്റയുടെ പ്രവർത്തനങ്ങൾ വിലമതിക്കാനാവാത്തതാണ്.

**കത്തോലിക്കാ സഭയുടെ കാഴ്ചപ്പാടുകൾ**

കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരിക്കുന്നവരിലും തന്നെ ദർശിക്കാനുള്ള ക്രിസ്തുവിൻറെ ആഹ്വാനമാണ് (മത്തായി 25:36) കത്തോലിക്കാ സഭയുടെ തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ അടിത്തറ. മനസാന്തരപ്പെടുന്ന പാപികളെക്കുറിച്ചുള്ള ബൈബിളിലെ ദർശനങ്ങളും ശുശ്രൂഷാരംഗങ്ങളിൽ മുഴുകിയിരിക്കുന്നവർക്ക് ആവേശമാണ്. സ്വന്തം തെറ്റ് തിരിച്ചറിഞ്ഞ് അതിൽനിന്നു പിന്മാറാൻ ഒരു വ്യക്തി സ്വീകരിക്കുന്ന തീരുമാനം അത്യന്തം മഹനീയമാണ്. അതിനു വഴിയൊരുക്കുന്ന പ്രവർത്തികളോളം മഹത്തരമായി മറ്റൊന്നുമില്ല എന്നാണ് സഭയുടെ എക്കാലത്തെയും നിലപാട്. അതിനാൽത്തന്നെ കത്തോലിക്കാ സഭ ഒരിക്കലും പിന്നോട്ടുമാറാൻ ഉദ്ദേശിക്കുന്ന പ്രവർത്തനമേഖലയല്ല തടവറ പ്രേഷിതത്വം. ഈ പ്രവർത്തനങ്ങൾ വഴിയായി രാഷ്ട്രത്തിനും സമൂഹത്തിനും ജയിൽ മിനിസ്ട്രി നൽകുന്ന സേവനങ്ങളും വിലമതിക്കാനാവാത്തതാണ്. സമൂഹത്തിനും സർക്കാരിനും തലവേദനയാകുമായിരുന്ന എത്രയോ പേരെ ഇതിനകം പുതിയൊരു ജീവിതക്രമത്തിലേക്ക് എത്തിക്കുവാൻ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് കഴിഞ്ഞിരിക്കുന്നു!

പ്രചോദനാത്മകമായ സന്ദേശങ്ങളും കൗൺസിലിംഗും മറ്റും പതിവായി ലഭിക്കുവാൻ ആഗ്രഹിക്കുന്നവരാണ് ബഹുഭൂരിപക്ഷം തടവുകാരും. കത്തോലിക്കാ വിശ്വാസികളായ തടവുകാരിൽ വലിയൊരു വിഭാഗം തങ്ങൾക്ക് ആവശ്യമായ ആത്മീയ പിന്തുണ ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവരുമാണ്. അത്തരക്കാർക്കുവേണ്ടി ജയിലിലെ പരിമിതമായ സാഹചര്യങ്ങളിൽ വിശുദ്ധ കുർബാന അർപ്പിക്കപ്പെടുകയും ചെയ്യാറുണ്ട്. ശരിയായ ഒരു മനസാന്തരത്തിനും ജീവിത നവീകരണത്തിനും ആത്മീയ പിന്തുണ വളരെയേറെ സഹായകമാണ് എന്നതിനാൽ വർഷങ്ങളോളമായി വിവിധ ജയിലുകളിൽ വിശുദ്ധ കുർബാന പരികർമം ചെയ്യാനുള്ള അനുമതികൾ ലഭിക്കാറുണ്ട്. കത്തോലിക്കാ സഭയുടെ ജയിൽ മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾ തടവുകാരിൽ വരുത്തുന്ന മാറ്റങ്ങൾ എത്രമാത്രം ഗുണകരമാണ് എന്നു തിരിച്ചറിഞ്ഞിട്ടുള്ള ജയിൽ അധികൃതർ ജാതിമതഭേദമന്യേ തടവറ പ്രേഷിതരുടെ പ്രവർത്തനങ്ങൾക്ക് അകമഴിഞ്ഞ പ്രോത്സാഹനമാണ് നൽകിവരുന്നത്.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് അനാവശ്യമായ വിവാദങ്ങളെയും പ്രവർത്തന വിലക്കുകൾക്കുള്ള ശ്രമങ്ങളെയും കാണേണ്ടത്. മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുതൽ സങ്കീർണമായ ഒരു സാമൂഹിക സാഹചര്യത്തിലൂടെ കടന്നുപോകുന്ന ആധുനിക സമൂഹത്തിൽ കുറ്റകൃത്യങ്ങളും അവയുടെ ആവർത്തന സ്വഭാവവും വർധിക്കുകയാണ്. സമാന്തരമായി ലഹരിയുടെ ഉപയോഗവും അനുബന്ധ പ്രതിസന്ധികളും ജീവിതതകർച്ചകളും വർധിച്ചുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ സമൂഹത്തിൽ ഉറപ്പുവരുത്താൻ സർക്കാർ സംവിധാനങ്ങൾ കൂടുതൽ ശ്രദ്ധ ചെലുത്തുകയാണ് വേണ്ടത്. തടവറകളിൽ അകപ്പെടുന്ന കുറ്റവാളികൾക്കിടയിൽ കൃത്യമായ ഇടപെടലുകൾ നടത്താൻ സുശക്തമായ സംവിധാനങ്ങളുള്ള കത്തോലിക്കാ സഭയുടെ ജീസസ് ഫ്രറ്റേണിറ്റിയെയും മറ്റു സംഘടനകളെയും കൂടുതൽ ഉപയോഗപ്പെടുത്തുവാനും പ്രോത്സാഹിപ്പിക്കാനുമാണ് ഭരണകർത്താക്കളും ഉദ്യോഗസ്ഥരും തയാറാകേണ്ടത്.

■

# ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് എതിരെയുള്ള നീക്കങ്ങൾ അപലപനീയം: കെസിബിസി ജാഗ്രത കമ്മീഷൻ

കേരളത്തിലെ ക്രൈസ്തവ സമൂഹങ്ങളുടെ, വിശിഷ്യാ കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസരംഗത്തെ ഇടപെടലുകൾക്ക് നൂറ്റാണ്ടുകൾ നീണ്ട ചരിത്രമുണ്ട്. മൂല്യാധിഷ്ഠിതവും സമഗ്രവുമായ വിദ്യാഭ്യാസത്തിനാണ് എക്കാലവും ക്രൈസ്തവ സ്ഥാപനങ്ങൾ ഊന്നൽ നൽകിയിട്ടുള്ളത്. അച്ചടക്കത്തിനും, ധാർമ്മിക മൂല്യങ്ങൾക്കും ഏറ്റവുമധികം പ്രാധാന്യം നൽകിക്കൊണ്ടുള്ള ശൈലിയാണ് ഇതുവരെയും ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ പിന്തുടർന്നു പോന്നിട്ടുള്ളത്. എന്നാൽ കേരളത്തിന്റെ സാംസ്കാരിക രാഷ്ട്രീയ പരിണാമങ്ങളുടെ നാൾവഴികളിൽ പലവിധത്തിലുള്ള ശത്രുതാമനോഭാവം പ്രസ്തുത വിദ്യാഭ്യാസ ഇടപെടലുകൾക്കെതിരെ വെളിപ്പെടുകയുണ്ടായിട്ടുണ്ട്.

അക്രമരാഷ്ട്രീയത്തിനും പലവിധ അരാജകത്വങ്ങൾക്കും എതിരെയുള്ള നിലപാടുകൾമൂലം രാഷ്ട്രീയ വർഗീയ പ്രത്യയശാസ്ത്രങ്ങൾ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ നീക്കങ്ങൾ നടത്തിയിട്ടുള്ള സംഭവങ്ങൾക്ക് ഏറ്റവും ഒടുവിലെ ഉദാഹരണമായേ ഇപ്പോൾ അമൽജ്യോതി എൻജിനീയറിംഗ് കോളേജിന് എതിരെ നടക്കുന്ന പ്രചരണങ്ങളെയും അനാവശ്യ സമരങ്ങളെയും കാണാൻ കഴിയൂ. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നിയന്ത്രണത്തിലുള്ള വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ ഏകപക്ഷീയമായി കോളേജിന് എതിരെ തിരിഞ്ഞിരിക്കുന്നതും ദുരാരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് കോളേജിന്റെ പ്രവർത്തനം തടസപ്പെടുത്തിയിരിക്കുന്നതും ചില സ്ഥാപിത താത്പര്യങ്ങളോടെയാണെന്ന് വ്യക്തം. സമാനമായ ചില മുൻകാല അനുഭവങ്ങളും ഇത്തരത്തിലുണ്ട്. ഇത്തരം പ്രവർത്തനങ്ങളെ പിന്തുണയ്ക്കുകയും സമൂഹത്തിൽ തെറ്റിദ്ധാരണ പടർത്തുകയും ചെയ്യുന്ന വിധത്തിലുള്ള മാധ്യമ ഇടപെടലുകൾ പതിവായി ഉണ്ടാകുന്നതും നിക്ഷിപ്ത താൽപ്പര്യക്കാരുടെ മാധ്യമരംഗത്തെ ദുസ്വാധീനം വ്യക്തമാക്കുന്നുണ്ട്. മാധ്യമങ്ങളുടെ ഇത്തരം നീക്കങ്ങൾ പ്രതിഷേധാത്മകമാണ്.

ആയിരക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്ന, ഉന്നത നിലവാരം പുലർത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഭവിക്കുന്ന ഒറ്റപ്പെട്ട അനിഷ്ട സംഭവങ്ങളെ ദുർവ്യാഖ്യാനം ചെയ്തുകൊണ്ടുള്ള ഇത്തരം നീക്കങ്ങൾ അപലപനീയമാണ്. സ്ഥാപനത്തിന്റെ സൽപ്പേര് തകർക്കുക എന്ന ലക്ഷ്യം മുന്നിൽകണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളായേ അവയെ വിലയിരുത്താനാവൂ. വിദ്യാർത്ഥികൾക്കിടയിൽ ഭിന്നത സൃഷ്ടിക്കുകയും അവരുടെ ഭാവിയെ ദോഷകരമായി ബാധിക്കുന്ന വിധത്തിൽ അവരെ സ്വാധീനിക്കുകയും ചെയ്യുന്ന സംഘടനാ പ്രവർത്തനങ്ങൾക്ക് എതിരായി സ്വീകരിച്ചിട്ടുള്ള മുൻകാല നിലപാടുകളാവാം ചില തൽപ്പര കക്ഷികളെ ഇത്തരം നീക്കങ്ങളിലേക്ക് നയിച്ചിരിക്കുന്നത്. വാസ്തവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വിദ്യാർത്ഥി സമൂഹത്തിനും പൊതുസമൂഹത്തിനും ഹിതകരമായ നിലപാടുകൾ സ്വീകരിക്കാനും ഇത്തരം ദോഷകരമായ പ്രവർത്തനങ്ങൾക്കെതിരെ നിയമനിർമ്മാണം നടത്താനും ഭരണകൂടം തയ്യാറാകണം.

മെച്ചപ്പെട്ട നിലവാരവും അച്ചടക്കവും കാത്തുസൂക്ഷിക്കുന്നതിനാലാണ് കത്തോലിക്കാ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കുട്ടികളെ അയയ്ക്കാൻ രക്ഷിതാക്കൾ ഔത്സുക്യം പ്രകടിപ്പിക്കുന്നത് എന്നതാണ് വാസ്തവം. മക്കളുടെ പഠന കാലഘട്ടം സുരക്ഷിതമായും വിജയകരമായും പൂർത്തീകരിച്ചുകാണാനാണ് ഏത് മാതാപിതാക്കളും ആഗ്രഹിക്കുന്നത് എന്നതാണ് അതിന് കാരണം. എന്നാൽ, പഠനകാലയളവിൽ തെറ്റായ ആശയങ്ങൾ കുട്ടികൾക്കും യുവജനങ്ങൾക്കും ഇടയിൽ പ്രചരിപ്പിക്കുന്ന ചില തൽപ്പരകക്ഷികൾ സ്വാതന്ത്ര്യം, അവകാശങ്ങൾ തുടങ്ങിയവ സംബന്ധിച്ച മിഥ്യാബോധങ്ങളും അവരിൽ സൃഷ്ടിക്കുന്നുണ്ട് എന്ന് വ്യക്തമാണ്. അതോടൊപ്പം, വർഗീയവും രാഷ്ട്രീയവുമായ സ്ഥാപിതതാൽപ്പര്യങ്ങളുടെ വക്താക്കളായി ഒരു വിഭാഗത്തെ മാറ്റിയെടുക്കാനും അവർക്ക് കഴിയുന്നുണ്ട്. ആത്മഹത്യയെപ്പോലും അക്രമരാഷ്ട്രീയത്തിനും തീവ്രവാദത്തിനുമുള്ള അവസരങ്ങളാക്കി മാറ്റുന്ന പ്രവണത കേരളത്തിൽ ആപത്കരമാംവിധം ശക്തിപ്പെട്ടു വരുന്നു എന്നുള്ള വാസ്തവം വളരെ ഗൗരവമായി കാണേണ്ടതുണ്ട്.

ആത്മഹത്യാ പ്രവണതകൾ പോലുള്ള മാനസിക ദൗർബ്ബല്യങ്ങൾ പല കാരണങ്ങളാലും വ്യക്തികളിൽ രൂപപ്പെടാവുന്നതാണ്. അവ തിരിച്ചറിഞ്ഞ് പ്രതിരോധിക്കുന്ന

തിനുള്ള ചുമതല സർക്കാരിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഒരു പോലെയുണ്ട്. പ്രത്യക്ഷത്തിൽ കാണപ്പെടുന്നതോ ആരോപിക്കപ്പെടുന്നതോ ആയ കാരണങ്ങൾക്കപ്പുറം മറഞ്ഞുനിൽക്കുന്ന യഥാർത്ഥ കാരണങ്ങളുണ്ടാകാം. ശരിയായ അന്വേഷണങ്ങൾ നടത്തി അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയാണ് കാലഘട്ടത്തിന്റെ ആവശ്യം. അതേസ്ഥാനത്ത് വൈകാരിക പ്രതികരണങ്ങൾക്ക് പിന്തുണയും പ്രചോദനവും നൽകി പോലീസിന്റെ അന്വേഷണത്തെയും പൊതുസമൂഹത്തിന്റെ ധാരണകളെയും അട്ടിമറിക്കാനുള്ള നീക്കങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കും.

ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് വളരെ സുതാര്യമായ നിലപാടുകളാണ് കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എക്കാലവും സ്വീകരിച്ചുവരുന്നത്. പോലീസ് അന്വേഷവും തുടർനടപടികളുമായി ബന്ധപ്പെട്ട് പൂർണമായ സഹകരണം അമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ നടന്ന ആത്മഹത്യയെ തുടർന്നും മാനേജ്മെന്റ് ഉറപ്പ് നൽകിയിട്ടുണ്ട്. വിശദവും സമഗ്രവുമായ അന്വേഷണം ഉറപ്പു വരുത്തണമെന്ന് പോലീസ് അധികാരികളോട് മാനേജ്മെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, അത്തരം നിലപാടുകളെ മുഖവിലയ്ക്ക് എടുക്കാതെയുള്ള നീക്കങ്ങളാണ് ചില സംഘടനകളുടെ ഭാഗത്തു നിന്നുണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന്റെ നിയമസംവിധാനങ്ങൾക്കുപോലും വഴങ്ങാത്ത തൽപ്പരകക്ഷികളുടെ നീക്കങ്ങൾ പ്രതിഷേധാർഹവും ഒഴിവാക്കപ്പെടേണ്ടതുമാണ്.

കത്തോലിക്കാ സഭയുടെയും മറ്റ് ക്രൈസ്തവ സമൂഹങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെ പ്രത്യേകമായി ടാർജറ്റ് ചെയ്ത് ഇത്തരം സംഭവങ്ങളെ വലിയ വിവാദങ്ങളാക്കിമാറ്റി വിളവെടുക്കാനുള്ള ശ്രമങ്ങൾ അപലപനീയമാണ്. വീണുകിട്ടുന്ന അവസരരങ്ങൾ മുതലെടുത്ത് മികച്ചരീതിയിൽ പതിറ്റാണ്ടുകളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടക്കുന്ന നീക്കങ്ങളെയും സൽപ്പേര് നഷ്ടപ്പെടുത്താനുള്ള ശ്രമങ്ങളെയും ശക്തമായി പ്രതിരോധിക്കുകതന്നെ ചെയ്യും. കേരളത്തിലെ മതേതര സമൂഹവും ഭരണകൂടവും ഈ വിഷയത്തിന്റെ ഗൗരവം തിരിച്ചറിയുകയും യുക്തമായ രീതിയിൽ പ്രതികരിക്കുകയും ഇടപെടുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. (07/06/2023)

# കക്കുകളി നാടക പ്രദർശനങ്ങൾ തടയണം: കെസിബിസി ജാഗ്രത കമ്മീഷൻ

തെറ്റിദ്ധാരണാജനകമായ ഉള്ളടക്കത്തോടെ ക്രൈസ്തവ സന്യാസത്തെ അത്യന്തം ഹീനമായി അവഹേളിക്കുന്ന കക്കുകളി എന്ന നാടകത്തെ ഇടതുപക്ഷ ചായ്വുള്ള സംഘടനകളും രാഷ്ട്രീയ പ്രവർത്തകരും വേദികൾ നൽകി കൂടുതൽ പ്രോത്സാഹിപ്പിക്കുന്ന സമീപനം അത്യന്തം പ്രതിഷേധാർഹമാണ്. തൃശൂരിൽ നടന്ന അന്തർദേശീയ നാടകോത്സവത്തിലും ഗുരുവായൂർ സർഗോത്സവത്തിലും പ്രസ്തുത നാടകം പ്രദർശിപ്പിക്കപ്പെട്ടതിനെ തുടർന്ന് സംസ്ഥാന വ്യാപകമായി ക്രൈസ്തവ സമൂഹം കടുത്ത പ്രതിഷേധം അറിയിക്കുകയും പരാതികൾ നൽകുകയും ചെയ്തിരുന്നതാണ്. കേരളകത്തോലിക്കാ മെത്രാൻ സമിതി നാടകാവതരണത്തെ അപലപിക്കുകയും സാംസ്കാരിക കേരളത്തിന് അപമാനകരമെന്നു വിലയിരുത്തുകയും ചെയ്തിരുന്നു. ശക്തമായ പ്രതിഷേധം നിലനിൽക്കുന്ന പശ്ചാത്തലത്തിലും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ പ്രസ്തുത നാടകത്തെയും പിന്നണി പ്രവർത്തകരെയും പ്രോത്സാഹിപ്പിക്കുന്ന നിലപാടുകൾ ചിലർ സ്വീകരിക്കുന്നതിന്റെ പിന്നിൽ ക്രൈസ്തവ സമൂഹത്തെ അവഹേളിക്കുക എന്ന ലക്ഷ്യമാണുള്ളത് എന്നുള്ളതിൽ സംശയമില്ല. ഇത്തരത്തിൽ, കൂടുതൽ പ്രദർശനങ്ങളുമായി മുന്നോട്ടുപോകുന്ന പക്ഷം സംസ്ഥാനവ്യാപകമായ പ്രക്ഷോഭങ്ങൾക്ക് ക്രൈസ്തവ സമൂഹം നിർബ്ബന്ധിതരായി തീരും. സാംസ്കാരിക കേരളത്തിന് കളങ്കമായ ഈ നാടകത്തിന്റെ പ്രദർശനം തടയുവാൻ സർക്കാർ അടിയന്തിരമായി തയ്യാറാകണം. സ്വന്തം ജീവിതാന്തസിൽ അഭിമാനിക്കുകയും നിസ്വാർത്ഥമായി സമൂഹത്തിൽ സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന പതിനായിരക്കണക്കിന് കത്തോലിക്കാ സന്യാസിനിമാരെ അപമാനിക്കുന്ന ഇത്തരം സൃഷ്ടികൾ ആവിഷ്കാര സ്വാതന്ത്ര്യമല്ല, ഒരു വിഭാഗംപേരുടെ ആത്മാഭിമാനത്തോടെ ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നുകയറ്റമാണെന്ന് നാടക പ്രവർത്തകരും സാംസ്കാരിക നായകന്മാരും തിരിച്ചറിയണം. (28/04/2023)

# വന്യജീവികൾ നാട്ടിലിറങ്ങു ന്നത് നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾ വേണം : കെസിബിസി

കൊച്ചി : വന്യ ജീവികൾ നാട്ടിലേക്ക് ഇറങ്ങുന്നതും മനുഷ്യരെ ആക്രമിക്കുന്നതും നിയന്ത്രിക്കാൻ ഫലപ്രദമായ നടപടികൾക്കും നിയമ നിർമാണത്തിനും സർക്കാർ തയാറാകണമെന്നു കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ബേസേലിയോസ് ക്ളീമിസ് കാതോലിക്കാ ബാവ ആവശ്യപ്പെട്ടു. വന്യ ജീവികളുടെ ആക്രമണങ്ങൾ കേരളത്തിൽ തുടർക്കഥയാകുന്നത് സർക്കാർ അർഹമായ ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന സംശയം ഉയരുന്നുണ്ട്. മലയോര ജനതയുടെ ആവലാതികളും ആശങ്ക കളും കണക്കിലെടുത്തു ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുകയാണ് വേണ്ടത്. വനത്തിനും വന്യജീവികൾക്കും സംരക്ഷണം നൽകാൻ സർക്കാർ സംവിധാനങ്ങൾ പുലർത്തുന്ന ജാഗ്രത മനുഷ്യന്റെയും ജനതയുടെ ആവാസത്തിന്റെയും കാര്യത്തിലും ഉണ്ടാകണം. കാട്ടുപോത്തിന്റെ ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾ അനുഭവിക്കുന്ന ദുഃഖത്തിൽ പങ്കു ചേരുന്നതായും കർദിനാൾ മാർ ക്ളീമിസ് പറഞ്ഞു. (20/05/2023)

# സർക്കാരിന്റെ അനാസ്ഥമൂലം മലയോര നിവാസികൾ മരണഭീതിയിൽ: കെ.സി.എഫ്.

കൊച്ചി: തുടർച്ചയായുണ്ടാകുന്ന വന്യജീവി ആക്രമണങ്ങൾ മലയോര നിവാസികളെ ദുരിതത്തിലാക്കിയിരിക്കുന്നു. വനവിസ്തൃതിക്കനുപാതമായി, വന്യജീവികളുടെ പ്രജനനവും പെരുപ്പവും ശാസ്ത്രീയമായി നിയന്ത്രിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. വികസിതരാജ്യങ്ങളിൽ ഇത്തരത്തിലുള്ള വന്യജീവി ആക്രമണങ്ങളെ ശാസ്ത്രീയമായ രീതിയിൽ നിയന്ത്രിച്ചു നിറുത്തുകയാണ്. കേരളത്തിലും വന്യജീവികളുടെ പ്രജനനവും പെരുപ്പവും കാടിന്റെ ആവാസ വ്യവസ്ഥിതിക്കനുസൃതമായി നിയന്ത്രിക്കേണ്ടതുണ്ട്. എന്നാൽ ആവർത്തിച്ചുള്ള പരാതികൾ ലഭിച്ചിട്ടും അധികൃതർ ഇക്കാര്യത്തിൽ മൗനം അവലംബിക്കുകയാണ്. മലയോരനിവാസികളെ നിലനിൽപ്പിനു വേണ്ടിയുള്ള പ്രത്യക്ഷ സമരപരിപാടികളിലേക്ക് തള്ളി വിടരുതെന്ന് കേരള കാത്തലിക് ഫെഡറേഷൻ (ഗഇഎ) എക്സിക്യൂട്ടീവ് യോഗം ആവശ്യപ്പെട്ടു. പ്രൊഫ. കെ.എം. ഫ്രാൻസിസ് അധ്യക്ഷം വഹിച്ച യോഗത്തിൽ, ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ജെസ്റ്റിൻ കരിപ്പാട്ട്, വി.പി. മത്തായി, ഷിജി ജോൺസൺ, വർഗീസ് കോയിക്കര. ഈ.ഡി. ഫ്രാൻസിസ്, ജെസ്റ്റീന ഇമ്മാനുവേൽ, എൻ. ധർമരാജ്, വത്സ ജോൺ എന്നിവർ പ്രസംഗിച്ചു. (20/05/2023)

# പ്ലസ് വൺ കമ്യൂണിറ്റി ക്വോട്ട: വിദഗ്ധസമിതി ശുപാർശ നടപ്പാക്കരുത്: കെസിബിസി വിദ്യാഭ്യാസകമ്മീഷൻ

എയ്ഡഡ് സ്കൂളുകളിലെ പ്ലസ് വൺ കമ്യൂണിറ്റി ക്വോട്ട പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിൽ സർക്കാരിൻറെ ഏകജാലകസംവിധാനത്തിലൂടെ നടത്തണമെന്ന വിദഗ്ധസമിതി ശുപാർശ നടപ്പാക്കരുതെന്ന് കെസിബിസി വിദ്യാഭ്യാസകമ്മീഷൻ ചെയർമാൻ ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ് സർക്കാരിനോട് ആവശ്യപ്പെട്ടു. വിദഗ്ധ സമിതിയുടെ ശുപാർശകളിൽ പലതും അപക്വവും ചില നിരീക്ഷണങ്ങൾ വേണ്ടത്ര പഠനങ്ങളുടെ പിൻബലമില്ലാത്തവയുമാണ്.

കമ്യൂണിറ്റി ക്വോട്ട ഇല്ലാതാക്കിയാൽ ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന നൽകുന്ന അവകാശമാണ് സർക്കാർ കവർന്നെടുക്കുന്നത്. എയ്ഡഡ് മാനേജ്മെൻറിൻറെ ന്യൂനപക്ഷ അവകാശങ്ങളിലുള്ള കടന്നുകയറ്റമാണ് ഇത്. പാലാരിവട്ടം പിഒസി യിൽ ചേർന്ന കോർപ്പറേറ്റ് മാനേജർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ്. (22/05/2023)

# കെസിബിസി നിയമനങ്ങൾ

കെസിബിസി ഡോക്ട്രൈനൽ കമ്മീഷൻ സെക്രട്ടറിയായി പാലാ രൂപതാംഗമായ റവ. ഡോ. തോമസ് വടക്കേൽ, ഡയലോഗ് ആന്റ് എക്യുമെനിസം കമ്മീഷൻ സെക്രട്ടറിയായി പത്തനംതിട്ട രൂപതാംഗമായ റവ. ഫാ. ഡാനിയേൽ ബഥേൽ, ജസ്റ്റീസ്, പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സാരഥിയുടെ ഡയറക്ടറായി റവ. ഫാ. ടോം മഠത്തികണ്ടത്തിൽ എം.എസ്.ജെ., ഇൻഫാം ചെയർമാനായി റവ. ഫാ. തോമസ് മറ്റമുണ്ടയിൽ എന്നിവരെ നിയമിച്ചു.



ഫാ. തോമസ് മറ്റമുണ്ടയിൽ



ഫാ.തോമസ് വടക്കേൽ



ഫാ. ഡാനിയേൽ ബഥേൽ



ഫാ. ടോം മഠത്തികണ്ടത്തിൽ എം.എസ്.ജെ

# കക്കുകളി നാടകം, സർക്കാരും രാഷ്ട്രീയ പാർട്ടികളും നയം വ്യക്തമാക്കണം: കെ.സി.ബി.സി.

ക്രൈസ്തവ സന്യാസത്തെ അപകീർത്തിപ്പെടുത്തുകയും ഇതര മതവിഭാഗങ്ങളിൽ തെറ്റിദ്ധാരണ ജനിപ്പിക്കുകയും ചെയ്യുന്ന കക്കുകളി നാടകത്തിന്റെ പ്രദർശനാനുമതി നിഷേധിക്കണമെന്ന് കെ.സി.ബി.സി പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ സർക്കാരിനോട് ആവശ്യപ്പെട്ടു. ക്രിസ്തീയ വിശ്വാസത്തെ സംബന്ധിച്ച് അതിന്റെ ഏറ്റവും സൗന്ദര്യമുള്ള ഭാവമാണ് സന്യാസം. ലോകം മുഴുവനും ക്രിസ്തീയ സന്യാസ സമൂഹങ്ങൾ നൽകിയിട്ടുള്ള സംഭാവനകൾ എത്രയോ വലുതാണ്. വിദ്യാഭ്യാസം, ആതുരസേവനം, സാമൂഹിക സേവനം, രോഗീ ശുശ്രൂഷ തുടങ്ങിയ മേഖലകളിൽ നൂറ്റാണ്ടുകളായി അവർ നൽകിക്കൊണ്ടിരിക്കുന്ന കാരുണ്യത്തിന്റെ പ്രവർത്തികളെ തമസ്കരിക്കുകയും തെറ്റിദ്ധാരണ പരത്തുന്ന തരത്തിൽ കഥകൾ ഉണ്ടാക്കി പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്നുള്ളത് ആരുടെയോ രഹസ്യ അജണ്ടയാണ്. സർക്കാരും പ്രതിപക്ഷ കക്ഷികളും ഈ അജണ്ടയുടെ അർത്ഥം ഇനിയും മനസിലാക്കി യിട്ടുണ്ടോ എന്നു സംശയമാണ്. ഈ നാടകം കളിക്കണമെന്ന് ആവശ്യപ്പെടുന്നവർ ക്രൈസ്തവർക്കെതിരെയുള്ള വെറുപ്പിന്റെ വക്താക്കളാണ്. നാഴികയ്ക്ക് നാൽപ്പത് പ്രാവശ്യം മതേതരത്വത്തെക്കുറിച്ചും ന്യൂനപക്ഷ പ്രേമത്തെക്കുറിച്ചും വാതോരാതെ സംസാരിക്കുന്നവർ ഈ കാര്യത്തിൽ എടുത്തിരിക്കുന്ന നിലപാട് അങ്ങേയറ്റം വേദനാജനകമാണ്. ശാരീരികമായി ആക്രമിക്കുന്നതിന് തുല്യമായി സഭ ഇത്തരം നടപടികളെ കാണുന്നു. കക്ഷിരാഷ്ട്രീയ ഭേദമന്യേ കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും നിലപാട് ഈ കാര്യത്തിൽ അറിയുവാൻ സഭയ്ക്ക് താൽപര്യമുണ്ട്. നേരിട്ട് കണ്ടും പ്രസ്താവനകളിലൂടെയും സഭയെയും ക്രൈസ്തവ സമൂഹത്തെയും പിൻതുണ അറിയിക്കുന്നവർ ഈ വിഷയത്തിൽ നടത്തുന്ന ഒളിച്ചുകളി അങ്ങേയറ്റം അപലപനീയമാണ്. എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലകളിൽ ഈ നാടകത്തിന്റെ പ്രദർശനം നിരോധിക്കണമെന്ന് നിവേദനം നേരത്തേ തന്നെ നൽകിയിട്ടുള്ളത് തമസ്ക്കരിച്ചു കൊണ്ടാണ് ഈ ദിവസങ്ങളിൽ വീണ്ടും പ്രദർശനാനുമതി നൽകിയത്. തങ്ങളുടെ പോഷക സംഘടനകളെ മുന്നിൽ നിർത്തി ക്രിസ്തീയ വിശ്വാസത്തെ തകർത്തുകളയാമെന്നുള്ള വ്യാമോഹം നടക്കില്ല. ഇതര സമുദായങ്ങളെപ്പോലെ തുല്യനീതി ക്രൈസ്തവർക്കും അർഹതയുള്ളയാണെന്ന് മാർ ക്ലീമീസ് ബാവ പറഞ്ഞു. (01/05/2023)

# ഭാരതത്തിൽ 190 ദിവസത്തിനിടെ ക്രൈസ്തവർക്കു നേരേ 400 അക്രമ സംഭവങ്ങൾ

ന്യൂഡൽഹി: 2023ലെ ആദ്യത്തെ ആറ് മാസത്തിനിടെ രാജ്യത്തു ക്രൈസ്തവർക്കു നേരേ അരങ്ങേറിയത് 400 അക്രമ സംഭവങ്ങളാണെന്ന വെളിപ്പെടുത്തലുമായി ന്യൂഡൽഹി ആസ്ഥാനമായ യുണൈറ്റഡ് ക്രിസ്റ്റ്യൻ ഫോറത്തിന്റെ (യുസിഎഫ്) പുതിയ റിപ്പോർട്ട്. കഴിഞ്ഞ രണ്ടുമാസമായി കലാപം നടക്കുന്ന മണിപ്പൂരിലെ അക്രമ സംഭവങ്ങൾക്കു പുറമേയുള്ള കണക്കാണിതെന്നത് ശ്രദ്ധേയമാണ്. കഴിഞ്ഞ ആറു മാസത്തിനിടെ രാജ്യത്തെ 23 സംസ്ഥാനങ്ങളിലും ക്രൈസ്തവ വിരുദ്ധ അക്രമങ്ങൾ അരങ്ങേറിയിട്ടുണ്ട്. ഇതിൽ ഭൂരിഭാഗവും നടന്നത് ഉത്തർപ്രദേശിലാണ്. 155 അക്രമങ്ങളാണ് സംസ്ഥാനത്ത് ഇക്കാലയളവിൽ അരങ്ങേറിയത്.

യുപിയിലെ ജോനാപുർ (13), റായ്ബറേലി (11), സീതാപുർ (11), കാൺപുർ (10), കുശിനഗർ (9), അസ്മാർഗ് (9) എന്നീ ജില്ലകളിൽ കൂടുതൽ അക്രമങ്ങൾ നടന്നതായി റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. അക്രമങ്ങളുടെ എണ്ണത്തിൽ തൊട്ടുപിന്നിലുള്ള ഛത്തീസ്ഗഡിലെ (84) ബസ്തറിൽ മാത്രം ഇക്കാലയളവിൽ 31 അക്രമ സംഭവങ്ങളുണ്ടായി. കഴിഞ്ഞ മാസം മാത്രം ക്രൈസ്തവർക്കു നേരേ 88 അക്രമങ്ങൾ അരങ്ങേറി. കണക്കുകൾ പ്രകാരം പ്രതിദിന അക്രമസംഭവങ്ങളുടെ എണ്ണം മൂന്നാണ്. ജനുവരിയിൽ 62, ഫെബ്രുവരിയിൽ 63, മാർച്ചിൽ 66, ഏപ്രിലിൽ 47, മേയിൽ 50, എന്നിങ്ങനെയായിരുന്നു അക്രമങ്ങളുടെ എണ്ണം. ജൂലൈയിൽ ആദ്യത്തെ പത്തു ദിവസം കൊണ്ട് 24 അക്രമങ്ങൾ റിപ്പോർട്ട് ചെയ്തുവെന്നും റിപ്പോർട്ടിൽ പറയുന്നു.

# റവ. സി. ഡോ. ആർദ്ര SIC, KCMS പ്രസിഡന്റ്



കേരളാ കോൺഫറൻസ് ഓഫ് മേജർ സുപ്പീരിയേഴ്സ് (KCMS) പ്രസിഡന്റ് ആയി റവ. സി. ഡോ. ആർദ്ര SIC, വൈസ് പ്രസിഡന്റ് ആയി റവ. ഫാ. ഡോ. അഗസ്റ്റിൻ മുള്ളൂർ OCD എന്നിവർ പാലാരിവട്ടം പിഒസിയിൽ വച്ചുനടന്ന കെസിബിസി കെസിഎംഎസ് സംയുക്ത യോഗത്തിൽ വച്ച് ചുമതല ഏറ്റെടുത്തു. ഫാ. ജോസ് അയ്യങ്കനാൽ MST, ബ്ര. വർഗീസ് മഞ്ഞളി CST, സി. മരിയ ആന്റോ CMC, സി. ലിസി CTC എന്നിവരാണ് പുതിയ കെസിഎംഎസ് എക്സിക്യൂട്ടിവ് അംഗങ്ങൾ.

ദൈവദാസൻ മാർ ഇവാനിയോസ് സ്ഥാപിച്ച ക്രിസ്താനുകരണ സഭയുടെ സുപ്പീരിയർ ജനറൽ ആണ് സി. ഡോ. ആർദ്ര SIC. KCMS പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഒരു സന്യാസിനി നിയോഗിക്കപ്പെടുന്നത് ഇതാദ്യമായാണ്. (06/06/2023)


**KCBC SOCIAL HARMONY AND VIGILANCE COMMISSION**

**Chairman:** Rt. Rev. Dr. Joseph Kariyil
**Vice Chairmen:** Mar Remigiose Inchananiyil, Rev.Dr. Yoohanon Mar Theodosius
**Secretary:** Rev. Dr. Michael Pulickal CMI

**Pastoral Orientation Centre (POC), Palarivattom**
**Vennala PO, Kochi - 28**
**Email: kcbcshvc@gmail.com, Website: www.kcbcjagratha.com**


**കേരളത്തിലെ എല്ലാ കത്തോലിക്കാ രൂപതകളിലെയും ജാഗ്രത സമിതി അംഗങ്ങളുടെ സമ്മേളനവും ദ്വിദിന ശിൽപ്പശാലയും ജാഗ്രത ദിനാഘോഷവും പാലാരിവട്ടം പിഒസിയിൽ വച്ച് ജൂൺ 23, 24 തിയ്യതികളിലായി നടന്നു.**

*(വാർത്ത: പേജ് 32)*







"Learn to always look towards the horizon, to always look beyond. Don't put up a wall in front of your life. Walls close you in, the horizon makes you grow. Always look at the horizon with your eyes, but above all, with your heart... say 'no' to walls, and 'yes' to horizons."

*Message from Pope Francis to young people ahead of World Youth Day, Lisbon*

Printed & Published by: Fr. Michael Pulickal, Secretary, KCBC Commission for Social Harmony and Vigilance, POC, Palarivattom, Cochin -25